ZQ7
32F8

MUL
081269

DOCTRINA·VIM·PROMOVET INSITAM

Madras University Library.

Date Label.

Ac. No. 81269 Cl. No. Z 97 32F8

This book should be returned on or before the date last marked below.

Muhammadiya Niyamam

# മഹമ്മദീയനിയമം.

(ഷാഫിസമ്പ്രദായമനുസരിച്ചുള്ളതു്.)

ഗ്രന്ഥകൎത്താ,

എ. രാമപ്പിള്ള എം. എ., ബി. എൽ.

M. R. Ramapai

പ്രസാധകൻ,

എ. യൂനുസ്സ് കുഞ്ഞുസാഹിബ്.

ക്രിമിനൽവക്കീൽ—കൊല്ലം.

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം—കൊല്ലം.

—:*:—

ഒന്നാം പതിപ്പു കാപ്പി—1000.

(പകൎപ്പവകാശം ഗ്രന്ഥകൎത്താവിൽ.)

1103. 1928

UNIVERSITY LIBRARY
12 JUN 1935
MADRAS

81269
ZQ7
32 F8

# മുഖവുര.

മഹമ്മദീയനിയമം സംബന്ധിച്ചു മലയാളത്തിൽ യാതൊരു ഗ്രന്ഥവും ഇല്ലെന്നുള്ള ന്യൂനതയെ പരിഹരിക്കാനായിട്ടാണ് ഈ ചെറിയപുസ്തകം എഴുതിയിരിക്കുന്നത്. നിയമസംബന്ധമായി മലയാളത്തിൽ പല പുസ്തകങ്ങളും അച്ചടിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്കു കേരളദേശത്തുള്ള അനേകലക്ഷം മുസ്ലിമീങ്ങളെ സാരമായി സംബന്ധിക്കുന്നതായ പ്രസ്തുത നിയമവിഭാഗത്തെപ്പറ്റി പ്രസിദ്ധീകർത്താക്കന്മാർ മൌനം ദീക്ഷിക്കുന്നതിനു പ്രത്യേകകാരണമുണ്ട്. ഈ ദേശത്തുള്ള മുസ്ലിമീങ്ങളിൽ അധികഭാഗവും ഷാഫിസമ്പ്രദായക്കാരാകുന്നു. ഇവരും ഇസ്ലാംമതമനുസരിച്ചുവരുന്നവരായ മററു സമ്പ്രദായക്കാരും അനുവർത്തിക്കുന്ന നിയമങ്ങൾ തമ്മിൽ പല സംഗതികളിലും സാരമായ വ്യത്യാസമുണ്ട്. എന്നാൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മഹമ്മദീയനിയമഗ്രന്ഥങ്ങളെല്ലാം സുന്നികളിൽതന്നെ ഒരു ഉപവിഭാഗക്കാരായ ഹനഫികളേയും, അതിനു പുറമേ ഷിയാകളെയും സംബന്ധിക്കുന്ന നിയമതത്വങ്ങളെയാണ് പ്രതിപാദിക്കുന്നത്. അപൂർവ്വം ചില ഇംഗ്ലീഷുഗ്രന്ഥങ്ങൾ ഹനഫിനിയമവും ഷാഫിനിയമവും തമ്മിൽ വ്യത്യാസമുള്ള ഘട്ടങ്ങളിൽ ഷാഫിനിയമം ഇന്നപ്രകാരത്തിലാണെന്നു ചൂണ്ടിക്കാണിക്കുന്നതുമുണ്ട്. അതിനാൽ പ്രധാനമായി ഷാഫികളെ ഉദ്ദേശിച്ചു മലയാളത്തിൽ ഒരു നിയമഗ്രന്ഥം എഴുതുന്നതു വളരെ ലഘുവായ ഒരു സംഗതിയല്ല. ഇംഗ്ലീഷിൽ എഴുതപ്പെട്ടിട്ടുള്ള എല്ലാ മഹമ്മദീയനിയമഗ്രന്ഥങ്ങളിലും നിന്നു ഷാഫിനിയമതത്വങ്ങളെ ക്രോഡീകരിച്ചെടുത്തു രചിക്കപ്പെട്ടിട്ടുള്ളതാകുന്നു പ്രകൃതപുസ്തകം. വിദ്യാർത്ഥികളുടെ പ്രീതിഭാജനമായ മുല്ലായുടെ പ്രസിദ്ധഗ്രന്ഥത്തെയാണ് വിഷയത്തെ പ്രതിപാദിക്കുന്ന രീതിയിൽ ഞാൻ മാതൃകയായി സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അമീർ അലി, വിൽസൺ, തയാബ്ജി, മുതലായ ഗ്രന്ഥകാരന്മാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമലബാർ എന്നീ മൂന്നു പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്കു ഈ ഗ്രന്ഥമുപകരിക്കണമെന്നാണ് ഗ്രന്ഥകാരന്റെ ഉദ്ദേശം. തിരുവിതാംകൂർ ഹൈക്കോടതി മഹമ്മദീയനിയമസംബന്ധമായി തീരുമാനിച്ചിട്ടുള്ള കേസ്സുകളുടെ ചുരുങ്ങിയ ഒരു വിവരണംകൂടി അനുബന്ധമായി ചേർത്തിരിക്കുന്നു. തിരുവിതാംകൂർ ലാ റിപ്പോർട്ടുകളിലും തിരുവിതാംകൂർ ലാ ജർണ്ണലിലുംനാളതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാകേസ്സുകളേയും അനുബന്ധത്തിൽ സംഗ്രഹിച്ചിട്ടുണ്ട്. ഒരു രണ്ടാംപതിപ്പു വേണ്ടിവരുന്നപക്ഷം കൊ

ച്ചിയിലേയും മദ്രാസിലേയും വിധികൾകൂടി ചേൎക്കാമെന്നു വിചാരിക്കുന്നു. ഷാഫി നിയമത്തെപ്പററി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം പൊതുജനങ്ങൾക്കു മാത്രമല്ല, വക്കീലന്മാൎക്കുകൂടി മാൎഗ്ഗദൎശകമായിരിക്കുമെന്നാണു് തൽകൎത്താവിന്റെ വിശ്വാസം. ഈ വിശ്വാസം യഥാൎത്ഥമായി പരിണമിച്ചാൽ ഈ പുസ്തകം തയ്യാറാക്കുന്നതിനു ചെയ്തിട്ടുള്ള പ്രയത്നം സഫലമായി എന്നു വിചാരിക്കാം. ഇപ്രകാരമുള്ള ഒരു ഗ്രന്ഥത്തിൽ വല്ല പ്രമാദങ്ങളും പററിപ്പോവുകയെന്നുള്ളതു സംഭവ്യമാകുന്നു. മാന്യവായനക്കാരിൽ ആരെങ്കിലും കണ്ടെത്തുന്ന സ്ഖലിതങ്ങളെ ചൂണ്ടിക്കാണിച്ചുതരുന്നപക്ഷം ഗ്രന്ഥകൎത്താവു കൃതജ്ഞനായിരിക്കുന്നതും അടുത്ത പതിപ്പിൽ അവയെ പരിഹരിക്കുന്നതുമാകുന്നു.

ഗ്രന്ഥകൎത്താ.

UNIVERSITY LIBRARY
22 JUN 1935
MADRAS

# വിഷയസൂചി.


| അദ്ധ്യായം. | | വശം. |
|---|---|---|
| 1 | പ്രാരംഭം | 1 |
| 2 | പരേതന്മാരുടെ സ്വത്തിന്റെ വിനിയോഗം | 4 |
| 3 | പിൻതുടൎച്ച—സാമാന്യനിയമങ്ങൾ | 11 |
| 4 | പിൻതുടൎച്ച—അവകാശക്രമം | 15 |
| 5 | മരണശാസനം (ഒസ്യത്ത്) | 38 |
| 6 | മരണശയ്യാദാനങ്ങൾ | 44 |
| 7 | ഇഷ്ടദാനം (ഹിബാ) | 46 |
| 8 | ധൎമ്മസ്വത്ത് (വക്ഫ്) | 56 |
| 9 | വിവാഹം | 62 |
| 10 | മഹർ | 70 |
| 11 | വിവാഹമോചനം | 73 |
| 12 | പിതാപുത്രസംബന്ധം (അംഗീകാരം) | 79 |
| 13 | രക്ഷാകൎത്തൃത്വം | 83 |
| 14 | സംരക്ഷണം (ചിലവിനുകൊടുക്കൽ) | 89 |
| | അനുബന്ധം | 90 |

# സങ്കേതസൂചി.

| | | | |
|---|---|---|---|
| തി. ലാ. റി. | = | തിരുവിതാംകൂർ ലാ റിപ്പോട്ട്സ് | |
| തി. ലാ. ജ. | = | തിരുവിതാംകൂർ ലാ ജണ്ണൽ | |
| കൽക്കട്ടാ | = | ഇൻഡ്യൻ ലാ റിപ്പോട്ട്സ് — | കൽക്കട്ടാവിഭാഗം |
| ബോംബേ | = | ടി | ബോംബേവിഭാഗം |
| അലഹബാദ് | = | ടി | അലഹബാദ്‌വിഭാഗം |
| മദ്രാസ്സ് | = | ടി | മദ്രാസ്സ്‌വിഭാഗം |

MADRAS

# മഹമ്മദീയനിയമം.

---

## ഒന്നാം അദ്ധ്യായം.

---

### പ്രാരംഭം.

൧. വിവാഹം, വിവാഹമോചനം, പിതൃപുത്രസംബന്ധം, രക്ഷാകർത്തൃത്വം, സംരക്ഷണം,(ചെലവിനു കൊടുക്കൽ) ധർമ്മസ്വത്തു്, ഇഷ്ടദാനം, മരണശാസനം, പിന്തുടർച്ച, മരിച്ചയാളുകളുടെ സ്വത്തിന്റെ വിനിയോഗം എന്നീ സംഗതികളിൽ ഈ രാജ്യത്തെ കോടതികൾ മഹമ്മദീയരെ സംബന്ധിച്ചിടത്തോളം മഹമ്മദീയനിയമം അനുസരിച്ചു തന്നെ ന്യായം നടത്തിവരുന്നു.

൨. 'മഹമ്മദീയൻ' എന്ന പദത്തിൽ ജനനാൽത്തന്നെ മഹമ്മദീയരായിട്ടുള്ളവർ മാത്രമല്ല, പിന്നീടു ഉത്തമവിശ്വാസമായി മഹമ്മദുമതം സ്വീകരിച്ചവർ കൂടിയുൾപ്പെടും. അതിനാൽ അവരേയും മഹമ്മദീയനിയമം സംബന്ധിക്കുന്നതാണു്.

൩. കച്ചിമെമൺ എന്ന വർഗ്ഗത്തിൽ ഉൾപ്പെട്ട മഹമ്മദീയർ (കച്ചിക്കാർ) പിന്തുടർച്ചയെ സംബന്ധിച്ചിടത്തോളം ഹിന്ദുലാ അനുസരിച്ചു വരുന്നു. കോജാമാരും ഗുജറാത്തിലെ സുന്നിബോറാമാരും മേൽപ്രകാരംതന്നെ അനുസരിച്ചു വരുന്നു. മററു സംഗതികളിലെന്ന പോലെ പിന്തുടർച്ചയുടെ വിഷയത്തിലും ഇഷ്ടമുള്ളപക്ഷം മഹമ്മദീയനിയമം അനുസരിക്കാൻ ഇക്കൂട്ടരെ അനുവദിക്കുന്നതിനു ബ്രിട്ടീഷു ഇൻഡ്യയിൽ നിയമമുണ്ടായിട്ടുണ്ടെങ്കിലും അതു് തിരുവിതാംകൂറിനേയും കൊച്ചിയേയും സംബന്ധിക്കുന്നതല്ല. അതിനാൽ തിരുവിതാംകൂറിലോ കൊച്ചിയിലൊ സ്ഥിരതാമസക്കാരായ കച്ചിമെമൺമാരുടെ പിന്തുടർച്ച വിഷയത്തിൽ ഹിന്ദുലാ തന്നെ അനുസരിക്കേണ്ടതാകുന്നു. ബ്രിട്ടീഷു ഇൻഡ്യയിൽ സ്ഥിരതാമസക്കാരാണെങ്കിൽ എല്ലാ ജംഗമസ്വത്തുക്കളുടെയും ബ്രിട്ടീഷു ഇൻഡ്യയിലുള്ള സ്ഥാവരസ്വത്തുക്കളുടെയും പിന്തുടർച്ചയെ സംബന്ധിച്ചു അവിടെ അനുസരിക്കുന്നതായ നിയമവും കൊച്ചിയിലൊ തിരുവിതാംകൂറിലൊ ഉള്ള സ്ഥാവരസ്വത്തു

ക്കളുടെ പിന്തുടച്ചയെ സംബന്ധിച്ചു ഹിന്ദുലായും അനുസരിക്കേണ്ട താകുന്നു.

൨. തിരുവിതാംകൂറിൽ ഇടവാ മുതലായ സ്ഥലങ്ങളിലുള്ള മഹമ്മദീയർ തറവാട്ട്, അവിഭാജ്യത, പിന്തുടച്ച എന്നി സംഗതികളിൽ മരുമക്കത്തായം അനുസരിച്ചുവരുന്നു. ഇപ്രകാരമുള്ള മഹമ്മദീയർ വേറെ ചില സ്ഥലങ്ങളിലും ഉണ്ട്. ബ്രിട്ടീഷുമലബാറിലെ മാപ്പിളമാരും ഇതേപ്രകാരത്തിൽ മരുമക്കത്തായനിയമം അനുസരിക്കുന്നവരാണ്. മഹമ്മദീയനിയമപ്രകാരമുള്ള പിന്തുടച്ചക്രമം ഇവരേയും സംബന്ധിക്കുന്നതല്ല. (പ്രസിദ്ധപ്പെട്ട ഹിർബായിയുടെ പ്രിവികൌൺസിൽ കേസും തി. ലാ. റി. ൨൧-ാംവാല്യം ൨൨൯-ാംവശത്തെ കേസും നോക്കുക.)

൩. മരുമക്കത്തായനിയമം അനുസരിക്കുന്ന മഹമ്മദീയർ മേലാൽ തങ്ങൾ പിന്തുടച്ചവിഷയത്തിലും മഹമ്മദീയനിയമംതന്നെ അനുസരിച്ചുകൊള്ളാമെന്നു ഒരു ഉടമ്പടി എഴുതിപ്പിടിച്ചാൽ അതു സാധുവായിരിക്കുകയില്ല. അതായതു്, ഉടമ്പടിക്കുശേഷവും മരുമക്കത്തായപിന്തുടച്ച നിയമം തന്നെ അവരെ സംബന്ധിക്കുന്നതാണ്. (മൂറിൻെറ ഇൻഡ്യൻ അപ്പീൽസ് ൨൧൩-ാം വശത്തെ ഏബ്രഹാമിൻെറ പ്രിവികൌൺസിൽ കേസ്സും തി. ലാ. ജ. ൨-ാംവാല്യം ൧൯൨-ാം വശത്തെ കാന്നിഉമ്മാളുടെ ഫുൾബെഞ്ചുകേസ്സും നോക്കുക.)

൪. മഹമ്മദീയരെ സുന്നി, ഷിയാ എന്നിങ്ങനെ രണ്ടു വലിയ വിഭാഗങ്ങളായി വിഭജിക്കാം. സുന്നിവിഭാഗത്തിൽ ഹനഫികൾ, മലീകികൾ, ഷാഫികൾ, ഹൻബാലികൾ എന്നിങ്ങനെ നാലു ഉപവിഭാഗങ്ങൾ ഉണ്ട്. ഷിയാകളിൽ പ്രധാനമായി അസ്ന—അഷറിയന്മാർ, ഇസ്മായില്യന്മാർ, സൈദ്യന്മാർ എന്നിങ്ങനെ മൂന്നു ഉപവിഭാഗങ്ങൾ ഉണ്ട്. ഓരോ വിഭാഗക്കാരെയും ഉപവിഭാഗക്കാരെയും സംബന്ധിക്കുന്ന നിയമങ്ങൾ പല സംഗതികളിലും അന്യോന്യം വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. കേരളദേശത്തിൽ നിവസിക്കുന്ന മഹമ്മദീയരിൽ അധികഭാഗവും ഷാഫികളാകയാൽ ഷാഫിസമ്പ്രദായപ്രകാരമുള്ള നിയമത്തെയാണ് ഈ പുസ്തകത്തിൽ പ്രധാനമായി വിവരിക്കുന്നതു്. എന്നാൽ ഇതിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്ന ഹനഫിനിയമത്തെയും അവിടവിടെ സംഗ്രഹമായി ചൂണ്ടിക്കാണിക്കുന്നതാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതു് അധികവും ഹനഫികളാകയാൽ ഇംഗ്ലീഷിലുള്ള മഹമ്മദീയനിയമപുസ്തകങ്ങളിൽ ഹനഫിസമ്പ്രദായപ്രകാരമുള്ള നിയമത്തെയാകുന്നു പ്രധാനമായി വിവരിച്ചിരിക്കുന്നതു്.

൩. ഏതെങ്കിലും വിഭാഗത്തിലൊ ഉപവിഭാഗത്തിലൊ ഉൾപ്പെട്ട പ്രായപൂർത്തിയുള്ള ഒരു മഹമ്മദീയന് അതുവിട്ട തനിക്കിഷ്ടമുള്ള വേറെ ഏതെങ്കിലും വിഭാഗത്തിലൊ ഉപവിഭാഗത്തിലൊ ചേരാവുന്നതാണ്. അപ്രകാരം ചേരുന്നതുമുതൽ അയാൾ ചേരുന്നതായ പുതിയ വിഭാഗത്തിൻെറയൊ ഉപവിഭാഗത്തിൻെറയൊ നിയമം അയാളെ ബാധിക്കുന്നതാണ്. ഇപ്രകാരം സമ്പ്രദായം മാറുന്നതിനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കും ഉള്ളതാകുന്നു.

൪. മഹമ്മദീയനിയമത്തിൻെറ മൂലപ്രമാണങ്ങൾ (൧) കൊറാൻ (൨) ഹദീസ് (൩) ഇജ്മാ (൪) കിയാസ് എന്നിങ്ങനെ നാലാകുന്നു. കൊറാനിൽ മഹമ്മദുനബിയുടെ വചനങ്ങൾ അടങ്ങിയിരിക്കുന്നു. ഇവ ദൈവത്തിൽനിന്നു ഉത്ഭവിച്ചിട്ടുള്ള വചനങ്ങൾ ആണെന്നാകുന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതു്. ഹദീസ് എന്നുവെച്ചാൽ നബിയുടെ ജീവിതകാലത്തു രേഖപ്പെടുത്താത്തതും അദ്ദേഹത്തിൻെറ ഉപദേശങ്ങൾ, പ്രവൃത്തികൾ, വചനങ്ങൾ എന്നിവയടങ്ങിയതുമായ ഐതിഹ്യങ്ങളാകുന്നു. ഇജ്മാ എന്നുവച്ചാൽ നബിയുടെ സഹചാരികളും ശിഷ്യന്മാരും ഓരോ തക്ക സംഗതികളെപ്പററി ചെയ്തിട്ടുള്ള തീരുമാനങ്ങളാകുന്നു. ഈ മൂന്നു പ്രമാണങ്ങൾകൊണ്ടും തീരുമാനിക്കാൻ നിവൃത്തിയില്ലാത്ത സംഗതികളെ സംബന്ധിച്ചു ഈ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി അനുമാനിച്ചിട്ടുള്ള തത്വങ്ങളാകുന്നു "കിയാസ്" എന്നുപറയുന്നതു്. കിയാസിനു് അധികമായ പ്രാധാന്യം നൽകുന്നതു് ഹനഫികളാകുന്നു.

൫. നീതിന്യായക്കോടതികൾ കൊറാനിലെ വചനങ്ങൾക്കു പഴയകാലത്തുണ്ടായിരുന്ന പ്രമാണഭൂതന്മാരായ ഇസ്ലാമികവ്യാഖ്യാതാക്കന്മാർ കല്പിച്ചിട്ടുള്ള അർത്ഥം തള്ളിക്കളഞ്ഞു അവയെ സ്വന്തമായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതാകുന്നു. (കൽക്കട്ടാ ൨൫-ാം വാല്യം ൬൪-ാം വശത്തിലെ ആഗാ മഹമ്മദ് ജാഫറിൻെറ പ്രിവി കൌൺസിൽ കേസ്സു നോക്കുക.)

൬. കൊറാൻ, ഹദീസ് മുതലായ മൂലപ്രമാണങ്ങളിൽനിന്നു് പഴയകാലത്തെ ഇസ്ലാമികപണ്ഡിതന്മാർ അനുമാനിച്ചിട്ടില്ലാത്ത തത്വങ്ങളെ നിയമമായി അംഗീകരിക്കാൻ പാടില്ലാത്തതാകുന്നു. (അലഹബാദ് ൨൭-ാം വാല്യം ൨൩൩-ാം വശത്തിലെ ബക്കർ അലിയുടെ പ്രിവി കൌൺസിൽകേസ്സു നോക്കുക.)

## ൨-ാം അദ്ധ്യായം.

---

### പരേതന്മാരുടെ സ്വത്തിൻെറ വിനിയോഗം.

(മരിച്ചുപോയ ആളുകളുടെ സ്വത്തിൻെറ ഭരണത്തെയും വിനിയോഗത്തെയും സംബന്ധിച്ചുള്ള വ്യവസ്ഥകൾ ബ്രിട്ടീഷ് ഇൻഡ്യയിലെ Succession Act (പിന്തുടച്ചനിയമം) എന്ന നിയമത്തിൽ അടങ്ങിയിരിക്കുന്നു. തിരുവിതാംകൂറിലും Probate and Administration Regulation എന്ന ഒരു നിയമം (പ്രോബേററു് ആൻഡ് അഡ്മിനിസ്ട്രേഷൻ റെഗുലേഷൻ) താമസിയാതെ പാസ്സാകുന്നതാണു്. ഈ രണ്ടു നിയമങ്ങളേയും കുറിക്കാനായി ഈ പുസ്തകത്തിൽ പ്രോബേററുനിയമം എന്ന ചുരുക്കപ്പേരു് ഉപയോഗിക്കുന്നതാകുന്നു. പ്രോബേററുനിയമത്തിലെ വ്യവസ്ഥകൾ എല്ലാ സമുദായക്കാരെയും ഒരുപോലെ സംബന്ധിക്കുന്നവയാണെന്നു പ്രത്യേകം പറയേണ്ടതായ അവശ്യം ഇല്ലല്ലോ. മഹമ്മദീയരെ മാത്രം വിശേഷാലായി സംബന്ധിക്കുന്ന മഹമ്മദീയനിയമവ്യവസ്ഥകളെയാണു് ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കാൻ പോകുന്നതു്. എന്നാൽ പ്രോബേററുനിയമത്തിലെ ചില വ്യവസ്ഥകളേയും സന്ദർഭവശാൽ പ്രസ്താവിക്കേണ്ടിവരുന്നതാണു്.)

൧൧. മരിച്ചുപോയ ഒരു മഹമ്മദീയൻെറ സ്വത്തിനെ താഴെപ്പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാകുന്നു. മുൻപു മുൻപു പറയുന്ന കാര്യങ്ങൾക്കു വിനിയോഗിച്ചതു കഴിച്ചു ബാക്കിയുള്ളതിനെ മാത്രമാണു് പിൻപുപിൻപു പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതു്.

(൧) ശവസംസ്കാരസംബന്ധമായ ചെലവുകളും ദീനക്കിടക്കയിലെ ചെലവുകളും. (൨) പ്രോബേററുനിയമം അനുസരിച്ചു പ്രോബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ കോടതിയിൽനിന്നും വാങ്ങിക്കാനുള്ള ചെലവുകൾ (൩) മരിക്കുന്നതിനുമുമ്പു മൂന്നുമാസത്തിനകമായി വല്ല കൂലിവേലക്കാരനോ ശില്പിയോ വീട്ടുവേലക്കാരനോ മരിച്ചയാൾക്കുവേണ്ടി ചെയ്തിട്ടുള്ള വേലയുടെ കൂലി. (൪) മരിച്ചയാളുടെ മററു കടങ്ങൾ. (൫) ഇത്രയും കൊടുത്തുകഴിഞ്ഞിട്ടു മിച്ചമുള്ള സ്വത്തിൻെറ മൂന്നിൽ ഒരുപങ്കിൽ കവിയാത്ത അന്ത്യദാനങ്ങൾ കൊടുക്കുക. (൬) പിന്നേയും മിച്ചമുള്ളതിനെ പിന്തുടർച്ചാവകാശികൾ ചട്ടപ്രകാരമുള്ള ക്രമമനുസരിച്ചു വീതിച്ചെടുക്കുക.

(അന്ത്യദാനങ്ങൾ സംബന്ധിച്ച ൭-ാം അദ്ധ്യായം നോക്കുക. മരിച്ചയാൾ ഏതുവിഭാഗത്തിൽ ചേൻറിരുന്നുവോ ആ വിഭാഗത്തെസംബന്ധിച്ച നിയമമനുസരിച്ചാണു പിന്തുടർച്ചക്കാൎക്ക് സ്വത്തുകിട്ടുന്നതു്. ആ പിന്തുടർച്ചക്കാര ഏതുവിഭാഗത്തിൽ ചേൻറവരാണെന്നു നോക്കേണ്ടതായ ആവശ്യമില്ല.

പരേതനായ ഒരു മഹമ്മദീയൻെറ സ്വത്തിനെ ചട്ടപ്രകാരം വിനിയോഗിക്കുന്നതിനും അപ്രകാരം വിനിയോഗിച്ചു തീരുന്നതുവരെ ഭരിക്കുന്നതിനുമുള്ള അധികാരം പരേതൻെറ മരണശാസനത്താൽ നിയമിക്കപ്പെട്ട എക്സിക്യൂട്ടൎക്കാകുന്നു. മരണശാസനത്തിൻെറ സാധുത്വത്തെപ്പററിയും അതനുസരിച്ചു പ്രവൎത്തിക്കാൻ തനിക്കുള്ള അധികാരത്തെപ്പററിയും എക്സിക്യൂട്ടർ കോടതിയിൽ നിന്നും വാങ്ങിക്കേണ്ടതായ അധികാരപത്രമാകുന്നു പ്രോബേററ് (Probate) എന്നു പറയുന്നതു്. മരണശാസനമില്ലാതിരിക്കുകയോ; മരണശാസനം എഴുതീട്ടുണ്ടായിരുന്നാലും അതിൽ എക്സിക്യൂട്ടരെ നിയമിക്കാതിരിക്കുകയോ ചെയ്താൽ പരേതൻെറ സ്വത്തിനെ ചട്ടപ്രകാരം വിനിയോഗിക്കുന്നതിനായി ആ സ്വത്തിൽ കാൎയ്യസംബന്ധമുള്ള വല്ലയാളും കോടതിയിൽനിന്നും അഡ്മിനിസ്റ്റ്റേഷൻപത്രം (Letters of Administration) വാങ്ങിക്കാവുന്നതാകുന്നു. അതു വാങ്ങിക്കുന്നയാളെ അഡ്മിനിസ്റ്റ്റേറററർ എന്നു പറയുന്നു. പ്രോബേററും അഡ്മിനിസ്റ്റ്റേഷൻപത്രവും വാങ്ങാനുള്ള നടപടി പ്രോബേററുനിയമത്തിൽ വിവരിച്ചിട്ടുണ്ടു്. പ്രോബേററുനിയമം നടപ്പായിട്ടില്ലാത്ത ദിക്കുകളിൽ പ്രോബേറേറാ അഡ്മിനിസ്റ്റ്റേഷൻ പത്രമോ വാങ്ങേണ്ടതായ ആവശ്യമില്ല. അഡ്മിനിസ്റ്റ്റേഷൻപത്രം കിട്ടാനുള്ള അവകാശം മരിച്ചയാളുടെ പിന്തുടർച്ചക്കാൎക്കും കടക്കാൎക്കും മററുമാകുന്നു. സംഗതികളുടെ സ്വഭാവംപോലെ കോടതിക്കു യുക്തമെന്നു തോന്നുന്നവിധത്തിൽ ഒന്നോ ഒന്നിലധികമോ പേൎക്ക് അഡ്മിനിസ്റ്റ്റേഷൻപത്രം കൊടുക്കാവുന്നതാകുന്നു.)

൫൨. മരിച്ചയാളുടെ സ്വത്തിനെ സംബന്ധിച്ചുള്ള സകല നടപടികളിലും മരിച്ചയാളുടെ അവകാശി എക്സിക്യൂട്ടരോ അഡ്മിനിസ്റ്റ്റേറററരോ ആയിരിക്കുന്നതാകുന്നു.

(മേൽപ്രസ്താവിച്ചിരിക്കുന്നതു് പ്രോബേററു നിയമത്തിലെ വ്യവസ്ഥയാകുന്നു. പ്രോബേററുനിയമം നടപ്പുള്ള ദിക്കുകളിൽ അനുസരിക്കേണ്ടതു് ഈ വ്യവസ്ഥതന്നെ. ഇതനുസരിച്ചു എക്സിക്യൂട്ടൎക്ക് പരേ

തന്റെ സ്വത്തിന്റെ വിനിയോഗത്തിനായി വിലയാധാരംപോലും എഴുതിക്കൊടുക്കാനുള്ള അധികാരം ഉണ്ടു്. എന്നാൽ പ്രോബേററുനിയമം നടപ്പായിട്ടില്ലാത്ത ദിക്കുകളിൽ പരേതന്റെ സ്വത്തിന്റെ വിനിയോഗത്തെസംബന്ധിച്ചു ശുദ്ധമഹമ്മദീയനിയമം തന്നെയാണു് അനുസരിക്കേണ്ടതു്. ആ നിയമം അനുസരിച്ചു പ്രോബേറേറാ അഡ്മിനിസ്റ്റ്റേഷൻപത്രമോ വാങ്ങുവാൻ നടപടിയില്ലെന്നു പ്രത്യേകിച്ചു പറയേണ്ടയാവശ്യമില്ലല്ലോ. മരണശാസനത്താൽ നിയമിച്ചിട്ടുള്ള വാസി (Wasi)ക്കുതന്നെയും പ്രോബേററു നിയമപ്രകാരം എക്സിക്യൂട്ടർക്കുള്ളതായ വലിയ അധികാരങ്ങൾ ഇല്ല. അയാൾ കേവലം ഒരു ഭരണക്കാരനാകുന്നു. മരിച്ചയാളുടെ സ്വത്തു് അയാളിൽ സ്ഥാപിതമാകാത്തതിനാൽ വിലയാധാരവുംമററും എഴുതിക്കൊടുക്കുന്നതിനുള്ള അധികാരം അയാൾക്കില്ല. ആയധികാരം സ്വത്തിന്റെ അവകാശികൾക്കാണു് ഉള്ളതു്. ഈ സന്ദർഭത്തിൽ ഒരു മഹമ്മദീയനു് തന്റെ സ്വത്തിന്റെ മൂന്നിൽ ഒരു ഓഹരിയെ സംബന്ധിച്ചു മാത്രമേ മരണശാസനം എഴുതാൻ പാടുള്ളു എന്നുള്ള സംഗതി ഓർക്കേണ്ടതാകുന്നു. അതിനാൽ പ്രോബേററുനിയമം നടപ്പുള്ള ദിക്കുകളിലും എക്സിക്യൂട്ടർ പരേതന്റെ സ്വത്തിനെ വസൂലാക്കിക്കഴിഞ്ഞാൽ അതിന്റെ മൂന്നിൽ ഒരു ഓഹരിയെ സംബന്ധിച്ചു മാത്രമേ എക്സിക്യൂട്ടർക്കു പൂർണ്ണമായ വിനിയോഗാധികാരമുള്ളു. ശിഷ്ടമുള്ള രണ്ടോഹരിയെ സംബന്ധിച്ചു് എക്സിക്യൂട്ടർ പിന്തുടർച്ചാവകാശികളുടെ ഒരു വെറും ട്രസ്റ്റി മാത്രമാകുന്നു. പരേതന്റെ സ്വത്തുക്കളിൽ എക്സിക്യൂട്ടർക്കുള്ള വിനിയോഗാധികാരം പരേതന്റെ മരണനിമിഷം മുതൽതന്നെ ആരംഭിക്കുന്നുവെന്നും പ്രോബേററു വാങ്ങിച്ചുകഴിഞ്ഞതിനുശേഷം മാത്രമല്ലെന്നും ഓർക്കേണ്ടതാകുന്നു.)

൧൩. എക്സിക്യൂട്ടരോ അഡ്മിനിസ്ട്രേറററോ ഇല്ലാത്ത വിഷയത്തിൽ മരിച്ചയാളുടെ സ്വത്തു് അയാളുടെ മരണനിമിഷം മുതൽക്കുതന്നെ പിൻതുടർച്ചക്കാരിൽ അവരവരുടെ ഓഹരിമുറയ്ക്കു സ്ഥാപിതമായിത്തീരുന്നതാണു്. മരണശാസനമെഴുതീട്ടില്ലെങ്കിൽ മുഴുവൻ സ്വത്തും മരണശാസനമെഴുതീട്ടുണ്ടെങ്കിൽ മൂന്നിലൊരു ഭാഗത്തിൽ കവിയാത്ത അന്ത്യദാനങ്ങൾ കഴിച്ചുള്ള സ്വത്തും ഇപ്രകാരം സ്ഥാപിതമായിത്തീരുന്നതാണു്. മരിച്ചയാൾക്കു കടങ്ങൾ ഉണ്ടു എന്നുള്ള കാരണത്താൽ സ്വത്തു് പിന്തുടർച്ചക്കാരിൽ സ്ഥാപിതമാകുന്നതിനു കടങ്ങൾ കൊടുത്തു തീരുന്നതുവരെ കാത്തിരിക്കണമെന്നില്ല.

(അലഹബാദ് ൩-ാംവാല്യം ൨൭൨-ാംവശത്തെ മഹമ്മദ് അവൈസിന്റെ കേസ്സുനോക്കുക. ഒരു പിന്തുടർച്ചക്കാരനു് ചട്ടപ്ര

കാരം കിട്ടാനുള്ള ഓഹരി സ്വത്ത് ഉടമസ്ഥൻെറ മരണനിമിഷം മുതൽതന്നെ അയാളിൽ സ്ഥാപിതമാകുന്നുവെങ്കിലും ആയത് കൈവശത്തിൽ കിട്ടുവാൻ താമസം നേരിടുന്നതാണല്ലോ. കൈവശം കിട്ടിയതിൽ പിന്നീടു മാത്രമേ അവകാശികൾക്കു ആ സ്വത്തിൽ പൂണ്ണമായ വിനിയോഗാധികാരം സിദ്ധിക്കുകയുള്ളൂ. ദൃഷ്ടാന്തമായി കൈവശം കിട്ടുന്നതിനുമുമ്പു തൻെറ ഓഹരി സ്വത്തിനെ ഒരു അന്യന്, അതായതു തൻെറ കൂട്ടവകാശിയല്ലാത്ത ഒരുവനു്, ഇഷ്ടദാനമായി കൊടുക്കാൻ പാടില്ലെന്നുള്ള സംഗതി എടുക്കാവുന്നതാണ്. വിനിയോഗാധികാരം എത്രയ്ക്കുമാത്രം ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച് അടുത്ത വകുപ്പു നോക്കുക.)

൧൯. അവകാശികൾ തമ്മിൽ സ്വത്തു വീതിക്കുകയോ മരിച്ചയാളുടെ കടങ്ങൾ തീക്കുകയോ ചെയ്യുന്നതിനു മുമ്പും ഒരു പിൻതുടച്ചാവകാശിക്കു തൻെറ ഓഹരിയെ സംബന്ധിച്ചു പണയാധാരമോ വിലയാധാരമോ എഴുതിക്കൊടുക്കാവുന്നതാണ്. ആധാരമെഴുതിവാങ്ങുന്നയാൾക്കു കടങ്ങളെക്കുറിച്ചു അറിവുകിട്ടുന്നതിന് ഇടയില്ലാതിരിക്കുകയും അയാൾ ഉത്തമവിശ്വാസമായി പ്രവത്തിക്കുകയും ചെയ്തിട്ടുള്ള പക്ഷം ആധാരത്തെ ആക്ഷേപിക്കാൻ കടക്കാക്കു അവകാശമില്ല. (കൽക്കട്ടാ ൰-ാംവാല്യം ൰൦൨-ാംവശത്തെ ബസായത്ത് ഹുസയിൻെറ പ്രിവി കൌൺസിൽ കേസ്സുനോക്കുക.)

ആധാരം എഴുതിവാങ്ങുന്നയാൾക്കു കടങ്ങളെപ്പററി അറിവുണ്ടായിരുന്നാലും ആധാരം അസാധുവായിത്തീരുന്നതല്ല. തൻെറ കടങ്ങൾ വസൂലാക്കുന്നതിനു പിന്തുടർച്ചക്കാരുടെ കൈവശത്തിലുള്ള മുതലുകൾ മതിയാകാതെ വരുന്ന പക്ഷം കടക്കാരൻ ആ ആധാരത്തിലുൾപ്പെട്ട സ്വത്തിൽകൂടി പ്രവേശിക്കാമെന്നേയുള്ളൂ. (കൽക്കട്ടാ ൮-ാംവാല്യം ൨൰-ാം വശത്തെ രാജകൃസ്റ്റോവിൻെറ കേസ്സുനോക്കുക)

(ബസായത്ത് ഹുസയിൻെറ കേസ്സ്:—ഒരു മഹമ്മദീയൻ മരിക്കുമ്പോൾ അയാൾ സി. എന്നയാൾക്കു കുറെ പണം കൊടുക്കാനുണ്ടായിരുന്നു. മരിച്ചയാളുടെ ഏകാവകാശിയായ മകൻ മരിച്ചയാളുടെ സ്വത്തു മുഴുവനും ഉൾപ്പെടുത്തി തൻെറ സ്വന്തം കടത്തിനായി പീ. എന്നയാൾക്കു പണയാധാരമെഴുതിക്കൊടുത്തു. പീയ്ക്കു സീയുടെ കടത്തെപ്പററി അറിവില്ലായിരുന്നു. അതിനുശേഷം സീ മരിച്ചയാളുടെ മകനെ പ്രതിയാക്കി മരിച്ചയാളുടെ സ്വത്തിൽ സ്ഥാപിച്ചു വിധിസമ്പാദിച്ചു പീയുടെ ആധാരത്തിൽ ഉൾപ്പെട്ട വസ്തുക്കളെ ജപ്തിചെയ്തു.

ഈ ജപ്തിക്കശേഷം പീ തൻെറ പണയാധാരത്തെ അടിസ്ഥാനപ്പെടുത്തി വിധി സമ്പാദിച്ചു വസ്തുക്കൾ ലേലത്തിൽ വില്പിക്കുകയും എക്സ് എന്നയാൾ അവയെ ലേലത്തിൽ പിടിക്കുകയും ചെയ്തു. സീയുടെ കടത്തെപ്പററി അറിവില്ലാതെ പീ പണയാധാരം എഴുതി വാങ്ങിച്ചതായതുകൊണ്ടു അയാധാരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ലേലക്കാരനായ എക്സിന്നു സീയുടെ ജപ്തി അസ്ഥിരപ്പെടുത്തി കിട്ടാൻ അവകാശമുണ്ടെന്നു ഈ കേസ്സിൽ തീരുമാനിച്ചു.

രാജകൃസ്റ്റോവിൻെറ കേസ്സ്:—ഒരു മഹമ്മദിയൻ മരിക്കുമ്പോൾ അയാൾ സീ എന്നയാൾക്കു കുറെ പണം കൊടുക്കാനുണ്ടായിരുന്നു. അയാൾക്കവകാശികളായി ഒരു ഭാര്യയും വേറെ ചിലയാളുകളും ഉണ്ടായിരുന്നു. ഭാര്യ അവൾക്കു കിട്ടിയ ഓഹരി മരിച്ചയാൾ സീയ്ക്കു കൊടുക്കാനുണ്ടായിരുന്ന കടത്തെപ്പററി അറിവുണ്ടായിരുന്ന പീ എന്നയാൾക്കു വിററു. അതിനുശേഷം സീ എല്ലാ അവകാശികളേയും പ്രതികളാക്കി വിധി സമ്പാദിച്ചു പീയുടെ വിലയാധാരത്തിൽ ഉൾപ്പെട്ട വസ്തുക്കൾ ജപ്തിചെയ്യാൻ അപേക്ഷിച്ചു. സീയുടെ വിധി സംഖ്യ അവകാശികളുടെ കൈവശത്തിലുള്ള സ്വത്തുക്കളിൽനിന്നു ഈടാകുകയില്ലെന്നു തെളിഞ്ഞാൽ മാത്രമേ പീയുടെ കൈവശമുള്ള വസ്തുക്കളിൽ പ്രവേശിക്കാൻ പാടുള്ളു എന്നു ഈ കേസ്സിൽ തീരുമാനിച്ചു)

൧൯. മരിച്ചയാളുടെ ഒരു കടക്കാരൻ മരിച്ചയാളുടെ സ്വത്തിൽ സ്ഥാപിച്ചു വിധി കിട്ടുവാനായി വ്യവഹാരമാരംഭിച്ചതിനുശേഷം അവകാശികളിൽ ഒരാൾ തൻെറ ഓഹരിക്കുള്ള വല്ല സ്ഥാവരവസ്തുവിനെയും അന്യാധീനപ്പെടുത്തുന്നപക്ഷം ആ കടക്കാരൻ ആ വസ്തുവിനെ ജപ്തിചെയ്തു വില്പിക്കാവുന്നതാകുന്നു.

(ബസായത്തുഹുസയിൻെറ കേസ്സിൽതന്നെ ഈ സംഗതിയും തീരുമാനിച്ചിട്ടുണ്ട്.)

൨൦. മരിച്ചയാളുടെ സ്വത്തു് അവകാശികൾ വീതിച്ചെടുക്കുന്നതിനു മുമ്പു ആ സ്വത്തിനോളമുള്ള കടങ്ങൾകൊടുത്തുതീക്കുന്നതിനു അവകാശികൾ ചുമതലപ്പെട്ടവരാകുന്നു. സ്വത്തിൽ കൂടുതലായി വല്ല കടവുമുണ്ടെങ്കിൽ ആ കൂടുതലിനു അവർ ഉത്തരവാദികളല്ല.

൨൧. സ്വത്തു വീതിച്ചതിൽ പിന്നീടു ഓരോ അവകാശിയും തനിക്കു കിട്ടീട്ടുള്ള സ്വത്തിൻെറ ഓഹരിയനുസരിച്ചുള്ള കടത്തിൻെറ

ഓഹരി തീൎത്താൽ മതിയാകും. (അലഹബാദ്ദ് ൪-ാം വാല്യം ൩൬൧-ാം വശത്തിലെ പിൎത്തിപാൽസിംഗിന്റെ കേസ്സ് നോക്കുക.)

(പിൎത്തിപാൽസിംഗിന്റെ കേസ്സ്:—ഒരു മഹമ്മദീയൻ മരിക്കുമ്പോൾ ൩൨൦൦-രൂപായുടെ കടമുണ്ടായിരുന്നു. അവകാശികൾ വിധവയും ഒരുമകനും രണ്ടു് പെൺമക്കളുമായിരുന്നു. കടം തീൎക്കാതെ തന്നെ അവകാശികൾ സ്വത്തിന്റെ ൧/൮ ൭/൧൬, ൭/൩൨, ൭/൩൨ എന്നീ ചട്ടപ്രകാരമുള്ള ഓഹരികൾ ഭാഗിച്ചെടുത്തു. അതിനുശേഷം കടക്കാരൻ മരിച്ചയാളുടെ ഭാൎയ്യയേയും മകനേയും മാത്രം പ്രതികളാക്കി വിധിസമ്പാദിച്ചു. ഭാൎയ്യ കടത്തിന്റെ ൧/൮ അതായതു ൪൦൦ രൂപായും മകൻ ൭/൧൬ അതായതു ൧൪൦൦ രൂപായും മാത്രം കൊടുത്താൽ മതിയെന്നു തീരുമാനിച്ചു.)

൧൮. കടങ്ങൾ കൊടുത്തുതീൎക്കുന്നതിനുമുമ്പും അവകാശികൾ സ്വത്തു വീതിച്ചെടുക്കാവുന്നതാണു്. എന്നാൽ സ്വത്തിനേക്കാൾ കൂടുതൽ കടം ഉള്ളപ്പോൾ വീതിക്കാൻ പാടില്ല.

(ഒരു കടക്കാരൻ ചില അവകാശികളെ മാത്രം പ്രതികളാക്കി വ്യവഹാരപ്പെടുമ്പോൾ, കടംതീൎക്കാതെ സ്വത്തുവീതിക്കാൻ പാടില്ലായിരുന്നുവെന്നും അതിനാൽ എല്ലാ സ്വത്തിലുംനിന്നു സംഖ്യ വസൂലാക്കാൻ തനിക്കു അവകാശമുണ്ടെന്നും അയാൾ വാദിച്ചാൽ ആ വാദം സാധുവായിരിക്കുകയില്ല എന്നു താൽപൎയ്യം.)

൧൯. മരിച്ചയാളുടെ സ്വത്തിനു എക്സിക്യൂട്ടരോ അഡ്മിനിസ്ത്രേറററോ ഏൎപ്പെട്ടിട്ടുണ്ടെങ്കിൽ കടക്കാർ അയാളെത്തന്നെ പ്രതിയാക്കി വ്യവഹാരപ്പെടേണ്ടതാകുന്നു.

൨൦. എക്സിക്യൂട്ടരോ അഡ്മിനിസ്ത്രേറററോ ഏൎപ്പെട്ടിട്ടില്ലെങ്കിൽ കടക്കാർ പിന്തുടൎച്ചക്കാരെ പ്രതികളാക്കി വ്യവഹാരപ്പെടേണ്ടതാകുന്നു. അങ്ങനെ വ്യവഹാരപ്പെടുന്ന വിഷയത്തിൽ താഴെപ്പറയുന്ന സംഗതികൾ ഗൌനിക്കേണ്ടതാകുന്നു.

(എ) സ്വത്തു അവകാശികൾ തമ്മിൽ വീതിച്ചെടുത്തുപോയിട്ടുണ്ടെങ്കിൽ എല്ലാ അവകാശികളേയും പ്രതികളാക്കാത്തപക്ഷം, പ്രതികൾക്കു് കിട്ടീട്ടുള്ള ഓഹരികളുടെ ക്രമമനുസരിച്ചുള്ള കടത്തിന്റെ ഓഹരിക്കു മാത്രമേ വിധികിട്ടുകയുള്ളൂ. (൧൦-ാം വകുപ്പുനോക്കുക.)

(ബി) അവകാശികൾതമ്മിൽ സ്വത്തു വീതിച്ചെടുത്തിട്ടില്ലെങ്കിൽ, സ്വത്തു മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ കൈവശമുള്ള അവകാശികളെ പ്രതികളാക്കി വ്യവഹാരപ്പെടുന്നപക്ഷം സ്വത്തിൽ സ്ഥാപിച്ച് മുഴുവൻ കടവും ഈടാക്കാനായി വിധികിട്ടുന്നതും വിധിക്കായി പ്രതികളുടെ കൈവശത്തിലുള്ള മുഴുവൻ സ്വത്തും ജപ്തിചെയ്തു വില്പിച്ചാലും സാധുവായിരിക്കുന്നതുമാകുന്നു. ലേലം പ്രതികളുടെ ഓഹരികളെ മാത്രമല്ല, എല്ലാ അവകാശികളുടേയും ഓഹരികളെ സംബന്ധിക്കുന്നതാകുന്നു. എന്നാൽ വിധി രാജിപ്രകാരമുള്ളതോ കടം യഥാൎത്ഥത്തിൽ ഇല്ലാത്തതോ ആണെങ്കിൽ പ്രതികളല്ലാത്ത അവകാശികളുടെ ഓഹരികളെ വിധിയും വിധിനടത്തു നടപടികളും ബാധിക്കുന്നതല്ല.

(കൽക്കട്ടാ ൨൫-ാം വാല്യം ൩൫൫-ാം വശം അമീർ ദുൽഹിൻെറ കേസ്സ്:—ഒരാളുടെ കടത്തിനായി അയാളുടെ വിധവയുടെ പേരിൽ കടക്കാരൻ അന്യായപ്പെട്ടു. വിധവയുടെ കൈവശത്തിൽ മരിച്ചയാളുടെ കുറെ സ്വത്തുണ്ടായിരുന്നു. എന്നാൽ അവകാശികൾ തമ്മിൽ മരിച്ചയാളുടെ വസ്തുക്കൾ ഭാഗിച്ചെടുത്തിട്ടുണ്ടായിരുന്നില്ല. പ്രസ്തുത കേസ്സിൽ വാദിക്ക് വിധവയുടെ ഓഹരിയിൽ സ്ഥാപിച്ചു മാത്രമല്ല അവളുടെ കൈവശമുള്ള മുഴുവൻ വസ്തുവിലും സ്ഥാപിച്ച് വിധികിട്ടുവാൻ അവകാശമുണ്ടെന്നു തീരുമാനിച്ചു. മരിച്ചയാൾക്കു വിധവയെ കൂടാതെ വേറെ അവകാശികളും ഉണ്ടായിരുന്നു. വിധവയുടെ കൈവശമുള്ള വസ്തുക്കളിൽ മററവകാശികൾക്കുള്ള ഓഹരികൾകൂടി ബന്ധിക്കുമെന്നാണ് വിധിയുടെ താല്പൎയ്യം.

ബോംബേ ൨൦-ാം വാല്യം ൩൩൮-ാം വശം ദവലാവായുടെ കേസ്സ്:— ഒരു മഹമ്മദീയൻ മരിക്കുമ്പോൾ അയാൾക്കു ഒരു ഭാൎയ്യയും മൈനരായ ഒരുമകനും രണ്ടു് പെൺമക്കളും അവകാശികളായുണ്ടായിരുന്നു. മരിച്ചയാളുടെ ഒരു പണയക്കാരൻ പണയാധാരത്തിലെ ഉടമ്പടിവാചകമനുസരിച്ച് പണയവസ്തു തൻെറ സ്വന്തമായിത്തീൎന്നതിനാൽ അതു് ഒഴിപ്പിച്ചു കൈവശം കിട്ടാനായി വ്യവഹാരപ്പെട്ടു. പ്രതിവൎഗ്ഗത്തിൽ ചേൎത്തു് മരിച്ചയാളുടെ മൈനരായ മകനേയും അവൻെറ രക്ഷകൎത്താവായി തള്ളയേയും ആയിരുന്നു. മൈനരുടെ തള്ള തനിച്ച് മുഴുവൻ വസ്തുവും കൈവശത്തിൽ വെച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്യായപ്രകാരം വിധിയായതനുസരിച്ച് പണയക്കാരൻ വസ്തു നടത്തിയെടുത്തു. ഈ വിധിയും വിധിനടത്തു നടപടിയും കേസ്സിൽ കക്ഷികളല്ലായിരുന്ന മരിച്ചയാളുടെ പെൺമക്കളെക്കൂടി

ബന്ധിക്കുമെന്നും അവരുടെ ഓഹരികൾ പണയത്തിൽനിന്നും ഒഴിപ്പിക്കുവാൻ അവൎക്കവകാശമില്ലെന്നും ഈ കേസ്സിൽ തീരുമാനിച്ചു).

൨൫. മരിച്ചുപോയ ഒരാൾക്കു പിരിഞ്ഞുകിട്ടേണ്ടതായ വല്ല കടത്തിനുമായി വ്യവഹാരപ്പെടുമ്പോൾ വാദി പ്രോബേററാ, അഡ്മിനിസ്ട്രേഷൻ പത്രമോ, സക്സഷൻ സർട്ടിഫിക്കേററാ ഹാജരാക്കേണ്ടതാകുന്നു. സക്സഷൻ സർട്ടിഫിക്കററു ഹാജരാക്കുന്നതു വിധിക്കു മുൻപു എപ്പോഴെങ്കിലും ആകാവുന്നതാണ്. (ബ്രിട്ടീഷ് ഇന്ത്യയിലെ സക്സഷൻ സർട്ടിഫിക്കററ് ആക്ററ് ൪-ാം വകുപ്പും തിരുവിതാംകൂർ സക്സഷൻ സർട്ടിഫിക്കററ് റെഗുലേഷൻ ൪-ാം വകുപ്പും നോക്കുക.)

(പ്രോബേററ് നിയമം നടപ്പായിട്ടില്ലാത്ത ദിക്കുകളിൽ സക്സഷൻ സർട്ടിഫിക്കററുതന്നെ ഹാജരാക്കേണ്ടതാണ്.

പണയാധാരപ്രകാരവും മററും വസ്തുവിൽ സ്ഥാപിച്ചു മാത്രം വിധി ചോദിക്കുമ്പോൾ സക്സഷൻ സർട്ടിഫിക്കററു മുതലായതു ഹാജരാക്കേണ്ടതായ ആവശ്യമില്ലാത്തതാകുന്നു. ഒരു മരുമക്കത്തായ മഹമ്മദീയ തറവാട്ടിലെ ഭരണക്കാരൻ എന്നുള്ള നിലയിൽ കാരണവരു പിരിഞ്ഞുകിട്ടാനുള്ള കടങ്ങൾക്കുവേണ്ടി അയാളുടെ മരണശേഷം അടുത്ത കാരണവൻ വ്യവഹാരപ്പെടുമ്പൊഴും സക്സഷൻ സർട്ടിഫിക്കററ് മുതലായതു ആവശ്യമില്ല. ഈ സംഗതി കച്ചിമെമൺമാരുടെ അവിഭക്തകൂട്ടുകുടുംബങ്ങളിലെ ഭരണക്കാൎക്കു പിരിഞ്ഞു കിട്ടാനുള്ള കടങ്ങളേയും സംബന്ധിക്കുന്നതാണ്.)

## അദ്ധ്യായം ൩.

### പിൻതുടർച്ച—സാമാന്യ നിയമങ്ങൾ.

൧൨. മഹമ്മദീയ നിയമപ്രകാരം പൂൎവ്വസ്വത്തിനും സ്വന്തസമ്പാദ്യത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. രണ്ടിന്റെയുംമേൽ അതിന്റെ ഉടമസ്ഥനു മരണം വരയ്ക്കും പൂൎണ്ണമായ വിനിയോ

ഗാധികാരമുണ്ടു്. അതിന്റെ ൧/൩ ഓഹരിയെ സംബന്ധിച്ചിടത്തോളം അയാൾക്കു ബോധിച്ചതുപോലെ മരണപത്രമെഴുതുകയും ചെയ്യാവുന്നതാണു്. അയാൾക്കു ഒരു പുത്രൻ ജനിച്ചാൽ പുത്രൻ അയാളുടെ സ്വത്തിനു് കൂട്ടവകാശിയായിത്തീരുന്നില്ല. അയാളുടെ മരണശേഷം മാത്രമേ പിന്തുടർച്ചാവകാശികൾക്കു അയാളുടെ സ്വത്തിന്റെ ഓഹരിക്കു അവകാശം ജനിക്കുന്നുള്ളു. (അലഹബാദ് ൧൧-ാം വാല്യം ൨൫൩-ാം വശത്തു ഹസൻ അലിയുടെ കേസ്സും, കൽക്കട്ടാ ൩൩-ാം വാല്യം ൧൬൩-ാം വശത്തുള്ള മിർസാ കുറത്തുലയിന്റെ കേസ്സും നോക്കുക )

(ഹസൻ അലിയുടെ കേസ്സ്—ഏ എന്നവൻ തന്റെ ഒരു വസ്തു ബി എന്നവനു ദാനമെഴുതിക്കൊടുക്കുന്നു. ബി എന്നവന്റെ അക്രമമായ സ്വാധീനംകൊണ്ടു് ദാനയാധാരമെഴുതിവാങ്ങിച്ചിട്ടുള്ളതാകയാൽ ആധാരം അസ്ഥിരപ്പെടുത്തുന്നതിനായി ഏയുടെ ജീവിതകാലത്തു തന്നെ ഏയുടെ മകനായ സി അന്യായപ്പെടുന്നു. ഈ അന്യായം വഹിക്കത്തക്കതല്ല. എന്തെന്നാൽ ഏയുടെ ജീവിതകാലത്തു അയാളുടെ സ്വത്തിന്മേൽ മകനായ സീയ്ക്കു യാതൊരവകാശവുമില്ലല്ലോ.

എന്നാൽ ഏയുടെ മരണശേഷം മേൽപറഞ്ഞ കാരണത്താൽ ആധാരം അസ്ഥിരപ്പെടുത്തുന്നതിനു അന്യായപ്പെടാവുന്നതാണു്. എന്നാൽ അന്യായത്തീയതിയിൽ കാലഹരണദോഷം സംഭവിക്കാതിരിക്കണം. ഇതാണു് മിർസാ കുറത്തുലയിനിന്റെ കേസ്സിൽ തീരുമാനിച്ചിരിക്കുന്നതു്.)

൨൩. ഉടമസ്ഥന്റെ മരണശേഷം അവകാശിയാകാൻ അർഹതയുള്ള ഒരാൾ ഉടമസ്ഥന്റെ ജീവിതകാലത്തു തന്നെ മരിച്ചുപോയാൽ അയാളുടെ ഓഹരി അയാളുടെ അവകാശിക്കോ, അയാൾ മരണപത്രംമൂലം നിശ്ചയിക്കുന്ന ആൾക്കോ കിട്ടുന്നതല്ല. (കൽക്കട്ടാ൨൩-ാം വാല്യം ൧൯൨-ാം വശത്തിലെ മൂള്ളാകാസ്സീമിന്റെ പ്രിവികൗൺസിൽ കേസും കൽക്കട്ടാ ൧൧-ാം വാല്യം ൫൯൦-ാം വശത്തിലെ അബ്ദൽവഹിദിന്റെ പ്രിവി കൌൺസിൽ കേസ്സും നോക്കുക.)

(മൂള്ളാകാസ്സീമിന്റെ കേസ്സ്:—ഏയ്ക്കു ബി എന്നും സി എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു. ബി തനിക്കു ഡി എന്ന പുത്രൻ ജനിച്ചതിന്റെശേഷം തന്റെ പിതാവായ ഏയുടെ ജീവിതകാലത്തുതന്നെ മരിക്കുന്നു. അതിനാൽ ഏയുടെ മരണകാലത്തു ഏയ്ക്കു സീ എന്ന

പുത്രനും ഡി എന്ന പൌത്രനുമുണ്ട്. അപ്പോൾ മുഴുവൻ സ്വത്തും സീയ്ക്കു കിട്ടുന്നതല്ലാതെ ഡീയ്ക്കു യാതൊന്നും കിട്ടുകയില്ല. എന്തുകൊണ്ടെന്നാൽ ഏയുടെ മരണകാലത്തു തന്റെ അച്ഛൻ ജീവിച്ചിരുന്നാൽ അയാൾക്കു കിട്ടുമായിരുന്ന ഓഹരി തനിക്കു കിട്ടുമെന്നു വാദിക്കാൻ ഡീയ്ക്കു മഹമ്മദീയനിയമപ്രകാരം അവകാശമില്ല.)

൨൭. പിന്തുടർച്ചക്കാരനായിത്തീരാനുള്ള അവകാശം ഒഴിഞ്ഞെഴുതിക്കൊടുത്താൽ അതു സാധുവായിരിക്കുകയില്ല. (ബോംബെ ൨൧-ാം വാല്യം ൧൩൫-ാം വശത്തിലെ സംസുഡീന്റെ കേസ്സു നോക്കുക. എന്നാൽ മദ്രാസ് ഹൈക്കോടതിയുടെ അഭിപ്രായം മറിച്ചാണ്. മദ്രാസ് ൧൯-ാം വാല്യം ൧൬൨-ാം വശത്തിലെ കുഞ്ഞിയുടെ കേസ്സു നോക്കുക.)

(സംസുഡീന്റെ കേസ്സ്:—ഏയ്ക്കു ബി എന്ന ഒരു മകനും സി എന്ന ഒരു മകളുമുണ്ടായിരുന്നു. സി, ബീയോടു ആയിരം രൂപാ പ്രതിഫലം പററിക്കൊണ്ടു ഏയുടെ സ്വത്തിനു അവകാശിയായിത്തീരാനുള്ള തന്റെ അവകാശത്തെ ഒഴിഞ്ഞെഴുതിക്കൊടുത്തു. ഏയുടെ മരണശേഷം അയാളുടെ സ്വത്തിൽ തനിക്കു കിട്ടാനവകാശമുള്ള ൧/൩ ഓഹരിക്കായി സീ, ബീ·യുടെ മേൽ വ്യവഹാരപ്പെട്ടപ്പോൾ സീയുടെ ഒഴിവാധാരത്തെ അടിസ്ഥാനപ്പെടുത്തി ബീ തക്കിച്ചു. ഒഴിവാധാരം അസാധുവാണെന്നുള്ള കാരണത്തിന്മേൽ കോടതി പ്രതിയുടെ തക്കം തള്ളി അന്യായപ്രകാരം വിധിച്ചു. മദ്രാസ്സ് ഹൈക്കോടതിയുടെ അഭിപ്രായപ്രകാരമാണെങ്കിൽ അന്യായം തള്ളേണ്ടതായിരുന്നു.)

൨൮. ഒരാളുടെ മരണംവരെ അനുഭവിക്കാനായും അനന്തരം വേറെ ഒരാൾ എടുക്കത്തക്കവിധത്തിലും സ്വത്തു കൊടുക്കുകയാണെങ്കിൽ ആദ്യം പറഞ്ഞയാൾക്കു പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി സ്വത്ത് എടുക്കാവുന്നതും മറേറയാൾക്കു യാതൊന്നും കിട്ടുന്നതല്ലാത്തതുമാകുന്നു. സ്വത്തു കൊടുക്കുന്നതു മരണശാസനംമൂലമായാലും ഫലം ഇതുതന്നെ. (കല്ക്കട്ടാ ൧൧-ാം വാല്യം ൫൯൭-ാം വശത്തെ അബ്ദുൽവഹീദിന്റെ പ്രിവികൌൺസിൽകേസ്സ് നോക്കുക.)

എന്നാൽ സ്വത്തു കൊടുക്കുന്നതു പ്രതിഫലത്തിന്മേലായിരിക്കുകയും, ആധാരത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളിൽ നിന്നും ഒരാൾ തന്റെ മരണംവരെയും വേറൊരാൾ അതിനുശേഷവും വസ്തു വെടുക്കണമെന്നു നിസ്സംശയമായി കാണുകയും ചെയ്താൽ ആദ്യം പറ

ഞ്ഞയാൾക്കു വസ്തുവിൽ സർവ്വാവകാശം ലഭിക്കുന്നതല്ല. (ഇൻഡ്യൻ അപ്പീൽസ് ൧൦-ാം വാല്യം ൨൦൭-ാം വശത്തിലെ ഉമേശചന്ദ്രസർക്കാരുടെ പ്രിവികൌൺസിൽകേസ്സു നോക്കുക.)

൨൩. മരിച്ചയാളുടെ മരണശേഷവും എന്നാൽ അയാളുടെ സ്വത്തു വീതിക്കുന്നതിനു മുമ്പായും ഒരു അവകാശി മരിച്ചുപോയാൽ അപ്രകാരം മരിക്കുന്നയാൾക്കു കിട്ടേണ്ടതായ ഓഹരിസ്വത്തു അയാളുടെ അവകാശികൾക്കു കിട്ടുന്നതാകുന്നു.

൨൪. മഹമ്മദീയനിയമത്തിൽ കൂട്ടുകുടുംബം എന്നുള്ള സമ്പ്രദായമില്ല. ഒരാളുടെ അവകാശികൾ സ്വത്തു വീതിക്കാതെ ഏകയോഗക്ഷേമമായി അനുഭവിച്ചാലും കുടുംബത്തിലുള്ള ജനനങ്ങൾകൊണ്ടു യാതൊരാളുടേയും ഓഹരി കുറയുന്നതല്ല. യാതൊരാളുടേയും സമ്പാദ്യങ്ങൾ കുടുംബത്തിന്റെ ഗുണത്തിനായി സമ്പാദിച്ചതാണെന്നുള്ള ഊഹവും ഇല്ല.

൨൫. ഒരാളെ മനഃപൂർവ്വമായോ യദൃച്ഛയാലോ ഉപേക്ഷയാലോ പിശകിനാലോ വധിച്ചിട്ടുള്ളയാൾക്കു അയാളുടെ സ്വത്തിന്റെ ഓഹരി കിട്ടുന്നതല്ല. മഹമ്മദീയനല്ലാത്തയാൾക്കും മരിച്ച ഒരു മഹമ്മദീയന്റെ സ്വത്തിനു അവകാശമില്ല.

൨൬. ഒരു മഹമ്മദീയകുടുംബത്തിലെ അംഗങ്ങൾ ഒന്നിച്ചു താമസിക്കുന്നു എന്നോ കൂട്ടായി വസ്തുക്കളനുഭവിക്കുന്നു എന്നോ ഉള്ള കാരണത്താൽ അവർ നിയമദൃഷ്ട്യാ ഒരു കൂട്ടുകുടുംബക്കാരായിത്തീരുന്നില്ല. ഹിന്ദുനിയമത്തിൽ അംഗീകരിച്ചിരിക്കുന്നതുപോലെയുള്ള കൂട്ടുകുടുംബങ്ങളെ മഹമ്മദീയനിയമം അംഗീകരിക്കുന്നില്ല. അതുകൊണ്ടാകുന്നു മരിച്ചുപോയ ഒരാളുടെ സ്വത്തു വീതിച്ചിട്ടുക്കുന്നതിനു മുമ്പും അവകാശികൾക്കു അതിന്മേൽ ക്ലിപ്തമായ ഓഹരികളനുസരിച്ചു അവകാശമുണ്ടായിരിക്കുന്നതു്. കുടുംബത്തിലെ ചില അംഗങ്ങൾ ജനിപ്പിക്കുന്നതായ യാതൊരു കരണവും അന്യാധീനവും മററു യാതൊരു അംഗത്തിന്റേയും ഓഹരിയെ സംബന്ധിക്കുന്നതല്ല. ചില അംഗങ്ങളെ മാത്രം പ്രതികളാക്കി സമ്പാദിക്കപ്പെടുന്ന വിധികളും മററുള്ളവരുടെ ഓഹരികളെ സംബന്ധിക്കുന്നതല്ല.

(മദ്രാസ്സ് ൪൦-ാം വാല്യം ൨൪൩-ാം വശത്തെ അബ്ദുൽ മജീദിന്റെ കേസ്സ് നോക്കുക.)

——

# ൪-ാം അദ്ധ്യായം.

---

## പിന്തുടൎച്ച—അവകാശക്രമം.

### സാമാന്യവ്യവസ്ഥകൾ.

(ഒരാൾ മരിച്ചാൽ അയാളുടെ സ്വത്തിനു അയാളുടെ ബന്ധുക്കളും മററും മരണശാസനം മുഖാന്തരമല്ലാതെ ചട്ടപ്രകാരം തന്നെ അവകാശികളായിത്തീരുന്നതിനെയാകുന്നു ഈ അദ്ധ്യായത്തിൽ പിൻതുടൎച്ച എന്നു പറയുന്നതു്.)

൯൦. മഹമ്മദീയനിയമം അനുസരിച്ചു പിൻതുടൎച്ചാവകാശികളെ മൂന്നു വിഭാഗങ്ങളായി തിരിക്കാവുന്നതാണു്. അവർ (൧) അംശാവകാശികൾ, (൨) ശിഷ്ടാവകാശികൾ, (൩) ദൂരാവകാശികൾ എന്നിവരാകുന്നു.

൯൧. അംശാവകാശികൾ എന്നുവെച്ചാൽ മരിച്ചയാളുടെ സ്വത്തിന്റെ ഒരു ക്ലിപ്തമായ അംശത്തിനു (ഓഹരിക്കു) അവകാശമുള്ളവരാകുന്നു. ശിഷ്ടാവകാശികൾ എന്നുവെച്ചാൽ അംശാവകാശികളുടെ ഓഹരികൾ എല്ലാം കഴിച്ചു ശിഷ്ടം (ബാക്കി) വല്ലതും ഉണ്ടെങ്കിൽ അതിന്നു അവകാശമുള്ളവരാകുന്നു. ഭൎത്താവും ഭാൎയ്യയും ഒഴിച്ചുള്ള അംശാവകാശികളും, ശിഷ്ടാവകാശികളും ഇല്ലാത്തപക്ഷം സ്വത്തിന് അവകാശികളായിത്തീരുന്ന രക്തസംബന്ധികൾ ദൂരാവകാശികളാകുന്നു.

(അംശാവകാശികളായി ആരുംതന്നെ ഇല്ലാത്തപക്ഷം സ്വത്തു മുഴുവനും ശിഷ്ടാവകാശികൾക്കു കിട്ടുന്നതാണു്. അംശാവകാശികളും ശിഷ്ടാവകാശികളും ഇല്ലെങ്കിൽ മാത്രമേ ദൂരാവകാശികൾക്കു കിട്ടുകയുള്ളു. എന്നാൽ ഈ തത്വത്തിനു ഒരു വ്യത്യസ്തമുണ്ടു്. അതായതു്, അംശാവകാശിയായി മരിച്ചയാളുടെ ഭൎത്താവോ ഭാൎയ്യയോ മാത്രമുണ്ടായിരിക്കുകയും, ശിഷ്ടാവകാശികളായി ആരും ഇല്ലാതിരിക്കുകയും ചെയ്താൽ ഭൎത്താവിന്റെയോ ഭാൎയ്യയുടേയോ ഓഹരി കഴിച്ചുള്ള സ്വത്തു ദൂരാവകാശികൾക്കു ലഭിക്കുന്നതാണു്.)

൯൨. "നേർ അപ്പൂപ്പൻ" എന്നുവച്ചാൽ മരിച്ചയാൾക്കും തനിക്കും തമ്മിലുള്ള സംബന്ധമുറയിൽ മരിച്ച ആളുടേയും തന്റെയും ഇടയ്ക്കു സ്ത്രീ വന്നുചേരാത്ത പൂൎവ്വികനാകുന്നു.

ഉദാ. — മരിച്ച ആളുടെ അച്ഛന്റെ അച്ഛൻ, അച്ഛന്റെ അച്ഛന്റെ അച്ഛൻ, അച്ഛന്റെ അച്ഛന്റെ അച്ഛന്റെ അച്ഛൻ മുതലായവർ നേർ അപ്പൂപ്പന്മാരാകുന്നു. എന്നാൽ അമ്മയുടെ അച്ഛൻ, അമ്മയുടെ അച്ഛന്റെ അച്ഛൻ, അച്ഛന്റെ അമ്മയുടെ അച്ഛൻ മുതലായവർ നേർ അപ്പൂപ്പന്മാരല്ല.

"നേർ അമ്മൂമ്മ" എന്നുവച്ചാൽ മരിച്ചയാൾക്കും തനിക്കും തമ്മിലുള്ള സംബന്ധമുറയിൽ മരിച്ചയാളുടേയും തന്റെയും ഇടയ്ക്കൊരു സ്ത്രീ വന്നാൽ അതിനുശേഷം പുരുഷൻ വന്നുചേരാത്ത പൂർവികയാകുന്നു.

ഉദാ.—അച്ഛന്റെ അമ്മ, അച്ഛന്റെ അമ്മയുടെ അമ്മ, അച്ഛന്റെ അച്ഛന്റെ അമ്മയുടെ അമ്മ, അമ്മയുടെ അമ്മ, അമ്മയുടെ അമ്മയുടെ അമ്മ മുതലായവർ നേർ അമ്മൂമ്മമാരാകുന്നു. (ഈ ദൃഷ്ടാന്തങ്ങളിൽ അമ്മ എന്നു ഒരിക്കൽ വന്നാൽ അതിനുശേഷം അച്ഛൻ എന്നുവരുന്നില്ല). നേരേമറിച്ചു അച്ഛന്റെ അമ്മയുടെ അച്ഛന്റെ അമ്മ, അമ്മയുടെ അച്ഛന്റെ അമ്മ മുതലായവർ നേർ അമ്മൂമ്മമാരല്ല.

"എത്രയോ കീഴോട്ടുള്ള പൌത്രൻ" എന്നുവച്ചാൽ മകന്റെ മകൻ, മകന്റെ മകന്റെ മകൻ, മകന്റെ മകന്റെ മകന്റെ മകൻ മുതലായി എത്രയോ കീഴോട്ടുള്ള പുരുഷസന്തതിയും ഉൾപ്പെട്ടും.

"എത്രയോ കീഴോട്ടുള്ള പൌത്രി" എന്നുവച്ചാൽ മകന്റെമകൾ, മകന്റെ മകന്റെ മകൾ, മകന്റെ മകന്റെ മകന്റെ മകൾ മുതലായി എത്രയോ കീഴോട്ടുള്ള പുരുഷസന്തതിയുടെ മകളും ഉൾപ്പെട്ടും.

## അംശാവകാശികൾ.

൩൩. മരിച്ചയാളുടെ സ്വത്തിൽനിന്നും അയാളുടെ മരണസംബന്ധമായ അടിയന്തിരങ്ങൾക്കും, കടങ്ങൾ തീക്കുന്നതിനും അന്ത്യദാനങ്ങൾ കൊടുക്കുന്നതിനും ഉള്ള ചെലവുകൾ നീക്കി ബാക്കിയുള്ളതാണല്ലൊ പിന്തുടച്ച്വാവകാശികൾക്കു കിട്ടുന്നതു്. അപ്രകാരം ബാക്കിയുള്ള സ്വത്തിൽനിന്നും ഉടമസ്ഥന്റെ മരണകാലത്തു അയാളുടെ അംശാവകാശികളായി ജീവിച്ചിരിപ്പുള്ള ആളുകൾക്കു് കിട്ടേണ്ടതായ ഓഹരികൾ നിശ്ചയിക്കുകയാകുന്നു ആദ്യമായി വേണ്ടതു്. അംശാവകാശികൾ ൧൦ ഇനത്തിൽ പെട്ടവരാകുന്നു. അവർ (൧) അച്ഛൻ, (൨) നേർ അപ്പൂപ്പൻ, (൩) ഭർത്താവു് അല്ലെങ്കിൽ ഭാര്യ, (൪) അമ്മ, (൫) നേർ അമ്മൂമ്മ, (൬) മകൾ, (൭) എത്രയോ കീഴോട്ടുള്ള പൌത്രി,

(൮) അമ്മവഴിക്കു മാത്രമുള്ള സഹോദരനും സഹോദരിയും, (൯) പൂൎണ്ണസഹോദരി, (൧൦) അച്ഛൻവഴിക്കു മാത്രമുള്ള സഹോദരി എന്നിവരാകുന്നു. ഈ പറഞ്ഞ അവകാശികൾ ചില ഘട്ടങ്ങളിൽ അംശാവകാശികളല്ലാതെയും വരാം. അപ്പോൾ അവർ ശിഷ്ടാവകാശികളായി വരുന്നതാണ്. മേൽ പറഞ്ഞവർ ഇന്നയിന്ന ഘട്ടങ്ങളിൽ അംശാവകാശികളായിരിക്കുമെന്നും അവരുടെ ഓഹരികൾ ഇന്നതായിരിക്കുമെന്നും ഇതിനുകീഴിൽ പറഞ്ഞുകൊള്ളുന്നു.

൩൪ (൧) അച്ഛൻ—മകനോ മകളോ എത്രയോ കീഴോട്ടുള്ള പൌത്രനോ പൌത്രിയോ ഉണ്ടെങ്കിൽ മാത്രമേ അച്ഛൻ അംശാവകാശിയായിരിക്കുകയുള്ളു. മകനും മററും ഇല്ലെങ്കിൽ അച്ഛൻ ശിഷ്ടാവകാശിയായിരിക്കുന്നതാണ്. അംശാവകാശിയാകുമ്പോൾ അച്ഛന്റെ ഓഹരി ആറിൽ ഒന്നാകുന്നു.

൩൫ (൨) നേർ അപ്പൂപ്പൻ—അച്ഛൻ അംശാവകാശിയായിരിക്കേണ്ട അവസ്ഥയിൽ (അതായത് മകനോ മകളോ എത്രയോ കീഴോട്ടുള്ള പൌത്രനോ പൌത്രിയോ ഉള്ളപ്പോൾ) അച്ഛൻ ഇല്ലെങ്കിൽ നേർ അപ്പൂപ്പൻ അംശാവകാശിയായിരിക്കും. അച്ഛൻ ശിഷ്ടാവകാശി ആയിരിക്കേണ്ട അവസ്ഥയിൽ അച്ഛൻ ഇല്ലെങ്കിൽ നേർ അപ്പൂപ്പൻ ശിഷ്ടാവകാശിയായിരിക്കും. എന്നാൽ ഒന്നിലധികം നേർ അപ്പൂപ്പന്മാരുള്ളപക്ഷം ഏററവും അടുത്ത നേർ അപ്പൂപ്പനോ അപ്പൂപ്പന്മാരോ മാത്രമേ അംശാവകാശികളോ ശിഷ്ടാവകാശികളോ ആയിരിക്കുകയുള്ളു. നേർ അപ്പൂപ്പന്റെ ഓഹരിയും ആറിൽ ഒന്നുതന്നെ.

൩൬. (൩) ഭർത്താവോ ഭാര്യയോ—ഭർത്താവും ഭാര്യയും എല്ലാ ഘട്ടത്തിലും അംശാവകാശികളായിരിക്കും. മരിച്ചയാൾക്കു മകനോ മകളോ എത്രയോ കീഴോട്ടുള്ള പൌത്രനോ പൌത്രിയോ ഉണ്ടെങ്കിൽ ഭർത്താവിന്റെ ഓഹരി നാലിൽ ഒന്നും ഭാര്യയുടെ ഓഹരി എട്ടിൽ ഒന്നും ആയിരിക്കും. മകനോ മററോ ഇല്ലെങ്കിൽ ഭർത്താവിന്റെ ഓഹരി രണ്ടിൽ ഒന്നും ഭാര്യയുടെ ഓഹരി നാലിൽ ഒന്നും ആയിരിക്കും. മരിച്ചയാൾക്കു ഒന്നിലധികം ഭാര്യമാരുണ്ടെങ്കിൽ എട്ടിൽ ഒന്നിനേയോ നാലിൽ ഒന്നിനേയോ എല്ലാവരും സമമായി വിതിച്ചെടുക്കേണ്ടതാണ്.

൩൭. (൪) അമ്മ—അമ്മ എപ്പോഴും അംശാവകാശിയാണ്. അമ്മയുടെ ഓഹരി സാധാരണയായി ആറിൽ ഒന്നാണ്. എന്നാൽ ചില ഘട്ടങ്ങളിൽ അതു മൂന്നിൽ ഒന്നായി വർദ്ധിക്കുന്നതാണ്. മൂന്നി

ലൊന്നു കിട്ടാതെ ആറിലൊന്നു മാത്രം കിട്ടുന്നതിനു, ഒന്നുകിൽ (എ) മകനോ മകളോ എത്രയും താഴ്ന്ന പൌത്രനോ പൌത്രിയോ ഉണ്ടായിരിക്കണം; അല്ലെങ്കിൽ (ബി) അച്ഛനും രണ്ടിൽ കുറയാത്ത സഹോദരങ്ങളുമുണ്ടായിരിക്കണം. സഹോദരങ്ങൾ അച്ഛൻവഴിയ്ക്കോ അമ്മവഴിയ്ക്കോ രണ്ടു വഴിക്കുംകൂടിയോ ഉള്ളതായിരിക്കാം. ഈ ലക്ഷണം ഒക്കാത്തപക്ഷം അമ്മയുടെ ഓഹരി മൂന്നിലൊന്നായിരിക്കും. എന്നാൽ ഭർത്താവോ ഭാര്യയോ ഉള്ള പക്ഷം അയാളുടെ ഓഹരി നീക്കി ബാക്കിയുള്ള സ്വത്തിന്റെ മൂന്നിൽ ഒരുഭാഗം മാത്രമേ അമ്മയ്ക്കു കിട്ടുകയുള്ളൂ.

൧൨. (ഇ) നേർഅമ്മൂമ്മ—നേർ അമ്മൂമ്മ അച്ഛൻ വഴിയ്ക്കോ അമ്മവഴിയ്ക്കോ ഉള്ളവളായിരിക്കാമല്ലോ. അതായതു, മരിച്ചയാളുടെ അച്ഛന്റെ പൂർവ്വികയോ അമ്മയുടെ പൂർവ്വികയോ ആയിരിക്കാമല്ലോ. ഏതു നേർ അമ്മൂമ്മയും അംശാവകാശിനി ആയിരിക്കണമെങ്കിൽ, മരിച്ചയാളുടെ അമ്മ ഇല്ലാതിരിക്കണം. അച്ഛൻവഴിയ്ക്കുള്ള അമ്മൂമ്മയാണെങ്കിൽ, അച്ഛനും ആ അമ്മൂമ്മയുടേയും മരിച്ചയാളുടേയും ഇടയ്ക്കുള്ള വല്ല നേർ അപ്പൂപ്പനും കൂടി ഇല്ലാതിരിക്കണം. നേർ അമ്മൂമ്മയുടെ ഓഹരി ആറിൽ ഒന്നാകുന്നു. ഒന്നിലധികം നേർ അമ്മൂമ്മമാരുണ്ടെങ്കിൽ, അച്ഛൻവഴിയ്ക്കായാലും ശരി അമ്മവഴിയ്ക്കായാലുംശരി, ഏററവും അടുത്ത നേർഅമ്മൂമ്മ മാത്രമേ അംശാവകാശിനി ആയിരിക്കുകയുള്ളൂ. ഒരേ അടുപ്പമുള്ള ഒന്നിലധികം നേർ അമ്മൂമ്മമാരുണ്ടെങ്കിൽ ആറിൽ ഒരു ഓഹരിയെ അവർ എല്ലാവരും കൂടി സമമായി വീതിച്ചെടുക്കണം.

അച്ഛനും, അച്ഛന്റെ അമ്മയും, അമ്മയുടെ അമ്മയുടെ അമ്മയുടെ അമ്മയും ഉണ്ടെന്നിരിക്കട്ടെ. ഈ രണ്ടു നേർ അമ്മൂമ്മമാരിൽ വച്ചു കൂടുതൽ അടുത്തവർ അച്ഛന്റെ അമ്മയാണല്ലോ. അതിനാൽ അമ്മയുടെ അമ്മയുടെ അമ്മയുടെ അമ്മ അംശാവകാശിനി ആയിരിക്കുകയില്ല. അച്ഛനുള്ളതുകൊണ്ടു് അച്ഛന്റെ അമ്മയും അംശാവകാശിനി ആയിരിക്കുകയില്ല.

൧൩. (ന) മകൾ—മകൻ ഇല്ലെങ്കിൽ മാത്രമേ മകൾ അംശാവകാശിനി ആയിരിക്കുകയുള്ളൂ. മകൻ ഉണ്ടെങ്കിൽ മകനും മകളും കൂടി ശിഷ്ടാവകാശികളായിരിക്കും. മകളുടെ ഓഹരി മൂന്നിൽ ഒന്നാകുന്നു. ഒന്നിലധികം പെൺമക്കളുണ്ടെങ്കിൽ അവർക്കെല്ലാവർക്കുംകൂടി മൂന്നിൽ രണ്ടു ഓഹരി കിട്ടുന്നതാണു്. അതിനെ അവർ സമമായി വീതിച്ചെടുക്കണം.

൨൬. (൧) എത്രയോ കീഴോട്ടുള്ള പൌത്രി—മകനും മകളും ഒരു പൌത്രി അംശാവകാശിനിയായിരിക്കണമെങ്കിൽ മകനും മകളും കൂടുതൽ അടുപ്പമുള്ള പൌത്രനും പൌത്രിയും തുല്യ അടുപ്പമുള്ള പൌത്രനും ഇല്ലാതിരിക്കണം. ഇവരിൽ തുല്യ അടുപ്പമുള്ള പൌത്രൻ മാത്രമുണ്ടായിരുന്നാൽ പൌത്രനും പൌത്രിയുംകൂടി ശിഷ്ടാവകാശികളായിരിക്കുന്നതാണ്. ഒരു പൌത്രിയുടെ ഓഹരി രണ്ടിൽ ഒന്നാകുന്നു. ഒന്നിലധികം പൌത്രിമാരുണ്ടെങ്കിൽ അവൎക്കെല്ലാവൎക്കുംകൂടി മൂന്നിൽ രണ്ടു ഓഹരി കിട്ടുന്നതാണ്. അതിനെ അവർ സമമായി വീതിച്ചെടുക്കണം.

ഒരു മകളോ കൂടുതൽ അടുപ്പമുള്ള ഒരു പൌത്രിയോ മാത്രമേ ഉള്ളുവെങ്കിൽ, മകൻ കൂടുതൽ അടുപ്പമോ തുല്യ അടുപ്പമോ ഉള്ള പൌത്രൻ എന്നിവർ ഇല്ലാതിരിക്കുന്നപക്ഷം അകന്ന പൌത്രിക്കു ആറിൽ ഒരോഹരി കിട്ടുന്നതാണ്. ഒന്നിലധികം പേരാണെങ്കിൽ ആറിൽ ഒന്നിനെ എല്ലാവരും കൂടി വീതിച്ചെടുക്കണം.

൨൭. (൨) അമ്മവഴിക്കു മാത്രമുള്ള സഹോദരനും സഹോദരിയും—ഇവർ അംശാവകാശികളായിരിക്കണമെങ്കിൽ മകനോ മകളോ എത്രയും കീഴോട്ടുള്ള പൌത്രനോ പൌത്രിയോ അച്ഛനോ നേർ അപ്പൂപ്പനോ ഇല്ലാതിരിക്കണം. ഇവരിൽ ഒരാളുടെ ഓഹരി ആറിൽ ഒന്നാകുന്നു. ഒന്നിലധികം പേരുണ്ടെങ്കിൽ മൂന്നിൽ ഒന്നാകുന്നു. അതിനെ എല്ലാവരുംകൂടി സമമായി വീതിച്ചെടുക്കണം. ഇവർ ഒരിക്കലും ശിഷ്ടാവകാശികളായി വരുന്നതല്ല. (മരിച്ചയാളുടെ അമ്മയ്ക്കു വേറെ പിതാവിൽ നിന്നു ജനിച്ചവരെയാണു അമ്മവഴിക്കു മാത്രമുള്ള സഹോദരങ്ങൾ എന്നു പറഞ്ഞിരിക്കുന്നത്.)

൨൮. (൩) പൂൎണ്ണസഹോദരി—ഇവൾ അംശാവകാശി ആകണമെങ്കിൽ മകനും മകളും എത്രയും കീഴോട്ടുള്ള പൌത്രനും പൌത്രിയും പൂൎണ്ണസഹോദരനും ഇല്ലാതിരിക്കണം. പൂൎണ്ണസഹോദരനുണ്ടെങ്കിൽ സഹോദരനും സഹോദരിയും കൂടി ശിഷ്ടാവകാശികളായിരിക്കും. ഒരു സഹോദരിയുടെ ഓഹരി സ്വത്തിന്റെ രണ്ടിൽ ഒരു പങ്ക് (പകുതി) ആകുന്നു. ഒന്നിൽ അധികം സഹോദരിമാരുണ്ടെങ്കിൽ അവർ സ്വത്തിന്റെ മൂന്നിൽ രണ്ടു ഓഹരിയെ സമമായി വീതിച്ചെടുക്കേണ്ടതാകുന്നു. (ഒരേ മാതാവിന്റെയും പിതാവിന്റെയും സന്താനങ്ങളെയാണു അന്യോന്യം പൂൎണ്ണസഹോദരങ്ങൾ എന്നു പറയുന്നത്.)

൨൯. ഒരു പ്രത്യേകപതനത്തിൽ അമ്മവഴിക്കുള്ള സഹോദരങ്ങളുടെ കൂട്ടത്തിൽ പൂൎണ്ണസഹോദരനും അംശാവകാശിയായി വരാവു

ന്നതാണ്. അതു, മരിച്ചുപോയതു സ്ത്രീയായിരിക്കുകയും അവളുടെ അവകാശികളായി ഭർത്താവും മാതാവും രണ്ടിലധികം അമ്മവഴി സഹോദരങ്ങളും ഉണ്ടായിരിക്കുകയും ചെയ്യുമ്പോഴാണ്. അപ്പോൾ അമ്മവഴി സഹോദരങ്ങൾക്കും പൂർണ്ണസഹോദരന്മാർക്കും തുല്യമായ ഓഹരികൾ കിട്ടുന്നതാണ്.

(മേൽപറഞ്ഞ പതനത്തിൽ ഭർത്താവിനു ൧൨-ൽ ൬-ം മാതാവിനു ൨-ം അമ്മവഴി സഹോദരങ്ങൾക്കു ൪-ം ഓഹരികൾ കിട്ടുന്നതിനാൽ ശിഷ്ടാവകാശി എന്നുള്ള നിലയിൽ പൂർണ്ണസഹോദരനു കിട്ടാനായി യാതൊന്നും ശേഷിക്കുന്നില്ല. ഈ അന്യായത്തെ പരിഹരിക്കാനായിട്ടാണ് അമ്മവഴി സഹോദരങ്ങൾക്കുള്ള ൧൨-ൽ ൪ ഓഹരിയെ (൩-ൽ ൧) അവരും പൂർണ്ണസഹോദരന്മാരും കൂടി തുല്യമായിഭാഗിച്ചെടുക്കണമെന്നു വച്ചിട്ടുള്ളതു്. ഇതു ഷാഫിസമ്പ്രദായത്തിലെ നിയമമാകുന്നു. ഹനഫി സമ്പ്രദായപ്രകാരം ഈ പതനത്തിൽ പൂർണ്ണസഹോദരനു യാതൊന്നും കിട്ടുകയില്ല. ഷാഫി നിയമപ്രകാരവും അങ്ങനെ തന്നെയാണെന്നു ചിലക്കു അഭിപ്രായമുണ്ടു്)

൧൨. (൧൦) അച്ഛൻവഴിക്കുമാത്രമുള്ള സഹോദരി—ഇവൾ അംശാവകാശിയാകണമെങ്കിൽ മകൻ, മകൾ, എത്രയോ കീഴോട്ടുള്ള പൌത്രനും പൌത്രിയും, അച്ഛൻ, നേർഅപ്പൂപ്പൻ, പൂർണ്ണസഹോദരൻ, പൂർണ്ണസഹോദരി, അച്ഛൻവഴി സഹോദരൻ എന്നിവരിൽ ആരും ഇല്ലാതിരിക്കണം. അച്ഛൻവഴിക്കു മാത്രമായി ഒരു സഹോദരി മാത്രമേ ഉള്ളുവെങ്കിൽ അവളുടെ ഓഹരിസ്വത്തിൻെറ രണ്ടിൽ ഒരു പങ്കു (പകുതി) ആകുന്നു. ഒന്നിൽ അധികം പേരുണ്ടെങ്കിൽ മൂന്നിൽ രണ്ടു ഓഹരിയെ അവർ എല്ലാവരുംകൂടി തുല്യമായി വീതിച്ചെടുക്കണം.

അച്ഛൻവഴിക്കുള്ള സഹോദരിയോ സഹോദരികളോ മേൽപറഞ്ഞപ്രകാരം അംശാവകാശികളായിരത്തീരുന്നതിനു തടസ്ഥമായി ഒരേ ഒരു പൂർണ്ണസഹോദരിമാത്രമേയുള്ളുവെങ്കിൽ ആ അച്ഛൻവഴി സഹോദരികൾക്കു ആറിൽ ഒരു ഓഹരി കിട്ടുന്നതാണ്.

## ഉദാഹരണങ്ങൾ.

(മേൽപറഞ്ഞ വ്യവസ്ഥകളനുസരിച്ചു് പരേതനായ ഒരാൾക്കു് ഇന്നയിന്ന ബന്ധുക്കളുള്ളപ്പോൾ അവരിൽ ആൎക്കെല്ലാം സ്വത്തിനു അവകാശമുണ്ടായിരിക്കുമെന്നും ഓരോ ആൾക്കും കിട്ടുന്ന ഓഹരി എന്തായിരിക്കുമെന്നും കാണിക്കാനായി ചില ദൃഷ്ടാന്തങ്ങൾ താഴെ കാണിക്കുന്നു. ഓരോ ഉദാഹരണത്തിലും പറഞ്ഞിരിക്കുന്നതു് പരേതൻെറ മര

ഈസമയത്തു അയാളുടെ ബന്ധുക്കളായി ജീവിച്ചിരിപ്പുള്ള ആളുകളും അവൎക്കെതിരായി കാണിച്ചിരിക്കുന്നതു അവൎക്കു് കിട്ടുന്ന ഓഹരിയുടെ സംഖ്യകളുമാകുന്നു.

| | | | |
|---|---|---|---|
| (എ) | അച്ഛൻ | ൬-ൽ ൧ | (മക്കളുള്ളതിനാൽ അംശാവകാശി) |
| | അച്ഛൻെറ അച്ഛൻ | ,, | (അച്ഛനുള്ളതിനാൽ അവകാശിയല്ല) |
| | അമ്മ | ൬-ൽ ൧ | (മക്കളുള്ളതുകൊണ്ടു് ൧/൩ ഇല്ല) |
| | അമ്മയുടെ അമ്മ | ,, | (അമ്മയുള്ളതിനാൽ അവകാശിയല്ല) |
| | രണ്ടു പെൺമക്കൾ | ൩-ൽ ൨ | (രണ്ടുപേൎക്കുംകൂടി) |
| | മകൻെറ മകൾ | ,, | (സ്വന്തം പെൺമക്കളുള്ളതിനാൽ അവകാശി അല്ല) |
| (ബി) | ഭൎത്താവു് | ൨-ൽ ൧ | (മക്കളും മററുമില്ലാത്തതിനാൽ ൧/൪ അല്ല) |
| | അച്ഛൻ | ൨-ൽ ൧ | (ശിഷ്ടാവകാശിയായിട്ടാണു്. മക്കളും മററും ഇല്ലാത്തതിനാൽ അംശാവകാശിയല്ല. അംശാവകാശിയായാൽ ആറിൽ ഒന്നേയുള്ളൂ) |
| (സി) | അമ്മ | ൩-ൽ ൧ | (മക്കളും മററുമില്ലാത്തതിനാൽ ൧/൬ അല്ല) |
| | അച്ഛൻ | ൩-ൽ ൨ | (ശിഷ്ടാവകാശി) |
| (ഡി) | നാലുവിധവകൾ | ൪-ൽ ൧ | (ഓരോരുത്തിക്കും ൧൬-ൽ ൧) |
| | അച്ഛൻ | ൪-ൽ ൩ | (ശിഷ്ടാവകാശി) |
| (ഈ) | അമ്മ | ൬-ൽ ൧ | (൨ സഹോദരന്മാരുള്ളതിനാൽ ൩-ൽ ൧ ഇല്ല) |
| | ൨ സഹോദരിമാർ | ,, | (അച്ഛനുള്ളതിനാൽ അവകാശികളല്ല) |
| | അച്ഛൻ | ൬-ൽ ൫ | (ശിഷ്ടാവകാശി) |

| | | | |
|---|---|---|---|
| (എഫ്) | അമ്മ | ൩-ൽ ൧ | |
| | സഹോദരി | ,, | |
| | അച്ഛൻ | ൩-ൽ ൨ | (ശിഷ്ടാവകാശി) |
| (ജി) | അമ്മ | ൬-ൽ ൧ | (൨ സഹോദരങ്ങളുള്ളതിനാൽ ൩-ൽ ൧ ഇല്ല) |
| | ഒരു സഹോദരൻ | ,, | അച്ഛനുള്ളതിനാൽ അവകാശികളല്ല. |
| | ഒരു സഹോദരി | ,, | |
| | അച്ഛൻ | ൬-ൽ ൫ | (ശിഷ്ടാവകാശി) |
| (എച്ച്) | ഭർത്താവു | ൨-ൽ ൧ | (മക്കളും മററുമില്ലാത്തതിനാൽ ൪-ൽ ൧ അല്ല) |
| | അമ്മ | ൬-ൽ ൧ | (ഭർത്താവും അച്ഛനും ഉള്ളതിനാൽ ഭർത്താവിന്റെ ഓഹരി കഴിച്ചുള്ള പകുതിയുടെ ൩-ൽ ൧) |
| | അച്ഛൻ | ൩-ൽ ൧ | (ശിഷ്ടാവകാശി) |
| (ഐ) | ഭർത്താവ് | ൨-ൽ ൧ | |
| | അമ്മ | ൩-ൽ ൧ | |
| | അച്ഛന്റെ അച്ഛൻ | ൬-ൽ ൧ | (ശിഷ്ടാവകാശി) |
| (ജെ) | വിധവ | ൪-ൽ ൧ | |
| | അമ്മ | ൪-ൽ ൧ | (ഭാര്യയും അച്ഛനുമുള്ളതിനാൽ ഭാര്യയുടെ ഓഹരി കഴിച്ചുള്ള ൪-ൽ ൩-ന്റെ ൩-ൽ ഒന്ന്) |
| | അച്ഛൻ | ൨-ൽ ൧ | (ശിഷ്ടാവകാശി) |
| (കെ) | വിധവ | ൪-ൽ ൧=൧൨-ൽ ൩ | |
| | അമ്മ | ൩-ൽ ൧=൧൨-ൽ ൪ | |
| | അച്ഛന്റെ അച്ഛൻ | ൧൨-ൽ൫=൧൨-൫ | (ശിഷ്ടാവകാശി) |
| (എൽ) | അച്ഛന്റെ അമ്മ | ,, | (അച്ഛൻ വഴിക്കുള്ള നേർ അമ്മുമ്മയാകയാൽ അച്ഛനുള്ളതുകൊണ്ടു അവകാശിയല്ല. |
| | അമ്മയുടെ അമ്മ | ൬-ൽ ൧ | (അമ്മവഴിയ്ക്കുള്ള നേർ അമ്മുമ്മയാകയാൽ അച്ഛനുണ്ടെങ്കിലും അംശാവകാശിനിതന്നെ. |
| | അച്ഛൻ | ൬-ൽ൫ | (ശിഷ്ടാവകാശി) |

(എം) അമ്മാമന്റെ അമ്മ } ൬-ൽ൧ (ഓരോരുത്തിക്കും
അമ്മയുടെ അമ്മ } ൧/൧൨ വീതം)
അമ്മാമന്റെ അമ്മാമൻ ൬-ൽ൫ (ശിഷ്ടാവകാശി)

(എൻ) അമ്മാമന്റെ അമ്മാമന്റെ അമ്മ " (ഇടയ്ക്കുള്ള അച്ഛന്റെ അച്ഛനുള്ളതിനാൽ അവകാശിയല്ല.)
അച്ഛന്റെ അച്ഛൻ മുഴവൻ (ശിഷ്ടാവകാശി)

(ഓ) അച്ഛന്റെ അമ്മയുടെ അമ്മ ൬-ൽ൧ (അച്ഛന്റെ അച്ഛൻ ഇടയ്ക്കുള്ള ആളല്ലല്ലൊ)
അച്ഛന്റെ അച്ഛൻ ൬-ൽ൫ (ശിഷ്ടാവകാശി)

(പി) അച്ഛന്റെ അമ്മ ൬-ൽ൧
അമ്മയുടെ അമ്മയുടെ അമ്മ ,, (അച്ഛന്റെ അമ്മയെക്കാൾ ഒരു തലമുറയ്ക്കുകന്നവളായതുകൊണ്ടു് അവകാശിയല്ല.)
അച്ഛന്റെ അച്ഛൻ ൬-ൽ ൫ (ശിഷ്ടാവകാശി)

(ക്യൂ) അച്ഛന്റെ അമ്മ " (അച്ഛനുള്ളതിനാൽ അവകാശിയല്ല.)
അമ്മയുടെ അമ്മയുടെ അമ്മ ,, (അച്ഛന്റെ അമ്മയുള്ളതിനാൽ അവകാശിയല്ല.)
അച്ഛൻ മുഴവൻ (ശിഷ്ടാവകാശി)

(ആർ) അമ്മാമൻ ൬-ൽ ൧ (പൌത്രിമാരുള്ളതിനാൽ അംശാവകാശി)
അമ്മ ൬-ൽ ൧
മകന്റെ മകൾ വേറെ ഒരുമകന്റെ പെൺമക്കൾ ൨ } ൨-ൽ ൧ (ഓരോരുത്തിയും ഇതിന്റെമൂന്നിൽ ഒരുപംകുവീതം, അതായതു് ൬-ൽ൧ വീതം എടുക്കണം.)

(എസ്സ്) അച്ഛൻ ൬-ൽ ൧
അമ്മ ൬-ൽ ൧
മകൾ ൨-ൽ ൧
മകന്റെപുത്രിമാർ ൨ ൬-ൽ ൧ (മകൾ ഒരുത്തിമാത്രമാകയാൽ ഇവർക്കും ൬-ൽ ൧ കിട്ടുന്നു. ഓരോരുത്തിയും ൧൨-ൽ ൧ എടുക്കണം.)

(ററി) അച്ഛൻ ൬-ൽ ൧
അമ്മ ൬-ൽ ൧
മകന്റെപെൺമക്കൾ ൨ ൩-ൽ ൨ (രണ്ടുപേൎക്കുംകൂടി)
മകന്റെ മകന്റെമകൾ ,, (മകന്റെ മക്കളുള്ളതിനാൽ അവകാശിയല്ല.)

(യൂ) അച്ഛൻ ൬-ൽ ൧
അമ്മ ൬-ൽ ൧
മകന്റെ മകൾ ൩-ൽ ൧
മകന്റെമകന്റെമകൾ ൬-ൽ ൧ (മകന്റെമകൾ ഒരുത്തി മാത്രമാകയാൽ ഇവൾക്കും ൬ ൽ ൧ കിട്ടുന്നു.)

(വി) അമ്മ ൬-ൽ ൧
പൂൎണ്ണസഹോദരിമാർ ൨ ൩-ൽ ൨
അച്ഛൻവഴി സഹോദരി " (പൂൎണ്ണ സഹോദരിയുള്ളതിനാൽഅവകാശിയല്ല)
അമ്മവഴി സഹോദരി } ൬-ൽ ൧
അഥവാ,സഹോദരൻ }

(ഡബ്ളിയൂ) പൂൎണ്ണസഹോദരിമാർ ൨ } ൩-ൽ ൨
അഥവാ അച്ഛൻവഴി ൨ }
അമ്മവഴി സഹോദരിമാർ ൨ } ൩-ൽ ൧
അഥവാ സഹോദരന്മാർ }

(എക്സ്) പൂൎണ്ണസഹോദരി ൨-ൽ ൧
അച്ഛൻവഴിസഹോദരിമാർ ൨ ൬-ൽ ൧ (പൂൎണ്ണസഹോദരി ഒരുത്തി മാത്രമായതിനാൽ ഇവരും അവകാശികൾ)
അമ്മവഴി സഹോദരൻ } ൩-ൽ ൧ (ഓരോആളും ഇതിൽപകുതി വീതമെടുക്കണം)
അമ്മവഴി സഹോദരി }

എല്ലാ അംശാവകാശികളുടേയും ഓഹരികളുടെ ആകത്തുക ഒന്നിൽ കൂടുതലായാൽ,ഓരോ ആളുടേയും ഓഹരി ക്രമമനുസരിച്ചു കുറയ്ക്കേണ്ടതാണ്. (ഇതിനു ഭിന്നസംഖ്യകളെ സമഛേദങ്ങളാക്കണം. എന്നിട്ടു അംശങ്ങളെയെല്ലാം ഒന്നിച്ചു കൂട്ടണം. പിന്നെ ഈ അംശത്തുകയെത്തന്നെ ഛേദമാക്കിയിടണം.)

(എ) ഉദാ : ഭർത്താവ് ൧/൨ = ൩/൬ കുറച്ചാൽ ൩/൭

൨ പൂർണ്ണസഹോദരിമാർ ൨/൩ = ൪/൬ ,, ൪/൭
ആകെ ൬-ൽ ൭ ; ൭-ൽ ൭ = ൧.

൨-ൽ ൧-ം, ൩-ൽ ൨-ം കൂട്ടിയാൽ ആറിൽ ൭ ഭാഗഹരിയാകുന്നു; അതായതു ഒന്നിൽ കൂടുന്നു. അതിനാൽ ൭-നെ ഛേദമായി എടുത്തു ൬-ൽ ഇത്ര എന്നുള്ളതിനു പകരം ൭-ൽ ഇത്രയെന്നാക്കിയിരിക്കുന്നു. അപ്പോൾ ആകത്തുക ൭-ൽ ൭=ഒന്നു എന്നു കിട്ടുന്നു. ഇതുപോലെ താഴെ കാണുന്ന മററുദാഹരണങ്ങളിലും കാണുക.

(ബി) ഭർത്താവ് ൧/൨ = ൩/൬ ,, ൩/൭
പൂർണ്ണസോദരി ൧/൨ = ൩/൬ ,, ൩/൭
അച്ഛൻവഴിസോദരി ൧/൬ = ൧/൬ ,, ൧/൭
൬-ൽ ൭ ; ൭-ൽ ൭=൧

(സി) ൨ പൂർണ്ണസോദരിമാർ ൨/൩ = ൪/൬ കുറച്ചാൽ ൪/൭
൨ അമ്മവഴി സോദരന്മാർ ൧/൩ = ൨/൬ ,, ൨/൭
അമ്മ ൧/൬ = ൧/൬ ,, ൧/൭
൭/൬ ; ൭/൭ = ൧

(ഡി) ഭർത്താവ് ൧/൨ = ൩/൬ കുറച്ചാൽ ൩/൮
൨ പൂർണ്ണസോദരിമാർ ൨/൩ = ൪/൬ ,, ൪/൮
അമ്മ ൧/൬ = ൧/൬ ,, ൧/൮
൮/൬ ; ൮/൮ = ൧

(ഇ) ഭർത്താവ് ൧/൨ = ൩/൬ കുറച്ചാൽ ൩/൯
പൂർണ്ണസോദരി ൧/൨ = ൩/൬ ,, ൩/൯
൨ അമ്മവഴിസഹോദരങ്ങൾ ൧/൩ = ൨/൬ ,, ൨/൯

| | | | |
|---|---|---|---|
| | അമ്മ | ൧/൬ = (൧/൬)/(൯/൬) | ,, ൧/൯ |
| | | | ൯/൯ = ൧ |
| (എഫ്) | വിധവ | ൧/൪ = ൩/൧൨ | കുറച്ചാൽ ൩/൧൩ |
| | അമ്മ | ൧/൩ = ൪/൧൨ | ,, ൪/൧൩ |
| | പൂർണ്ണസഹോദരി | ൧/൨ = ൬/൧൨ | ,, ൬/൧൩ |
| | | ൧൩/൧൨ | ൧ |
| (ജി) | ഭർത്താവു | ൧/൪ = ൩/൧൨ | കുറച്ചാൽ ൩/൧൫ |
| | അച്ഛൻ | ൧/൬ = ൨/൧൨ | ,, ൨/൧൫ |
| | അമ്മ | ൧/൬ = ൨/൧൨ | ,, ൨/൧൫ |
| | ൨ പുത്രിമാർ | ൨/൩ = ൮/൧൨ | ,, ൮/൧൫ |
| | | ൧൫/൧൨ | ൧൫/൧൫ = ൧ |
| (എച്ച്) | വിധവ | ൧/൮ = ൩/൨൪ | കുറച്ചാൽ ൩/൨൭ |
| | ൨ പെൺമക്കൾ | ൨/൩ = ൧൬/൨൪ | ,, ൧൬/൨൭ |
| | അച്ഛൻ | ൧/൬ = ൪/൨൪ | ,, ൪/൨൭ |
| | അമ്മ | ൧/൬ = ൪/൨൪ | ,, ൪/൨൭ |
| | | ൨൭/൨൪ | ൧ |

൨൫. അംശാവകാശികൾക്കുള്ള ഓഹരികളുടെ ആകത്തുക ഒന്നിൽ കുറവായിരിക്കുകയും, ശിഷ്ടമുള്ളതിനെ എടുക്കുവാൻ ശിഷ്ടാവകാശികൾ ആരുംതന്നെ ഇല്ലാതിരിക്കുകയും ചെയ്താൽ ആ ശിഷ്ടത്തെക്കൂടി അംശാവകാശികളുടെ ഓഹരികളിൽ ക്രമമനുസരിച്ചു കൂട്ടേണ്ടതാണ്. എന്നാൽ ഭർത്താവിനും ഭാര്യയ്ക്കും ഇങ്ങനെ കൂടുതൽകിട്ടുവാൻ അവകാശമില്ല. (ഭർത്താവോ ഭാര്യയോ ഇല്ലാത്ത പക്ഷത്തിൽ) ഓഹരികൾ കൂട്ടുന്നതിനു ഭിന്നസംഖ്യകളെയെല്ലാം സമച്ഛേദങ്ങളാ

ക്കണം. എന്നിട്ടു അംശങ്ങളുടെ ആകത്തുകയെ തന്നെ ഛേദമാക്കിയിടണം.)

(എ) ഉദാ:

| | | | |
|---|---|---|---|
| അമ്മ | ൧/൬ = ൧/൬ | കൂട്ടിയാൽ | ൧/൪ |
| മകന്റെ മകൾ | ൧/൨ = ൩/൬ | ,, | ൩/൪ |
| | ആകെ ൬-ൽ ൪ | | ൪-ൽ ൪=൧ |

൬-ൽ ൧-ം ൨-ൽ ൧-ം] കൂട്ടിയാൽ ൬-ൽ ൪ ഓഹരിയാകുന്നു. അതായതു ഒന്നിൽ കുറയുന്നു. അതിനാൽ ൪-നെ ഛേദമായി എടുത്തു ആറിൽ ഇത്ര എന്നുള്ളതിനുപകരം ൪-ൽ ഇത്ര എന്നാക്കിയിരിക്കുന്നു. അപ്പോൾ ആകത്തുക ൪-ൽ ൪=ഒന്നു എന്നു കിട്ടുന്നു. ഇതുപോലെ മററുദാഹരണങ്ങളിലും.

| | | | | |
|---|---|---|---|---|
| (ബി) | അച്ഛന്റെ അമ്മ, അമ്മയുടെ അമ്മ } | ൧/൬ | കൂട്ടിയാൽ | ൧/൫ (ഓരോരുത്തിയും ൧/൧൦) |
| | ൨ പെൺമക്കൾ | ൪/൬ | ,, | ൪/൫ (ഓരോരുത്തിയും ൨/൫) |
| | | ൫/൬ | | ൧ |
| (സി) | അമ്മ | ൧/൬ | കൂട്ടിയാൽ | ൧/൫ |
| | മകൾ | ൩/൬ | ,, | ൩/൫ |
| | മകന്റെ മകൾ | ൧/൬ | ,, | ൧/൫ |
| | | ൫/൬ | | ൧ |
| (ഡി) | പൂർണ്ണസോദരി | ൩/൬ | കൂട്ടിയാൽ | ൩/൫ |
| | അച്ഛൻവഴിസോദരി | ൧/൬ | ,, | ൧/൫ |
| | അമ്മവഴിസോദരി | ൧/൬ | ,, | ൧/൫ |
| | | ൫/൬ | ,, | ൧ |

(ഭർത്താവു അല്ലെങ്കിൽ ഭാര്യയും വേറെ ഒരു അംശാവകാശിയും മാത്രമുള്ളപ്പോൾ കൂട്ടേണ്ട സമ്പ്രദായം താഴെ കാണിക്കുന്നു.)

(ഇ) ഭർത്താവ് $\frac{൧}{൪}$

മകൾ $\frac{൩}{൪}$ ($\frac{൧}{൨}$ അംശാവകാശിനി എന്ന നിലയിലും ബാക്കി കൂട്ടതലും)

(എഫ്) ഭാര്യ $\frac{൧}{൪}$

പൂർണ്ണസഹോദരി $\frac{൩}{൪}$ ($\frac{൧}{൨}$ അംശാവകാശിനിഎന്നനിലയിൽബാക്കികൂട്ടതൽ)

(ജി) ഭാര്യ $\frac{൧}{൮}$

മകന്റെ മകൾ $\frac{൭}{൮}$ ($\frac{൧}{൨}$ അംശം ബാക്കി കൂട്ടതൽ)

(ഭർത്താവു അല്ലെങ്കിൽ ഭാര്യയും, വേറെ ഒന്നിൽ കൂട്ടതൽ അംശാവകാശികളുമുണ്ടായിരുന്നാൽ കൂട്ടേണ്ട സമ്പ്രദായം താഴെ കാണിക്കുന്നു. അതിനു ഭർത്താവു അല്ലെങ്കിൽ ഭാര്യ ഒഴിച്ചുള്ള അംശാവകാശികളുടെ ഓഹരികളെ കാണിക്കുന്ന ഭിന്നസംഖ്യകളെ സമച്ഛേദങ്ങളാക്കി, അപ്പോൾ കിട്ടുന്ന അംശങ്ങളുടെ ആകത്തുകയെ ഛേദമാക്കിയിടണം. എന്നിട്ടു ഇങ്ങനെ കിട്ടുന്ന ഭിന്നസംഖ്യയെ ഭർത്താവു അല്ലെങ്കിൽ ഭാര്യയുടെ ഓഹരി നീക്കി ബാക്കിയുള്ള ഭിന്നസംഖ്യകൊണ്ടു ഗുണിക്കണം.)

(എച്) ഭാര്യ $\frac{൧}{൮}$ $= \frac{൪}{൩൨}$

അമ്മ $\frac{൧}{൬}$ കൂട്ടിയാൽ $\frac{൧}{൪} \times \frac{൭}{൮}$ $= \frac{൭}{൩൨}$

മകൾ $\frac{൩}{൬}$ ,, $\frac{൩}{൪} \times \frac{൭}{൮}$ $= \frac{൨൧}{൩൨}$

$\frac{൧൯}{൨൪}$ ——— ൧

(ഐ) ഭാര്യ $\frac{൧}{൪}$ $= \frac{൪}{൧൬}$

പൂർണ്ണസോദരി $\frac{൩}{൬}$ കൂട്ടിയാൽ $\frac{൩}{൪} \times \frac{൩}{൪}$ $= \frac{൯}{൧൬}$

അച്ഛൻവഴി സോദരി $\frac{൧}{൬}$ ,, $\frac{൧}{൪} \times \frac{൩}{൪}$ $= \frac{൩}{൧൬}$

$\frac{൧൧}{൧൨}$ ——— ൧

(ജെ) ഭർത്താവ് $\frac{൧}{൨}$ $= \frac{൨}{൪}$

അമ്മവഴി സഹോദരൻ $\frac{൧}{൬}$ കൂട്ടിയാൽ $\frac{൧}{൨} \times \frac{൧}{൨}$ $= \frac{൧}{൪}$

അമ്മവഴി സഹോദരി $\frac{\frac{൧}{൩}}{\frac{൪}{൩}}$ „ $\frac{൧}{൨} \times \frac{൧}{൨} = \frac{\frac{൧}{൪}}{൧}$

൨൯. ശിഷ്ടാവകാശികളില്ലാതിരിക്കുകയും അംശാവകാശിയായി ഒരാൾ മാത്രമുണ്ടായിരിക്കുകയും ചെയ്താൽ സ്വത്തു മുഴുവനും അയാൾക്കു കിട്ടുമെന്നു പ്രത്യക്ഷമാണല്ലോ. എന്നാൽ ഈ അംശാവകാശി ഭർത്താവോ ഭാര്യയോ ആണെങ്കിൽ അയാളുടെ മുറപ്രകാരമുള്ള ഓഹരി കഴിച്ചു കൂടുതൽ ഉള്ളതു അയാൾക്കു കിട്ടുന്നതല്ല. ദൂരാവകാശികളുണ്ടെങ്കിൽ അവൎക്കു കിട്ടുകയുള്ളൂ. ഏതെങ്കിലും അംശാവകാശിയോ ശിഷ്ടാവകാശികളോ ഉള്ളപ്പോൾ ദൂരാവകാശികൾക്കു യാതൊന്നുംകിട്ടുകയില്ലെന്നുള്ള നിയമത്തിനുള്ള വ്യത്യസ്തമാണു് ഇതു്. ദൂരാവകാശികളുമില്ലെങ്കിൽ ഭർത്താവിനോ ഭാര്യക്കോ മുഴുവൻ സ്വത്തും കിട്ടുന്നതാണു്.

ഉദാ: മരിച്ചയാൾക്കു ബന്ധുക്കളായി ഭാര്യയും സഹോദരന്റെ മകളും മാത്രമുണ്ടെന്നിരിക്കട്ടെ. ഇതിൽ ഭാര്യ അംശാവകാശിയും സഹോദരന്റെ മകൾ ദൂരാവകാശിയുമാണു്. എന്നിരുന്നാലും, ഭാര്യയുടെ ൧/൪ കഴിച്ചു ബാക്കിയുള്ള ൩/൪ സഹോദരപുത്രിക്കു കിട്ടുന്നതാണു്.

മരിച്ച സ്ത്രീക്കു ബന്ധുക്കളായി ഭർത്താവും മകളുടെ മകനും മാത്രമുണ്ടെന്നിരിക്കട്ടെ. മകളുടെ മകൻ ദൂരാവകാശിയാണു്. ഭർത്താവിന്റെ ൧/൨ കഴിച്ചു ബാക്കിയുള്ള ൧/൨ മകളുടെ മകനു കിട്ടുന്നതാണു്.

## ശിഷ്ടാവകാശികൾ.

൩൦. അംശാവകാശികളുടെ ഓഹരികൾ കഴിച്ചുള്ള സ്വത്തു ശിഷ്ടാവകാശികളുണ്ടെങ്കിൽ അവൎക്കു കിട്ടുന്നതാണു്. അംശാവകാശികളായി ആരും തന്നെയില്ലെങ്കിൽ മുഴുവൻ സ്വത്തും ശിഷ്ടാവകാശികൾക്കു കിട്ടുന്നതാണു്. ശിഷ്ടാവകാശികൾ മരിച്ചയാളുമായി പുരുഷൻ വഴിക്കുമാത്രം സംബന്ധപ്പെട്ടവരാകുന്നു. അതായതു മരിച്ചയാളും ഒരു ശിഷ്ടാവകാശിയും തമ്മിലുള്ള സംബന്ധമുറയിൽ ഇടയ്ക്കു സ്ത്രീകൾ (അമ്മ, മകൾ, സഹോദരി മുതലായവർ) വരുന്നതല്ല.

൩൧. ശിഷ്ടാവകാശികളെ നാലു കൂട്ടക്കാരായി വിഭജിക്കാവുന്നതാണു്. അതായതു് (൧) മരിച്ചയാളുടെ സന്തതികൾ (൨) മരിച്ചയാളുടെ പൂർവികന്മാർ. (൩) മരിച്ചയാളുടെ അച്ഛന്റെ സന്തതികൾ

(ꠀ) മരിച്ചയാളുടെ അപ്പൂപ്പൻ മുതലായ പൂർവ്വികന്മാരുടെ സന്തതികൾ എന്നിങ്ങനെയാകുന്നു. ഇവരെല്ലാവരും മരിച്ചയാളുമായി ആൺവഴിക്കുമാത്രം സംബന്ധപ്പെട്ടവരായിരിക്കണമെന്നുള്ളതു പ്രത്യേകം ഓർക്കേണ്ടതാകുന്നു.

൧൯. മുമ്പുമുമ്പു പറഞ്ഞിരിക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ട ശിഷ്ടാവകാശികൾ ഇല്ലെങ്കിൽ മാത്രമേ പിമ്പുപിമ്പു പറഞ്ഞിട്ടുള്ള വിഭാഗക്കാർക്കു അവകാശമുള്ളൂ. അതായത് സ്വന്തം സന്തതികൾ ഉള്ളപക്ഷം പൂർവ്വികന്മാർക്കും അവരുടെ സന്തതികൾക്കും അവകാശമില്ല. അച്ഛനുള്ളപക്ഷം അച്ഛന്റെ സന്തതികൾക്കും അപ്പൂപ്പൻ മുതലായവരുടെ സന്തതികൾക്കും അവകാശമില്ല. അച്ഛന്റെ സന്തതികൾ ഉള്ളപക്ഷം അപ്പൂപ്പൻമുതലായവരുടെസന്തതികൾക്കു അവകാശമില്ല.

൨൦. ഒരേ വിഭാഗക്കാരിൽ തന്നെയും, മരിച്ചയാളുമായി കൂടുതൽ അടുപ്പമുള്ള ഒരാളുള്ളപ്പോൾ അതിലും അകന്നയാൾക്കു അവകാശമില്ല, അതായതു്, മകനുള്ളപ്പോൾ മകന്റെ മകനു അവകാശമില്ല. അച്ഛനുള്ളപ്പോൾ അച്ഛന്റെ അച്ഛനു അവകാശമില്ല. സഹോദരനുള്ളപ്പോൾ സഹോദരന്റെ പുത്രനു അവകാശമില്ല. അച്ഛന്റെ സഹോദരന്റെ പുത്രനുള്ളപ്പോൾ അച്ഛന്റെ സഹോദരന്റെ പുത്രന്റെ പുത്രനു അവകാശമില്ല. ഇങ്ങനെ വേറെ ദൃഷ്ടാന്തങ്ങളും ഊഹിക്കാവുന്നതാണു്.

൨൧. മേൽപറഞ്ഞ തത്വത്തിനു ഒരു വ്യത്യസ്തമുണ്ടു്. അതായതു, നേർഅപ്പൂപ്പനും സഹോദരങ്ങളുമുണ്ടായിരുന്നാൽ രണ്ടുകൂട്ടരും ശിഷ്ടാവകാശികളായിരിക്കുമെന്നുള്ളതാണു്.

൨൨. പുത്രന്മാരുള്ളപ്പോൾ പുത്രിമാർകൂടി ശിഷ്ടാവകാശികളായിരിക്കും. എന്നാൽ ഒരു പുത്രിക്കു കിട്ടുന്നതിന്റെ ഇരട്ടി ഓഹരി ഒരു പുത്രനു കിട്ടുന്നതാണു്. പുത്രന്മാരില്ലെങ്കിൽ മാത്രമാണു പുത്രികൾ അംശാവകാശികളായിത്തീരുന്നതു്. പൌത്രന്മാരുടേയും പൌത്രിമാരുടേയും സംഗതിയിലും ഇപ്രകാരംതന്നെ ഊഹിച്ചുകൊള്ളണം.

൨൩. എന്നാൽ പൌത്രിമാർക്കു അംശാവകാശികളാകുന്നതിനു അർഹതയില്ലാത്തപ്പോൾ തുല്യനിലയിലുള്ള പൌത്രന്മാരില്ലെങ്കിലും അകന്ന പൌത്രന്മാരുള്ളപക്ഷം അവരോടൊന്നിച്ചു ആ പൌത്രിമാർ അംശാവകാശികളായിരിക്കുന്നതാണു്. അപ്പോൾ ഒരു പൌത്രന്റേതിൽ പകുതിവീതം അവർക്കു കിട്ടുന്നതുമാണു്.

൩൨. പൂൎണ്ണസഹോദരന്മാരുള്ളപ്പോൾ പൂൎണ്ണ സഹോദരിമാരും ശിഷ്ടാവകാശികളായിരിക്കും. ഒരു സഹോദരനു ഒരു സഹോദരിക്കു കിട്ടുന്നതിന്റെ ഇരട്ടി ഓഹരി കിട്ടുന്നതാണു്. പൂൎണ്ണസഹോദരന്മാരില്ലാതിരിക്കുമ്പോഴും പൂൎണ്ണസഹോദരിമാർ ചിലപ്പോൾ ശിഷ്ടാവകാശികളായിവരാവുന്നതാണു്. അതിനു മരിച്ചയാൾക്കു പുത്രിമാരോ പൌത്രിമാരോ ഒരു മകളും പൌത്രിമാരുംകൂടിയോ ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം സഹോദരിക്കു അംശാവകാശിയായി വരാവുന്നതാണല്ലോ. (൨൮-ാം വകുപ്പു നോക്കുക)

൩൩. പൂൎണ്ണസഹോദരന്മാരോ ശിഷ്ടാവകാശികളായി വരത്തക്ക പൂൎണ്ണസഹോദരിമാരോ ഇല്ലെങ്കിൽ അച്ഛൻവഴിക്കുള്ള സഹോദരന്മാരും സഹോദരിമാരും ശിഷ്ടാവകാശികളായിത്തീരുന്നതാണു്. അപ്പോഴും ഒരു സഹോദരിക്കു കിട്ടുന്നതിന്റെ ഇരട്ടി ഓഹരി ഒരു സഹോദരനു കിട്ടുന്നതാണു്. അച്ഛൻവഴിയ്ക്കുള്ള സഹോദരന്മാരില്ലാതിരിക്കുമ്പോഴും അച്ഛൻവഴിയ്ക്കുള്ള സഹോദരിമാർ ചിലപ്പോൾ ശിഷ്ടാവകാശികളായി വരാവുന്നതാണു്. അതിനു മരിച്ചയാൾക്കു പുത്രിമാരോ പൌത്രിമാരോ പുത്രിയും ഒരു പൌത്രിമാരും കൂടിയോ ഉണ്ടായിരിക്കണം.

൩൪. സഹോദരൻ, സഹോദരന്റെ പുത്രൻ, സഹോദരന്റെ പുത്രന്റെ പുത്രൻ മുതലായവരുടെ വിഷയത്തിൽ തലമുറകളുടെ എണ്ണം തുല്യമായിരിക്കുമ്പോൾ അച്ഛൻവഴിയ്ക്കു മാത്രമുള്ള സഹോദരന്മാരെയും സഹോദരസന്താനങ്ങളെയും അപേക്ഷിച്ചു പൂൎണ്ണസഹോദരന്മാൎക്കും അവരുടെ സന്താനങ്ങൾക്കും പ്രാധാന്യം കൂടുന്നതാണു്. ഉദാഹരണമായി പൂൎണ്ണസഹോദരന്റെ പുത്രനുള്ളപ്പോൾ അച്ഛൻവഴിസഹോദരന്റെ പുത്രൻ ശിഷ്ടാവകാശിയായിരിക്കയില്ല. എന്നാൽ പൂൎണ്ണസഹോദരന്റെ പുത്രന്റെ പുത്രൻ അച്ഛൻവഴിയ്ക്കുള്ള സഹോദരന്റെ പുത്രനുള്ളപ്പോൾ ശിഷ്ടാവകാശിയായിരിക്കുന്നതല്ല. എന്തെന്നാൽ ഈ സംഗതിയിൽ തലമുറകളുടെ എണ്ണം തുല്യമല്ലല്ലോ.

൩൫. ഈ തത്വങ്ങളനുസരിച്ചു നോക്കുമ്പോൾ കിട്ടുന്ന ശിഷ്ടാവകാശികളുടെ ഒരു പട്ടിക താഴെ ചേൎക്കുന്നു. മുമ്പുമുമ്പു പറഞ്ഞിരിക്കുന്ന ആളുകളുള്ളപ്പോൾ പിമ്പുപിമ്പു പറഞ്ഞിരിക്കുന്ന ആളുകൾക്കു അവകാശം കിട്ടുകയില്ല. (ശിഷ്ടാവകാശികളുടെ കൂട്ടത്തിൽ അമ്മവഴി സഹോദരങ്ങളും അവരുടെ സന്താനങ്ങളും വരികയില്ല. അവർ അച്ഛൻവഴിക്കു സംബന്ധപ്പെട്ടവരല്ലല്ലോ.)

(൧) ആണ്മക്കൾ. ആൺമക്കളുണ്ടെങ്കിൽ പെൺമക്കളും ശിഷ്ടാവകാശികളാകും. മകന്റെ ഓഹരിയിൽ പകുതി മകൾക്കു കിട്ടും.

(൨) പൌത്രന്മാർ.

(൩) അച്ഛൻ.

(൪) നേർ അപ്പൂപ്പൻ (ഏററവും അടുത്തയാൾമാത്രം)

(൫) പൂർണ്ണസഹോദരന്മാർ (സഹോദരിമാക്കു പകുതി)

( ) പൂർണ്ണസഹോദരിമാർ (പൂർണ്ണസഹോദരന്മാരില്ലെങ്കിൽ ചിലപ്പോൾ മാത്രം. ൨൫-ാം വകുപ്പുനോക്കുക.

(൬) അച്ഛൻവഴിസഹോദരന്മാർ (സഹോദരിമാക്കു പകുതി)

(൭) അച്ഛൻവഴി സഹോദരിമാർ.

(൮) പൂർണ്ണസഹോദരന്റെ പുത്രൻ.

(൧൦) അച്ഛൻവഴി സഹോദരന്റെ പുത്രൻ.

(൧൧) പൂർണ്ണസഹോദരന്റെ പുത്രന്റെ പുത്രൻ.

(൧൨) അച്ഛൻവഴി സഹോദരന്റെ പുത്രന്റെ പുത്രൻ.

[ഇതിനുശേഷം ൧൧-ാം ൧൨-ാം നമ്പരുകാരുടെ എത്രയും കീഴോട്ടുള്ള ആൺവഴി സന്താനങ്ങൾ വരുന്നതാണ്.]

(൧൩) അച്ഛന്റെ പൂർണ്ണസഹോദരൻ.

(൧൪) അച്ഛന്റെ അച്ഛൻവഴി സഹോദരൻ.

(൧൫) അച്ഛന്റെ പൂർണ്ണസഹോദരന്റെ പുത്രൻ.

(൧൬) അച്ഛന്റെ അച്ഛൻവഴിസഹോദരന്റെ പുത്രൻ.

[ഇതിനുശേഷം ൧൫-ാം ൧൬-ാം നമ്പരുകാരുടെ എത്രയും കീഴോട്ടുള്ള ആൺവഴിസന്താനങ്ങൾ വരുന്നതാണ്.]

[ഇതേക്രമത്തിൽ അച്ഛന്റെ അച്ഛന്റെ അച്ഛൻ മുതലായ അകന്ന നേർഅപ്പൂപ്പന്മാരുടെ സന്താനങ്ങളെയും ചേർക്കാം]

ഉപ. ഇന്നയിന്ന ബന്ധുക്കളുള്ളപ്പോൾ അവർക്കെല്ലാം എന്തു ഓഹരി കിട്ടുമെന്നുള്ളതിനു ദൃഷ്ടാന്തങ്ങൾ താഴെ കാണിക്കുന്നു.

(എ) മകൻ ൨/൩ }
മകൾ ൧/൩ } ശിഷ്ടാവകാശം.

(മകനില്ലെങ്കിൽ മകൾക്ക അംശാവകാശമായി ൧/൨ കിട്ടുമായിരുന്നു.)

(ബി) ൨ പുത്രന്മാർ ൪/൭ (൨/൭ വീതം)
൩ പുത്രിമാർ ൩/൭ (൧/൭ വീതം)

(സി) വിധവ ൧/൮ (അംശാവകാശം)
മകൻ ൨/൩ × ൭/൮ = ൭/൧൨ }
മകൾ ൧/൩ × ൭/൮ = ൭/൨൪ } ശിഷ്ടാവകാശം.

(വിധവയുടെ ഓഹരി കഴിച്ചുള്ള ൭/൮ നെ മകനും മകൾക്കുമായി വീതിച്ചിരിക്കുന്നു:

(ഡി) ഭർത്താവു ൧/൪ (അംശം)
അമ്മ ൧/൬ (അംശം)
മകൻ ൨/൩ × ൭/൧൨ = ൭/൧൮ (ശിഷ്ടം)
മകൾ ൧/൩ × ൭/൧൨ = ൭/൩൬ (ശിഷ്ടം)

(ഭർത്താവിൻെറ ൧/൪-ം അമ്മയുടെ ൧/൬-ംകൂടി ൧൨-ൽ ൫ കഴിച്ചുള്ള ൧൨-ൽ ൭-നെ മകനും മകൾക്കും കൂടി വീതിച്ചിരിക്കുന്നു)

(ഇ) മകൻെറ മകൻ ൨/൩ }
മകൻെറ മകൾ ൧/൩ } ശിഷ്ടം.

(മകൻെറ മകനുള്ളതുകൊണ്ടു് മകൻെറ മകൾക്ക അംശാവകാശമായി ൧/൨ കിട്ടുന്നില്ല)

(എഫ്) ൨ പുത്രിമാർ ൨/൩ അംശം)

മകൻെറ മകൻ ൧/൩ (ശിഷ്ടം)
മകൻെറ മകൻെറ മകൻ ,,
മകൻെറ മകൻെറ മകൾ ,,

(മകൻെറ മകനുള്ളതുകൊണ്ടു മകൻെറ മകൻെറ മകനു അവകാശമില്ല. പുത്രിമാരും മകൻെറ മകനും ഉള്ളതുകൊണ്ടു് മകൻെറ മകൻെറ മകൾക്കു അവകാശമില്ല)

(ജി) ൨ പുത്രിമാർ ൨/൩ (അംശം)

മകൻെറ മകൻ ൨/൩ × ൧/൩ = ൨/൯
മകൻെറ മകൾ ൧/൩ × ൧/൩ = ൧/൯ (ശിഷ്ടം)

(എച്ച്) മകൾ ൧/൨ (അംശം)

മകൻെറ മകൻ ൨/൩ × ൧/൨ = ൧/൩
മകൻെറ മകൾ ൧/൩ × ൧/൨ = ൧/൬ (ശിഷ്ടം)

(ഒരു മകൾ മാത്രമായതുകൊണ്ടു്, മകൻെറ മകൻ ഇല്ലായിരുന്നുവെങ്കിൽ മകൻെറ മകൾ അംശാവകാശിയാകുമായിരുന്നു മകൻെറ മകനുള്ളതുകൊണ്ടു് മകൻെറ മകളും ശിഷ്ടാവകാശിയായി.)

(ഐ) മകൻെറ മകൾ ൧/൨ (അംശം)

മകൻെറ മകൻെറ മകൻ ൧/൨ (ശിഷ്ടം)

(മകൻെറ മകൾക്കു അംശാവകാശിയാകാൻ അർഹതയുള്ളതുകൊണ്ടു് അവൾ മകൻെറ മകൻെറ മകനു മൊത്തമിച്ചു ശിഷ്ടാവകാശിയാകുന്നില്ല)

(ജെ) മകൾ ൧/൨ (അംശം)

മകൻെറ മകൾ ൧/൬ (അംശം)

മകൻെറ മകൻെറ മകൻ ൨/൩ × ൧/൩ = ൨/൯
മകൻെറ മകൻെറ മകൾ ൧/൩ × ൧/൩ = ൧/൯ (ശിഷ്ടം)

ഒരു മകൾ മാത്രമായതുകൊണ്ടു് മകന്റെ മകൾക്കും ൧൨-ാം വകുപ്പിൻപ്രകാരം അംശാവകാശി എന്നനിലയിൽ ൧/൩ കിട്ടുന്നു. അതിനാൽമകന്റെ മകന്റെ മകനുമൊരുമിച്ചു ശിഷ്ടാവകാശിയായിത്തീരുന്നതുമില്ല.)

(കെ) ൨ പുത്രിമാർ ൨/൩ (അംശം)

മകന്റെ മകൾ ൧/൩ × ൧/൩ = ൧/൯ (ശിഷ്ടം)

മകന്റെ മകന്റെ മകൻ ൨/൩ × ൧/൩ = ൨/൯ (ശിഷ്ടം)

(പുത്രിമാർ രണ്ടുപേരുള്ളതുകൊണ്ടു് മകന്റെ മകൾ അംശാവകാശിയാകുന്നില്ല. അതിനാൽ മകന്റെ മകന്റെ മകനുമൊരുമിച്ചു ശിഷ്ടാവകാശിയായിരിക്കുന്നു.)

(എൽ) ൨ പുത്രിമാർ ൨/൩ (അംശം)

മകന്റെ മകന്റെ മകൻ ൨/൪ × ൧/൩ = ൨/൧൨ (ശിഷ്ടം)

മകന്റെ മകൾ ൧/൪ × ൧/൩ = ൧/൧൨ (ശിഷ്ടം)

മകന്റെ മകന്റെ മകൾ ൧/൪ × ൧/൩ = ൧/൧൨ (ശിഷ്ടം)

(മുൻ ഉദാഹരണംപോലെതന്നെ. എന്നാൽ മകന്റെ മകന്റെ മകനോടുകൂടി, കൂടുതൽ അടുപ്പമുള്ള മകന്റെ മകൾ മാത്രമല്ല, തുല്യ അടുപ്പമുള്ള മകന്റെ മകന്റെ മകളുംകൂടി ശിഷ്ടാവകാശിയായിത്തീരുന്നു എന്നു മാത്രം ഭേദം)

(എം) അച്ഛൻ ൧/൬ (അംശം)

മകൻ ൫/൬ (ശിഷ്ടം)

(എൻ) അമ്മ ൧/൬ (അംശം)

അച്ഛൻ ൫/൬ (ശിഷ്ടം)

(മരിച്ചയാൾക്കു മകനോ മകളോ എത്രയെങ്കിലും കീഴോട്ടുള്ള പൌത്രനോ പൌത്രിയോ ഇല്ലാത്തതുകൊണ്ടു് അച്ഛൻ അംശാവകാശിയാകാതെ ശിഷ്ടാവകാശിയായിരിക്കുന്നു.)

(ഓ) മകൾ ൧/൨ (അംശം)

അച്ഛൻ $\frac{൧}{൬}$ (അംശം) + $\frac{൧}{൩}$ ശിഷ്ടം = $\frac{൧}{൨}$

ഈ ഉദാഹരണത്തിൽ അച്ഛനു അംശാവകാശി, ശിഷ്ടാവകാശി എന്നീ രണ്ടു നിലയിലും ഓഹരി കിട്ടുന്നു. മകളുള്ളതുകൊണ്ടു അംശാവകാശി. മകനോ എത്രയെങ്കിലും കീഴോട്ടുള്ള പൌത്രനോ ഇല്ലാത്തതുകൊണ്ടു ശിഷ്ടാവകാശി. ഇങ്ങനെ രണ്ടുനിലയിലുംകൂടി വരുന്നതു മകളോ പൌത്രിയോ ഉണ്ടായിരിക്കുകയും മകനോ പൌത്രനോ ഇല്ലാതിരിക്കുകയും ചെയ്യുന്ന പതനത്തിൽ മാത്രമാകുന്നു. മകനോ പൌത്രനോ ഉണ്ടെങ്കിൽ അംശാവകാശം മാത്രമുണ്ടായിരിക്കും. മകനും മകളും പൌത്രനും പുത്രിയും ഇല്ലെങ്കിൽ ശിഷ്ടാവകാശം മാത്രം. അച്ഛൻ ഇല്ലെങ്കിൽ എത്രയെങ്കിലും മേലോട്ടുള്ള നേർ അപ്പൂപ്പനു ഇതേനിലകൾ വന്നുചേരും. അച്ഛൻ, നേർഅപ്പൂപ്പൻ എന്നിവക്കു മാത്രമേ ഒരേ സമയത്തു രണ്ടുനിലകളും വന്നുചേരുകയുമുള്ളു.

(പി) മകൾ (അഥവാ പൌത്രി) $\frac{൧}{൨}$ (അംശം)

പൂൎണ്ണസഹോദരി $\frac{൧}{൨}$ (ശിഷ്ടം)

(മകളുള്ളതുകൊണ്ടു് പൂൎണ്ണസഹോദരി അംശാവകാശിയല്ല. (എന്നാൽ അതേ കാരണത്താൽ പൂൎണ്ണസഹോദരനില്ലെങ്കിലും, അവൾ ശിഷ്ടാവകാശിയായിരിക്കുന്നു.)

(ക്യൂ) മകൾ $\frac{൧}{൨}$ (അംശം)

മകന്റെ മകൾ $\frac{൧}{൬}$ (അംശം)

പൂൎണ്ണസഹോദരി $\frac{൧}{൩}$ (ശിഷ്ടം)

അച്ഛന്റെ അച്ഛന്റെസഹോദരപുത്രൻ ൦

(ആർ) മകൾ $\frac{൧}{൨} = \frac{൬}{൧൨}$ കുറച്ചാൽ $\frac{൬}{൧൩}$ (അംശം)

മകന്റെമകൾ $\frac{൧}{൬} = \frac{൨}{൧൨}$ ടി $\frac{൨}{൧൩}$ (അംശം)

ഭൎത്താവു് $\frac{൧}{൪} = \frac{൩}{൧൨}$ ടി $\frac{൩}{൧൩}$ (അംശം

അമ്മ $\frac{൧}{൬} = \frac{൨}{൧൨}$ ടി $\frac{൨}{൧൩}$ (അംശം)

പൂൎണ്ണസോദരി ൦

(ഈ ദൃഷ്ടാന്തത്തിൽ സഹോദരിക്കു ശിഷ്ടാവകാശിയാകാൻ അവകാശമുണ്ടെങ്കിലും അംശാവകാശികളുടെ ഓഹരികൾതന്നെ ഒന്നിൽ കവിയുന്നതിനാൽ അവൾക്കു ഒന്നും കിട്ടുന്നില്ല.)

(എസ്സ്) പൂൎണ്ണസഹോദരി ൧/൨ (അംശം)

അച്ഛൻവഴിസഹോദരി ൧/൬ (അംശം)

അമ്മ ൧/൬ (അംശം)

സഹോദരപുത്രൻ ൧/൬ (ശിഷ്ടം)

(ഒരു പൂൎണ്ണസഹോദരി മാത്രമായതുകൊണ്ടു അച്ഛൻവഴിസഹോദരിക്കും ൧/൬ കിട്ടുന്നു)

(ടി) വിധവ ൧/൪ (അംശം)

അമ്മ ൧/൩ (അംശം)

അച്ഛന്റെ സഹോദരന്നു ൫/൧൨ (ശിഷ്ടം)

(യൂ) വിധവ ൧/൮

൧൦ പുത്രന്മാർ ൭/൧൦൦ വീതം

൫ പുത്രിമാർ ൭/൨൦൦ വീതം തി ലാ ജ വ്യ-ാംവാല്യം വന്ന-ാം വശം

## ദൂരാവകാശികൾ.

൫൯. അംശാവകാശികളും ശിഷ്ടാവകാശികളും ഇല്ലെങ്കിൽ സ്വത്തു ദൂരാവകാശികൾക്കു കിട്ടുന്നതാണ്. ഷാഫിസമ്പ്രദായപ്രകാരമുള്ള ദൂരാവകാശികൾ താഴെ പറയുന്നവരാകുന്നു. അവരിൽ മുമ്പു മുമ്പു പറയുന്ന ആളുകളുള്ളപ്പോൾ സ്വത്തു പിമ്പു പിമ്പുള്ളവൎക്കു കിട്ടുന്നതല്ല. (൧) നേർ അല്ലാത്ത അപ്പൂപ്പന്മാരും അമ്മൂമ്മമാരും; (൨) പെൺമക്കളുടെ സന്താനങ്ങൾ; (൩) സഹോദരന്മാരുടെ പെൺമക്കൾ; (൪) സഹോദരിമാരുടെ മക്കൾ; (൫) അമ്മവഴിക്കുള്ള സഹോദരന്മാരുടെ ആൺമക്കൾ; (൬) അച്ഛന്റെ അമ്മവഴിക്കുള്ള സഹോദരന്മാർ (പേരപ്പന്മാരും ചിററപ്പന്മാരും;) (൭) അച്ഛന്റെ സഹോദരന്മാരുടെ പെൺമക്കൾ; (൮) അച്ഛന്റെ സഹോദരിമാർ; (൯) അമ്മയുടെ സഹോദരന്മാരും സഹോദരിമാരും; (൧൦) മേൽപറഞ്ഞിട്ടുള്ളവരുടെ ബന്ധുക്കൾ.

(ദൂരാവകാശികളെ സംബന്ധിച്ചു ഷാഫി നിയമവും ഹനഫി നിയമവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതിൽ ഏററവും പ്രധാ

നമായിട്ടുള്ളതു ഹനഫികളുടെ ഇടയിൽ ഒരാളുടെ സന്തതിപരമ്പരയുള്ളപ്പോൾ സ്വത്തു പൂർവ്വികന്മാൎക്കു കിട്ടുകയില്ലെന്നുള്ളതാണു്.)

൩൦. അംശാവകാശികളും ശിഷ്ടാവകാശികളും ദൂരാവകാശികളും ഇല്ലെങ്കിൽ മരിച്ചയാളുടെ സ്വത്തു സൎക്കാരിലേക്കു അടങ്ങുന്നതാണു്.

(ഹനഫി സമ്പ്രദായപ്രകാരം ബന്ധുക്കളില്ലെങ്കിൽ കരാർ അനുസരിച്ചുള്ള അവകാശിക്കോ, അങ്ങനെയും ഒരാളില്ലെങ്കിൽ അംഗീകൃതനായ ബന്ധുവിനോ സ്വത്തു കിട്ടുന്നതാണു്. എന്നാൽ ഷാഫി സമ്പ്രദായത്തിൽ ഈ തത്വം അംഗീകരിച്ചിട്ടില്ല. ബന്ധുക്കളാരും ഇല്ലെങ്കിൽ മരണശാസനപ്രകാരം മുഴുവൻ സ്വത്തും ഒരാൾക്കു കൊടുത്താലും സാധുവായിരിക്കും എന്നുള്ള ഹനഫിസമ്പ്രദായത്തിലെ വ്യവസ്ഥയും ഷാഫിസമ്പ്രദായത്തിൽ ഇല്ല. നേരെമറിച്ചു മരണശാസനപ്രകാരമുള്ള അവകാശിക്കു സ്വത്തിന്റെ മൂന്നിൽ ഒന്നുമാത്രവും, സൎക്കാരിനു ശിഷ്ടമുള്ള മൂന്നിൽ രണ്ടു ഓഹരിയും കിട്ടുന്നതാണു്.

## ൫-ാം അദ്ധ്യായം.

### ഒസ്യത്തു് (മരണശാസനം) (വിൽ.)

(ഒരാളുടെ മരണശേഷം അയാളുടെ സ്വത്തിനെ ഏതുപ്രകാരത്തിൽ വിനിയോഗിക്കണമെന്നുള്ളതിനെ സംബന്ധിച്ചു അയാൾക്കുള്ള ആഗ്രഹത്തെ പ്രസ്താവിക്കുന്നതിനെ അയാളുടെ മരണശാസനം എന്നു പറയുന്നു. ഇതിനെ ഇംഗ്ലീഷിൽ "വിൽ" എന്നും അറബിൽ ഒസ്യത്തു് എന്നും പേരാകുന്നു. മരണശാസനം എഴുതുന്നയാളെ "ശാസകൻ" എന്നും മരണശാസനം മൂലം ആൎക്കെങ്കിലും കൊടുക്കുന്നതായ സ്വത്തിനെ "അന്ത്യദാനം" എന്നും പറയാം. മരണശാസനത്തിലെ നിബന്ധനകളനുസരിച്ചു വസ്തുക്കൾ വസൂലാക്കുന്നതിനും വീതിച്ചു കൊടുക്കുന്നതിനുമായി അതിൽ നിൎദ്ദേശിച്ചിട്ടുള്ളയാളെ ഇംഗ്ലീഷിൽ "എക്സിക്യൂട്ടർ" എന്നും അറബിൽ "വാസി" എന്നും പറയുന്നു. ശാസകന്റെ ജീവിതകാലത്തു അയാൾക്കു ഇഷ്ടമുള്ളപ്പോൾ എപ്പോഴെങ്കിലും മരണശാസനം പിൻവലിക്കുകയോ, റദ്ദുചെയ്യുകയോ, ഭേദപ്പെടുത്തുകയോ, മാറിയെഴുതുകയോ ചെയ്യാവുന്നതാണു്. ശാസകന്റെ മരണകാലത്തു ഊൎജ്ജിതത്തിലുള്ള മരണശാസനത്തിലെ വ്യവസ്ഥകള

നുസരിച്ചാണു അയാളുടെ സ്വത്തിനെ വിനിയോഗിക്കേണ്ടതു്. ഒരാളുടെ ജീവിതകാലത്തു തന്നെ നടപ്പിൽവരുന്ന പ്രമാണമാണെങ്കിൽ അതു മരണശാസനമല്ലെന്നും ദാനപത്രമോ മറ്റോ ആണെന്നും മനസ്സിലാക്കേണ്ടതാകുന്നു. മരണശാസനത്തിനു മുദ്രവില തീർക്കേണ്ടതായ ആവശ്യമില്ലെന്നും ദാനപത്രത്തിനു അതു് ആവശ്യമാണെന്നും ഓർക്കേണ്ടതാകുന്നു.)

൩൫. മേജരും സ്വസ്ഥബുദ്ധിയുള്ളവനുമായ യാതൊരു മഹമ്മദീയനും തന്റെ സ്വത്തിനെ സംബന്ധിച്ചു മരണശാസനം എഴുതാവുന്നതാണു്.

(ശുദ്ധമഹമ്മദീയനിയമപ്രകാരം പ്രായപൂർത്തിക്കുള്ള വയസ്സ് പതിനഞ്ചാകുന്നു. എന്നാൽ ബ്രിട്ടീഷ്ഇൻഡ്യയിലെ മെജാറിററി ആക്ടും തിരുവിതാംകൂറിലെ മെജാറിററി റെഗുലേഷനും അനുസരിച്ചു വിവാഹം, വിവാഹമോചനം, മഹർ, ദത്ത് എന്നീ സംഗതികളിലൊഴികെ എല്ലാ മതക്കാർക്കും മെജറാററിക്കുള്ള വയസ്സ് ൧൮ ആണെന്നു ക്ലിപ്തപ്പെടുത്തിട്ടുണ്ടു്. അതിനാൽ ഒരു മഹമ്മദീയൻ മേജരാകുന്നതു വിവാഹം, വിവാഹമോചനം മഹർ എന്നീ കാര്യങ്ങളെസംബന്ധിച്ചു ൧൫ വയസ്സു പൂർത്തിയാകുമ്പോഴും, മരണശാസനം, ഇഷ്ടദാനം, ധർമ്മസ്വത്തു മുതലായ മററു കാര്യങ്ങളെസംബന്ധിച്ചു ൧൮ വയസ്സു പൂർത്തിയാകുമ്പോഴും ആകുന്നു. ദത്തിനെ മഹമ്മദീയനിയമത്തിൽ അംഗീകരിച്ചിട്ടില്ല.

ചെകിടനോ, ഊമയോ, കുരുടനോ ആണെന്നുള്ള കാരണത്താൽ ഒരാൾ മരണശാസനമെഴുതാൻ അയോഗ്യനായി ഭവിക്കുന്നതല്ല. എന്നാൽ താൻ ചെയ്യുന്ന പ്രവൃത്തി ഇന്നതാണെന്നും അതിന്റെ ഭവിഷ്യത്ത് എന്താണെന്നും മനസ്സിലാകാനുള്ള സ്വബോധം അയാൾക്കുണ്ടായിരിക്കണം. സാധാരണയായി ബുദ്ധിക്കു സ്വസ്ഥതയില്ലാത്ത ഒരാൾക്കു ചിലയവസരങ്ങളിൽ സ്വസ്ഥതയുണ്ടെങ്കിൽ ആയവസരങ്ങളിൽ മരണശാസനമെഴുതാം. നേരേമറിച്ചു ഒരാൾ സാധാരണയായി സ്വസ്ഥബുദ്ധിയായിരുന്നാലും മദ്യപാനം രോഗം മുതലായ താൽകാലികകാരണങ്ങളാൽ താൻ ചെയ്യുന്ന പ്രവൃത്തി ഇന്നതാണെന്നു മനസ്സിലാക്കാനുള്ള സ്വബോധം നശിച്ചിട്ടുള്ള അവസരങ്ങളിൽ മരണശാസനം എഴുതാൻ പാടില്ല.)

൩൬. മരണശാസനം വാക്കുമൂലമോ രേഖാമൂലമോ ആയിരിക്കാവുന്നതാണു്.

(ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളതു ശുദ്ധമഹമ്മദീയനിയമത്തിലെ വ്യവസ്ഥയാകുന്നു. രേഖാമൂലമായ മരണശാസനമാണെങ്കിലും അതു

രജിസ്റ്റർചെയ്യണമെന്നു നിർബന്ധമില്ല. അലഹബാദ് ൨൭-ാം വാല്യം ൯൭-ാംവശത്തു റിപ്പോർട്ടുചെയ്തിരിക്കുന്ന കേസ്സിൽ ഒരാൾ തന്റെ മരണത്തിനു സ്വല്പം മുമ്പു എഴുതിയ ഒരെഴുത്തിൽ തന്റെ സ്വത്തുക്കളുടെ അനന്തരവിനിയോഗത്തെപ്പററി വിവരിച്ചിട്ടുള്ളതിനെ ഒരു മരണശാസനമായി ഗണിക്കണമെന്നു പ്രിവികൌൺസിൽ തീരുമാനിച്ചു.

തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന വിൽസ് റെഗുലേഷൻ എല്ലാ മതക്കാരെയും ഒരുപോലെ സംബന്ധിക്കുന്നതും അതിൽ രേഖാമൂലമായിട്ടല്ലാതെ മരണശാസനം എഴുതാൻ പാടില്ലെന്നു വ്യവസ്ഥപ്പെടുത്തീട്ടുള്ളതുമാകുന്നു. അതിനാൽ തിരുവിതാംകൂറിൽ മഹമ്മദീയർ എഴുതുന്ന മരണശാസനങ്ങളും രേഖാമൂലമായിട്ടുതന്നെ വേണ്ടതാണ്. വാക്കുമൂലമായ മരണശാസനത്തെ അംഗീകരിക്കുന്നതല്ല.

൩൩. ഒരു മഹമ്മദീയൻ എഴുതുന്നതായ മരണശാസനം, അയാളുടെ കടങ്ങളും ദശാഹപ്പസ്സ് സംബന്ധമായ ചെലവുകളും കഴിച്ചാൽ ബാക്കിവരുന്ന സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗത്തെ സംബന്ധിച്ചു മാത്രമേ സാധുവായിരിക്കുകയുള്ളു. അതിൽ കവിഞ്ഞുള്ള അന്ത്യദാനങ്ങൾ മരണശാസനമെഴുതിയ ആളുടെ മരണശേഷം അയാളുടെ പിന്തുടർച്ചാവകാശികൾ സമ്മതിച്ചാൽ മാത്രമേ സാധുവായിരിക്കുകയുള്ളു.

(ഈ വ്യവസ്ഥയെ തിരുവിതാംകൂർ വിൽസ് റെഗുലേഷൻ ൯-ാം വകുപ്പിലും, തി. ലാ. ജ. ൧൪-ാംവാല്യം ൨൭-ാം വശത്തുള്ള മീയാൻ അലി ഉമ്മാളുടെ കേസ്സിലും അംഗീകരിച്ചിട്ടുണ്ട്. അവകാശികളുടെ ഗുണത്തിനായിട്ടാകുന്നു ഈ വ്യവസ്ഥ വച്ചിട്ടുള്ളത്. അതുകൊണ്ട് ശാസകന്റെ മരണശേഷം അവകാശികൾ സമ്മതം കൊടുക്കുന്നപക്ഷം ൧/൩ ഓഹരിയിൽ കവിഞ്ഞ അന്ത്യദാനങ്ങളും സാധുവായിരിക്കും. എന്നാൽ ശാസകന്റെ ജീവിതകാലത്തു അവർ കൊടുക്കുന്നതായ സമ്മതം ഇതിലേക്കു പ്രയോജനപ്പെടുന്നതല്ല. സമ്മതം കൊടുക്കുന്നതു വാക്കുമൂലമോ രേഖാമൂലമോ ആയിരിക്കണമെന്നു നിർബന്ധമില്ല. അവകാശികളുടെ പ്രവൃത്തിയിൽനിന്നും അവരുടെ സമ്മതം ഊഹിക്കാവുന്നതാണ്. ഇതു സംബന്ധിച്ചു ബോംബേ ൨൩-ാം വാല്യം ൪൯൭-ാം വശത്തുള്ള ദൌലത്ത്രാമിന്റെ കേസ്സ് നോക്കുക.

ദൌലത്ത്രാമിന്റെ കേസ്സ്—തനിക്കു അവകാശികളായി രണ്ടു പുത്രന്മാർ മാത്രം ഉണ്ടായിരുന്ന ഒരു മഹമ്മദീയൻ തനിക്കുള്ള സ്വത്തു

മുഴുവനും, അതായതു മൂന്നുഗ്രഹങ്ങൾ, തന്റെ കാലശേഷംഒരു അന്യനു അടങ്ങത്തക്കവിധത്തിൽ മരണശാസനം എഴുതിവച്ചു. മരണശാസനത്തിൽ പുത്രന്മാർ രണ്ടുപേരും സാക്ഷികളുടെ നിലയിൽ ഒപ്പിട്ടിട്ടുണ്ട്. ശാസകന്റെ മരണശേഷം അന്യൻ വസ്തുക്കളിൽ പ്രവേശിച്ചു വാടക പിരിച്ചു അനുഭവിച്ചുവന്നു. പുത്രന്മാൎക്കു ഇതിനെപ്പററി അറിവുണ്ടായിരുന്നിട്ടും അവർ ഇതിനെ ആക്ഷേപിച്ചില്ല. ആ സ്ഥിതിക്കു പുത്രന്മാർ തങ്ങളുടെ പിതാവിന്റെ മരണശേഷം മരണശാസനത്തെ മുഴുവനും സമ്മതിച്ചതായി വിചാരിക്കണമെന്നു തീരുമാനിച്ചു.)

൩൭. സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗത്തെ കവിഞ്ഞു മരണശാസനം എഴുതീട്ടുണ്ടെങ്കിൽ ശാസകന്റെ മരണശേഷം പിന്തുടൎച്ചാവകാശികൾ സമ്മതം നല്കാത്തപക്ഷം ഓരോ അന്ത്യദാനത്തേയും അതിന്റെ ക്രമമനുസരിച്ചു കുറയ്ക്കേണ്ടതാകുന്നു.

(൬൦൦൦ രൂപാ സ്വത്തുള്ള ഒരാൾ എയ്ക്കു ൨൦൦൦ രൂപായും ബിയ്ക്കു ൧൫൦൦ രൂപായും സീയ്ക്കു ൫൦൦ രൂപായും തന്റെ മരണശേഷം തന്റെ സ്വത്തിൽനിന്നും കൊടുക്കണമെന്നു മരണശാസനം എഴുതി വയ്ക്കുന്നു എന്നിരിക്കട്ടെ. എന്നാൽ അയാൾക്കു തന്റെ സ്വത്തിന്റെ ൧/൩ ഭാഗമായ ൨൦൦൦ രൂപായെ സംബന്ധിച്ചു മാത്രമേ മരണശാസനമെഴുതാൻ അധികാരമുള്ളുവല്ലോ. അതിനാൽ കൂടുതലുള്ള ൨൦൦൦ രൂപായും എ, ബി, സി എന്നിവൎക്കു ചെല്ലാനുള്ള സംഖ്യകളിൽനിന്നു ക്രമമനുസരിച്ചു കുറയ്ക്കേണ്ടതാണ്. അതായതു ൧൦൦൦-൦, ൭൫൦-൦, ൨൫൦-൦, രൂപാവീതം കുറയ്ക്കണം. അപ്പോൾ അവൎക്കു ൧൦൦൦-൦, ൭൫൦-൦, ൨൫൦-൦, രൂപാവീതമേ കിട്ടുകയുള്ളു. ചട്ടപ്രകാരമുള്ള പിൻതുടൎച്ചാവകാശികളില്ലെങ്കിലും സ്വത്തിന്റെ ൧/൩ ഓഹരിയെ സംബന്ധിച്ചു മാത്രമേ ഷാഫിനിയമപ്രകാരം മരണശാസനം സാധുവായിരിക്കുകയുള്ളു. ശിഷ്ടമുള്ള രണ്ടു ഓഹരിയും സൎക്കാരിലേക്കടങ്ങുന്നതാണ്. എന്നാൽ ഹനഫിനിയമപ്രകാരം പിന്തുടൎച്ചാവകാശികളില്ലെങ്കിൽ മുഴുവൻ സ്വത്തിനെസംബന്ധിച്ചും മരണശാസനം സാധുവായിരിക്കും.)

൩൮. പിന്തുടൎച്ചാവകാശികളിൽ ആരുടെയെങ്കിലും പേൎക്കുള്ള അന്ത്യദാനം, അതിനെ ശാസകന്റെ മരണശേഷം മററു പിന്തുടൎച്ചാവകാശികൾ സമ്മതിക്കാത്തപക്ഷം സാധുവായിരിക്കുന്നതല്ല.

(തിരുവിതാംകൂർ വിൽസ് റെഗുലേഷൻ ൯-ാം വകുപ്പിൽ ഈ വ്യവസ്ഥയെ അംഗീകരിച്ചിരിക്കുന്നു. ഇതും അവകാശികളുടെ ഗുണത്തെ ഉദ്ദേശിച്ചു ഏൎപ്പെടുത്തിട്ടുള്ളതാണ്. ചില അവകാശികളെ

ദോഷപ്പെടുത്തി മററുള്ളവൎക്ക് ഗുണം ചെയ്യണമെന്നുള്ള വിചാരത്തെ ഈ വ്യവസ്ഥ തടുക്കുന്നു. എന്നാൽ മററു അവകാശികൾക്കു സമ്മതമുള്ളപക്ഷം ശാസകൻെറ ആഗ്രഹത്തെ അനുവദിക്കുകയും ചെയ്യുന്നു. ശാസകൻെറ മരണത്തിനുമുൻപ് കൊടുക്കുന്നതായ സമ്മതംകൊണ്ടു പ്രയോജനമില്ല. ഒരാൾ പിന്തുടൎച്ചാവകാശിയാണോ എന്നു നോക്കേണ്ടതു് ശാസകൻെറ മരണസമയത്തുള്ള സ്ഥിതിയെ ആശ്രയിച്ചാകുന്നു. അങ്ങനെയുള്ള അവകാശിയുടെ പേൎക്കുള്ള അന്ത്യദാനങ്ങൾ മാത്രമാണ് അസാധുവായിരിക്കുന്നതു്. ഉദാഹരണമായി, ഒരാൾ തനിക്ക് ബന്ധുക്കളായി ഒരു സഹോദരനും പുത്രിയും മാത്രമുള്ള കാലത്തു ഒരു മരണശാസനമെഴുതുന്നു എന്നും അതിൽ തൻെറ കാലശേഷം അ സഹോദരൻ തൻെറ സ്വത്തിൻെറ ⅓ ഭാഗം എടുക്കത്തക്കവണ്ണം വ്യവസ്ഥചെയ്യുന്നു എന്നുമിരിക്കട്ടെ. ശാസകൻ ഉടനെ മരിക്കുന്ന പക്ഷം സഹോദരൻ ചട്ടപ്രകാരം അയാളുടെ ഒരു പിന്തുടൎച്ചാവകാശിയായിരിക്കുന്നതാണല്ലൊ. എന്നാൽ ഈ കാരണത്താൽ മാത്രം സഹോദരൻെറ പേൎക്കുള്ള അന്ത്യദാനം അസാധുവായിത്തീരുന്നതല്ല. പിന്നെയോ, ശാസകൻ യഥാൎത്ഥത്തിൽ മരിക്കുന്ന കാലത്തു സഹോദരൻ അയാളുടെ ഒരു പിന്തുടൎച്ചാവകാശിയാണോ എന്നാണ് ആലോചിക്കാനുള്ളതു്. ഒരു പുത്രൻ ജനിച്ചതിനു ശേഷമാണ് ശാസകൻ മരിക്കുന്നതെങ്കിൽ സഹോദരൻ പിൻതുടൎച്ചാവകാശിയായിരിക്കുകയില്ലല്ലൊ. അപ്പോൾ സഹോദരൻെറ പേൎക്കുള്ള അന്ത്യദാനം ആരുടേയും സമ്മതം കൂടാതെതന്നെ സാധുവായിരിക്കുകയും ചെയ്യും.

ഒരു പിൻതുടൎച്ചാവകാശിയുടെ പേൎക്കുള്ള അന്ത്യദാനത്തെ ശാസകൻെറ മരണശേഷം മററുള്ള പിൻതുടൎച്ചാവകാശികൾ സമ്മതിക്കാത്തപക്ഷം സ്വത്തിൻെറ ⅓ ഭാഗംപോലും ആദ്യം പറഞ്ഞയാൾക്കു കിട്ടുന്നതല്ല. മററു പിൻതുടൎച്ചാവകാശികളുടെ സമ്മതത്തെ അവരുടെ പ്രവൃത്തിയിൽനിന്നും ഊഹിക്കാവുന്നതാണ്. എന്നാൽ, അവർ ശാസകൻെറ ചില വസ്തുക്കളെ പ്രത്യേകമായി കൈവശത്തിൽ വച്ചു അനുഭവിച്ചു എന്നുവിചാരിച്ചു് മാത്രം അപ്രകാരമുള്ള സമ്മതം ഊഹിക്കാൻ പാടില്ല. തി. ലാ. റി. (൨൨-ാംവാല്യം ൧൩൯-ാം വശത്തും തി. ലാ. ജ. ൧൧-ാം വാല്യം ൩൨൩-ാം വശത്തും റിപ്പോൎട്ടുചെയ്തിരിക്കുന്ന അമീനാ ഉമ്മാളുടെ കേസ്സുനോക്കുക)

൩൩. ശാസകൻെറ മരണകാലത്തു ജീവിച്ചിരിക്കുന്നില്ലാത്ത ആളുകളുടെ പേൎക്കുള്ള അന്ത്യദാനങ്ങൾ സാധുവല്ല. എന്നാൽ ശാസകൻെറ മരണകാലത്തു ഗൎഭത്തിലിരിക്കുന്ന ഒരു കുഞ്ഞിൻെറ പേൎക്കുള്ള

അന്ത്യദാനം ആ കുഞ്ഞ് മരണശാസനത്തിന്റെ തീയതിമുതൽ ആറു മാസത്തിനകം ജനിക്കുന്ന പക്ഷം സാധുവായിരിക്കുന്നതാണ്.

(ഒരാൾ തന്റെ മരണശേഷം തന്റെ പുത്രന്റെ പ്രഥമപുത്രന് തന്റെ സ്വത്തിൽനിന്നു ൫൦൦൦ രൂപാ കൊടുക്കണമെന്നു തന്റെ മരണശാസനത്തിൽ വ്യവസ്ഥപ്പെടുത്തുന്നു എന്നിരിക്കട്ടെ. ശാസകൻ മരിക്കുന്നതിനുമുമ്പായി അയാളുടെ പുത്രനു ഒരു പുത്രൻ ജനിക്കാത്തപക്ഷം ഈ വ്യവസ്ഥ സാധുവായിരിക്കുകയില്ല. അതായതു ശാസകന്റെ കാലശേഷവും ശാസനത്തീയതിമുതൽ ൬ മാസം കഴിഞ്ഞതിൽ പിന്നീടുമാണ് അയാളുടെ പുത്രനു ഒരു പുത്രൻ ജനിക്കുന്നതെങ്കിൽ ആ പൌത്രനു ൫൦൦൦ രൂപാ കിട്ടുന്നതല്ല. ശാസകന്റെ പുത്രനു ഒരു പ്രഥമപുത്രൻ ഉണ്ടായിരിക്കുകയും എന്നാൽ ശാസകന്റെ ജീവിതകാലത്തുതന്നെ അയാൾ മരിച്ചുപോകയും ചെയ്താലും മേൽപറഞ്ഞ വ്യവസ്ഥ സാധുവായിരിക്കുകയില്ല. അതായതു, ആ പൌത്രന്റെ അവകാശികൾക്കു ഈ ൫൦൦൦ രൂപാ കിട്ടുന്നതല്ല.)

൩൦. മരണശാസനത്താൽ ദാനം ചെയ്യപ്പെടുന്ന വസ്തു മരണശാസനകാലത്തു യഥാർത്ഥത്തിൽ ഉണ്ടായിരിക്കണമെന്നില്ല. എന്നാൽ ശാസകന്റെ മരണകാലത്തു ആ വസ്തുവുണ്ടായിരുന്നാൽ മാത്രമേ ദാനം സാധുവായിരിക്കുകയുള്ളു.

(ഒരാൾ അയാളുടെ ഇരുനിലക്കെട്ടിടം തന്റെ മരണശേഷം ഏ് എന്നവനു കൊടുക്കണമെന്നു തന്റെ മരണശാസനത്തിൽ വ്യവസ്ഥ ചെയ്യുന്നു എന്നിരിക്കട്ടെ. ശാസനമെഴുതുന്നകാലത്തു അയാളുടെ വകയായി ഇരുനിലക്കെട്ടിടമേ ഇല്ലെങ്കിലും മരണകാലത്തു അപ്രകാരമുള്ള ഒരു കെട്ടിടമുണ്ടായിരുന്നാൽ അതു ഏ എന്നവനു കിട്ടുന്നതാണ്. നേരെമറിച്ച്, ശാസനമെഴുതുന്നകാലത്തു ഇരുനിലക്കെട്ടിടമുണ്ടായിരുന്നാലും ശാസകന്റെ ജീവിതകാലത്തുതന്നെ അതു നശിക്കുകയോ വിററുപോകയോ ചെയ്തിട്ടുണ്ടെങ്കിൽ ഏയ്ക്കു ഇരുനിലക്കെട്ടിടം കിട്ടുന്നതല്ല. അതായതു ശാസകന്റെ സ്വത്തിൽനിന്നും ഒരു ഇരുനിലക്കെട്ടിടം സമ്പാദിച്ചു തനിക്കുതരണമെന്നു പറയാൻ ഏയ്ക്കു അവകാശമില്ല.)

൩൧. ഒരു അന്ത്യദാനത്തെ ശാസകൻതന്റെ ജീവിതകാലത്തു എപ്പോഴെങ്കിലും പിൻവലിക്കാവുന്നതാണ്. അങ്ങനെ പിൻവലിക്കുന്നതു വാക്കുമൂലമായോ രേഖാമൂലമായോ ആയിരിക്കാം. എന്നുമാത്രമല്ല ശാസകന്റെ വല്ല പ്രവൃത്തിയിലുംനിന്നു അയാൾ അന്ത്യദാനത്തെ പിൻവലിച്ചതായി സ്പഷ്ടമായി ഊഹിക്കാൻ കഴിയുമെങ്കിൽ അതു മതിയാകുന്നതാണ്.

(തിരുവിതാംകൂറിൽ ഒരു അന്ത്യദാനത്തെ വിൽസ്റെഗുലേഷനിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരത്തിലല്ലാതെ പിൻവലിക്കാൻപാടില്ല)

൯. ദാനംചെയ്യപ്പെട്ട വസ്തുവിൽ ശാസകനുള്ള ഉടമസ്ഥാവകാശം നശിച്ചുപോകയോ ആ വസ്തുവിൽ വല്ല കൂട്ടതലും ഉണ്ടാകത്തക്ക വല്ല പ്രവൃത്തിയും ചെയ്യുകയോ ചെയ്താൽ അന്ത്യദാനം പിൻവലിക്കപ്പെട്ടതായി വിചാരിക്കേണ്ടതാണ്.

(മരണശാസനത്താൽ ദാനംചെയ്യപ്പെട്ട ഒരു പറമ്പിൽ അതിനശേഷം ഒരു കെട്ടിടം പണിയിച്ചാൽ ദാനം പിൻവലിച്ചതായി വിചാരിക്കണം. ദാനംചെയ്യപ്പെട്ട കുറെ ചെമ്പിനെ ഒരു പാത്രമാക്കി പണിഞ്ഞാലും അപ്രകാരംതന്നെ. ദാനം ചെയ്യപ്പെട്ട ഒരു കെട്ടിടം വില്ക്കുകയോ അക്കെങ്കിലും ഇഷ്ടദാനമായി കൊടുക്കുകയോ ചെയ്താലും ദാനം പിൻവലിച്ചതായി വിചാരിക്കണം.)

൧൦. ഒരാളുടെ പേക്കുള്ള ഒരു വസ്തുവിൻെറ അന്ത്യദാനത്തെ പിന്നീടുള്ള ഒരു മരണശാസനത്താൽ വേറെ ഒരാൾക്കു കൊടുക്കുന്നുഎങ്കിൽ ആദ്യംപറഞ്ഞ അന്ത്യദാനം പിൻവലിച്ചതായി വിചാരിക്കേണ്ടതാണ്. എന്നാൽ ആ വസ്തുവിനെ അതേ മരണശാസനത്താലാണ് വേറെ ഒരാൾക്കു കൊടുക്കുന്നതെങ്കിൽ രണ്ടുപേരും അതിനെ തുല്യമായി വീതിച്ചെടുക്കേണ്ടതാണ്.

(തിരുവിതാംകൂറിനെ സംബന്ധിച്ച ൩൫-ാം വകുപ്പിൻെറ കീഴിലുള്ള നോട്ടുനോക്കുക.)

൧൧. ഒരു മഹമ്മദീയൻെറ മരണശാസനത്തിൽ നിർദ്ദേശിക്കുന്നതായ എക്സിക്യൂട്ടർ ഒരു മഹമ്മദീയൻതന്നെ ആയിരിക്കണമെന്നില്ല.

---

## ൩-ാം—അദ്ധ്യായം.

---

### മരണശയ്യാദാനങ്ങൾ.

൧൨. രോഗിയായ ഒരാൾക്കു തൻെറ രോഗത്തിൽനിന്നു തനിക്കു മരണം നേരിടുമെന്നു പ്രബലമായ വിചാരമുണ്ടായിരിക്കുകയും, യഥാർത്ഥത്തിൽ ആ രോഗത്തിൽനിന്നു മരണം നേരിടുകയും ചെയ്താൽ ആ രോഗത്തെ "മർസ്-ഉൽ-മൌത്" എന്നു പറയുന്നു.

(രോഗിക്കു മരണം നേരിടുമെന്നുള്ള വിചാരമുണ്ടായിരുന്നാലും, യഥാൎത്ഥത്തിൽ ആ രോഗത്തിൽവെച്ചു മരണംസംഭവിക്കാത്തപക്ഷം അതു് "മർസ്-ഉൽ-മൌത്" ആകയില്ല. ആ രോഗത്തിനിടയ്ക്കു തന്റെ സ്വത്തു മുഴുവനും ആൎക്കെങ്കിലും ഇഷ്ടദാനമായിക്കൊടുത്താലും അതു സാധുവായിരിക്കും. ദീൎഘകാലത്തേക്കു— സാധാരണയായി ഒരു വൎഷത്തിൽ കുറയാത്ത കാലത്തേക്കു—നില നിന്നിട്ടുള്ളൊരു രോഗത്തെ "മർസ്-ഉൽ-മൌത്" എന്നു പറയാൻ പാടില്ല. കല്ക്കട്ടാ ൩൰൫-ാം വാല്യം ൧൬൭-ാംവശത്തിലെ ഫത്തീമാബീബിയുടെ കേസ്സു നോക്കുക. എന്നാൽ രോഗം പെട്ടെന്നു മൂൎദ്ധന്യാവസ്ഥയെ പ്രാപിച്ചു മരണാശങ്കയെ ജനിപ്പിക്കുകയും ഒടുവിൽ മരണത്തിനു കാരണമായിത്തീരുകയും ചെയ്യുന്നപക്ഷം ആ പതനത്തിൽ അതിനെ "മർസ്-ഉൽ-മൌത്" എന്നു പറയാവുന്നതാണു.)

൬൰. മർസ്-ഉൽ-മൌത്തിനിടയിൽ ഒരാൾ ചെയ്യുന്ന ദാനങ്ങൾ രണ്ടു സംഗതികളിൽ മരണശാസനംമൂലം ചെയ്യുന്ന ദാനങ്ങളെപ്പോലെയാകുന്നു. അതായതു്, ദശാഹസ്സ സംബന്ധമായ ചെലവുകളും കടങ്ങളും കഴിച്ചാൽ ശിഷ്ടമുള്ള സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗത്തെ സംബന്ധിച്ചു മാത്രമേ അവ സാധുവായിരിക്കുകയുള്ളു. അതിൽ കൂടുതൽ ഭാഗത്തെ സംബന്ധിച്ചു സാധുവാകണമെങ്കിൽ ദാതാവിന്റെ മരണശേഷം പിൻതുടൎച്ചാവകാശികൾ അവയെ സമ്മതിക്കണം. രണ്ടാമതായി, ഒരു അവകാശിയുടെ പേൎക്കുള്ള ദാനം സാധുവാകണമെങ്കിൽ ദാതാവിന്റെ മരണശേഷം മറ്റുള്ള പിൻതുടൎച്ചാവകാശികൾ അതിനെ സമ്മതിക്കണം.

(ഒരാൾ തന്റെ ഭാൎയ്യയ്ക്കു് കൊടുക്കാനുള്ള മഹറിനുവേണ്ടി അവൾക്കു മറസ്-ഉൽ-മൌത്തിനിടയിൽ ചെയ്യുന്ന ദാനങ്ങളെ ഈ വ്യവസ്ഥ സംബന്ധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അതു മഹർ സംഖ്യയാകുന്ന പ്രതിഫലത്തിനായി ചെയ്യുന്ന ദാനമാകയാൽ അതു ശരിയായ ഒരു ഇഷ്ടദാനമാകുന്നില്ല. പിന്നെയോ ഒരു വില്പനയ്ക്കു് തുല്യമാകുന്നു. അതിനാൽ അതു സ്വത്തിന്റെ ⅓ ഭാഗത്തെ കവിഞ്ഞിരുന്നാലും ദാതാവിന്റെ അവകാശികളുടെ സമ്മതം കൂടാതെതന്നെ മുഴുവനും സാധുവായിരിക്കുന്നതാണു്.

൬൰൧. മർസ്-ഉൽ-മൌത്തിനിടയിൽ ചെയ്യുന്ന ദാനം (മരണശയ്യാദാനം) മററു സംഗതികളെ സംബന്ധിച്ചിടത്തോളം ഒരു സാധാരണദാനത്തെപ്പോലെയാകുന്നു.

(ദൃഷ്ടാന്തമായി ദാനക്കാരനു വസ്തുവിന്റെ കൈവശം വിട്ടുകൊടുക്കാതെ ദാനം സാധുവായിത്തീരുന്നതല്ല എന്നുള്ള സംഗതി എടുക്കാവുന്നതാണ്)

൬൭. ഒരാൾ താൻ ഒരു അന്യനു കൊടുക്കാനുള്ള കടത്തെ മർസ്-ഉൽ-മൌത്തിനിടയിൽ അംഗീകരിച്ചാൽ അതു സ്വാസ്ഥ്യകാലത്തു അംഗീകരിച്ചതുപോലെതന്നെ സാധുവായിരിക്കുന്നതാണ്. അതായതു്, അയാളുടെ മറ്റു കടങ്ങളെപ്പോലെതന്നെ ഈ കടവും അയാളുടെ സ്വത്തിൽനിന്നു കൊടുത്തുതീർക്കേണ്ടതാണ്. എന്നാൽ അംഗീകരിക്കുന്നതായ കടം ഒരു പിൻതുടർച്ചാവകാശിക്കാണു ചെല്ലാനുള്ളതെങ്കിൽ ആ അംഗീകാരം സാധുവല്ല.

(മരണശയ്യയിലെ അംഗീകാരത്തെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ള കടങ്ങൾ മറ്റുകടങ്ങളെല്ലാം കൊടുത്തുതീർത്തതിൽപിന്നെ ബാക്കിവല്ല സ്വത്തും ഉണ്ടായിരുന്നാൽ മാത്രമെ കൊടുത്തുതീർക്കാൻ പാടുള്ളു എന്നാണ് ഹനാഫി നിയമത്തിലെ വ്യവസ്ഥ. ഷാഫിനിയമത്തിൽ ഈ വ്യത്യാസം ഇല്ല.)

---

## ൭-ാം അദ്ധ്യായം.

---

### ഇഷ്ടദാനം (ഹിബാ.)

൬൮. യാതൊരു പ്രതിഫലവുംകൂടാതെ വർത്തമാനകാലത്തിൽ ചെയ്യപ്പെടുന്ന വസ്തുകൈമാററത്തെ ഇഷ്ടദാനം (ഹിബാ) എന്നു പറയുന്നു.

(മരണശാസനപ്രകാരം ചെയ്യപ്പെടുന്ന ദാനം ഭാവികാലത്തു—അതായതു ദാതാവിന്റെ മരണത്തിനുശേഷം—പ്രാബല്യത്തിൽ വരാനുള്ളതായതുകൊണ്ടു അതു "ഹിബാ"യിൽ ഉൾപ്പെടുകയില്ല)

൬൯. മേജറും ബുദ്ധിക്കു സ്വാസ്ഥ്യമുള്ളവനുമായ യാതൊരു മഹമ്മദീയനും തന്റെ സ്വത്തു മുഴുവനുമൊ അതിന്റെ ഏതെങ്കിലും അംശമോ ഇഷ്ടദാനമായി ആർക്കെങ്കിലും കൊടുക്കാവുന്നതാണ്.

(൬൮-ാം വകുപ്പിനു കീഴിലുള്ള നോട്ടു നോക്കുക)

൭൦. ദാതാവിന്റെ കടക്കാരെ തോല്പിക്കുവാനോ താമസിപ്പിക്കുവാനോ ഉള്ള ഉദ്ദേശത്തോടുകൂടി ചെയ്യുന്ന ഇഷ്ടദാനങ്ങൾ അസ്ഥിരപ്പെടുത്താനായി കടക്കാർ വ്യവഹാരപ്പെടാവുന്നതാണ്. എന്നാൽ

ഇഷ്ടദാനകാലത്തു് ദാതാവിനു ചില കടങ്ങൾ ഉണ്ടായിരുന്നു എന്ന ഏകകാരണത്താൽ മേല്പറഞ്ഞ ഉദ്ദേശം ഉണ്ടെന്നു ഊഹിക്കാൻ പാടില്ല. സ്വത്തിനേക്കാൾ കൂടുതൽ കടമില്ലാത്ത ഒരാൾ ചെയ്യുന്ന ഇഷ്ടദാനങ്ങളെ അയാൾക്കു അതിനുശേഷം കടങ്ങൾ ഉണ്ടായി എന്നു വിചാരിച്ചു് ആ കടക്കാർ അസ്ഥിരപ്പെടുത്താൻ പാടില്ല.

൬൯. ദാനകാലത്തു ജനിച്ചിട്ടില്ലാത്ത ആളുകളുടെ പേർക്കുള്ള ഇഷ്ടദാനം അസാധുവാകുന്നു.

൭൦. ദാതാവിൻെറ സ്വത്തുമുഴുവനും ഇഷ്ടദാനമായി കൊടുത്താലും സാധുവായിരിക്കും. ഒരു പിന്തുടച്ചാവകാശിയുടെ പേർക്കാണു ഇഷ്ടദാനം ചെയ്യുന്നതെങ്കിലും സാധുവായിത്തന്നെയിരിക്കും.

(മരണശാസനംമൂലം സ്വത്തിൻെറ മൂന്നിൽ ഒരു ഭാഗത്തിൽ കൂടുതൽ വിനിയോഗിക്കാൻ ഉത്തമസ്ഥനു അധികാരമില്ല. മൂന്നിൽ ഒന്നിൽ കവിയാത്ത സംഖ്യയും മരണശാസനംമൂലം ഒരു പിന്തുടച്ചാവകാശിക്കു കൊടുക്കാൻ പാടില്ല. ഈരണ്ടുതരം ദാനങ്ങളും സാധുവാകണമെങ്കിൽ അവയെ എല്ലാ പിന്തുടച്ചാവകാശികളും ദാതാവിൻെറ മരണശേഷം സമ്മതിക്കേണ്ടതാണു്. ൩൮-ം ൩൯-ം വകുപ്പുകൾ നോക്കുക. ഈവ്യവസ്ഥകൾ ഹിബായെ സംബന്ധിക്കുകയില്ല.)

൭൧. ഉടനെ കൈവശം കൊടുക്കാവുന്ന സ്ഥാവരജംഗമസ്വത്തുക്കൾ മാത്രമല്ല, പ്രമാണപ്രകാരവും മററുമുള്ള അവകാശങ്ങളും ഇഷ്ടദാനമായി കൊടുക്കാവുന്നതാണു്.

(പ്രോമിസ്സറിനോട്ടുകൾ, അന്യന്മാരിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള പണങ്ങൾ, ജന്മിഭോഗം, ഒററിയിന്മേലൊ പാട്ടത്തിന്മേലൊ അന്യകൈവശത്തിലുള്ള വസ്തുക്കൾ മുതലായവ മേല്പറഞ്ഞതിനു ദൃഷ്ടാന്തങ്ങളാകുന്നു.)

൭൨. ദാതാവിനു എതിരായി അന്യൻെറ കൈവശമുള്ള വസ്തുവിൻെറ ഇഷ്ടദാനം സാധുവായിരിക്കണമെങ്കിൽ ദാതാവു വസ്തു കൈവശപ്പെടുത്തി ദാനക്കാരനു കൊടുക്കുകയോ, വസ്തു കൈവശപ്പെടുത്തുന്നതിനു ദാതാവിനെ ശക്തനാക്കിത്തീക്കുന്നതായ സകല പ്രവൃത്തികളും ചെയ്യുകയോ വേണം. (ബോംബെ ൧൩-ാം വാല്യം ൧൫൩-ാം വശത്തുള്ള മീരാലിയുടെ കേസ്സും കല്ക്കട്ടാ ൧ -ാം വാല്യം ൧൨൧-ാം വശത്തുള്ള കാളിദാസൻെറ പ്രിവികൌൺസിൽകേസ്സും നോക്കുക. കാളിദാസൻെറ കേസ്സ് ഹിന്ദുലാ പ്രകാരമുള്ളതാണെങ്കിലും ഇതേത

തപത്തെ അടിസ്ഥാനപ്പെട്ടത്തിയുള്ളതാകയാൽ അതിനെ കൽക്കട്ടാ ഹൈക്കോടതി ൧൮-ാം വാല്യം ൩൧൩-ാം വശത്തുള്ള മഹമ്മദീയനിയമം സംബന്ധിച്ച കേസ്സിൽ അംഗീകരിച്ചിട്ടുണ്ട്.)

(മീരാലിയുടെ കേസ്സ്:—ഏ, ബി'യ്ക്കു ദാനയാധാരം എഴുതികൊടുക്കുന്നു അതിൽപെട്ട വസ്തു അക്കാലത്തു ഏയ്ക്കു എതിരായി സീയുടെ കൈവശത്തിലിരിക്കയാണു്. ഏയുടെ മരണംവരെ അയാൾ വസ്തു കൈവശപ്പെട്ടത്തിയില്ല. അയാളുടെ മരണശേഷം ബി വസ്തു കൈവശപ്പെടുത്താനായി സീയുടെ മേൽ വ്യവഹാരപ്പെട്ടു. കൈവശകൈമാററംകൊണ്ടു് ദാനം പൂർത്തിയാകാത്തതിനാൽ അന്യായം വഹിക്കത്തക്കതല്ലെന്നു തീരുമാനിച്ചു.

കാളിദാസൻെറ കേസ്സ്:—ഈ കേസ്സിൽ ഏയുടെ ജീവിതകാലത്തുതന്നെ ഏയേയും സീയേയും പ്രതികളാക്കി ബി വ്യവഹാരപ്പെട്ടു. ഏ അന്യായം സമ്മതിച്ചു പത്രിക കൊടുക്കുകയും സീ അന്യായം വഹിക്കത്തക്കതല്ലെന്നു തക്കിക്കുകയും ചെയ്തു. ദാനം പൂർത്തിയാകുന്നതിനു വേണ്ട പ്രവൃത്തികളെല്ലാം ഏ ചെയ്തതുകൊണ്ടു് (പത്രിക ബോധിപ്പിക്കൽവരെ) അന്യായം വഹിക്കത്തക്കതാണെന്നു പ്രിവികൌൺസിൽ തീരുമാനിച്ചു.)

൩൩. ഇഷ്ടദാനമായി കൊടുക്കുന്നതു സ്ഥാവരവസ്തുവോ ജംഗമവസ്തുവോ അയിരുന്നാലും അതു രേഖാമൂലംതന്നെ അയിരിക്കണമെന്നില്ല.

(സ്ഥാവരവസ്തുവിൻെറ ഇഷ്ടദാനം രേഖാമൂലമാണു് ചെയ്യുന്നതെങ്കിൽ ദാനയാധാരം രജിസ്റ്റർ ചെയ്യണമെന്നു നിർബന്ധമുണ്ടു്. രജിസ്ത്രേഷൻ റെഗുലേഷൻ നോക്കുക.)

൩൪. ഇഷ്ടദാനം സാധുവായിരിക്കണമെങ്കിൽ താഴെ പറയുന്ന മൂന്നുചട്ടങ്ങുകൾ അവശ്യം നിർവഹിച്ചിരിക്കണം. (൧) ദാനം ചെയ്തിരിക്കുന്നതായി, അതായതുവസ്തുവിൻെറ ഉടമസ്ഥാവകാശത്തിൽനിന്നും താൻ ഒഴിഞ്ഞിരിക്കുന്നതായി, ദാതാവിൻെറ പ്രസ്താവം, (൨) ദാനക്കാരൻെറ സ്വീകാരം, (൩) ദാനം ചെയ്യപ്പെടുന്ന വസ്തുവിൻെറ സ്വഭാവമനുസരിച്ചു് സാധ്യമായിട്ടുള്ളിടത്തോളം കൈവശം കൊടുക്കുക. ദാനയാധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വച്ചു്, വസ്തുവിൻെറ കൈവശം വിട്ടുകൊടുക്കാതിരുന്നാൽ ദാനം സാധുവായിരിക്കുകയില്ല. (അലഹബാദ് ൨൫-ാം വാല്യം ൩൩൫-ാം വശത്തെ ചൌധിഹസൻെറ പ്രിവികൌൺസിൽകേസ്സ് നോക്കുക.)

(കൈവശം കൊടുത്തതായി ദാനയാധാരത്തിൽ പ്രസ്താവമുണ്ടെങ്കിൽ, കൈവശം കൊടുത്തില്ലെന്നു തക്കിക്കുവാൻ ദാതാവിൻെറ അവകാശികൾക്കു അവകാശമില്ല. അലഹബാദ് ൧൧-ാം വാല്യം ൪൯൦-ാം വശം. ദാനകാലത്തു കൈവശം കൊടുത്തില്ലെങ്കിൽ, പിന്നീടു കൈവശം കൊടുക്കുമ്പോൾ ദാനം പൂൎത്തിയാകുന്നതാണ്.)

൮൭. (൧) ദാനം ചെയ്യപ്പെട്ട വസ്തു ദാതാവിൻെറ കൈവശത്തിൽ തന്നെയുള്ള സ്ഥാവരവസ്തുവാണെങ്കിൽ, ദാതാവു തൻെറ സാമാനങ്ങളോടുകൂടി അതിൽ നിന്നിറങ്ങുകയും ദാനക്കാരൻ അതിൽ മുറയ്ക്കു പ്രവേശിക്കുകയും ചെയ്യാത്തപക്ഷം ദാനം പൂൎത്തിയാകയില്ല.

(൨) കുടിയാന്മാരുടെ കൈവശമുള്ള സ്ഥാവരവസ്തുവാണെങ്കിൽ ദാനക്കാരനെ ജന്മിയായി സ്വീകരിക്കണമെന്നു ദാതാവു കുടിയാന്മാരോടു ആവശ്യപ്പെട്ടാൽ മതി. (കല്ക്കട്ടാ ൨-ാം വാല്യം ൧൮൪-ാം വശത്തെ പ്രിവികൌൺസിൽവിധി നോക്കുക.)

(൩) ദാതാവും ദാനക്കാരനും ദാനകാലത്തു ദാനവസ്തുവിൽ തന്നെ താമസിക്കുകയാണെങ്കിൽ ദാതാവു അവിടെ നിന്നിറങ്ങുകയോ ദാനക്കാരൻ മുറപ്രകാരം പ്രവേശിക്കുകയോ ചെയ്യണമെന്നില്ല. കൈവശം കൈമാറുകയും ദാനവസ്തുവിനെ സംബന്ധിച്ചു തനിക്കുള്ള എല്ലാ അവകാശങ്ങളിലുംനിന്നു ഒഴിയുകയും ചെയ്യുന്നതായി സ്പഷ്ടമായി കാണിക്കുന്ന വല്ല പ്രത്യക്ഷപ്രവൃത്തിയും ചെയ്താൽ മതിയാകും. (ബോംബെ ൯-ാം വാല്യം ൧൩൩-ാം വശവും അലഹബാദ് ൮൭-ാം വാല്യം ൧൪൭-ാം വശത്തുള്ള ഹുമേരാബീബിയുടെ കേസ്സും നോക്കുക. ദാതാവു ദാനക്കാരൻെറ അമ്മയുടെയോ അച്ഛൻേറയോ സ്ഥാനത്തുള്ള ആളായിരിക്കുന്ന സംഗതികളിലാണ് ഈ തത്വത്തെ പ്രധാനമായി അംഗീകരിച്ചിട്ടുള്ളതു്.)

(ഹുമേരാ ബീബിയുടെ കേസ്സ്:—തൻെറ സഹോദരീപുത്രനെ സ്വന്തം പുത്രനെപ്പോലെ വളൎത്തിവന്ന ഒരു മഹമ്മദീയസ്ത്രീ അവർ രണ്ടുപേരുംകൂടി താമസിച്ചിരുന്ന വട്ടിനെ സംബന്ധിച്ചു സഹോദരീപുത്രൻെറപേൎക്കു ഒരു ദാനയാധാരമെഴുതിക്കൊടുത്തു. ദാനയാധാരത്തിനുശേഷവും സ്ത്രീ അയാളുമൊന്നിച്ചു അവിടെത്തന്നെ താമസിച്ചുവന്നു. എന്നാൽ സഹോദരീപുത്രൻെറ പേരിൽ പോക്കുവരവു ചെയ്കയും, അയാളുടെ പേരിൽ പാട്ടം പിരിച്ചു വരികയും ചെയ്തു. ഇത്രയുംകൊണ്ടു് ദാനം പൂൎത്തിയായെന്നു തീരുമാനിച്ചു

(ഛ) ഭർത്താവും ഭാൎയ്യയും തമ്മിലുള്ള ഇഷ്ടദാനങ്ങളിൽ വസ്തു അവരുടെ പൊതുവാസസ്ഥലമല്ലെങ്കിലും ൩൮-ാം ഉപവകുപ്പിൽ പറഞ്ഞ തത്വം സംബന്ധിക്കുന്നതാണു്. ഭർത്താവു് ഭാൎയ്യക്കുവേണ്ടി പാട്ടം പിരിക്കുന്നതുകൊണ്ടു ദാനത്തിനു ഹാനിയില്ല. (ബോംബെ ൧൩-ാം വാല്യം ൩൯൪-ാം വശം നോക്കുക.)

൧൫൩. ദാനം ചെയ്യുന്ന വസ്തു പ്രമാണപ്രകാരമോ മറ്റോ ഉള്ള അവകാശമാണെങ്കിൽ ദാതാവും ആ വസ്തുവിൽ (അവകാശത്തിൽ) തനിക്കുള്ള ഉടമസ്ഥതയിൽനിന്നു ഉടനെ ഒഴിയുന്നതിനുള്ള ഉദ്ദേശത്തെ സ്പഷ്ടമായി കാണിക്കുന്ന വല്ല പ്രവൃത്തിയും ചെയ്താൽ ദാനം പൂൎത്തിയാകുന്നതാണു്.

(ഗവൎമ്മെൻറു പ്രാമിസ്സറിനോട്ടുകളാണെങ്കിൽ അവയെ അഡർ ചെയ്തു ദാനക്കാരനെ ഏല്പിച്ചാൽ മതി. മൂറിൻെറ ഇൻഡ്യൻ അപ്പീൽസ് ൧൪-ാം വാല്യം ൪൧-ാം വശം നോക്കുക.

അഗാമഹമ്മദ്ജാഫരുടെ കേസ്സ്:—ഇതു കൽക്കട്ടാ ൨൫-ാം വാല്യം ൯-ാം വശത്തു റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഏ എന്നവൻ ഒരു ബേങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണത്തിനു അയാൾക്കു കിട്ടീട്ടുള്ള രസീതിനെ ഭാൎയ്യയെ ഏല്പിക്കുകയും കുളി കഴിഞ്ഞിട്ടു ബേങ്കൽ ചെന്നു് ഭാൎയ്യയുടെ പേൎക്കു പ്രമാണം മാറിവാങ്ങിക്കാമെന്നു് പറയുകയും ചെയ്തു. രസീതിൻെറ മാർജ്ജിനിൽ "കൈമാററം ചെയ്വാൻ പാടില്ല" എന്നു എഴുതിയിരുന്നു. രസീതു മാറി വാങ്ങിക്കുന്നതിനു മുമ്പു ഏ മരിച്ചുപോയി. ദാനം പൂൎത്തിയായില്ലെന്നു തീരുമാനിച്ചു.)

൧൫൪. അച്ഛൻ മൈനരായ മകൻെറ പേൎക്കോ രക്ഷകർത്താവു തൻെറ രക്ഷയിലുള്ള മൈനരുടെ പേൎക്കോ ദാനം ചെയ്യുമ്പോൾ കൈവശം കൊടുക്കണമെന്നില്ല.

(ദാനാനന്തരമുള്ള അച്ഛൻെറയോ രക്ഷകർത്താവിൻെറയോ കൈവശം മൈനൎക്കുവേണ്ടിയാണെന്നു ഊഹിക്കപ്പെട്ടും. ഈ വകുപ്പിൽ രക്ഷകർത്താവെന്നു പറഞ്ഞിരിക്കുന്നതു മൈനരുടെ സ്വത്തിനെ സംബന്ധിച്ചുള്ള രക്ഷകർത്താവാകുന്നു. ചട്ടപ്രകാരം രക്ഷകർത്താവായിരിക്കാൻ അവകാശമുള്ളയാളെ മാത്രമേ ഈ തത്വം സംബന്ധിക്കുകയുള്ളൂ. ഉദാഹരണമായി മൈനൎക്കു അച്ഛനോ അച്ഛൻെറ അച്ഛനോ അവരിൽ ഒരാളുടെ എക്സിക്യൂട്ടരോ ഉണ്ടെന്നു വിചാരിക്കുക. അപ്പോൾ മൈനരുടെ തള്ളയാണു് ദാനം ചെയ്യുന്നതെങ്കിൽ കൈവശം കൊടുക്കുകതന്നെ വേണം. എന്തെന്നാൽ ആ പതനത്തിൽ അമ്മയ്ക്കു

ചട്ടപ്രകാരം രക്ഷാകരണാവകാശമില്ലല്ലോ. -ാം അദ്ധ്യായം നോക്കുക.)

൮൮. മൈനരുടേയോ ബുദ്ധിക്കു അസ്വാസ്ഥ്യമുള്ളവൻെറയോ പേൎക്കു ദാനം ചെയ്യുമ്പോൾ അയാളുടെ രക്ഷകൎത്താവിനു കൈവശം കൊടുത്താൽ മതിയാകും.

൮൯. പാട്ടക്കാരൻ ഒററിക്കാരൻ പണയക്കാരൻ മുതലായ ഏതെങ്കിലും നിലയിൽ വസ്തു കൈവശമുള്ളയാളുടെ പേൎക്കു ദാനം ചെയ്യുമ്പോൾ ദാനപ്രസ്താവവും സ്വീകാരവും കൊണ്ടു ദാനം പൂൎത്തിയാകും. കൈവശം മാറണമെന്നില്ല. (എന്നാൽ ദാനക്കാരൻ ഉടമസ്ഥൻെറ കാൎയ്യസ്ഥനോ ഭൃത്യനോ പാട്ടപ്പിരിവുകാരനോ മാത്രമാണെങ്കിൽ കൈവശമാററത്തെകാണിക്കുന്ന വല്ല പ്രത്യക്ഷപ്രവൃത്തിയും ആവശ്യം തന്നെയാണ്)

൯൦. "മുഷാ" എന്നുവെച്ചാൽ സ്ഥാവരവസ്തുവിലോ ജംഗമവസ്തുവിലോ ഉള്ള അവിഭക്തമായ ഓഹരിയാകുന്നു. ഷാഫിനിയമപ്രകാരം മുഷായുടെ ദാനം ഏതുനിലയിലും സാധുതന്നെയാണ്.

(ഹനഫിനിയമം ഇതിൽ നിന്നു് വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. അതനുസരിച്ചു, ഭാഗിക്കാൻ നിവൃത്തിയില്ലാത്ത വല്ല വസ്തുവിലുമുള്ള മുഷായെ ദാനം ചെയ്യുന്നതിനു വിരോധം ഇല്ലെങ്കിലും, ഭാഗിക്കാൻ നിവൃത്തിയുള്ള വല്ല വസ്തുവിൻെറയും മുഷായുടെ ദാനം സാധുവല്ല. അടുത്തടുത്തുള്ള രണ്ടു വീടുകൾക്കും കൂടി ഉപയോഗിച്ചുവരുന്നതായ ഒരു കോണിപ്പടിയുണ്ടെങ്കിൽ അതു ഭാഗിക്കാൻ നിവൃത്തിയില്ലാത്ത വസ്തുവിനുള്ള ഒരു ഉദാഹരണമാകുന്നു. ഭാഗിക്കാൻ നിവൃത്തിയുള്ള വസ്തുവിൻെറ മുഷാ അന്നു് ദാനംചെയ്തിട്ടുള്ളതെങ്കിലും ദാതാവു ആ വസ്തുവിൽ തനിക്കുള്ള ഓഹരി ഭാഗിച്ചുവാങ്ങി ദാനക്കാരനു കൊടുക്കുമ്പോൾ ദാനം സാധുവായിത്തീരുന്നതാണ്. ദാനക്കാരൻ ഒരു കൂട്ടവകാശിയാണെങ്കിൽ ദാനസമയം മുതൽതന്നെ സാധുവായിരിക്കും. പിതാവു തൻെറ മൈനരായ പുത്രൻെറ പേൎക്കു മുഷായെ ദാനം ചെയ്താൽ അസാധുവായിരിക്കയില്ല എന്നുണ്ടു്.)

൯൧. തൽക്കാലത്തിൽ തന്നെ നടപ്പിൽ വരാതെ ഏതെങ്കിലും ഭാവികാലത്തു നടപ്പിൽ വരത്തക്കവണ്ണമുള്ള ദാനങ്ങൾ സാധുവല്ല. (ബോംബെ ൨൨-ാം വാല്യം ൪൮൯-ാം വശത്തുള്ള അംതുൽ നിസ്സായുടെ കേസ്സും, കൽക്കട്ടാ ൯-ാം വാല്യം ൧൩൮-ാം വശത്തുള്ള യൂസൂഫ് അലിയുടെ കേസ്സും നോക്കുക.)

(അന്തുൽനിസ്സായുടെ കേസ്സ്:— ഒരു മഹമ്മദീയൻ തന്റെ ഭാൎയ്യയുടെ പേൎക്ക എഴുതിക്കൊടുത്ത ദാനയാധാരത്തിലെ താല്പൎയ്യം, തനിക്ക ചില വസ്തുക്കളുടെ വാരം കിട്ടാനുള്ളതിൽ നിന്നു ആണ്ടുതോറും ൨൦൦൦ ഉറുപ്പികവീതം ഭാൎയ്യയ്ക്കും അവളുടെ അവകാശികൾക്കും ശാശ്വതമായി കൊടുക്കുന്നു എന്നായിരുന്നു. ഇതു ഭാവികാലത്തു കിട്ടാനുള്ള വാരത്തിന്റെ ദാനമാകയാൽ അസാധുവെന്നു തീരുമാനിച്ചു.

യൂസുഫ് അലിയുടെ കേസ്സ്:— ഈ കേസിലെ ദാനയാധാരത്തിലെ വാചകം ഇപ്രകാരമായിരുന്നു. എന്റെ ജീവിതകാലംവരെ ഞാൻ ഈ വസ്തുക്കൾ വില്ക്കുകയോ വല്ലവൎക്കും ദാനം ചെയ്കയോ ചെയ്യാതെ കൈവശം വച്ചനുഭവിച്ചുകൊള്ളാവുന്നതും എന്റെ മരണശേഷം നിങ്ങൾ ഈ വസ്തുക്കളുടെ ഉടമസ്ഥനായിരിക്കുന്നതുമാണ്. ആധാരം അസാധുവാണെന്നു വിധിച്ചു.)

൯൨. (എ) ദാനക്കാരന്റെ അവകാശത്തിനു ഹാനികരമായ വല്ല വ്യവസ്ഥയോടുംകൂടി ദാനം ചെയ്താൽ ആ വ്യവസ്ഥ അസാധുവായിത്തീരുന്നതും ദാനക്കാരനു സ്വസ്വാതന്ത്ര്യമായി വസ്തു കിട്ടുന്നതുമാകുന്നു.

(ഉദാ:— ഒരു ഗൃഹം എയുടെ ജീവിതകാലത്തേയ്ക്കു എയ്ക്കും അതിനുശേഷം അവന്റെ സഹോദരനുമായി ദാനം ചെയ്യപ്പെടുന്നു. എയുടെ കാലശേഷം ഗൃഹം സഹോദരന്ന് ചെല്ലണമെന്നുള്ള വ്യവസ്ഥ അസാധുവായിത്തീരുന്നതും എയ്ക്കുതന്നെ അതു് സ്വസ്വാതന്ത്ര്യമായി കിട്ടുന്നതുമാണ്. അതായതു എയ്ക്കു ബോധിച്ചതുപോലെ ഗൃഹത്തെ അനുഭവിക്കുകയോ നശിപ്പിക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യാവുന്നതും, എയുടെ മരണത്തിനു ശേഷവും ആ ഗൃഹം ഉള്ളപക്ഷം അതു് അയാളുടെ അവകാശികൾക്ക കിട്ടുന്നതുമാകുന്നു. സഹോദരനു കിട്ടുന്നതല്ല.

എ എന്നവൻ കുറെ ഗവൎമ്മെണ്ടു പ്രാമിസ്സറി നോട്ടുകൾ ബിയ്ക്കു ഇഷ്ടദാനമായി കൊടുക്കുകയും, അവയിൽ കാൽഭാഗം ഒരു മാസത്തിനു ശേഷം തനിക്ക തിരിച്ചു തരണമെന്ന് വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. ഈ വ്യവസ്ഥ ചട്ടപ്രകാരം അസാധുവാകയാൽ ബി. നോട്ടുകളുടെ യാതൊരു ഭാഗവും തിരിച്ചു കൊടുക്കുവാൻ ബാദ്ധ്യസ്ഥനല്ല.

മൌലവി മഹമ്മദിന്റെ കേസ്സ് (ഇൻഡ്യൻഅപ്പീൽസ് ൪൫-ാം വാല്യം ൪൭൭-ാം വശം):— എ ഒരു മാളികക്കെട്ടിടത്തെ ബിയ്ക്കു ദാനം ചെയ്കയും അയാൾ അതിനെ സീ. യെന്നയാളൊഴിച്ചു വേറേ ആൎക്കും വിററുപോവരുതെന്നു വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ

ബി. കെട്ടിടത്തെ തനിക്കിഷ്ടമുള്ളവക്ക് വില്ക്കുകയോ വില്ക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്)

(ബി) എന്നാൽ ദാനം ചെയ്യപ്പെടുന്ന വസ്തുവിന്റെ ആദായം ദാതാവിന്റെ മരണംവരെ അയാൾക്കു കൊടുക്കണമെന്നു വ്യവസ്ഥ ചെയ്യുന്നപക്ഷം ദാനവും വ്യവസ്ഥയും സാധുവായിരിക്കുന്നതാണ്. വസ്തുവിന്റെ ആദായം ഒരു അന്യന്റെ മരണംവരെ അയാൾക്കുകൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നതെങ്കിലും സാധുവായിരിക്കും. (മൂറിന്റെ ഇൻഡ്യൻ അപ്പീൽസ് ൧൩-ാം വാല്യം ൩൧൯-ാം വശത്തുള്ള നവാബ് ഉംജദ് അലിയുടെ കേസ്സുനോക്കുക.)

൯൩. ഒരാൾക്കു അയാളുടെ പിതാവോ പിതാമഹനോ ചെയ്തിട്ടുള്ള ദാനത്തെ ദാതാവു പിൻവലിക്കാവുന്നതാണ്. എന്നാൽ ദാനം ചെയ്യപ്പെട്ട വസ്തു ദാനക്കാരന്റെ കൈവശത്തിൽനിന്നും ഒരു അന്യനു സിദ്ധിച്ചുപോയിട്ടുണ്ടെങ്കിൽ, അതിൽ പിന്നെ ദാനം പിൻവലിക്കാൻ പാടില്ല. പിതാവും പിതാമഹനും ഒഴിച്ചുള്ള യാതൊരു ദാതാവിനും താൻ ചെയ്തിട്ടുള്ള ദാനത്തെ പിൻവലിക്കാൻ അധികാരമില്ല.

(ഹനഫി നിയമപ്രകാരം ഭാര്യാഭർത്താക്കന്മാർ തമ്മിലോ അവിവാഹ്യമായ വിധത്തിൽ ബന്ധുത്വമുള്ള ആളുകൾ തമ്മിലോ ഉള്ള ദാനങ്ങൾ പിൻവലിക്കാൻ പാടില്ല. മററു ആളുകൾ തമ്മിലുള്ള ദാനങ്ങൾ താഴെപ്പറയുന്ന സംഗതികളിലൊഴിച്ചു ദാതാവു പിൻവലിക്കാവുന്നതാണ്. എന്നാൽ ദാനം പിൻവലിക്കാനുള്ള ഈ അവകാശം ദാതാവിന്റെ മരണശേഷം അയാളുടെ അവകാശികൾക്കുണ്ടായിരിക്കുന്നതല്ല. ദാതാവു തന്നെയും കോടതി മുഖാന്തരം ദാനത്തെ അസ്ഥിരപ്പെടുത്തുകയാണു വേണ്ടതു്. സ്വയമായിചെയ്യുന്ന പിൻവലിക്കൽ സാധുവായിരിക്കുന്നതല്ല. (൧) ദാനക്കാരൻ മരിച്ചുപോവുക, (൨) ദാനം ചെയ്യപ്പെട്ട വസ്തു ദാനക്കാരന്റെ കയ്യിൽനിന്നും വില്പനയാലോ ഇഷ്ടദാനത്താലോ മറേറാ അന്യകൈവശത്തിൽ പോയിരിക്കുക, (൩) വസ്തു കളഞ്ഞുപോകയോ നശിക്കുകയോ ചെയ്യുക, (൪) വല്ല കാരണത്താലും വസ്തുവിന്റെ വില കൂടുക, (൫) വസ്തുവിനു രൂപഭേദംവന്നു അതു തന്നെയാണു ഇതെന്നുനിശ്ചയിക്കാൻ നിവൃത്തിയില്ലാതായിത്തീരുക, (൬) ദാനത്തിനു പ്രതിഫലമായി (ഇവാസ്) ദാതാവു ദാനക്കാരനിൽനിന്നു വല്ലതും വാങ്ങിയിരിക്കുക, എന്നീ സംഗതികളിലാണു ദാനം പിൻവലിക്കാൻ പാടില്ലാതായിത്തീരുന്നതു്.)

൯൪. "ഹിബാബിൽ ഇവാസ്" എന്നുവച്ചാൽ എന്തെങ്കിലും പ്രതിഫലംപററി ചെയ്യുന്ന ദാനമാകുന്നു. ഇതിനും കേവലം ഹി

ബായ്യും (ഇഷ്ടദാനം) തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. "ഹിബാബിൽ ഇവാസ്സ്" സാധുവാകുന്നതിനു കൈവശം വിട്ടുകൊടുത്തേ തീരു എന്നു നിർബന്ധമില്ല.. ദാതാവു പിതാവോ പിതാമഹനോ ആയിരുന്നാലും അതിനെ പിൻവലിക്കുവാനും പാടില്ല. ഈ സംഗതികളിൽ ഹിബാബിൽ ഇവാസും വില്പയും തമ്മിൽ ഏററവും സാമ്യമുണ്ട്. ഒരു ഹിബാബിൽ ഇവാസു സാധുവായിരിക്കണമെങ്കിൽ രണ്ടു സംഗതികൾ യോജിച്ചുവരണം. അതായതു, (൧) ദാനം വാങ്ങുന്നയാൾ അതിനു പ്രതിഫലമായി വല്ലതും— സ്വല്പം വല്ലതുമായാലും മതി— കൊടുക്കണം. (൨) ദാനം ചെയ്യപ്പെടുന്ന വസ്തുവിന്റെ ഉടമസ്ഥതയിൽനിന്നു വർത്തമാനകാലത്തിൽതന്നെ താൻ ഒഴിഞ്ഞു അതു ദാനക്കാരനു കിട്ടണമെന്നു ഉത്തമവിശ്വാസമായ ഉദ്ദേശമുണ്ടായിരിക്കണം.

(രണ്ടു സഹോദരന്മാക്കു കൂട്ടുസ്വത്തായി കുറെ വസ്തുക്കളുണ്ടായിരുന്നു. അവരിൽ ഒരാൾ മരിച്ചപ്പോൾ അയാളുടെ ഭാര്യയും മറേറ സഹോദരനും അയാളുടെഅവകാശികളായിത്തീന്നു. കുറെ കഴിഞ്ഞിട്ടു, ജീവിച്ചിരിപ്പുള്ള സഹോദരൻ മരിച്ചയാളുടെ വിധവയ്ക്കു കൂട്ടുസ്വത്തിൽ ഉൾപ്പെട്ട രണ്ടു വസ്തുക്കളിൽ തനിക്കുള്ള അവകാശം ഒഴിഞ്ഞു തീറാധാരം എഴുതിക്കൊടുത്തു. രണ്ടു ദിവസത്തിനകം വിധവ ഇതേ ഏപ്പാടിന്റെ അംഗമായും തനിക്കു കിട്ടിയ ദാനത്തിനു പ്രതിഫലമായും ഭത്താവിന്റെ മററു സ്വത്തുക്കളിൽ തനിക്കുള്ള അവകാശം ഒഴിഞ്ഞെഴുതി വയ്ക്കുന്നു. കൈവശം വിട്ടുകൊടുത്തില്ലെങ്കിലും വിധവയുടെ പേക്കുള്ള ദാനം സാധുവായിരിക്കും — അലഹബാദ് ൩൭-ാം വാല്യം ൪൯൦-ാംവശം മുഹമ്മദ് ഫൈസിന്റെ പ്രിവി കൌൺസിൽ കേസ്സ്.

ഒരാൾ തന്റെ ഭാര്യയ്ക്കു ചെല്ലേണ്ടതായ മഹറിനുവേണ്ടി ചില സ്ഥാവരവസ്തുക്കൾക്കു ദാനയാധാരമെഴുതിക്കൊടുക്കുന്നു. വസ്തുക്കളുടെ കൈവശം വിട്ടു കൊടുത്തില്ലെങ്കിലും ദാനം സാധുതന്നെ. എന്തുകൊണ്ടെന്നാൽ മഹർസംഖ്യ ദാനത്തിനുള്ള പ്രതിഫലം — ഇവാസ് — ആകുന്നു. മദ്രാസ് ൨.൧൨-ാം വാല്യം, ൧൦-ാം വശം മുഹമ്മദ്'ഏസുഫിന്റെ കേസ്സ്.

൫൭. ഹിബാ-ബിൽ-ഇവാസിൽ ദാനത്തിനു പ്രതിഫലമായി കൊടുക്കുന്ന വസ്തു എത്രതന്നെ വില കുറഞ്ഞതായാലും തരക്കേടില്ല. അതിനെ യഥാത്ഥമായും ഉത്തമവിശ്വാസമായും കൊടുത്തിരിക്കണമെന്നു മാത്രമേയുള്ളു.

(കല്ക്കട്ടാ വീക്ക്ലിനോട്ട്സ് ൧൩-ാം വാല്യം ൧൬൦-ാം വശത്തെ അബ്ബാസ് അലിയുടെ കേസ്സിൽ "ഇവാസ്" ഒരു കൊറാൻപുസ്തകമായിരുന്നു. വാത്സല്യം പ്രതിഫലമാക്കിയോ, സ്നേഹത്തോടും ദയവോടുംകൂടി ശുശ്രൂഷിച്ചതിനെ പ്രതിഫലമാക്കിയോ ചെയ്യുന്ന ദാനം "ഹിബാ-ബിൽ-ഇവാസ്" ആകുന്നതല്ല. അതു കേവലം "ഹിബാ" ആയിരിക്കുകയേ ഉള്ളു. അതു പൂർത്തിയാകുന്നതിനു വസ്തുവിൻെറ കൈവശം വിട്ടുകൊടുക്കാതെ കഴികയില്ല—അലഹബാദ് ൧൮-ാം വാല്യം ൧-ാം വശം റഹീംബക്ക്ഷിൻെറ കേസ്സു നോക്കുക.)

൯൩. "ഹിബാ ബാ ഷർത്തുൽഇവാസ്" എന്നു വച്ചാൽ പ്രതിഫലം കിട്ടണമെന്നുള്ള വ്യവസ്ഥയോടുകൂടി ചെയ്യുന്ന ദാനമാകുന്നു. ഇതു് സാധാരണ ഹിബായെപ്പോലെതന്നെ വസ്തുവിൻെറ കൈവശം വിട്ടുകൊടുത്താലേ പൂർത്തിയാകയുള്ളു. ദാതാവു പിതാവോ പിതാമഹനോ ആയിരുന്നാലും പ്രതിഫലം പററിക്കഴിഞ്ഞാൽ ദാനം പിൻവലിക്കാൻ പാടില്ല.

(ബോംബേ ൧൬-ാം വാല്യം ൫൧൦-ാംവശം, മൊഗുൾഷായുടെ കേസ്സു നോക്കുക. ചുരുക്കിപ്പറഞ്ഞാൽ ഹിബാ ബാ ഷർത്തുൽ ഇവാസിന് പ്രതിഫലം പററുന്നതുവരെ ദാനത്തിൻെറയും അതിനുശേഷം വിലയുടേയും സ്വഭാവമാണുള്ളതു്. ഹിബാബിൽ ഇവാസിൽ പ്രതിഫലം ഉടനെ കൊടുക്കുന്നു. ഹിബാബാ ഷർത്തുൽ ഇവാസിൽ ദാതാവു തനിക്കു പ്രതിഫലം കിട്ടണമെന്നു കരാർ ചെയ്യുന്നു. ഇതത്രേ ഈ രണ്ടു ഏർപ്പാടുകളും തമ്മിലുള്ള വ്യത്യാസം)

൯൪. "അറീയത്ത്" എന്നുവച്ചാൽ ഒരു വസ്തുവിൻെറ ആദായമെടുത്തു അനുഭവിക്കാനായി അതിൻെറ ഉടമസ്ഥൻ മററൊരാൾക്കു് അനുവദിക്കുന്നതായ അവകാശമാകുന്നു. ദാതാവിനു് ഇഷ്ടമുള്ളപ്പോൾ അതിനെ പിൻവലിക്കാവുന്നതാണു്.

൯൫. പ്രൈവെററുട്രസ്ററുകൾ സാധുവായിരിക്കണമെങ്കിൽ സാധാരണ ഇഷ്ടദാനത്തിനു് ആവശ്യമുള്ളതായ എല്ലാ സംഗതികളും, അതായതു് ട്രസ്റ്റിക്കുവസ്തുവിൻെറ കൈവശം കൊടുക്കുക മുതലായതു്, ഉണ്ടായിരിക്കണം.

(ബോംബേ ൨൯-ാം വാല്യം ൨൬൭-ാം വശം മൂസാബായിയുടെ കേസ്സുനോക്കുക. പ്രൈവെററുട്രസ്ററു് എന്നുവച്ചാൽ ചില പ്രത്യേക ആളുകളുടേയോ ഒരു കുടുംബക്കാരുടേയോ ഗുണത്തിനായി ആരോടെങ്കിലും സ്വത്തേല്പിക്കുന്ന ഏർപ്പാടാകുന്നു. പൊതുജനങ്ങളുടെ ഗുണത്തി

നായും ധമ്മകാൎയ്യങ്ങൾക്കായും ഉള്ള ട്രസ്റ്റിനെ പബ്ളിക്ക് ട്രസ്റ്റു എന്നു പറയുന്നു. ഇതിനെയാണു മഹമ്മദീയ നിയമത്തിൽ വാക്കഫ് എന്നു പറയുന്നതു്. ഇതിനെ സംബന്ധിച്ചു് അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണു്.)

൯൯. "സദാക്ക" എന്നുവച്ചാൽ പുണ്യത്തെ കരുതി ചെയ്യുന്ന ദാനമാകുന്നു. ഇതു് പൂൎത്തിയാകുന്നതിനു കൈവശമാററം അവശ്യമാകുന്നു. എന്നാൽ കൈവശമാററംകൊണ്ടു് ദാനം പൂൎത്തിയായതിൽ പിന്നെ അതിനെ പിൻവലിക്കാൻ പാടുള്ളതല്ല.

(ദാനം ചെയ്യുന്നയാളുടെ ഉദ്ദേശം അതുകൊണ്ടു് തനിക്കു പുണ്യം ലഭിക്കണമെന്നുള്ളതാണെങ്കിൽ ധനവാന്മാരായ ബന്ധുക്കൾക്കായി ചെയ്യുന്ന ദാനംപോലും സദാകാ തന്നെയാണു്. ദരിദ്രന്മാൎക്കു കൊടുത്താലേ സദാകാ ആകു എന്നില്ല.)

൧൦൦. മരുമക്കവഴിക്കാരിയായ ഒരു സ്ത്രീക്കും അവളുടെ മക്കൾക്കുമായി അവളുടെ ഭൎത്താവുകൊടുക്കുന്ന സ്വത്തു അവരുടെ സബ്തറവാടായി തീരുന്നതും ആ സബ്തറവാടിനെ മരുമക്കത്തായ നിയമം സംബന്ധിക്കുന്നതുമാകുന്നു. സ്ത്രീയുടെ മരണശേഷം സ്വത്തു അവളുടെ മഹമ്മദീയ നിയമപ്രകാരമുള്ള അവകാശികൾക്കു കിട്ടുന്നതല്ല.

(മദ്രാസ് ൩൧-ാം വാല്യം ൨൨൭-ാം വശം പട്ടത്തെരുവത്തുകാരുടെ കേസ്സു നോക്കുക. ദാനം ചെയ്യപ്പെട്ട സ്വത്തു സബ്തറവാടായി തീരുന്നതിനു ദാനക്കാർ മരുമക്കവഴിക്കാരായിരിക്കണമെന്നേയുള്ളു. ദാതാവും മരുമക്കവഴിക്കാരനായിരിക്കണമെന്നു നിർബന്ധമില്ല.)

---

## ൭-ാം അദ്ധ്യായം.

---

### ധമ്മസ്വത്തു് (വക്ഫ്)

൧൦൧. മതസംബന്ധമായോ ധമ്മസംബന്ധമായോ പൊതുകാൎയ്യങ്ങൾക്കായോ ഉള്ള ഏതെങ്കിലും കാൎയ്യത്തിനായി വല്ല സ്വത്തിനേയും സമൎപ്പിക്കുന്നതിനെ "വക്കഫ്" എന്നുപറയുന്നു.

൧൦൨. ഉപയോഗത്താൽ നശിച്ചുപോകാത്തതും വിൽക്കുവാൻ വിരോധമില്ലാത്തതുമായ യാതൊരു വസ്തുവിനേയും വക്കഫായി സമൎപ്പിക്കാവുന്നതാണു്.

(കമ്പനിഓഹരികൾ, ഗവർമ്മെൻറു പ്രോമിസ്സരിനോട്ടുകൾ മുതലായവയുടെ ആദായമോ പലിശയോ അനുഭവിച്ചാലും മുതൽ തീൎന്നുപോകാത്തതുകൊണ്ടു അവയെ വക്ഫായി സമൎപ്പിക്കാം. രൊക്കം ഉറുപ്പായെ അപ്രകാരം സമൎപ്പിക്കാമോ എന്നുള്ളതിനെപ്പററി ബ്രിട്ടീഷ്ഇൻഡ്യയിലെ ഹൈക്കോടതികൾക്ക് തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടു്.)

൧൦൩. മൈനരല്ലാത്തവനും ബുദ്ധിക്കു സ്വാസ്ഥ്യമുള്ളവനുമായ യാതൊരു മഹമ്മദീയനും തൻെറ സ്വത്തിനെ വക്ഫായി സമൎപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടു്.

(൯൧-ാം വകുപ്പിനു കീഴിലുള്ള നോട്ടുനോക്കുക.)

൧൦൪. വക്ഫ് സമൎപ്പണം വാക്കുമൂലമോ രേഖാമൂലമോ ആയിരിക്കാം. എന്നാൽ സ്ഥാവരവസ്തുവിൻെറ സമൎപ്പണം രേഖാമൂലമായിരുന്നാൽ അതു് രജിസ്റ്റർ ചെയ്തിരിക്കണമെന്നു രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥയുണ്ടു്.

൧൦൫. വക്ഫ് സമൎപ്പണം സമൎപ്പയിതാവിൻെറ ജീവിതകാലത്തുള്ള ദാനമായോ മരണശാസനം മൂലമോ ആയിരിക്കാവുന്നതാണു്.

൧൦൬ മരണശാസനം മൂലമോ മരണശയ്യയിൽ വച്ചോ ഉള്ള വക്ഫ്സമൎപ്പണം അവകാശികളുടെ സമ്മതമില്ലെങ്കിൽ സമൎപ്പയിതാവിൻെറ സ്വത്തിൻെറ ൧/൩ ഓഹരിയെ സംബന്ധിച്ചു് മാത്രമേ സാധുവായിരിക്കുകയുള്ളു.

൧൦൭. ഏതെങ്കിലും വസ്തു വക്ഫായി സമൎപ്പിച്ചിരിക്കുന്നു എന്നുള്ള പ്രസ്താവം കൊണ്ടുതന്നെ വക്ഫ് പൂൎത്തിയാകുന്നതാണു്. എന്നാൽ സമൎപ്പണം ഏതെങ്കിലും ഒരു പ്രത്യേക ആളുടെ ഉപയോഗത്തിനായിട്ടാണെങ്കിൽ അയാൾ വക്ഫിനെ സ്വീകരിച്ചതായി പ്രസ്താവിക്കുന്നതുവരെ അയാളുടെ അവകാശം പൂൎത്തിയാകുന്നതല്ല.

(സമൎപ്പണപ്രസ്താവമോ കൈവശമാററമോ ഇല്ലാതെ വക്ഫ് പൂൎത്തിയാകയില്ല. കുറെ പണത്തെ വക്ഫായി സമൎപ്പിക്കണമെന്നു ഒരാൾക്കു ഉദ്ദേശമുണ്ടായിരുന്നുവെങ്കിലും അയാൾ അങ്ങനെ സമൎപ്പിച്ചതായി പ്രസ്താവിക്കുകയോ ഒരു മുത്തവലിയെ നിയമിച്ചു് പണം അയാളെ ഏല്പിക്കുകയോ ചെയ്തില്ല. എന്നാൽ ആ പണത്തിൻെറ പലിശയെ അയാൾ ഉദ്ദിഷ്ടധൎമ്മകാൎയ്യത്തിനായി ഉപയോഗിച്ചുവന്നു. എന്നിട്ടും വക്ഫ് പൂൎത്തിയായില്ലെന്നു തീരുമാനിച്ചു. ബോംബെ ൩൧-ാം വാല്യം ൨൭൦-ാം വശം ബാനുബീബിയുടെ കേസ്സ്)

൧൦൮. ജീവിതകാലത്തുതന്നെ ദാനരൂപമായി സമൎപ്പിക്കുന്ന വക്ഫ് പൂൎത്തിയായിക്കഴിഞ്ഞാൽ പിന്നെ അതിനെ പിൻവലിക്കാൻ പാടുള്ളതല്ല. മരണശാസനപ്രകാരമുള്ളതാണെങ്കിൽ സമൎപ്പയിതാവിന്റെ ജീവിതകാലത്തു എപ്പോഴെങ്കിലും അയാൾ പിൻവലിക്കാവുന്നതാണു്.

൧൦൯. ഏതെങ്കിലും സംഗതിയുടെ സംഭവത്തേയോ അസംഭവത്തേയോ അശ്രയിച്ചുള്ള വക്ഫ് സാധുവല്ല. (മദ്രാസ് ൧൩-ാം വാല്യം ൩൩-ാംവശത്തുള്ള പാത്തുക്കുട്ടിയുടെ കേസ്സ് നോക്കുക.)

(പാത്തുക്കുട്ടിയുടെ കേസ്സ്:—ഒരു സ്ത്രീ തന്റെ സ്വത്തുക്കളെ ഭൎത്താവിന്റെ പേൎക്കു കൈമാററം ചെയ്തിട്ടു അതിന്റെ ആദായം കൊണ്ടു തന്നെയും തന്റെ കുട്ടികളേയും സംരക്ഷിക്കണമെന്നും കുട്ടികൾക്കു പ്രായപൂൎത്തിവരുമ്പോൾ സ്വത്തു അവരെ ഏല്പിക്കണമെന്നും കുട്ടികളില്ലാതെ താൻ മരിക്കാനിടവന്നാൽ സ്വത്തുക്കളുടെ ആദായം മതസംബന്ധമായ ചില കാൎയ്യങ്ങൾക്കായി വിനിയോഗിക്കണമെന്നും വ്യവസ്ഥചെയ്തു. ഈ വക്ഫ് ദാതാവു മക്കളില്ലാതെ മരിക്കുകയെന്നുള്ള സംഭവത്തെ അശ്രയിച്ചുള്ളതാകയാൽ സാധുവല്ലെന്നു തീരുമാനിച്ചു.)

൧൧൦. വല്ല ഭൂമിയും അനാദികാലംമുതല്ക്കേ ശവസംസ്കാരഭൂമിയായോ വേറെ വല്ല മതസംബന്ധമായ കാൎയ്യത്തിനായോ ഉപയോഗിച്ചുവന്നിട്ടുണ്ടെങ്കിൽ ആ ഭൂമിയെ വക്ഫായി വിചാരിക്കേണ്ടതാണു്. (കൽക്കത്താ ൨൦-ാംവാല്യം ൨൯൦-ാംവശത്തിലെ പ്രിവി കൌൺസിൽ കേസ്സുനോക്കുക.)

൧൧൧. വക്ഫ്‌വസ്തു ദാതാവിന്റെ ഉടമസ്ഥതയിൽ നിന്നു ഒഴിഞ്ഞു സൎവ്വശക്തന്റെ വകയായിത്തീരുന്നതിനാൽ ദാതാവിന്റെ മരണശേഷം അതു അയാളുടെ അവകാശികൾക്കു കിട്ടുന്നതല്ല. വക്ഫ്‌വസ്തുവിനെ ഇതിനു കീഴിൽ ൧൯-൧൧൦ വകുപ്പുകളിൽ പറയുന്ന പ്രകാരത്തിൽ മാത്രമേ അന്യാധീനം ചെയ്യുവാൻ പാടുള്ളു.

൧൧൨. വക്ഫ്‌പത്രത്തിൽ ധൎമ്മസംബന്ധമായ ഒരു ഉദ്ദേശത്തെ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ, ആ ഉദ്ദേശം നടത്തുവാൻ നിവൃത്തിയില്ലാതായി എന്ന കാരണത്താൽ വക്ഫ് അസാധുവായിത്തീരുന്നതല്ല. ആ ഉദ്ദേശങ്ങളുമായി കഴിയുന്നതും സാമ്യമുള്ള മററു ഉദ്ദേശങ്ങൾക്കായോ ദരിദ്രന്മാരുടെ ഗുണത്തിനായോ വസ്തുക്കളുടെ ആദായത്തെ ഉപയോഗിക്കേണ്ടതാകുന്നു.

൧൬൫. ദാതാവിൻെറ ആചന്ദ്രതാരമുള്ള സന്തതികളുടെ ഗുണത്തിനായി മാത്രം ചെയ്യപ്പെടുന്ന സമൎപ്പണവും മഹമ്മദീയനിയമപ്രകാരം ഒരു ധൎമ്മകാൎയ്യമാകയാൽ അതു് സാധുവായഒരു വക്ഫ് ആകുന്നു. ഒരു പ്രത്യേക ആളുടെ ഗുണത്തിനായുള്ള വക്ഫ്പോലും സാധുവാകുന്നു. അപ്രകാരമുള്ള ഒരു വക്ഫിനെ ആ പ്രത്യേക ആളുടെ മരണശേഷം സമൎപ്പയിതാവിൻെറ ഏററവും അടുത്ത ബന്ധുക്കളുടെ ഗുണത്തിനായി വിനിയോഗിക്കേണ്ടതാകുന്നു.

(ഇതിനെസംബന്ധിച്ചുള്ള ഹനഫികളുടെ നിയമം മേൽപറഞ്ഞിട്ടുള്ളതിൽ നിന്നു സ്വല്പം വ്യത്യാസപ്പെട്ടിട്ടാകുന്നു.)

൧൬൬. വക്ഫിലെ വ്യവസ്ഥയനുസരിച്ചു ഒരാളുടെ സന്തതികൾക്കു അവകാശം കിട്ടുമ്പോൾ ഓഹരികൾ വീതിക്കേണ്ടതു ശാഖകളനുസരിച്ചാകുന്നു; സാധാരണ പിന്തുടൎച്ചയിലെപ്പോലെ ആളുകളുടെ സംഖ്യയനുസരിച്ചല്ല.

(ഒരാൾക്കു തൻെറ ഒരു മകൻെറ മകനായി ഒരു പൌത്രനും വേറെ ഒരു മകൻെറ മക്കളായി രണ്ടു പൌത്രന്മാരും ഉണ്ടെന്നിരിക്കട്ടെ. അപ്പോൾ വക്ഫിൻെറ ആദായത്തിൽ പകുതി ആദ്യം പറഞ്ഞ പൌത്രനും ശിഷ്ടമുള്ള പകുതി മററു രണ്ടുപേർക്കുംകൂടിയും എടുക്കണം. സാധാരണ പിന്തുടൎച്ചയിൽ ഓരോ പൌത്രനും മൂന്നിൽ ഒരുപങ്കുവീതം തുല്യമായിട്ടാണല്ലോ കിട്ടുന്നതു്.)

൧൬൭. വക്ഫനുസരിച്ചു സന്തതികൾക്കു അവകാശം കിട്ടുമ്പോൾ പുരുഷസന്തതിയുടെ ഓഹരിയോളംതന്നെ സ്ത്രീസന്തതിക്കും കിട്ടുന്നതാണു്.

(സാധാരണ പിന്തുടൎച്ചയിൽ പുരുഷസന്തതിക്കുള്ള ഓഹരിയുടെ പകുതി മാത്രമാണല്ലോ സ്ത്രീസന്തതിക്കു കിട്ടുന്നതു്.)

൧൬൮. വക്ഫിൻെറ ഭരണകൎത്താവായി (മുത്തവലിയായി) സമൎപ്പയിതാവു തന്നെത്തന്നെയോ പ്രായപൂൎത്തിയും ബുദ്ധിക്കു സ്വാസ്ഥ്യവുമുള്ള വേറെ ആരെയെങ്കിലുമോ നിയമിക്കാവുന്നതാണു്. മുത്തവലി സ്ത്രീയോ അന്യമതസ്ഥനോ ആയിരിക്കുന്നതിൽ വിരോധമില്ലാത്തതാകുന്നു. എന്നാൽ വക്ഫനുസരിച്ചു ചെയ്യേണ്ടതായ വല്ല മതസംബന്ധമായ പ്രവൃത്തികളും മഹമ്മദീയപുരുഷന്മാർതന്നെ ചെയ്യേണ്ടതാകുന്നു.

[illegible] ൻെറയോ പെതീബിൻെറയോ പ്രവൃത്തികൾ ഇതി[illegible] ളാകുന്നു.)

MUL
081269

൧൧൭. മുത്തവല്ലിയായി നിയമിക്കപ്പെട്ടയാൾ മരിച്ചു പോവുകയോ, ഭരണം നടത്താൻ വിസമ്മതിക്കുകയോ, കോടതിയാൽ നീക്കപ്പെടുകയോ, വേറെ ഏതെങ്കിലും പ്രകാരത്തിൽ മുത്തവല്ലിസ്ഥാനത്തിനു ഒഴിവുവരികയോ ചെയ്താൽ ഒരു പുതിയ മുത്തവല്ലിയെ നിയമിക്കേണ്ടതാണ്. അതിനുള്ള അധികാരം താഴെപ്പറയുന്ന ആളുകൾക്കാകുന്നു. (൧) ദാതാവു ജീവനോടുള്ള പക്ഷം ദാതാവ് (൨) ഇല്ലെങ്കിൽ ദാതാവിൻെറ എക്സിക്യൂട്ടർ (൩) എക്സിക്യൂട്ടരും ഇല്ലെങ്കിൽ കോടതി.

കോടതിയിൽ നിന്നും മുത്തവല്ല്യയെ നിയമിക്കുമ്പോൾ താഴെപ്പറയുന്ന സംഗതികൾ ഗൌനിക്കണം. ( ) മുത്തവല്ലിയെ നിയമിക്കുന്നതിനെപ്പററി ദാതാവു ചെയ്തിട്ടുള്ള നിർദ്ദേശങ്ങളെ സ്വത്തിൻെറ പ്രത്യക്ഷമായ രക്ഷയ്ക്കായിട്ടല്ലാതെ വകവയ്ക്കാതിരിക്കരുത് (൨) സ്ഥാനം വഹിക്കാൻ യോഗ്യനായി ദാതാവിൻെറ കുടുംബത്തിൽ വല്ല അംഗവും ഉള്ളപ്പോൾ അയാളെ വിട്ടു അന്യനെ നിയമിക്കരുത്; (൩) ദാതാവിൻെറ സന്തതികളിൽ മൂത്തയാൾ വേറെയുണ്ടായിരുന്നാലും യോഗ്യതയുള്ള മൂപ്പുകുറഞ്ഞയാളെ നിയമിക്കാൻ കോടതിക്കു അധികാരമുണ്ടു്.

൧൧൮. മുത്തവലി തൻെറ ജീവിതകാലത്തു തനിക്കുപകരം മുത്തവലിയായി വേറെ ഒരാളെ നിയമിക്കാൻ പാടില്ല. എന്നാൽ ദാതാവിനുള്ള സർവ്വാധികാരങ്ങളും മുത്തവലിക്കു കൊടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ അങ്ങനെ നിയമിക്കാവുന്നതുമാണ്.

൧൧൯. മുത്തവലിയുടെ നിയമനത്തെപ്പററി വക്ഫ്പത്രത്തിൽ വല്ല വ്യവസ്ഥയുമുണ്ടായിരിക്കുകയോ, മുത്തവലിസ്ഥാനം വല്ല കീഴ്നടപ്പും അനുസരിച്ചു കിട്ടിവരികയോ ചെയ്യാത്തപക്ഷം ഒരു മുത്തവലി തൻെറ മരണശയ്യയിൽ വച്ചു തൻെറ പിൻഗാമിയെ നിയമിക്കാം. എന്നാൽ ദാതാവു ജീവനോടുകൂടിയിരിക്കുകയോ, മുത്തവല്ലിയെ നിയമിക്കാൻ അർഹതയുള്ള എക്സിക്യൂട്ടർ ഉണ്ടായിരിക്കുകയോ ചെയ്താൽ മുത്തവല്ലിക്കു ഈ അധികാരമില്ല.

മുത്തവല്ലി ദാതാവിൻെറ കുടുംബത്തിലെ അംഗമല്ലാത്ത ആളേയും തൻെറ പിൻഗാമിയായി നിയമിക്കാവുന്നതാണ്.

൧൨൦. വക്ഫ്നാമാവിൽ നിന്നും അതിലേക്കുള്ള അധികാരം സ്പഷ്ടമായി സിദ്ധിച്ചിട്ടുണ്ടെങ്കിലല്ലാതെ ഒരു മുത്തവലി കോടതിയുടെ അനുവാദം കൂടാതെ വക്ഫ്വസ്തുവിനെ വില്ക്കുകയോ പണയപ്പെടു

ത്തുകയോ മററുവസ്തുവിന്നു കരമായി വിട്ടുകൊടുക്കുകയോ ചെയ്യാൻ പാടില്ല.

എന്നാൽ കോടതിയുടെ അനുവാദം കൂടാതെ വക്ഫ്‌വസ്തുവിനെ പണയപ്പെടുത്തിയതു തക്കതായ ആവശ്യത്തിന്നാണെങ്കിൽ കോടതി അതിനെ പിന്നീടു സ്ഥിരപ്പെടുത്താവുന്നതാണ്. (കല്ക്കട്ടാ ൩൰-ാം വാല്യം ൯൰-ാം വശം നോക്കുക. ഈ കേസ്സിൽ കോടതി പണയാധാരത്തിൽ പറഞ്ഞ പലിശയുടെ നിരക്കിനെ കുറയ്ക്കുകയും ചെയ്തു.)

൧൱൧. വക്ഫ്‌നാമാവിൽ നിന്നും അതിലേക്കുള്ള അധികാരം സ്പഷ്ടമായി സിദ്ധിക്കുകയോ, കോടതിയിൽ നിന്നും അനുവാദം വാങ്ങുകയോ ചെയ്യാതെ മുത്തവല്ലി കൃഷി വസ്തുവിനെ മൂന്നുകൊല്ലത്തിൽ കവിഞ്ഞകാലത്തേക്കും മററു വസ്തുവിനെ ഒരു കൊല്ലത്തിൽ കവിഞ്ഞ കാലത്തേക്കും പാട്ടത്തിനേല്പിക്കുവാൻ പാടില്ല.

൧൱൨. ധർമ്മസ്വത്തു സംബന്ധിച്ചുള്ള സിൽബന്തികളുടേയും ഭൃത്യന്മാരുടേയും പ്രതിഫലം കൂട്ടുവാൻ മുത്തവല്ലിക്കു അധികാരമില്ല. എന്നാൽ തക്കതായ കാരണമുണ്ടെങ്കിൽ കോടതി അപ്രകാരം ചെയ്യാവുന്നതാണ്.

൧൱൩. മുത്തവല്ലിയുടെ ശമ്പളത്തിനു ദാതാവു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലെങ്കിൽ കോടതി അതിന്നായി വക്ഫ് വസ്തുവിന്റെ ആദായത്തിന്റെ ൧/൰ ഓഹരിയിൽ കവിയാത്തതായ സംഖ്യ നിശ്ചയിക്കാവുന്നതാണ്. ദാതാവു നിശ്ചയിച്ച സംഖ്യ വളരെ കുറവായിരുന്നാൽ കോടതി ആ സംഖ്യ കൂട്ടാവുന്നതാണ്. എന്നാൽ അങ്ങനെ കൂട്ടുമ്പോൾ ശമ്പളം ആദായത്തിന്റെ ൧/൰ ഓഹരിയിൽ കൂടാൻ പാടില്ല.

൧൱൪. മുത്തവല്ലി സ്വത്തിനെ ദുർവ്വിനിയോഗം ചെയ്യുകയോ, ട്രസ്റ്ററിനു വിപരീതമായി പ്രവൎത്തിക്കുകയോ ആ സ്ഥാനത്തിനു അയോഗ്യനായിരിക്കുകയോ ചെയ്താൽ കോടതി അയാളെ ആ സ്ഥാനത്തുനിന്നു മാററാവുന്നതാണ്. മുത്തവല്ലിയെ മാററാൻ പാടില്ലെന്നു ദാതാവു വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നാലും കോടതിക്കു മാററാനുള്ള അധികാരമുണ്ട്. മുത്തവല്ലി ദാതാവുതന്നെയായിരുന്നാലും മേൽപറഞ്ഞ കാരണങ്ങളാൽ കോടതി അയാളെ മാററാവുന്നതാണ്. വക്ഫ്‌നാമാവിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലല്ലാതെ മുത്തവല്ലിയെ മാററാനുള്ള അധികാരം ദാതാവിനുണ്ടായിരിക്കുന്നതല്ല.

൱൨൮. സ്വത്തിന്റെ ആദായത്തിൽ നിന്നും ധൎമ്മകാൎയ്യങ്ങൾക്കുള്ള ചെലവുകൾ കഴിച്ചു മുത്തവലിയുടെ കയ്യിൽ മിച്ചം വല്ലതും എല്ലായ്പോഴും വന്നു ചേരുമെന്നിരുന്നാലും അയാളുടെ സ്വന്തനിലയിലുള്ള വിധിക്കടത്തിനുവേണ്ടി ധൎമ്മസ്വത്തിന്റെ യാതൊരംശവും ജപ്തിചെയ്യുകയോ വില്ക്കുകയോ ചെയ്യാൻ പാടില്ല. എന്നാൽ അവന്റെ സ്വന്തം ഗുണത്തിനായി ഉപയോഗിക്കാവുന്ന ആദായാംശത്തെ ജപ്തിചെയ്തു വില്പിക്കാവുന്നതാണ്. മുത്തവലിസ്ഥാനത്തേയും മുത്തവലിയുടെ സ്വന്തം കടത്തിനായി ജപ്തിചെയ്യാൻ പാടില്ല.

൱൨൯. ഒരു പള്ളിയുടെ സ്ഥാപകൻ അതിനെ ഒരു പ്രത്യേക സമ്പ്രദായപ്രകാരമുള്ള ആരാധനയ്ക്കായി ഉപയോഗിക്കണമെന്നു നിൎദ്ദേശിച്ചിട്ടുണ്ടായിരുന്നാൽ ആ പള്ളിയിൽ ചെന്നു ആരാധിക്കുവാൻ അന്യസമ്പ്രദായക്കാൎക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

(ഉദാഹരണമായി ഷാഫികളുടെ ആരാധനയ്ക്കു പ്രത്യേകമായി സ്ഥാപിച്ചിട്ടുള്ള ഒരു പള്ളിയിൽ ചെന്നു് ആരാധിക്കുവാൻ ഹനഫികൾക്കു അവകാശമില്ല. ഹനഫികൾ ഈ നിയമത്തെ അംഗീകരിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല.)

൱൩൦. ദൈവത്തിനായി സമൎപ്പിച്ചിട്ടുള്ള ഒരു സാധാരണ പള്ളിയിൽ ചെന്നു അവനവന്റെ സമ്പ്രദായമനുസരിച്ചു പ്രാൎത്ഥിക്കുവാൻ യാതൊരു മഹമ്മദീയനും അവകാശമുണ്ടു്.

(ഒരു പള്ളിയിൽ സാധാരണ ആരാധിച്ചുവരുന്നതു് ഹനഫികളായിരുന്നാലും ഒരു ഷാഫിക്കും ആരാധനയിൽ ചേരുവാനുള്ള അവകാശമുണ്ടു്. ഹനഫികൾ അമീൻ എന്ന പദത്തെ മൃദുവായി മന്ത്രിക്കുകയും ഷാഫികൾ അതിനെ ഉറക്കെ ഉച്ചരിക്കുകയും ചെയ്യുന്നു എന്നും മറ്റുമുള്ള ആരാധനക്രമത്തിലെ വ്യത്യാസങ്ങൾ ഇതിനു ബാധകമല്ല.)

---

## ൯–ാം അദ്ധ്യായം.

---

### വിവാഹം.

൱൩൧. മഹമ്മദീയനിയമത്തിൽ വിവാഹം എന്നു വച്ചാൽ ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള സംയോഗത്തെയും അവരിൽ ജനിക്കുന്ന സന്തതിയേയും നിയമദൃഷ്ട്യാ സാധുകരിക്കുന്നതിനായിട്ടുള്ള ഒരു കരാർ ആകുന്നു.

(ഹിന്ദുനിയമത്തിൽ വിവാഹം കേവലം ഒരു കരാർ അല്ല, സംസ്കാരമാകുന്നു. അതിനാൽ ഒരിക്കൽ ചെയ്തുപോയിട്ടുള്ള വിവാഹത്തിന്റെ ബന്ധത്തെ യാതൊരു കാരണവശാലും ഒഴിക്കുവാൻ സാധിക്കുകയില്ല. മഹമ്മദീയനിയമത്തിലാകട്ടെ, ചതിവോ ശക്തിയോ പ്രയോഗിച്ചിട്ടാണു ഒരാളെ വിവാഹബന്ധത്തിൽ ഏർപ്പെടുത്തിയതെങ്കിൽ അയാൾ അതിനെ അസ്ഥിരപ്പെടുത്താവുന്നതാണ്. അയാൾ പുരുഷനാണെങ്കിൽ, അയാൾ പിന്നീട്ട വിവാഹത്തെ സ്ഥിരീകരിക്കാത്തപക്ഷം മഹർ കൊടുക്കണമെന്നുമില്ല.)

൧൨൯. പ്രായപൂർത്തിയും ബുദ്ധിക്കുസ്വാസ്ഥ്യവുമുള്ള യാതൊരു പുരുഷനും സ്വയമേവ വിവാഹബന്ധത്തിൽ ഏർപ്പെടാൻ സ്വാതന്ത്ര്യമുണ്ട്.

(വേറെ തെളിവില്ലാത്തപക്ഷം ൧൫ വയസ്സു പൂർത്തിയാകുമ്പോൾ പ്രായപൂർത്തിയായതായി വിചാരിക്കുന്നതാണ്. പ്രായപൂർത്തിക്കുള്ള വയസ്സു ൧൮ ആണെന്നുള്ള മെജാറിററി റെഗുലേഷനിലെ വ്യവസ്ഥ വിവാഹവിഷയത്തിൽ സംബന്ധിക്കുന്നതല്ല.)

൧൩൦. പ്രായപൂർത്തിയോ ബുദ്ധിക്കുസ്വാസ്ഥ്യമോ ഇല്ലാത്ത യാതൊരു പുരുഷനേയും സ്ത്രീയേയും, അയാളുടെ പിതാവോ പിതാമഹനോ വിവാഹബന്ധത്തിൽ ഏർപ്പെടുത്താവുന്നതാണ്.

(ഹനഫിനിയമപ്രകാരം പിതാവോ പിതാമഹനോ ഇല്ലെങ്കിൽ സഹോദരൻ മുതലായ പിതൃവഴിബന്ധുക്കളും അവരുമില്ലെങ്കിൽ അമ്മ അമ്മാവൻ മുതലായ മാതൃവഴിബന്ധുക്കളും വിവാഹത്തിൽ രക്ഷകസ്ഥാനം വഹിക്കാവുന്നതാണ്. എന്നാൽ ഷാഫിനിയമപ്രകാരം പിതാവോ പിതാമഹനോ ഇല്ലെങ്കിൽ പ്രായപൂർത്തിയില്ലാത്ത ഒരാൾ വിവാഹബന്ധത്തിൽ ഏർപ്പെടാൻ നിവൃത്തിയില്ല.)

൧൩൧. യാതൊരു സ്ത്രീക്കും ഒരു രക്ഷകൻ മുഖാന്തരമല്ലാതെ വിവാഹബന്ധത്തിൽ ഏർപ്പെടാൻ അധികാരമില്ല. വിവാഹത്തിൽ ഒരു സ്ത്രീയുടെ രക്ഷകസ്ഥാനം വഹിക്കാനുള്ള അവകാശം മുറയ്ക്കു് (൧) പിതാവു് (൨)പിതാമഹൻ (൩)൪-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള മുറയ്ക്കു് പിതൃവഴി ബന്ധുക്കൾ (൪) മാതാവു്, (൫)൪-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള മുറയ്ക്കു മാതൃവഴി ബന്ധുക്കൾ എന്നിവർക്കാകുന്നു. (എന്നാൽ സ്ത്രീയ്ക്കു പ്രായപൂർത്തിയായിട്ടില്ലെങ്കിൽ അവളുടെ രക്ഷകസ്ഥാനം വഹിക്കാനുള്ള അവകാശം പിതാവിനും പിതാമഹനും മാ

ത്രമേയുള്ളു. രക്ഷകസ്ഥാനം വഹിക്കാൻ സ്ത്രീകൾക്കു അധികാരമില്ലെന്നുള്ള സംഗതിയും പ്രത്യേകം ഓൎക്കണം.)

(ഹനഫിനിയമപ്രകാരം, സ്ത്രീയ്ക്കു് പ്രായപൂൎത്തിയുണ്ടെങ്കിൽ സ്വയമേവ വിവാഹബന്ധത്തിൽ ഏൎപ്പെടാവുന്നതാണു്. പ്രായപൂൎത്തിയില്ലെങ്കിൽ, പിതാവോ പിതാമഹനോ ഇല്ലാത്തപക്ഷം മുകളിൽ വിവരിച്ചിട്ടുള്ള മററു ബന്ധുക്കൾ രക്ഷകസ്ഥാനം വഹിച്ചു വിവാഹബന്ധത്തിൽ ഏൎപ്പെടുത്താവുന്നതാണു്. സ്ത്രീകൾ രക്ഷകസ്ഥാനം വഹിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥയും ഹനഫിനിയമത്തിൽ ഇല്ല.)

൨൭൮. പിതാവോ പിതാമഹനോ രക്ഷകസ്ഥാനം വഹിച്ചു നടത്തീട്ടുള്ള വിവാഹത്തെ അതു് വിവാഹബന്ധത്തിൽ ഏൎപ്പെട്ടിരിക്കുന്നയാളുടെ വിസമ്മതത്തോടുകൂടിയായിരുന്നാൽപോലും യാതൊരു കാരണത്താലും നിഷേധിക്കാൻ പാടില്ല.

(ഈ വ്യവസ്ഥ പ്രായപൂൎത്തിയുള്ള സ്ത്രീകളെ കൂടി സംബന്ധിക്കുന്നതാണു്. എന്നാൽ പ്രായപൂൎത്തിയുള്ള സ്ത്രീ കന്യകയല്ലെങ്കിൽ സംബന്ധിക്കുകയില്ല. അവരെ സംബന്ധിച്ചു അടുത്ത വകുപ്പു നോക്കുക. ഹനഫിനിയമപ്രകാരം പ്രായപൂൎത്തിയുള്ള സ്ത്രീയ്ക്കു വിവാഹത്തിൽ രക്ഷകന്റെ ആവശ്യമില്ലെന്നു ഓൎക്കേണ്ടതാണു്. കന്യക എന്നുവച്ചാൽ ഒരിക്കലും വിവാഹം നടന്നിട്ടില്ലാത്ത സ്ത്രീയാകുന്നു. ഭൎത്താവിന്റെ മരണമോ വിവാഹമോചനമോ കഴിഞ്ഞാൽ സ്ത്രീയ്ക്കു വീണ്ടും വിവാഹം ആകാമെന്നുള്ള സംഗതി ഓൎക്കേണ്ടതാകുന്നു.)

൨൭൯. പ്രായപൂൎത്തിയുള്ള ഒരു കന്യകയെ അവളുടെ പിതാവും പിതാമഹനും ഒഴിച്ചുള്ള ഏതെങ്കിലും രക്ഷകൻ അവൾക്കു സ്പഷ്ടമായ വിസമ്മതമില്ലാത്തപക്ഷം വിവാഹബന്ധത്തിൽ ഏൎപ്പെടുത്താവുന്നതാണു്.

൨൮൦. കന്യകയല്ലാത്ത പ്രായപൂൎത്തിയുള്ള ഒരു സ്ത്രീയെ അവളുടെ സ്പഷ്ടമായ സമ്മതത്തോടുകൂടി മാത്രമേ യാതൊരു രക്ഷകനും—അതു പിതാവോ പിതാമഹനോ തന്നെ ആയാലും ശരി—വിവാഹബന്ധത്തിൽ ഏൎപ്പെടുത്താൻ പാടുള്ളു. അല്ലെങ്കിൽ വിവാഹം സാധുവായിരിക്കുകയില്ല.

൨൮൧. വിവാഹത്തിനു ഒരു കക്ഷിയുടെ പ്രസ്താവവും മറേറ കക്ഷിയുടെ സ്വീകാരവും ഉണ്ടായിരിക്കണം. സ്ത്രീയ്ക്കോ പ്രായപൂൎത്തി

യില്ലാത്ത പുരുഷനോ വേണ്ടി പ്രസ്താവവും സ്വീകാരവും നടത്തേണ്ടതു അവരുടെ രക്ഷകനാകുന്നു. പുരുഷനോ രക്ഷകനോ വേണ്ടി അവരാൽ നിയമിക്കപ്പെട്ട കാര്യസ്ഥന്മാർ പ്രസ്താവവും സ്വീകാരവും നടത്താവുന്നതാണ്. പ്രസ്താവവും സ്വീകാരവും നടത്തേണ്ടതു പ്രായപൂർത്തിയും ബുദ്ധിക്കു സ്വാസ്ഥ്യവുമുള്ള രണ്ടു മഹമ്മദീയപുരുഷന്മാരുടെ മുമ്പിൽവച്ചും അവർ കേൾക്കെയും വേണ്ടതാകുന്നു. പ്രസ്താവവും സ്വീകാരവും ഒരേ സന്ദർശനാവസരത്തിൽ വേണ്ടതാണ്.

(ഹനഫിനിയമപ്രകാരം സാക്ഷികളായി രണ്ടു പുരുഷന്മാർക്കു പകരം ഒരു പുരുഷനും രണ്ടു സ്ത്രീകളും ഉണ്ടായിരുന്നാലും മതിയാകുന്നതാണ്.)

൨൩൩. സാക്ഷികളെ കൂടാതെ നടത്തുന്ന വിവാഹം കേവലം അസാധുവല്ലെങ്കിലും നിഷിദ്ധമാകുന്നു.

(നിഷിദ്ധവിവാഹത്തിൻെറ ഭവിഷ്യത്തിനെപ്പററി ൨൩൦-ാം-വകുപ്പു നോക്കുക.)

൨൩൪. വേറെ ഒരു പുരുഷൻെറ ഭാര്യയായിരിക്കുന്ന സ്ത്രീയാകട്ടെ, വേറെ നാലു സ്ത്രീകളുടെ ഭർത്താവായിരിക്കുന്ന പുരുഷനാകട്ടെ, വിവാഹബന്ധത്തിൽ ഏർപ്പെടാൻ പാടില്ല.

(ഒരു സ്ത്രീക്കു ഒരേസമയത്തു ഒന്നിലധികം ഭർത്താക്കന്മാരുണ്ടായിരിക്കാൻ പാടില്ലെന്നും ഒരു പുരുഷനു ഒരേ സമയത്തു നാലിൽ അധികം ഭാര്യമാർ ഉണ്ടായിരിക്കാൻ പാടില്ലെന്നുമാണ് മഹമ്മദീയനിയമം. എന്നാൽ ഭർത്താവു വേറെ ഒരു ഭാര്യയെക്കൂടി സ്വീകരിക്കുന്നപക്ഷം വിവാഹബന്ധം ഒഴിക്കുവാൻ തനിക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു ഒരു സ്ത്രീ വിവാഹസമയത്തു തൻെറ വരനുമായി ഉടമ്പടി ചെയ്താൽ ആ ഉടമ്പടി സാധുവായിരിക്കുന്നതാണ്.)

൨൩൫. ഭർത്താവു മരിക്കുകയോ വിവാഹബന്ധം ഒഴിക്കുകയോ ചെയ്താൽ അയാളുടെ ഭാര്യയായിരുന്ന സ്ത്രീ "ഇദ്ദത്ത്" ആചരിക്കേണ്ടകാലത്തു വിവാഹബന്ധത്തിൽ ഏർപ്പെടുന്നതായാൽ ആ വിവാഹം അസാധുവായിരിക്കും.

വിവരണം: വിവാഹമോചനം നിമിത്തമുള്ള ഇദ്ദത്ത് മൂന്നു പ്രാവശ്യം ഋതുവാകുന്നതുവരെയാകുന്നു. ഋതു നിന്നുപോയ സ്ത്രീയാണെങ്കിൽ വിവാഹമോചനത്തീയതി മുതൽ മൂന്നുമാസം തികയുന്നതുവരെയാകുന്നു. ഭർത്താവിൻെറ മരണം നിമിത്തമുള്ള ഇദ്ദത്ത് നാലുമാസവും

൧൦ ദിവസവും കാലത്തേക്കാകുന്നു. എന്നാൽ ഗർഭിണിയായ സ്ത്രീയുടെ ഇദ്ദത്തു് പ്രസവംവരെ അവസാനിക്കുന്നതല്ല.

൧൩൯. ഒരു മഹമ്മദീയപുരുഷൻ ഒരു കിതാബിയായുമായി (മഹമ്മദുമതം, ക്രിസ്തുമതം, ജൂതമതം ഇവയിൽ ഏതെങ്കിലും മതമനുസരിക്കുന്ന സ്ത്രീ) ചെയ്യുന്ന വിവാഹം സാധുവായിരിക്കും. എന്നാൽ ഒരു വിഗ്രഹാരാധനക്കാരിയുമായി ചെയ്യുന്ന വിവാഹം കേവലം അസാധുവല്ലെങ്കിലും നിഷിദ്ധമാകുന്നു. അതുപോലെ, ഒരു മഹമ്മദീയസ്ത്രീ ഒരു അന്യമതസ്ഥനായ പുരുഷനുമായി—അയാൾ കിതാബിയായാലും അല്ലെങ്കിലും ശരി—ചെയ്യുന്നവിവാഹം കേവലം അസാധുവല്ലെങ്കിലും നിഷിദ്ധമാകുന്നു.

൧൪൦. ഒരു പുരുഷൻ താനുമായി രക്തസംബന്ധമുള്ള താഴെപ്പറയുന്ന സ്ത്രീകളെ വിവാഹം കഴിക്കാൻ പാടില്ല. (൧) അമ്മ, (൨) എത്രയോ മേലോട്ടുള്ള അമ്മൂമ്മ (൩) മകൾ, (൪) എത്രയോ കീഴോട്ടുള്ള ചെറുമകൾ, (൫) അച്ഛൻ വഴിയോ അമ്മവഴിയോ രണ്ടുവഴിയിലുമൊ ഉള്ളസഹോദരി, (൬) സഹോദരന്റെയോ സഹോദരിയുടെയോ മകളൊ എത്രയും കീഴോട്ടുള്ള ചെറുമകളൊ (൭) അച്ഛന്റെയൊ അമ്മയുടേയൊ സഹോദരി (൮) അച്ഛൻവഴിയോ അമ്മവഴിയോ എത്രയും മേലോട്ടുള്ള അപ്പൂപ്പന്റെയോ അമ്മൂമ്മയുടേയൊ സഹോദരി.

൧൪൧. ഒരു പുരുഷൻ താനുമായി വൈവാഹികസംബന്ധമുള്ള താഴെപ്പറയുന്ന സ്ത്രീകളെ വിവാഹം കഴിക്കാൻ പാടില്ല. (൧) ഭാര്യയുടെ അമ്മയും എത്രയും മേലോട്ടുള്ള അമ്മൂമ്മയും, (൨) ഭാര്യയുടെമകളും എത്രയോ കീഴോട്ടുള്ള ചെറുമകളും, (൩) അച്ഛന്റെയോ എത്രയോ മേലോട്ടുള്ള പിതാമഹന്റെയോ ഭാര്യ, (൪) മകന്റെയോ എത്രയോ കീഴോട്ടുള്ള മകന്റെ മകന്റെയോ മകളുടെ മകന്റെയോ ഭാര്യ.

൧൪൨. വിവാഹത്തിനുള്ള തടസ്സത്തെ സംബന്ധിച്ചിടത്തോളം വളർത്തുസംബന്ധത്തെയും രക്തസംബന്ധം പോലെതന്നെ കരുതേണ്ടതാണു്. അതായതു, ഒരു പുരുഷൻ തന്റെ വളർത്തമ്മ, വളർത്തമ്മയുടെ മകൾ, സ്വന്തം അമ്മയുടെ വളർത്തുമകൾ, വളർത്തമ്മയുടെ വളർത്തുമകൾ മുതലായ സ്ത്രീകളെ വിവാഹം കഴിക്കാൻ പാടില്ല. എന്നാൽ താഴെപ്പറയുന്ന സ്ത്രീകളെ വിവാഹം കഴിക്കാനു വ്യത്യസ്തമുണ്ടു്. അതായതു, സഹോദരിയുടെ വളർത്തമ്മ, വളർത്തുസഹോദരിയുടെ അമ്മ വളർത്തുമകന്റെ സഹോദരി, വളർത്തുസഹോദരന്റെ സഹോദരി മുതലായവരെയാകുന്നു.

൨൱൩. രണ്ടു സ്ത്രീകളിൽ ഒരുവൾ പുരുഷനായിരുന്നാൽ മററവളെ വിവാഹം കഴിക്കാൻ പാടില്ലാത്ത വിധത്തിൽ അവർ തമ്മിൽ സംബന്ധമുള്ളപക്ഷം അവർരണ്ടുപേരെയും ഒരാൾ ഒരേസമയത്തു ഭാര്യമാരാക്കി വയ്ക്കാൻ പാടില്ലാത്തതാകുന്നു.

(ഒരു സ്ത്രീ ഭാര്യയായിരിക്കുമ്പോൾ തന്നെ അവളുടെ സഹോദരിയെ വിവാഹം ചെയ്യാൻ പാടില്ല. അങ്ങനെയുള്ള വിവാഹത്തിലെ സന്താനങ്ങൾ വിധിപ്രകാരമുള്ളതായിരിക്കുകയോ പിതാവിൻെറ സ്വത്തിനു അവകാശികളായിത്തീരുകയോ ചെയ്കയില്ല. കൽക്കട്ടാ ൩൩-ാം വാല്യം ൫൩൦-ാം വശം നോക്കുക. എന്നാൽ ഭാര്യയുടെ മരണമോ വിവാഹമോചനമോ കഴിഞ്ഞാൽ അവളുടെ സഹോദരിയെ വിവഹിക്കാൻ വിരോധമില്ല.)

൨൱൪. സാധുവായ ഒരു വിവാഹത്തിൽവച്ചു ഭാര്യയ്ക്കു ഭർത്താവിൽനിന്നും മഹർ കിട്ടുന്നതിനും ചെലവു കിട്ടുന്നതിനും ഭർത്താവിൻെറ ഗൃഹത്തിൽ താമസിക്കുന്നതിനും ഉള്ള അവകാശങ്ങൾ സിദ്ധിക്കുകയും, ഭർത്താവിനെ അനുസരിക്കുന്നതിനും സംയോഗത്തിനു അനുവദിക്കുന്നതിനും, അയാളോടു വിശ്വാസമായി പെരുമാറുന്നതിനുമുള്ള ചുമതലകൾ നേരിടുകയും ചെയ്യുന്നു.

൨൱൫. അസാധുവായ ഒരു വിവാഹത്തിൽ നിന്നു മേല്പറഞ്ഞ ഭവിഷ്യത്തുകൾ ഉണ്ടാകയില്ലെന്നു മാത്രമല്ല അതിനെ യാതൊരു സംഗതിയെ സംബന്ധിച്ചും നിയമം അംഗീകരിക്കയില്ല. ആ വിവാഹത്തിൽ നിന്നും ജനിക്കുന്ന സന്തതികൾ വിധിപ്രകാരമുള്ളതായിരിക്കുകയുമില്ല.

൨൱൬. അസാധുവായിരിക്കാതെ കേവലം നിഷിദ്ധം മാത്രമായ വിവാഹത്തിൽ നിന്നും ജനിക്കുന്ന സന്താനങ്ങളെ വിധിപ്രകാരമുള്ള സന്താനങ്ങളായി ഗണിക്കുന്നതാണ്. എന്നാൽ ഭാര്യമരിച്ചാൽ ഭർത്താവോ ഭർത്താവുമരിച്ചാൽ ഭാര്യയോ മരിച്ചയാളുടെ സ്വത്തിനു അവകാശിയായിത്തീരുന്നതല്ല. സംയോഗം നടന്നിട്ടില്ലെങ്കിൽ മഹർ കൊടുക്കാനുള്ള ചുമതലയും ഭർത്താവിനില്ല. ഭർത്താവിൻെറയോ ഭാര്യയുടേയോ ഇഷ്ടംപോലെ എപ്പോഴെങ്കിലും വിവാഹത്തിൽനിന്നും ഒഴിയുകയും ചെയ്യാവുന്നതാണ്.

## ഭാൎയ്യയുടെ സംരക്ഷണം.

൧൨൧. ഭാൎയ്യയെ സംരക്ഷിക്കുന്നതിനു ഭൎത്താവു ചട്ടപ്രകാരം കടപ്പെട്ടവനാകുന്നു. എന്നാൽ സംയോഗത്തിനുവേണ്ടി പ്രായമാകാത്ത ഭാൎയ്യയെ സംരക്ഷിക്കുന്നതിനുള്ള ചുമതല ഭൎത്താവിനില്ല. ഭാൎയ്യ പാതിവ്രത്യത്തോടുകൂടാതെ ഇരിക്കുകയോ, ഭൎത്താവിൻെറ ന്യായമായ ആജ്ഞകളെ അനുസരിക്കാതിരിക്കുകയോ, ഭൎത്താവിനെ സംയോഗത്തിനു അനുവദിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ഭൎത്താവു അവളെ സംരക്ഷിക്കേണമെന്നില്ല. എന്നാൽ ഭാൎയ്യ ഭൎത്താവിനെ അനുസരിക്കാതിരിക്കുകയോ സംയോഗത്തിനനുവദിക്കാതിരിക്കുകയോ ചെയ്യുന്നതു താൽകാലികമഹർ കൊടുത്തില്ല എന്നുള്ള കാരണത്താലാണെങ്കിൽ ഭാൎയ്യയെ സംരക്ഷിക്കുന്നതിനുള്ള ഭൎത്താവിൻെറ ചുമതല നീങ്ങുന്നതല്ല.

൧൨൨. വിവാഹമോചനം പൂൎത്തിയായതിൽ പിന്നെയുള്ള ഇദ്ദത്ത് കാലത്ത് സ്ത്രീ ഗൎഭിണിയായിരുന്നാൽ മാത്രമേ അവളെ സംരക്ഷിക്കുന്നതിനുള്ള ചുമതല പൂൎവഭൎത്താവിനുള്ളു. ഭൎത്താവിൻെറ മരണശേഷമുള്ള ഇദ്ദത്ത് കാലത്തു വിധവയ്ക്കു ഭൎത്താവിൻെറ സ്വത്തിൽ നിന്നു ചെലവിനു കിട്ടുവാനുള്ള അവകാശമില്ല.

(ഹനാഫിനിയമപ്രകാരം, വിവാഹമോചനശേഷമുള്ള ഇദ്ദത്ത് കാലത്തു പൂൎവഭൎത്താവ് ഭാൎയ്യയെ സംരക്ഷിക്കാൻ ഏതായാലും കടപ്പെട്ടവനാകുന്നു.)

൧൨൩. ചെലവിനു കിട്ടാനുള്ള വ്യവഹാരത്തിൽ സാധാരണയായി വിധിത്തീയതി മുതല്ക്കുള്ള ചെലവിൻെറ സംഖ്യമാത്രമേ വിധിച്ചുകിട്ടുകയുള്ളു. എന്നാൽ ചെലവിൻെറ സംഖ്യ ഒരു കരാർമൂലം മുൻകൂട്ടി ക്ലിപ്തപ്പെടുത്തീട്ടുണ്ടെങ്കിൽ ആ നിരക്കിനുള്ള കുടിശ്ശികകൂടി വിധിച്ചുകിട്ടുന്നതാണ്.

(ഭാൎയ്യയെ സംരക്ഷിക്കുന്ന വിഷയത്തിൽ ഉപേക്ഷയോ വിസമ്മതമോ കാണിക്കുന്നയാളെക്കൊണ്ടു ഒരു ഒന്നാംക്ലാസ്സ മജിസ്ട്രേട്ടു ക്രിമിനൽപ്രൊസീഡിയർകോഡ് ൪൮൮-ാംവകുപ്പിൻപ്രകാരം (തിരുവിതാംകൂറിൽ ൩൩൩-ാംവകുപ്പു) പ്രതിമാസം ൦ രൂപായിൽ കവിയാത്ത സംഖ്യ ചെലവിനു കൊടുപ്പിക്കാവുന്നതാണ്.)

## ദാമ്പത്യാവകാശത്തിനുള്ള വ്യവഹാരം.

൧൨൪. ഭാൎയ്യ തൻെറ ഭൎത്താവുമായി ന്യായമായ കാരണംകൂടാതെ സഹവസിക്കുവാൻ വിസമ്മതിക്കുന്നപക്ഷം ഭൎത്താവു ദാമ്പത്യാ

വകാശലാഭത്തിനായി വ്യവഹാരപ്പെടാവുന്നതാണു്. മൂറിൻെറ ഇൻഡ്യൻ അപ്പീൽസ് ൭൭-ാം വാല്യം ൫൭൭-ാംവശം മുൻഷി ബസ്ലൂർ ബഹീമിൻെറ കേസ്സ നോക്കുക.)

൭൭. ഭാൎയ്യ ഭൎത്താവുമായി സഹവസിക്കാത്തതു ഭൎത്താവിൽനിന്നു നേരിടുന്ന അപായകരമായ ക്രൂരതനിമിത്തമോ, ഭാൎയ്യയെ സംരക്ഷിക്കാനും തൻെറ ഗൃഹത്തിൽ താമസിപ്പിക്കാനുമുള്ള ചുമതലയെ നിവ്വഹിക്കുന്നതിൽ ഭൎത്താവു കാണിക്കുന്നതായ അധികമായ ഉപേക്ഷനിമിത്തമോ ആണെന്നു ശരിയായി തെളിയുന്നപക്ഷം ഭൎത്താവിനു ദാമ്പത്ത്യാവകാശലാഭത്തിനുള്ള വിധി കിട്ടുന്നതല്ല.

൭൮. ഭൎത്താവു തനിക്കു തരേണ്ടതായ തൽകാലമഹർ തന്നിട്ടില്ലെന്നുള്ള കാരണത്താലാണു ഭാൎയ്യ സഹവസിക്കാത്തതെങ്കിലും, ഭൎത്താവിനു ദാമ്പത്ത്യാവകാശലാഭത്തിനു വിധി കിട്ടുന്നതല്ല.

(ബോംബെ ൯൫-ാംവാല്യം ൨൪൯-ാംവശം ഹുസൈൻഖാൻ സർദ്ദാഖാൻെറ കേസ്സ നോക്കുക. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ ഒരിക്കലെങ്കിലും സംഭോഗം നടന്നിട്ടുള്ള പക്ഷം തൽകാലമഹർ കൊടുത്തിട്ടില്ലെന്നുള്ള കാരണത്താൽ ഭൎത്താവിനു ദാമ്പത്ത്യാവകാശലാഭത്തിനു വിധി കൊടുക്കാതിരിക്കാൻ പാടില്ലെന്നു പല കേസ്സുകളിലും തീരുമാനിച്ചിട്ടുണ്ടു്. ഉദാഹരണമായി ബോംബെ ൧൦-ാംവാല്യം ൭൨൨-ാംവശം ബായിഫൻസായുടെ കേസ്സ നോക്കുക എന്നാൽ ഈ അഭിപ്രായത്തെ അമീർ അലി തൻെറ മഹമ്മദീയനിയമപുസ്തകത്തിൽ കർശനമായി ഖണ്ഡിച്ചിട്ടുണ്ടു്.)

൭൯. ഭാൎയ്യയ്ക്കു അവളുടെ മാതാപിതാക്കന്മാരോടുകൂടി താമസിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നോ, ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ മത്സരാരഞ്ജാലം കുറയുന്നപക്ഷം ഭാൎയ്യയ്ക്കു ഭൎത്താവിൽനിന്നും പിരിഞ്ഞു താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നോ വിവാഹത്തിനു മുമ്പായാലും ശരി, പിന്നായാലും ശരി, കരാർചെയ്യുന്നപക്ഷം ആ കരാർ സാധുവായിരിക്കുന്നതല്ല (ബോംബെ ലാറിപ്പോർട്ടർ ൯-ാംവാല്യം ൭൭൪-ാംവശം അബ്ദുലിൻെറ കേസ്സും, ൧-ാംവാല്യം ൧൦൨-ാംവശം മെഹറാലിയുടെ കേസ്സും നോക്കുക.

## പത്താം അദ്ധ്യായം.

---

### മഹർ.

൧൭൪. "മഹർ" എന്നു വച്ചാൽ വിവാഹത്തിനു പ്രതിഫലമായി ഭർത്താവിൽനിന്നു ഭാൎയ്യക്കു കിട്ടാനവകാശമുള്ള പണമോ മറേറതെങ്കിലും വസ്തുവോ ആകുന്നു.

(മഹമ്മദീയ നിയമത്തിൻെറ ദൃഷ്ടിയിൽ വിവാഹം എന്നു വച്ചാൽ വില്പനയുടെ ഒരു വകഭേദമാകുന്നു. വിവാഹത്തിൽ ഭാൎയ്യ വില്ക്കപ്പെടുന്ന വസ്തുവും ഭർത്താവു അതിനെ വാങ്ങുന്നയാളും മഹർ അതിൻെറ വിലയുമാകുന്നു. ഭർത്താവിനു തൻെറ ഇഷ്ടംപോലെ ഭാൎയ്യയെ ചൊല്ലിയൊഴിയാമെന്നുള്ളതിനാൽ യാതൊരു കാരണവും കൂടാതെ ഭർത്താവു തോന്ന്യാസമായി ചൊല്ലിയൊഴിയാതിരിക്കുന്നതിന് മഹർ നല്ല ഒരു ഉപായമാകുന്നു.)

൧൭൫. ഭർത്താവിനു തൻെറ ഇഷ്ടംപോലെയുള്ള മഹറിനു കരാർ ചെയ്യാവുന്നതാണ്. കരാർ ചെയ്യുന്ന തുക തൻെറ സ്വത്തിനേക്കാൾ കൂടുതലാണെന്നോ, മഹർ കൊടുത്തുകഴിഞ്ഞാൽ തൻെറ അവകാശിക്കു യാതൊന്നും ഉണ്ടായിരിക്കുകയില്ലെന്നോ ഉള്ള കാരണത്താൽ കരാർ ചെയ്യുന്ന തുക അസാധുവായിത്തീരുന്നതല്ല.

(മഹറിന്നായുള്ള വ്യവഹാരത്തിൽ കരാർ അനുസരിച്ചുള്ള മുഴുവൻ തുകയ്ക്കും വിധി കൊടുക്കേണ്ടതാണ്. ഹനഫിനിയമത്തിലെപ്പോലെ മഹർ ഒരിക്കലും പത്തുദിറത്തിൽ കുറഞ്ഞുപോകരുതെന്നുള്ള വ്യവസ്ഥ ഷാഫിനിയമത്തിൽ ഇല്ല. എങ്കിലും കരാർ ചെയ്യുന്നതായ വസ്തുവിനു നിയമദൃഷ്ട്യാ എന്തെങ്കിലും ഒരു വിലയുണ്ടായിരിക്കണം. മഹർ പത്തുദിറത്തിൽ കുറയുകയോ അഞ്ഞൂറുദിറത്തിൽ കൂടുകയോ ചെയ്യുന്നതു് നന്നല്ലെന്നാണു ശിഷ്ടന്മാരുടെ അഭിപ്രായം. ഒരു ദിറം എന്നുവെച്ചാൽ ഉദ്ദേശം നാൽ ശ്രുപയാകുന്നു.)

൧൭൬. മഹറിൻെറ തുക വിവാഹത്തിനു മുമ്പോ വിവാഹസമയത്തോ വിവാഹത്തിനു ശേഷമോ നിശ്ചയിക്കാവുന്നതാണ്. (ബൊംബെ ൩൨-ാം വാല്യം ൨൯൩-ാം വശം) ഭർത്താവു മൈനരാണെങ്കിൽ ഭർത്താവിൻെറ അച്ഛൻ മഹറിനു കരാർ ചെയ്യാവുന്നതും അതു മൈനരെ ബന്ധിക്കുന്നതുമാകുന്നു. (കൽക്കട്ടാ വീക്കലിനോട്ട്സ് ൧൨-ാം വാല്യം ൧൭൨-ാം വശം.)

൩൭. മഹറിൻെറ തുക കൃത്യപ്പെടുത്തീട്ടില്ലാത്ത പക്ഷം മഹർ ഇ-മിസ്ൽ (ന്യായമായ മഹർ) കിട്ടുന്നതിനു ഭാൎയ്യക്കു അവകാശമുണ്ടു്. ഭാൎയ്യ മഹർ അവശ്യപ്പെടാൻ പാടില്ലെന്നു വിവാഹസമയത്തു വ്യവസ്ഥചെയ്തിരുന്നാൽപോലും മഹർ-ഇ-മിസ്ൽ അവശ്യപ്പെടാവുന്നതാണു്. മഹർ-ഇ-മിസ്ലിൻെറ തുക സ്ത്രീയുടെ പിതൃകുടുംബത്തിൽ ജനിച്ച മററു സ്ത്രീകൾക്കു കിട്ടുന്നതായ മഹറിൻെറ തുകയെ അശ്രയിച്ചിരിക്കും.

(മഹറിനെ സംബന്ധിച്ച പ്രത്യേകമായ ഒരു കരാർ ഇല്ലെങ്കിൽ മാത്രമേ മഹർ-ഇ-മിസ്ൽ അവശ്യപ്പെടാൻപാടുള്ളൂ. മഹറിനെ സംബന്ധിച്ച കരാർ ഉണ്ടെന്നു ഇരുകക്ഷികളും സമ്മതിക്കുകയും എന്നാൽ കരാറിലെ വ്യവസ്ഥകൾ ഇന്നതാണെന്നുള്ളതിനെപ്പററി തൎക്കമുണ്ടാകയും ചെയ്താൽ അതിനെ തീരമാനിക്കാൻ സഹായിക്കുന്നതായ ഒരു തെളിവായിട്ടു മാത്രമേ മഹർ-ഇ-മിസ്ലിനെ സ്വീകരിക്കാൻപാടുള്ളൂ. പ്രത്യേകകരാറില്ലാത്തപക്ഷം മഹറിൻെറ തുക ൻ൫ ഉറുപ്പികയായിരിക്കണമെന്നു ഈ ദേശത്തു ചില സ്ഥലങ്ങളിൽ അഭിപ്രായമുള്ളതായി കാണുന്നു.)

൩൮. മഹറിനെ സാധാരണയായി തൽക്കാലമഹർ എന്നും അനന്തരമഹർ എന്നും രണ്ടായി പിരിക്കാറുണ്ടു്. തൽക്കാല മഹർ അവശ്യപ്പെടുമ്പോൾ കൊടുക്കേണ്ടതും, അനന്തരമഹർ മരണത്താലോ വിവാഹമോചനത്താലോ ഭാൎയ്യാഭൎത്തൃസംബന്ധം അവസാനിക്കുമ്പോൾ കൊടുക്കേണ്ടതുമാകുന്നു.

മഹറിൻെറ ഇത്രഭാഗം തൽക്കാലമഹറും ശിഷ്ടം അനന്തരമഹറും ആയിരിക്കണമെന്നു കരാർ ചെയ്തിട്ടില്ലാത്തപക്ഷം അതു നാട്ടുനടപ്പിനെ അശ്രയിച്ചിരിക്കും. നാട്ടുനടപ്പില്ലാത്തപക്ഷം ഭാൎയ്യാഭൎത്താക്കന്മാരുടെ സ്ഥിതിയേയും മഹറിൻെറ മൊത്തം സംഖ്യയേയും അശ്രയിച്ചിരിക്കും.

(അലഹബാദ് ൩-ാം വാല്യം ൩൨൯-ാം വശത്തിലെ കേസ്സിൽ മൊത്തം സംഖ്യയായ ൫൦൦൦ ഉറുപ്പികയുടെ ൧/൫ ഭാഗത്തെ തൽക്കാലമഹറായി വിധിച്ചുകൊടുത്തു. ഈ കേസ്സിൽ ഭാൎയ്യവേശ്യയായിരുന്നു. അതേ വാല്യത്തിൽ ൭൦൩-ാം വശത്തിലെ കേസ്സിൽ ൫൧൦൦൦ ഉറുപ്പികയുടെ ൧/൩ ഭാഗം വിധിച്ചുകൊടുത്തു. ബോംബെ ഹൈക്കോർട്ടു റിപ്പോർട്ട്സ് ൨-ാം വാല്യം ൨൬൧-ാം വശത്തിലെ കേസ്സിലും ൧/൩ അണ വിധിച്ചു കൊടുത്തതു്.)

൧൯൯. തൽക്കാലമഹർ കൊടുക്കാത്തപക്ഷം ഭാൎയ്യയ്ക്കു ഭൎത്താവിൻെറ ആജ്ഞകളെ അനുസരിക്കാതിരിക്കുന്നതിനും ഭൎത്താവിനെ സംയോഗത്തിനു അനുവദിക്കാതിരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്.

൨൱. മഹർ എന്നതു ഭൎത്താവു ഭാൎയ്യയ്ക്കു കൊടുത്തുതീൎക്കാനുള്ള ഒരു കടമാകയാൽ ഭൎത്താവിൻെറ മരണശേഷം ഭൎത്താവിൻെറ സ്വത്തിൽ നിന്നും അതിനെ കൊടുക്കേണ്ടതാണു്. മററു കടങ്ങൾക്കൊപ്പം അതു കൂടി കൊടുത്തുകഴിഞ്ഞിട്ടേ അന്ത്യദാനക്കാൎക്കും പിന്തുടൎച്ചക്കാൎക്കും സ്വത്തു വീതിച്ചുകൊടുക്കാൻ പാടുള്ളു.

(കടക്കാരെ തോല്പിക്കാനുള്ള ഉദ്ദേശത്തോടുകൂടി ഭൎത്താവിൻെറ സ്വത്തിനെ അന്യാധീനപ്പെടുത്തീട്ടുണ്ടെങ്കിൽ ആ അന്യാധീനം മഹർ കിട്ടാനുള്ള അവകാശത്തെ ബാധിക്കുന്നതല്ല )

൨൱൧. ഭൎത്താവിൻെറ വല്ല സ്വത്തും ഭാൎയ്യയുടെ കയ്യിൽ ന്യായമായി വന്നുചേൎന്നിട്ടുണ്ടെങ്കിൽ തൻെറ മഹർ മുഴുവനും കിട്ടുന്നതുവരെ ആ സ്വത്തിനെ ഭൎത്താവിൻെറ മററു അവകാശികൾക്കു വിട്ടുകൊടുക്കാതിരിക്കുന്നതിനുള്ള അധികാരം ഭാൎയ്യയ്ക്കുണ്ടു്. എന്നാൽ സ്വത്തു ഭാൎയ്യയുടെ കയ്യിൽ വന്നുചേൎന്നതു നിയമവിരുദ്ധമായിട്ടോ ചതിവോ ബലമോ പ്രയോഗിച്ചിട്ടോ ആണെങ്കിൽ ഈ അധികാരം ഉണ്ടായിരിക്കുന്നതല്ല. (മൂഷ്സ് ഇൻഡ്യൻ അപ്പീൽസ് ൧൨-ാം വാല്യം ൩൭൭-ാം വശത്തുള്ള ബീബി ബച്ചുനിൻെറ കേസും കൽക്കട്ടാ ൩൯-ാം വാല്യം ൧൨൦-ാം വശത്തുള്ള ഉമാത്തുൽ മെഹ്ദിയുടെ കേസും നോക്കുക.

൨൱൨. മേൽപ്രകാരം ഭാൎയ്യയുടെകൈവശത്തിലുള്ള സ്വത്തിൻെറ ആദായത്തെ ഭൎത്താവിൻെറ മററു അവകാശികൾ ആവശ്യപ്പെട്ടാൽ ബോധ്യപ്പെടുത്തേണ്ടതാകുന്നു. എന്നാൽ അപ്പോൾ മഹറിൻെറ സംഖ്യയ്ക്കു ന്യായമായ പലിശകൂടി ഭാൎയ്യയ്ക്കു കിട്ടുന്നതാണു്. (അലഹബാദ് ൩൩-ാം വാല്യം ൧൭൩-ാം വശം ഹമീരാ ബീബിയുടേയും കൽക്കട്ടാ ൩൭-ാം വാല്യം ൪൬൮-ാം വശം സാഹെബ്ജാനിൻെറയും കേസ്സുകൾ നോക്കുക.)

൨൱൩. തൽക്കാലമഹർ ആവശ്യപ്പെടുകയും അതിനെ നിഷേധിക്കുകയും ചെയ്തതു മുതൽ മൂന്നുവൎഷം കഴിഞ്ഞാൽ അതിനായുള്ള വ്യവഹാരം കാലഹരണപ്പെടുന്നതാണു്. അങ്ങനെ ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ കാലഹരണപ്പെടുന്നതു മരണമോ വിവാഹമോചനമോ നിമിത്തം വിവാഹബന്ധം ഒഴിയുന്നതുമുതൽ മൂന്നുവൎഷത്തിനു ശേഷ

മാകുന്നു. അനന്തരമഹറിനായുള്ള വ്യവഹാരം കാലഹരണപ്പെട്ടുന്നതും മേൽപ്രകാരം വിവാഹബന്ധമൊഴിയുന്നതുമുതൽ മൂന്നുവൎഷത്തിനു ശേഷമാകുന്നു.

# പതിനൊന്നാം അദ്ധ്യായം.

## വിവാഹമോചനം.

൧൱൭. മഹമ്മദീയനിയമപ്രകാരം വിവാഹബന്ധം ഒഴിക്കുന്നതിനു മൂന്നു മാൎഗ്ഗങ്ങളുണ്ട്. (൧) ഭൎത്താവിന്റെ ഇഷ്ടംപോലെ എപ്പോഴെങ്കിലും ഒഴിക്കാം. ഇതിനു 'തലാക്' എന്നു പേർ. (൨) ഭൎത്താവും ഭാൎയ്യയും യോജിച്ചു ഒഴിക്കാം. ഇതിനു ഖുലാ എന്നും മുബാറത്ത് എന്നും പേർ. (൩) ഭൎത്താവോ ഭാൎയ്യയോ ഇതിനായി വ്യവഹാരപ്പെട്ടു കോടതിയിൽനിന്നു വിധി സമ്പാദിക്കാം.

൧൱൮. പ്രായപൂൎത്തിയും ബുദ്ധിക്കു സ്വാസ്ഥ്യവുമുള്ള യാതൊരു മഹമ്മദീയപുരുഷനും തന്റെ ഭാൎയ്യയുടെ പേരിൽ യാതൊരു കുറവും കാണാതെയും യാതൊരു കാരണവും പറയാതെയും അവളുമായിട്ടുള്ള വിവാഹബന്ധത്തിൽനിന്നും ഒഴിയാനുള്ള സ്വാതന്ത്ര്യമുണ്ട്. (തലാക്)

൧൱൯. തലാക്കിനു ഇന്ന വാക്കുകൾതന്നെ ഉപയോഗിക്കണമെന്നു നിൎബന്ധമില്ല. എന്നാൽ ഉപയോഗിക്കുന്ന വാക്കുകളിൽനിന്നു ഭൎത്താവിനു വിവാഹബന്ധം ഒഴിക്കണമെന്നുള്ള വിചാരമുള്ളതായി സ്പഷ്ടമായി വെളിവാകണം. (മദ്രാസ്സ് ൧൨-ാം വാല്യം ൩൩-ാം വശം, അലഹബാദ് ൩൬-ാം വാല്യം ൪൭-ാം വശം എന്നിവ നോക്കുക.)

തലാക് സാധുവായിരിക്കുന്നതിനു അതിനുള്ള വാക്കുകൾ ഭാൎയ്യയോടുതന്നെയോ ഭാൎയ്യയുടെ മുമ്പിൽ വച്ചോ ചൊല്ലണമെന്നു നിൎബന്ധമില്ല. (ബോംബെ ൩൦-ാം വാല്യം ൫൩൭-ാം വശം, മദ്രാസ് ൩൩-ാം വാല്യം ൨൨-ാം വശം, കല്ക്കട്ടാ ൩൬-ാം വാല്യം ൧൮൪-ാം വശം എന്നിവ നോക്കുക.)

൧൱൰. സംയോഗം നടന്നു കഴിഞ്ഞാൽ തലാക്മൂലം വിവാഹബന്ധം ഒഴിയുന്നതിനു മൂന്നു വഴികളുണ്ട്. (൧) തലാക്അഹ്സൻ — ഒരിക്കൽ തലാക് ചൊല്ലീട്ടു ഇദ്ദത്ത്കാലത്തേക്കു സംഭോഗം ചെയ്യാതിരിക്കുക; (൨) തലാക്ഹസൻ — ഓരോ ഋതുമാസത്തിൽ ഒരിക്കൽവീതം

മൂന്നുപ്രാവശ്യം തലാക് ചൊല്ലീട്ട മൂന്നാമതു ചൊല്ലുന്നതുവരെയ്ക്കും സംഭോഗം ചെയ്യാതിരിക്കുക; (ബ) തലാക് ഉൽബിദഅത്ത് —ഒന്നിച്ചു തന്നെയോ ഒരേ ഋതുമാസത്തിൽ തന്നെയോ മൂന്നുപ്രാവശ്യം ചൊല്ലുക. (ബോംബേ ൧-ാം വാല്യം ൫൨൦-ാം വശം അബ്ദുൽ അലിയുടെ കേസ്സ നോക്കുക.)

മോചനം പിൻവലിക്കാൻ പാടില്ലാത്ത വിധത്തിൽ ചൊല്ലിയൊഴിയണമെന്നുള്ള ഉദ്ദേശം സ്പഷ്ടമാകത്തക്കവണ്ണം ഒരിക്കൽ ചൊല്ലിയാലും തലാക്ഉൽബിദഅത്തിനു മതിയാകുന്നതാണ്. (ബോംബേ ൩൦-ാം വാല്യം ൫൩൧-ാം വശം സാറാബായിയുടെ കേസ്സ നോക്കുക.)

(തലാക്ഉൽബിദഅത്ത് മതദൃഷ്ട്യാ അത്ര പ്രശസ്തമല്ല. "പിൻവലിക്കാൻ പാടില്ലാത്ത തലാക്മൂലം ഞാൻ നിന്നെ ചൊല്ലിയൊഴിഞ്ഞിരിക്കുന്നു" എന്നു ഒരിക്കൽ പറഞ്ഞാലും തലാക്ഉൽബിദഅത്ത് ആയിരിക്കുന്നതാണ്. ഋതുവായിരിക്കുമ്പോൾ തലാക്ഉൽബിദഅത്ത് ചൊല്ലിയാൽ അതു പൂർണ്ണമായിത്തീരുന്നില്ലെന്നും, ഇദ്ദത്ത് കാലത്തിനകം അതിനെ പിൻവലിക്കാവുന്നതാണെന്നും പറയുന്നു. രേഖാമൂലമുള്ള തലാക്കിനെ സാധാരണയായി തലാക്ഉൽബിദഅത്തിന്റെ കൂട്ടത്തിൽ ഗണിക്കാവുന്നതാണ്.)

൧൩൭. തലാക്അഹ്സൻ ഇദ്ദത്ത്കാലത്തിനു ശേഷവും, തലാക്ഹസൻ മൂന്നാമത്തെ ചൊല്ലിനു ശേഷവും തലാക്ഉൽബിദഅത്ത് ചൊല്ലിയ ഉടനേയും പൂർത്തിയാകുന്നതാണ്. പൂർത്തിയായതിൽ പിന്നെ തലാക്കിനെ പിൻവലിക്കാവുന്നതല്ല. എന്നാൽ തലാക് അഹ്സനും തലാക് ഹസനും പൂർത്തിയാകുന്നതിനു മുമ്പു സ്പഷ്ടമായ പ്രസ്താവംമൂലം പിൻവലിക്കാവുന്നതാണ്.

(ഏതു തലാക്കായാലും ഭാര്യ ഇദ്ദത്ത് ആചരിക്കുകതന്നെവേണം. ഹനഫിനിയമപ്രകാരം അപൂർണ്ണമായ തലാക് പിൻവലിക്കുന്നതു പ്രസ്താവംമൂലംതന്നെ വേണമെന്നില്ല. ഭാര്യയുമായി സംഭോഗംചെയ്താലും പിൻവലിക്കപ്പെട്ടതായി വിചാരിക്കുന്നതാണ്.)

൧൩൮. ന്യായമായ ഏതെങ്കിലും പ്രത്യേക സംഗതിവശാൽ വിവാഹബന്ധത്തിൽനിന്നും ഒഴിയുന്നതിനു ഭാര്യയ്ക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു വിവാഹത്തിനു മുമ്പു കരാർ ചെയ്തിരുന്നാൽ ആ പ്രത്യേകസംഗതികൾ സംഭവിച്ചതിൽപിന്നെ എപ്പോഴെങ്കിലും ഭാര്യ തന്നെ ചൊല്ലിയൊഴിയാവുന്നതാണ്. അതിനു ഭർത്താവു ചൊല്ലിയൊ

ടിയുന്നതുപോലെയുള്ള ഫലമുണ്ടായിരിക്കും. (കല്ക്കട്ടാ ൮-ാം വാല്യം ൩൨൭-ാം വശം ഹമിദൂലായുടെ കേസ്സും ൩൩-ാം വാല്യം ൨൫-ാം വശം അയത്തുന്നിസ്സാബീബിയുടെ കേസ്സും നോക്കുക.)

(ഹമിദൂലായുടെ കേസ്സ് — താൻ ആവശ്യപ്പെടുമ്പോൾ ഭാര്യക്കു രൂപാ മഹർ കൊടുക്കണമെന്നും തന്നെ അടിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യരുതെന്നും ആണ്ടിൽ നാലുപ്രാവശ്യം തന്നെ അച്ഛന്റെ വീട്ടിലേക്കു കൊണ്ടുപോകണമെന്നും ഈ വ്യവസ്ഥകൾക്കു എന്തെങ്കിലും വിഘ്നം വരുത്തിയാൽ വിവാഹബന്ധത്തിൽനിന്നും ചൊല്ലിയൊഴിയുന്നതിനു തനിക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും വിവാഹത്തിനുമുമ്പുതന്നെ ഒരു സ്ത്രീ വരനുമായി കരാർചെയ്തു. വിവാഹത്തിനുശേഷം കുറേക്കാലം കഴിഞ്ഞിട്ടു ഭർത്താവു മഹർ തന്നില്ലെന്നും തന്നെ ഉപദ്രവിച്ചുവെന്നുമുള്ള കാരണങ്ങളാൽ ഭാര്യ ചൊല്ലിയൊഴിഞ്ഞു. കരാറിലെ വ്യവസ്ഥകൾ ന്യായവും മഹമ്മദീയനിയമത്തിന്റെ നയത്തിനു അവിരുദ്ധവുമാകയാൽ വിവാഹമോചനം സാധുവാണെന്നു തീരുമാനിച്ചു ദാമ്പത്യാവകാശങ്ങൾക്കായുള്ള ഭർത്താവിന്റെ അന്യായം തള്ളി.

അയത്തുന്നിസ്സായുടെ കേസ്സ്:— ഭർത്താവു രണ്ടാമതൊരു ഭാര്യയെ സ്വീകരിച്ചാൽ ആദ്യത്തെ ഭാര്യയ്ക്കു വിവാഹമോചനസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നായിരുന്നു ഈ കേസ്സിലെ കരാർ. എന്നാൽ രണ്ടാം വിവാഹത്തെപ്പററി കേട്ട ഉടൻതന്നെ ആദ്യഭാര്യ ചൊല്ലിയൊഴിഞ്ഞില്ല. കുറച്ചുകാലം കഴിഞ്ഞിട്ടാണു് ഒഴിഞ്ഞതു്. എങ്കിലും വിവാഹമോചനം സാധുതന്നെ എന്നു വിധിച്ചു.)

൭൦. ഒരാളെ ഭയപ്പെടുത്തി നിർബ്ബന്ധിച്ചോ അയാളുടെ അറിവോ സമ്മതമോ കൂടാതെ മദ്യം സേവിപ്പിച്ചോ അയാളെക്കൊണ്ടു വിവാഹമോചനം ചെയ്യിച്ചാൽ അതു സാധുവായിരിക്കുകയില്ല.

(സ്വന്തമനസ്സാലെ മദ്യം സേവിച്ചു മതിമറന്നിരിക്കുമ്പോൾ വിവാഹമോചനം ചെയ്താൽ സാധുവായിത്തന്നെയിരിക്കും. ഹനഫിനിയമപ്രകാരം ഭയപ്പെടുത്തിയും നിർബ്ബന്ധിച്ചും ചെയ്യിക്കപ്പെടുന്ന വിവാഹമോചനവും സാധുവാകുന്നു.)

൭൧. ഖുലാ — ഭാര്യയുടെ സമ്മതത്തോടൊ ആവശ്യത്തോടെ കൂടിയും, അവൾ കൊടുക്കുകയോ സമ്മതിക്കുകയോ ചെയ്യുന്നതായ വല്ല പ്രതിഫലത്തെ കരുതിയും ഭർത്താവു ചെയ്യുന്ന വിവാഹമോചനത്തെ

ഖുലാ എന്നു പറയുന്നു. പ്രതിഫലമായി ഭാര്യ തന്റെ മഹറിന്നും മററുമുള്ള അവകാശം വിടുകയോ ഭർത്താവുമായി വേറെ ഏതെങ്കിലും കരാർ ചെയ്കയോ ചെയ്യാവുന്നതാണ്. ഭർത്താവു ചൊല്ലിയൊഴിഞ്ഞ യുടനെതന്നെ ഖുലാ പൂർത്തിയാകുന്നതാണ്. അതിനെ പിന്നെ പിൻ വലിക്കാൻ പാടില്ല. ഭാര്യ വാഗ്ദാനംചെയ്ത പ്രതിഫലം കൊടുക്കാ തിരുന്നാലും വിവാഹമോചനം അസാധുവായിത്തീരുന്നതല്ല. എന്നാൽ ഭർത്താവു ആ പ്രതിഫലത്തെ വ്യവഹാരംമൂലം ഈടാക്കാവുന്നതാണ്. (മൂറിന്റെ ഇൻഡ്യൻഅപ്പീൽസ് ൮-ാം വാല്യം ൩൮൩-ാം വശം മുൻ ഷിബുസുൽഉൽറഹീമിന്റെ കേസ്സു നോക്കുക.)

൧൨. മുബാറത്ത്—ഭാര്യാഭർത്താക്കന്മാരുടെ അന്യോന്യസമ്മത പ്രകാരമുള്ള വിവാഹമോചനമാണു ഇത്. ഇതും ചൊല്ലിയ ഉടനെ പൂർത്തിയാകുന്നതും പിൻവലിക്കാൻ പാടില്ലാത്തതും ആണ്. (ഇതിൽ ഭാര്യ ഭർത്താവിനു പ്രതിഫലം കൊടുക്കുന്നില്ലെന്നുള്ളതാണ് ഇതും ഖുലായും തമ്മിലുള്ള വ്യത്യാസം.)

൧൩. ഖുലാ,മുബാറത്ത് എന്നീ മാർഗ്ഗങ്ങളിൽകൂടിയല്ലാതെ സ്വയമായി വിവാഹബന്ധത്തിൽനിന്നും ഒഴിയുന്നതിനു ഭാര്യയ്ക്കു സ്വാതന്ത്ര്യമില്ല. എന്നാൽ (൧) ഭർത്താവിനുള്ള ചില രോഗങ്ങൾ (൨) ഭർത്താവു തന്റെമേൽ ചെയ്യുന്ന വ്യഭിചാരദോഷാരോപം (൩) സംര ക്ഷിക്കാതിരിക്കൽ എന്നീ കാരണങ്ങളാൽ ഭാര്യ വിവാഹമോചനത്തി നായി വ്യവഹാരപ്പെടാവുന്നതാണ്.

൧൪. ഭർത്താവിന്റെ ഷണ്ഡത്വം—ഭർത്താവിന്റെ ഷണ്ഡ ത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവഹാരത്തിൽ വിധി കൊടു ക്കണമെങ്കിൽ (൧) വിവാഹകാലത്തുതന്നെ ഷണ്ഡത്വമുണ്ടായിരുന്നു വെന്നും (൨) ആ കാലത്തു ഭാര്യയ്ക്കു അതിനെപ്പററി അറിവില്ലായിരു ന്നുവെന്നും തെളിഞ്ഞിരിക്കണം. ഈ സംഗതികൾ തെളിഞ്ഞാൽ ഷണ്ഡത്വം സഹജമോ ആഗന്തുകമോ എന്നറിയാനായി കേസ്സു ഒരു വർഷത്തേക്കു മാററിവയ്ക്കും. ഈ സമയത്തിനകം ഷണ്ഡത്വം തീർന്നു പോകാത്തപക്ഷം ഭാര്യ അപേക്ഷിച്ചാൽ വിവാഹമോചനം വിധിച്ചു കൊടുക്കുന്നതാണ്. വിധിയായിപ്പോയാൽപിന്നെ ആ വിവാഹമോ ചനം പിൻവലിക്കാൻ പാടില്ല.

(കേസ്സു മാററിവയ്ക്കേണ്ടതു അന്യായത്തീയതിമുതൽ ഒരുവർഷം തികയുന്ന തീയതിയിലേക്കാണെന്നു ഒരു അഭിപ്രായമുണ്ട്. എന്നാൽ ബോംബെ ൨൧-ാം വാല്യം ൭-ാം വശത്തു റിപ്പോർട്ടുചെയ്തിരിക്കുന്ന കേസ്സിൽ ഉത്തരവുതീയതിമുതൽ ഒരു വർഷത്തേക്കാണു മാററിവച്ചതു.

ഒരു വർഷം മുന്നൂറ്റി ദിവസങ്ങളടങ്ങിയ സൌരവർഷമോ മുന്നൂറു ദിവസങ്ങളടങ്ങിയ ചാന്ദ്രവർഷമോ എന്നുള്ളതിലും അഭിപ്രായവ്യത്യാസമുണ്ട്.)

൱൭. വ്യഭിചാരദോഷാരോപം (ലഅാൻ)— ഭർത്താവു തന്റെ ഭാര്യയുടെമേൽ വ്യഭിചാരദോഷത്തെ ആരോപിക്കുകയാണെങ്കിൽ ഭാര്യ ആ കാരണത്താൽ വിവാഹമോചനത്തിനായി വ്യവഹാരപ്പെടാം. എന്നാൽ വ്യഭിചാരദോഷാരോപത്താൽ വ്യവഹാരം കൂടാതെ വിവാഹബന്ധം സ്വയമേവ ഒഴിഞ്ഞുപോകുന്നതല്ല.

(ഭാര്യയെ സംരക്ഷിക്കാതിരിക്കുക, മഹർ കൊടുക്കാതിരിക്കുക, നിർദ്ദയമായി പെരുമാറുക എന്നീ കാരണങ്ങൾ ഭാര്യ വിവാഹമോചനത്തിനായി വ്യവഹാരപ്പെടാൻ തക്കതായ കാരണങ്ങൾ ഇല്ല.)

൱൮. ഭർത്താവിനു ഭ്രാന്തോ കുഷ്ഠരോഗമോ ഉണ്ടെങ്കിൽ ആ കാരണത്താൽ ഭാര്യ വിവാഹമോചനത്തിനായി വ്യവഹാരപ്പെടാം.

൱൯. ചട്ടത്താൽ അനുവദിച്ചിട്ടുള്ള ഏററവും താഴ്ന്നതായ രീതിയിൽപോലും തന്നെ സംരക്ഷിക്കുന്നതിനു ഭർത്താവിനു ശക്തിയില്ലാത്തപക്ഷം ആ കാരണത്താലും ഭാര്യ വിവാഹമോചനത്തിനായി വ്യവഹാരപ്പെടാം.

(ഹനഫിനിയമപ്രകാരം, ൱൮-ം ൱൯-ം വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ വിവാഹമോചനത്തിനായി വ്യവഹാരപ്പെടുന്നതിനു ഭാര്യയ്ക്കു അവകാശമില്ല.)

൱൰. മേൽപറഞ്ഞവയൊഴിച്ചുള്ള യാതൊരു കാരണത്താലും ഭാര്യയ്ക്കു തന്റെ ഇഷ്ടംപോലെ സ്വയമേവ വിവാഹബന്ധത്തിൽനിന്നൊഴിയുന്നതിനോ വിവാഹമോചനത്തിനായി അന്യായപ്പെടുന്നതിനോ അവകാശമില്ല.

൱൧. ഭാര്യയ്ക്കുള്ള ഭ്രാന്തു്, കുഷ്ഠരോഗം, സംഭോഗത്തിനു മാർഗ്ഗമില്ലാത്ത വിധത്തിലുള്ള ദേഹത്തിന്റെ അസ്വാധീനത എന്നീ കാരണങ്ങളാൽ ഭർത്താവും വിവാഹമോചനത്തിനായി വ്യവഹാരപ്പെടാം. അപ്രകാരമുള്ള ഒരു വ്യവഹാരത്തിൽ വിധി സമ്പാദിച്ചാൽ സംഭോഗം നടന്നിട്ടില്ലാത്തപക്ഷം മഹർ കൊടുക്കണമെന്നില്ല.

(ഈ വകുപ്പിലെ വ്യവസ്ഥ ഹനഫികളെ സംബന്ധിക്കുകയില്ല.)

൧൭൦. കോട്ടുവിധിപ്രകാരമാകട്ടെ, മററുവിധത്തിലാകട്ടെ വിവാഹമോചനം സംഭവിക്കുമ്പോൾ സ്ത്രീപുരുഷന്മാക്കു താഴെപ്പറയുന്ന ചുമതലകളും അവകാശങ്ങളും വന്നുകൂടുന്നതാണു്. (൧) മൂന്നു ഋതുകാലം കഴിയുന്നതുവരെ സ്ത്രീ ഇദ്ദത്ത് ആചരിക്കണം. ഋതു കഴിഞ്ഞുപോയ സ്ത്രീയാണെങ്കിൽ വിവാഹമോചനദിവസംമുതൽ മൂന്നുമാസത്തേക്കു ഇദ്ദത്ത് ആചരിക്കണം. എന്നാൽ സംഭോഗം നടന്നിട്ടില്ലാത്ത പക്ഷം ഇദ്ദത്ത് ആചരിക്കണമെന്നില്ല. (൨) ഇദ്ദത്തുകാലത്തു സ്ത്രീയ്ക്കു ഗർഭമുണ്ടെങ്കിൽ പുരുഷൻ ചെലവിനുകൊടുത്തു അവളെ സംരക്ഷിക്കണം. (൩) ഇദ്ദത്ത്കാലം കഴിയുന്നതുവരെ അന്യപുരുഷൻ അവളെ വിവാഹം ചെയ്യാൻ പാടില്ല. (൪) വിവാഹമോചനം കഴിഞ്ഞതുടൻതന്നെ രണ്ടുവിധത്തിലുള്ള മഹറും (തൽകാലമഹറും അനന്തരമഹറും) കിട്ടാൻ സ്ത്രീക്കു അവകാശം ജനിക്കുന്നു. എന്നാൽ സംഭോഗം നടന്നിട്ടില്ലെങ്കിൽ മഹറിൽ ഒന്നുപകുതിമാത്രമേ കിട്ടുകയുള്ളൂ. (൫) ഇദ്ദത്ത്കാലത്തു പുരുഷനോ സ്ത്രീയോ മരിച്ചുപോകുന്നപക്ഷം ജീവിച്ചിരിക്കുന്നയാൾക്കു മരിച്ചയാളുടെ സ്വത്തിൻെറ ചട്ടപ്രകാരമുള്ള ഓഹരിക്കു അവകാശമുണ്ടായിരിക്കും. എന്നാൽ വിവാഹമോചനം പിൻവലിക്കാൻ പാടില്ലാത്തവിധത്തിൽ പൂർത്തിയായിത്തീർന്നിരുന്നുവെങ്കിൽ ഈ അവകാശമുണ്ടായിരിക്കുന്നതല്ല. (൬) ചൊല്ലിയൊഴിഞ്ഞതു മരണശയ്യയിൽവച്ചാണെങ്കിൽ, വിവാഹമോചനം പൂർത്തിയായതിൽപിന്നെയാണു ഇദ്ദത്തുകാലത്തു പുരുഷൻ മരിക്കുന്നതെങ്കിലും സ്ത്രീയ്ക്കു പിൻതുടച്ച്യവകാശമുണ്ടായിരിക്കും. എന്നാൽ സ്ത്രീ മരിച്ചാൽ പുരുഷനു അവകാശമുണ്ടായിരിക്കുന്നതല്ല. (൭) മൂന്നു പ്രാവശ്യം ചൊല്ലിയൊഴിഞ്ഞിട്ടു വിവാഹമോചനം പൂർത്തിയായിത്തീർന്നിട്ടുള്ള സ്ത്രീപുരുഷന്മാർ തമ്മിൽ വീണ്ടും വിവാഹം നടക്കണമെങ്കിൽ, ആ സ്ത്രീയെ വേറെ ഒരു പുരുഷൻ വിവാഹം കഴിച്ചിട്ടു സംഭോഗം നടന്നതിൽപിന്നെ ചൊല്ലിയൊഴിഞ്ഞതിനു ശേഷമേ പാടുള്ളൂ.

(ഹനഫി നിയമപ്രകാരം ഇദ്ദത്ത്കാലത്തു സ്ത്രീ ഗർഭിണിയല്ലെങ്കിലും പുരുഷൻ അവൾക്കു ചിലവിനുകൊടുക്കണം. അയാൾ അക്കാലത്തു (പ്രസ്തുത സ്ത്രീയുൾപ്പെടെ തനിക്കു നാലു ഭാര്യമാരുള്ളപക്ഷം) വേറെ വിവാഹം കഴിക്കാനും പാടില്ല)

൧൭൧. ഭാര്യാഭർത്താക്കന്മാരിൽ ആരെങ്കിലും ഒരാൾ ഇസ്ലാംമതമുപേക്ഷിക്കുന്നപക്ഷം അവർതമ്മിലുള്ള വിവാഹബന്ധം ഉടനെതന്നെ പൂർത്തിയായവിധത്തിൽ ഒഴിയുന്നതാണു്. (അലഹബാദ് ൩൩-ാം വാല്യം ൪൦-ാം വശം അമീർബെഗ്ഗിൻെറ കേസ്സു നോക്കുക.)

(ഇങ്ങനെ വിവാഹബന്ധം ഒഴിയുമ്പോഴും സ്ത്രീ ഇദ്ദത്ത് ആചരിക്കേണ്ടതാണു്. എന്നാൽ ഇദ്ദത്ത് കാലത്തു അന്യപുരുഷനെ വിവാഹംകഴിക്കുന്നതു മതദൃഷ്ട്യാ അസാധുവും പാപകരവും ആണെങ്കിലും വിവാഹമോചനം പിൻവലിക്കാൻ പാടില്ലാത്തവിധത്തിൽ പൂർത്തിയായിത്തീർന്നിട്ടുള്ളതിനാൽ അങ്ങനെ വിവാഹം കഴിക്കുന്നതു ശിക്ഷാനിയമപ്രകാരമുള്ള പുനർവിവാഹക്കുററമായിത്തീരുന്നതല്ല.)

൮൫. ഭാര്യാഭർത്താക്കന്മാർ തമ്മിൽ വല്ല രസക്കേടുകളും ഉണ്ടാകുന്ന കാലത്തു അവർ തമ്മിലുള്ള വിവാഹബന്ധം തീർന്നുപോകുന്നതാണെന്നു മുൻകൂട്ടി കരാർ ചെയ്യുന്നപക്ഷം അതു് അസാധുവാകുന്നു. (ബോംബെ ൧൯-ാം വാല്യം ൫൪൭-ാം വശം ബായ് ഫത്തിമായുടെ കേസ്സ് നോക്കുക.)

---

## ൧൩-ാം അദ്ധ്യായം.

---

### പിതാപുത്രബന്ധം (അംഗീകാരം.)

൮൬. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹബന്ധം ഊർജ്ജിതത്തിലിരിക്കുമ്പോൾ ആ പുരുഷനു ആ സ്ത്രീയിൽ ജനിക്കുന്ന സന്താനത്തെ വിഹിതസന്താനം (Legitimate child) എന്നുപറയുന്നു. വിഹിതസന്താനത്തിനുമാത്രമേ പിതാവിൻെറ സ്വത്തിന്മേൽ പിന്തുടച്ചാവകാശമുള്ളൂ. എന്നാൽ അവിഹിതസന്താനത്തിനും മാതാവിൻെറ സ്വത്തിന്മേൽ പിന്തുടച്ചാവകാശമുണ്ടായിരിക്കുന്നതാണു്.

(വിവാഹം നിഷിദ്ധമായിരുന്നാലും സന്താനം വിഹിതമായിരിക്കുന്നതാണു്. എന്നാൽ വിവാഹം അസാധുവാണെങ്കിൽ സന്താനം വിഹിതമായിരിക്കുകയില്ല.)

൮൭. വിവാഹത്തിനുശേഷം ആറുമാസം കഴിഞ്ഞു ഒരു സ്ത്രീയിൽ ജനിക്കുന്ന സന്താനം ആ സ്ത്രീയുടെ ഭർത്താവിൻെറ വിഹിതസന്താനമായി വിചാരിക്കപ്പെടും. എന്നാൽ ആറുമാസം കഴിയുന്നതിനുമുമ്പു ജനിക്കുന്ന സന്താനം വിഹിതസന്താനമായിരിക്കുന്നതല്ല.

(വിവാഹത്തിനുശേഷം എപ്പോഴെങ്കിലും ഒരു സ്ത്രീ പ്രസവിച്ചുണ്ടാകുന്ന സന്താനം അവളുടെ ഭർത്താവിൻെറ വിഹിതസന്താനമായു

വിചാരിക്കേണ്ടതാണെന്നു ബ്രിട്ടീഷ് ഇൻഡ്യയിലെ തെളിവാക്ററിൽ ൧൧൨-ാം വകുപ്പിൽ വിധിച്ചിട്ടുണ്ട്. ഗർഭാധാനം എപ്പോൾ നടന്നിരുന്നാലും ജനനം വിവാഹത്തിനുശേഷം നടന്നിരിക്കണമെന്നേ ഈ വ്യവസ്ഥപ്രകാരം ആവശ്യമുള്ളൂ. തെളിവാക്ററ് ബ്രിട്ടീഷ് ഇൻഡ്യയിൽ എല്ലാ മതക്കാരെയും ഒരുപോലെ സംബന്ധിക്കുന്നതായ ഒരു നിയമമാകയാൽ ൧൧൨-ാം വകുപ്പു മഹമ്മദീയരെക്കൂടി സംബന്ധിക്കുന്നതും, മുകളിൽ പ്രസ്താവിച്ചിരിക്കുന്ന മഹമ്മദീയ നിയമത്തിലെ വ്യവസ്ഥ ബ്രിട്ടീഷ് ഇൻഡ്യയിൽ അസാധുവായിരിക്കുന്നതുമാകുന്നു. എന്നാൽ ഇതിനു വിപരീതമായിട്ടും ചിലൎക്കഭിപ്രായമുണ്ട്.

തിരുവിതാംകൂറിൽ തെളിവാക്ററിനു പ്രാബല്യമില്ലാത്തതിനാൽ അവിടെ ൧൧൨-ാംവകുപ്പു മഹമ്മദീയരെ സംബന്ധിക്കുന്നതല്ല. മഹമ്മദീയനിയമവ്യവസ്ഥ തന്നെയാണ് സംബന്ധിക്കുന്നത്. ഈ വ്യവസ്ഥയുടെ ഉദ്ദേശം വിവാഹത്തിനുശേഷം ഗർഭാധാനം നടന്നിരിക്കണമെന്നാണ്. എന്നാൽ ഗർഭാധാനത്തിനുശേഷം കേവലം ആറുമാസം കഴിഞ്ഞു പൂൎണ്ണപ്രജ ജനിക്കുകയെന്നുള്ളതു വൈദ്യശാസ്ത്രപ്രകാരം സംഭവ്യമല്ലാത്ത സ്ഥിതിക്കു മഹമ്മദീയ നിയമത്തിലെ ഈ വ്യവസ്ഥ ഇക്കാലത്തു സ്വീകാൎയ്യമാണോ എന്നുള്ള സംഗതി സന്ദിഗ്ദ്ധമാകുന്നു.

൧൫൩. വിവാഹമോചനമോ ഭൎത്താവിൻെറ മരണമോ കഴിഞ്ഞു നാലുവൎഷത്തിനുള്ളിൽ ഒരു സ്ത്രീയിൽ ജനിക്കുന്ന സന്താനം അവളുടെ പൂൎവ്വഭൎത്താവിൻെറ വിഹിതസന്താനമായി ഗണിക്കപ്പെടും.

(ഹനഫിനിയമപ്രകാരം ഇതിനുള്ള കാലാവധി നാലു വൎഷമല്ല, രണ്ടുവൎഷമാകുന്നു. ഏതായാലും ഈ വ്യവസ്ഥയും പ്രകൃതിനിയമത്തിനു വിപരീതമായിട്ടാണിരിക്കുന്നത്. ഗൎഭാധാനത്തിനു ശേഷം ഇത്രയും ദീൎഘമായ കാലം കഴിഞ്ഞു പ്രസവിക്കുകയെന്നുള്ളതു വൈദ്യശാസ്ത്രപ്രകാരം സംഭവ്യമല്ല. പ്രകൃതിനിയമപ്രകാരം സംഭവ്യമായ ഏതെങ്കിലും സംഗതി സംഭവിച്ചിട്ടുള്ളതായി ഊഹിക്കാവുന്നതാണെന്നു ബ്രിട്ടീഷ് ഇൻഡ്യയിലെ തെളിവാക്ററിൽ ൧൧൪-ാം വകുപ്പിൽ വിധിച്ചിട്ടുണ്ട്. ഈ തത്വം എല്ലാ രാജ്യങ്ങളിലും സ്വീകാൎയ്യമായ ഒന്നാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ തെളിവാക്ററ് പാസ്സാക്കുന്നതിനു മുൻപുതന്നെ ഈ തത്വത്തെ മഹമ്മദീയരെ സംബന്ധിച്ച കേസ്സുകളിൽ കല്ക്കട്ടാ ഹൈക്കോടതി സ്വീകരിച്ചിട്ടുണ്ട്. വീക്‌ലി റിപ്പോർട്ട് ൧൩-ാം വാല്യം ൨൩൦-ാം വശം അഷ്റുഫ് അലിയുടെ കേസ്സുനോക്കുക. ആ കേസ്സിൽ വിവാഹമോചനത്തിന്നു ശേഷം ൧൦ മാസം കഴി

ഞ്ഞു ജനിച്ച ഒരു പ്രജയെ അതിൻെറ മാതൃഭർത്താവിൻെറ വിഹിത സന്താനമായി ഗണിക്കണമെന്നുള്ള വാദത്തെ തള്ളിക്കളയുകയാണു ചെയ്തതു്.)

൨൪൩. ഒരാളുടെ മാതാപിതാക്കന്മാർ തമ്മിലുള്ള വിവാഹത്തെപ്പററി നേരെയുള്ള തെളിവു കിട്ടാതെയിരുന്നാലും അയാളെ പിതാവു തൻെറ വിഹിതസന്താനമായി അംഗീകരിച്ചാൽ ആ അംഗീകാരം സാധുവായിരിക്കുന്നതാണു്. (അലഹബാദ്ദ് ൨൦-ാംവാല്യം ൨൪൯-ാം വശം മുഹമ്മദ് അല്ലാദാദിൻെറയും, കല്ക്കട്ടാ വീക്ക്ലിനോട്ട്സ് ൯-ാം വാല്യം ൩൭൨-ാംവശം മുസ്സാമത്ത് ബീബി ഫസീലത്തുന്നിസ്സായുടേയും കേസ്സുകൾ നോക്കുക.)

൨൪൪. അംഗീകാരം പ്രത്യക്ഷമായിട്ടുള്ളതോ പെരുമാററത്തിൽ നിന്നു ഊഹിക്കത്തക്കതോ ആയിരിക്കാം. എന്നാൽ ഒരു സ്ത്രീയും പുരുഷനും കൂടി തുടർച്ചയായി സഹവസിച്ചതുകൊണ്ടു മാത്രം അവർ തമ്മിലുള്ള വിവാഹത്തെ ഊഹിക്കുകയോ, സന്താനം വിഹിതസന്താനമാണെന്നു ഊഹിക്കുകയോ ചെയ്യാവുന്നതല്ല. സഹവാസം ഭാര്യാഭർത്താക്കന്മാർ എന്നുള്ള നിലയിൽ ആയിരിക്കുകകൂടി വേണം. സന്താനവുമായിട്ടുള്ള പെരുമാററം കേവലം തൻെറ സന്താനം എന്നുള്ള നിലയിൽ ആയിരുന്നാൽ പോരാ; തൻെറ വിഹിതസന്താനം എന്നുള്ള നിലയിൽ ആയിരിക്കണം. (മൂർസ് ഇൻഡ്യൻ അപ്പീൽസ് ൩-ാം വാല്യം ൨൯൫-ാം വശത്തിലെ ഖാജാഹിദായത്തിൻെറയും, ൪-ാംവാല്യം ൨൭൬-ാം വശത്തിലെ മഹമ്മദ് ബാക്കറുടേയും ൨൨-ാംവാല്യം ൩൮-ാം വശത്തിലെ അഷ്റഫുദ്ദൌളായുടെയും കല്ക്കട്ടാ ൨൨-ാംവാല്യം ൩൩൩-ാം വശത്തിലെ അബ്ദുൽറസാക്കിൻെറയും കേസ്സുകൾ നോക്കുക.)

(ഖാജാ ഹിദായത്തിൻെറ കേസ്സ്:—ഒരു മഹമ്മദീയ പുരുഷൻ ഏഴു വർഷമായി തൻെറ അന്തഃപുരത്തിൽ വസിച്ചിരുന്ന ഒരു സ്ത്രീയിൽ ഒരു സന്താനമുണ്ടായി. പുരുഷനും സ്ത്രീയും തമ്മിലുള്ള സഹവാസം കേവലം യാദൃച്ഛികമല്ലായിരുന്നു. അതു തുടർച്ചയായിരുന്നതു കൂടാതെ ഭാര്യാഭർത്താക്കന്മാരെന്നുള്ള നിലയിലും കൂടിയായിരുന്നു. അവരുടെ ആ നില ഗർഭാധാനത്തിനു മുമ്പുതന്നെ പരസ്യവും മാമൂലുമായിരുന്നു. സന്താനം അയാളുടെ ഗൃഹത്തിൽതന്നെ ജനിച്ചു വളർന്നു. പിതാവാകട്ടെ വേറെവല്ലവരുമാകട്ടെ ആ സന്താനം വിഹിതസന്താനമല്ലെന്നു വരുത്താനായി യാതൊരു യത്നവും ചെയ്തില്ല. ഈ സംഗതികളിൽ നിന്നു വിവാഹവും പുത്രത്വാംഗീകാരവും ഊഹിക്കാമെന്നു വിധിച്ചു.

മഹമ്മദ്ബാക്കറുടെ കേസ്സിൽ സ്ത്രീപുരുഷന്മാർ തമ്മിൽ തുടർച്ചയായ സഹവാസമുണ്ടായിരുന്നുവെങ്കിലും സന്താനം വിധിവിഹിതമെന്നുള്ള നിലയിൽ പെരുമാററം തെളിയാത്തതിനാൽ വിഹിതസന്താനമല്ലെന്നു തീരുമാനിച്ചു.

പെരുമാററം കേവലം തന്റെ സന്താനമെന്നുള്ള നിലയിൽ പോരായെന്നും, വിധിപ്രകാരമുള്ള സന്താനം എന്ന ഗൌരവമേറിയ സ്ഥാനം നൽകാൻ പര്യാപ്തമായ വിധത്തിലായിരിക്കണമെന്നും അബ്ദുൽറസാക്കിന്റെ കേസ്സിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

൧൨൨. ഒരാൾ ഒരു സന്താനത്തെ തന്റെ വിഹിതസന്താനമായി അംഗീകരിച്ചാൽ അതു ആ സംഗതിയെപ്പററി ഇളക്കമില്ലാത്തതായ തെളിവായിരിക്കും. ആ സന്താനത്തിനു തന്റെ പിതാവിന്റെ സ്വത്തിനു അയാളുടെ മരണശേഷം അവകാശംജനിക്കുകയുംചെയ്യും. സന്താനം ആണോ പെണ്ണോ ആയിരിക്കാവുന്നതാണ്.

ഈ അംഗീകാരത്തിൽ വച്ചുതന്നെ സന്താനത്തിന്റെ മാതാവ് അതിന്റെ പിതാവിന്റെ ഭാര്യയാണെന്നുകൂടി പ്രബലമായ ഊഹം ജനിക്കുന്നതും, മാതാവിനു ആ പുരുഷന്റെ സ്വത്തിനു അയാളുടെ മരണശേഷം അവകാശം ജനിക്കുന്നതുമാണ്. (ഖാജാഹിദായത്തിന്റെ കേസ്സ നോക്കുക.)

൧൨൩. ഒരു അംഗീകാരത്തിനു മുൻവകുപ്പിൽപ്രസ്താവിച്ചിട്ടുള്ള ഫലങ്ങളുണ്ടായിരിക്കണമെങ്കിൽ താഴെപ്പറയുന്ന സംഗതികൾ യോജിച്ചു വരേണ്ടതാണ്. (ഹ) അംഗീകർത്താവിനു അംഗീകൃതന്റെ പിതാവായിരിക്കാനും വേണ്ടിയുള്ള പ്രായമുണ്ടായിരിക്കണം; (ദ)അംഗീകൃതൻ മററൊരാളുടെ സന്താനമാണെന്നു അറിയപ്പെട്ടിരിക്കരുത്; (ന) അംഗീകൃതനു അംഗീകാരത്തിന്റെ സ്വഭാവം മനസ്സിലാക്കാനുംവേണ്ടി പ്രായമുണ്ടെങ്കിൽ അയാൾ അംഗീകാരത്തെ സമ്മതിക്കണം. ബാല്യമാണെങ്കിൽ അങ്ങനെ സമ്മതിക്കണമെന്നില്ല; (ര) സന്താനം അന്യന്റെ ഭാര്യയിലോ വേശ്യയിലോ തനിക്കു വിവാഹം കഴിക്കാൻ പാടില്ലാത്ത വിധത്തിൽ രക്തസംബന്ധമുള്ള സ്ത്രീയിലോ ജനിച്ചതായിരിക്കാൻ പാടില്ല.

(അംഗീകാരത്തിൽനിന്നും സന്താനത്തിന്റെ മാതാപിതാക്കന്മാർ തമ്മിലുള്ള വിവാഹബന്ധത്തെ ഊഹിക്കുകയാണല്ലോ ചെയ്യുന്നത്.

ആ ഊഹത്തിനു പ്രത്യക്ഷവിരുദ്ധമായതുകൊണ്ടാണു സന്താനം അന്യഭാര്യയിലും വേശ്യയിലുംമററും ജനിച്ചതായിരിക്കാൻ പാടില്ലെന്നുവച്ചിട്ടുള്ളതു്.)

൧൩൦. ഒരിക്കൽ ചെയ്തിട്ടുള്ള അംഗീകാരത്തെ അംഗീകത്താവാകട്ടെ അംഗീകത്താവിൽനിന്നും അവകാശം ജനിച്ചിട്ടുള്ള ആളുകളാകട്ടെ പിൻവലിക്കാൻ പാടില്ല- (അഷ്‌റൂഫഉദ്ദ് ദൌളായുടെ കേസ്സു നോക്കുക.)

൧൩൧. സന്താനങ്ങളെ ദത്തെടുക്കുന്ന സമ്പ്രദായത്തെ മഹമ്മദീയനിയമം അനുവദിക്കുന്നില്ല. (ഹിന്ദുനിയമത്തിൽ ദത്തു അനുവദിച്ചിട്ടുണ്ടല്ലോ.)

---

# പതിമൂന്നാം അദ്ധ്യായം.

---

## രക്ഷാകർത്തൃത്വം.

൧൩൨. ഈ അദ്ധ്യായത്തെ സംബന്ധിച്ചിടത്തോളം "മൈനർ" എന്നു വച്ചാൽ പതിനെട്ടു വയസ്സ് പൂർത്തിയാകാത്ത ആളാകുന്നു.(൩൦-ാം വകുപ്പിൻെറ കീഴിലുള്ള നോട്ടു നോക്കുക.)

൧൩൩. (൧) മൈനരുടെ ദേഹത്തിനോ സ്വത്തിനോ രണ്ടിനും കൂടിയോ ഒരു രക്ഷാകത്താവിനെ നിയമിക്കുകയോ (൨) ഒരാൾ അപ്രകാരമുള്ള ഗാർഡിയനാണെന്നു പ്രഖ്യാപിക്കുകയോ, ചെയ്യുന്നതുമൈനൎക്കു ക്ഷേമകരമാണെന്നു കോടതിക്കു ബോദ്ധ്യപ്പെട്ടാൽ കോടതി അങ്ങനെ ചെയ്യാവുന്നതാണു്.

(ഗാർഡിയൻസ് അൻഡ് വാർഡ്സ് ആക്‌റ്റ് ൭-ാംവകുപ്പു നോക്കുക.)

൧൩൪. രക്ഷകത്താവിനെ നിയമിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്യുന്ന വിഷയത്തിൽ കോടതി താഴെപ്പറയുന്ന സംഗതികൾ ഗൌനിക്കേണ്ടതാണു്. (൧) മഹമ്മദീയനിയമത്തെക്കൂടി വച്ചാലോചിച്ചാൽ മൈനൎക്കു ക്ഷേമകരമായിരിക്കുന്നതു എന്താണെന്നു നോക്കണം, (൨) മൈനരുടെ ക്ഷേമത്തെപ്പററി ആലോചിക്കുമ്പോൾ മൈനരുടെ

പ്രായം, മൈനർ സ്ത്രീയോ പുരുഷനോ എന്നുള്ളതു, മൈനരുടെ സ്വഭാവം, രക്ഷകർത്താവാക്കാനുദ്ദേശിക്കുന്ന ആളുടെ ശേഷി, അയാൾക്കു മൈനരുമായുള്ള സംബന്ധം അയാൾക്കു മൈനരുമായിട്ടോ മൈനരുടെ സ്വത്തുമായിട്ടോ വല്ലൊലവും ഉള്ളതോ മുമ്പുണ്ടായിരുന്നതോ ആയ വല്ല ഇടപാടുകൾ എന്നിവയെക്കൂടി അടിസ്ഥാനപ്പെടുത്തി ആലോചിക്കേണ്ടതാണ്. (൩) മൈനർക്കു തന്റെ രക്ഷകർത്താവു ആരായിരുന്നാൽ കൊള്ളാമെന്നു ബുദ്ധിപൂർവ്വം അഭിപ്രായപ്പെടാനുള്ള പ്രായമുണ്ടെങ്കിൽ മൈനരുടെ അഭിപ്രായംകൂടി ആലോചനയിൽ എടുക്കാം.

(ഗാർഡിയൻസ് ആൻഡ് വാർഡസ് ആക്ററ് ൧൭-ാം വകുപ്പു നോക്കുക.)

## മൈനരുടെ ദേഹത്തിന്റെ രക്ഷാവകാശം.

൱൰൭. ആൺകുട്ടികൾക്കു ൭-വയസ്സ് തികയുന്നതുവരെയും, പെൺകുട്ടികൾക്കു പ്രായമാകുന്നതുവരെയും, അവരുടെ ദേഹത്തിന്റെ രക്ഷാവകാശം മാതാവിനാകുന്നു. പിതാവു മാതാവിനെ വിവാഹബന്ധത്തിൽനിന്നു മോചിപ്പിച്ചാലും മാതാവു പുനർവിവാഹം ചെയ്യുന്നതുവരെ മാതാവിന്റെ ഈ അവകാശത്തിനു ന്യൂനത സംഭവിക്കുന്നതല്ല. എന്നാൽ തക്കതായ കാരണത്തിന്മേൽ ഒരു സിവിൽ കോടതി മറിച്ചു ഉത്തരവു ചെയ്യാവുന്നതാണ്. (ബോംബേ ലാറിപ്പോർട്ടർ ൩-ാം വാല്യം ൬൫൩-ാം വശം നോക്കുക.)

(പ്രായമാകാത്ത പെൺകുട്ടിയുടെ ദേഹത്തിന്റെ രക്ഷാവകാശത്തെ സംബന്ധിച്ചു ഭർത്താവും മാതാവും തമ്മിൽ തർക്കമുണ്ടായാലും ആയവകാശം മാതാവിനുതന്നെയാണെന്നു കല്ക്കട്ടാ ഹൈക്കോടതി വിധിച്ചിട്ടുണ്ടു. കല്ക്കട്ടാ ൧൧-ാം വാല്യം ൩൩൯-ാം വശം ന്യൂർകാടരുടെ കേസ്സും, ൨൨-ാം വാല്യം ൫൫൫-ാം വശം കോർബാടന്റെ കേസ്സും നോക്കുക. എന്നാൽ ഇതിനെ സംബന്ധിച്ചു ഗാർഡിയൻ ആൻഡ് വാർഡ്സ് ആക്ററ് ാം വകുപ്പുകൂടി നോക്കേണ്ടതാണ്.

൱൰൮. മാതാവില്ലെങ്കിൽ, ഏഴുവയസ്സ് തികയാത്ത ആൺകുട്ടികളുടേയും പ്രായമാകാത്ത പെൺകുട്ടികളുടേയും ദേഹത്തിന്റെ രക്ഷാവകാശം താഴെപ്പറയുന്ന ബന്ധുസ്ത്രീകൾക്കാകുന്നു. മുമ്പുമുമ്പു പറഞ്ഞ ആളുകളുള്ളപ്പോൾ പിമ്പുപിമ്പു പറഞ്ഞവരെ അപേക്ഷിച്ചു അവർക്കാണ് അവകാശമുള്ളതു. (൧) എത്രയോ മേലോട്ടുള്ള അമ്മയുടെ അമ്മ (൨) എത്രയോ മേലോട്ടുള്ള അച്ഛന്റെ അമ്മ (൩) പൂ

ണ്ണസഹോദരി (൪) അച്ഛൻവഴി സഹോദരി (൫) അമ്മവഴി സഹോദരി (൬) പൂർണ്ണസഹോദരിയുടെ മകൾ (൭) അച്ഛൻവഴി സഹോദരിയുടെ മകൾ (൮) അമ്മവഴി സഹോദരിയുടെ മകൾ (൯) മേൽപറഞ്ഞ ക്രമത്തിനു അമ്മയുടെ സഹോദരിമാർ (൧൦) മേൽപറഞ്ഞ ക്രമത്തിനു അച്ഛന്റെ സഹോദരിമാർ.

൧൯൭. മേൽപറഞ്ഞ ബന്ധുസ്ത്രീകളാരും ഇല്ലെങ്കിൽ ൭ വയസ്സുതികയാത്ത ആൺകുട്ടികളുടേയും പ്രായമാകാത്ത പെൺകുട്ടികളുടേയും ദേഹത്തിന്റെ രക്ഷാവകാശം താഴെപ്പറയുന്ന ബന്ധുക്കൾക്കാകുന്നു. (൧) അച്ഛൻ (൨) എത്രയോ മേലോട്ടുള്ള അച്ഛന്റെ അച്ഛൻ (൩) പൂർണ്ണസഹോദരൻ (൪) അച്ഛൻവഴി സഹോദരൻ (൫) പൂർണ്ണസഹോദരന്റെ മകൻ (൬) അച്ഛൻവഴി സഹോദരന്റെ മകൻ (൭) അച്ഛന്റെ പൂർണ്ണസഹോദരൻ (൮) അച്ഛന്റെ അച്ഛൻവഴിസഹോദരൻ (൯) ശിഷ്ടാവകാശികളുടെ പട്ടികയിൽ പറഞ്ഞിരിക്കുന്ന മററു അച്ഛൻവഴി ബന്ധുക്കൾ.

വിവാഹത്തിനു പ്രതിബന്ധമായ വിധത്തിൽ അടുത്ത ബന്ധുത്വമുള്ള പുരുഷന്മാൎക്കു മാത്രമെ പെൺകുട്ടികളുടെ ദേഹത്തിന്റെ രക്ഷാവകാശമുള്ളു.

൧൯൮. മാതാവാകട്ടെ അഞ്ചാംവകുപ്പിൽ പറഞ്ഞ ബന്ധുസ്ത്രീകളാകട്ടെ പെൺകുട്ടിയുമായി വിവാഹപ്രതിബന്ധമായ അടുത്ത ബന്ധുത്വമുള്ള പുരുഷന്മാരെയല്ലാതെ വേറെ വല്ലപുരുഷന്മാരെയും വിവാഹം ചെയ്യുന്നപക്ഷം ആ പെൺകുട്ടിയുടെ മേലുള്ള അവരുടെ രക്ഷാവകാശം നശിക്കുന്നതാണ്. എന്നാൽ വിവാഹമോചനത്താലൊ മരണത്താലൊ ആ വിവാഹബന്ധം തീൎന്നുപോകുമ്പോൾ രക്ഷാവകാശം വീണ്ടും ലഭിക്കുന്നതാണു്. കുട്ടിയുടെ കാൎയ്യങ്ങളന്വേഷിക്കാൻ പിതാവിനു നിവൃത്തിയില്ലാത്തവിധത്തിലുള്ള ദൂരസ്ഥലത്തു മാതാവു കുട്ടിയെ കൊണ്ടുപോകുന്നപക്ഷം മാതാവിന്റെ രക്ഷാവകാശം നശിക്കുന്നതാണു്.

൧൯൯. ഏഴുവയസ്സു തികഞ്ഞ ആൺകുട്ടിയുടേയും പ്രായമായ പെൺകുട്ടിയുടെയും ദേഹത്തിന്റെ രക്ഷാവകാശം പിതാവിനാകുന്നു. പിതാവില്ലെങ്കിൽ ആയവകാശം ൧൯൭-ാംവകുപ്പിൽ വിവരിച്ച പിതൃവഴി ബന്ധുക്കൾക്കാകുന്നു.

(എന്നാൽ ഏഴുവയസ്സുതികഞ്ഞ ആൺകുട്ടിക്കു തന്റെ ഇഷ്ടം പോലെ പിതാവിന്റെ രക്ഷയിലൊ മാതാവിന്റെ രക്ഷയിലൊ ഇരി

ക്കാമെന്നുണ്ടു്. മാതാവിൻെറ രക്ഷയിൽ ഇരിക്കുമ്പോഴും പഠിത്തം തൊഴിൽ എന്നിവയെ സംബന്ധിച്ചു പകൽസമയത്തു് പിതാവിൻെറ അധീനതയിൽതന്നെ ഇരിക്കേണ്ടതാണു്. മാതാവും പിതാവും തമ്മിലുള്ള വിവാഹബന്ധം ഒഴിഞ്ഞിരുന്നാൽ മാതാവു് പുനർവിവാഹം ചെയ്തിട്ടില്ലാത്തപക്ഷം പെൺകുട്ടിക്കു വിവാഹം കഴിയുന്നതുവരെ അവളുടെ ദേഹത്തിൻെറ രക്ഷാവകാശം മാതാവിനായിരിക്കും. എന്നാൽ തക്കതായ കാരണത്തിന്മേൽ ഒരു സിവിൽക്കോടതി മറിച്ചുത്തരവു ചെയ്യാവുന്നതാണു്.

൨൦൦. മാതാവിനു തൻെറ ഭർത്താവല്ലാത്ത ഒരു പുരുഷനിൽനിന്നും ജനിച്ച കുട്ടികളുടെ രക്ഷാവകാശം മാതാവിനും മാതൃബന്ധുക്കൾക്കുമാകുന്നു.

## മൈനരുടെ സ്വത്തിൻെറ രക്ഷാവകാശം.

൨൦൧. മൈനരുടെ സ്വത്തിനെ സംബന്ധിച്ച രക്ഷാവകാശം ക്രമപ്രകാരം താഴെപ്പറയുന്ന ആളുകൾക്കാകുന്നു. (൧) അച്ഛൻ, (൨) അച്ഛൻെറ മരണശാസനത്താൽ നിയമിക്കപ്പെട്ട എക്സിക്യൂട്ടർ, (൩) അച്ഛൻെറ അച്ഛൻ (൪) അച്ഛൻെറ അച്ഛൻെറ മരണശാസനത്താൽ നിയമിക്കപ്പെട്ട എക്സിക്യൂട്ടർ. ഇവരാരുമില്ലെങ്കിൽ കോടതി രക്ഷാകർത്താവിനെ നിയമിക്കേണ്ടതാണു്.

(കോടതിയിൽനിന്നും രക്ഷാകർത്താവിനെ നിയമിക്കുമ്പോൾ പ്രഥമമായി ഗൌനിക്കേണ്ടതു മൈനരുടെ ക്ഷേമത്തെയാകുന്നു. മേൽ ൧൯൪-ാംവകുപ്പും ഗാർഡിയൻസ് അൻഡ് വാർഡ്സ് ആക്ററു ൧൭-ാംവകുപ്പും നോക്കുക. അലഹബാദു ൨൪-ാംവാല്യം ൧൭൦-ാംവശത്തിലെ അലിമുള്ളായുടെ കേസ്സിൽ അച്ഛൻെറ സഹോദരൻെറവാദം തള്ളി മാതാവിനെയാണു് രക്ഷാകർത്താവായി നിയമിച്ചതു്.)

൨൦൨. തക്കതായ അത്യാവശ്യത്തിനായിട്ടോ മൈനർക്കു ഗുണകരമായിട്ടോ അല്ലാതെ അച്ഛൻ, അച്ഛൻെറ അച്ഛൻ, അവരുടെ എക്സിക്യൂട്ടർമാർ എന്നീ രക്ഷാകർത്താക്കന്മാർ മൈനരുടെവക ഏതെങ്കിലും സ്ഥാവരവസ്തുവിനെ വില്ക്കുകയോ പണയപ്പെടുത്തുകയോ ചെയ്താൽ സാധുവായിരിക്കുകയില്ല. അവർ സ്ഥാവരവസ്തുവിനെ സംബന്ധിച്ചു ചെയ്യുന്ന വല്ലകരാറും മൈനർക്കു ഗുണകരമല്ലാത്തപക്ഷം മൈനരെ ബന്ധിക്കുകയില്ല.

(ബോംബേ ൨൭-ാംവാല്യം ൧൬൩-ാംവശം ഹുർബായിയുടെ കേസ്സ്, കല്ക്കട്ടാ ൧൬-ാംവാല്യം ൩൨൭-ാംവശം കാളിദത്തിൻെറ പ്രിവികൌൺ

സിൽകേസ്സ്, മദ്രാസ് ൩൪-ാംവാല്യം ൧൨൭-ാംവശം തൊട്ടാളിയുടെ കേസ്സ് എന്നിവ നോക്കുക.)

൧൦൩. ഗാർഡിയൻസ് അൻഡ് വാർഡ്സ് റെഗുലേഷൻ അനുസരിച്ചു മൈനരുടെ സ്വത്തിനു കോടതിയാൽ നിയമിക്കപ്പെട്ട രക്ഷകർത്താവു കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ മൈനരുടെവക യാതൊരു സ്ഥാവരവസ്തുവിനേയും വില്ക്കുകയൊ ഇഷ്ടദാനമായി കൊടുക്കുകയൊ, മററുവസ്തുവിനു പകരമായി വിട്ടുകൊടുക്കുകയൊ പണയപ്പെടുത്തുകയൊ, മററുവിധത്തിൽ അന്യാധീനപ്പെടുത്തുകയൊ, അഞ്ചുവഷത്തിൽ കൂടുതൽ കാലത്തേക്കൊ മൈനക്കു പ്രായപൂത്തിവരുന്ന തീയതിമുതൽ ഒരുവഷത്തിൽ കവിഞ്ഞ കാലത്തേക്കൊ പാട്ടത്തിനേല്പിക്കുകയൊ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി രക്ഷകർത്താവു ചെയ്യുന്ന പ്രവൃത്തിയെ അതിനാൽ ബാധിക്കപ്പെടുന്ന യാതൊരാളും അസ്ഥിരപ്പെടുത്താനായി വ്യവഹാരപ്പെടാം.

൧൦൪. ചട്ടപ്രകാരം രക്ഷാവകാശമുണ്ടായിരിക്കുകയൊ കോടതിയാൽ നിയമിക്കപ്പെടുകയോ ചെയ്യാതെ സ്വയം രക്ഷകസ്ഥാനം വഹിക്കുന്ന ഒരാൾ മൈനരുടെ വക സ്ഥാവരവസ്തുവിനെ വില്ക്കുകയോ പണയപ്പെടുത്തുകയൊ ചെയ്താൽ അതു തീരെ അസാധുവായിരിക്കുമെന്നു ചില വിധികളാലും, അതു മൈനക്കു ഗുണകരവും തക്കതായ അവശ്യത്തിനായി ചെയ്തതുമാണെങ്കിൽ സാധുവായിരിക്കുമെന്നു വേറെ ചില വിധികളാലും കാണുന്നു.

(ഒരു മൈനരുടെ അമ്മയും സഹോദരനും സഹോദരിയുംകൂടി എഴുതിയ ഒരു പണയാധാരം മൈനരെ ബന്ധിക്കുകയില്ലെന്നു കല്ക്കട്ടാ ൮൮-ാംവാല്യം ൪൯൭-ാംവശം ഭൂതനാഥന്റെ കേസ്സിൽ വിധിച്ചിട്ടുണ്ടു. മൈനരുടെ ചിററപ്പൻ എഴുതിക്കൊടുത്ത പണയാധാരം മൈനരെ ബന്ധിക്കുകയില്ലെന്നു അലഹബാദ് ൮൨-ാം വാല്യം ൩൯൨-ാം വശം നിസാമുദീന്റെ കേസ്സിൽ തീരുമാനിച്ചു. മൈനരുടെ അമ്മ എഴുതിക്കൊടുക്കുന്ന വിലയാധാരമോ പണയാധാരമോ മററു വല്ല കരണമോ മൈനരുടെ പ്രത്യക്ഷമായ ഗുണത്തിനായിട്ടല്ലെങ്കിൽ മൈനരെ ബന്ധിക്കുകയില്ലെന്നു അലഹബാദ് ൧൩-ാം വാല്യം ൧൨൦ാം വശം മജീദാന്റെ കേസ്സിലും കല്ക്കട്ടാ ൩൪-ാംവാല്യം ൩൭-ാം വശംരാമചരണന്റെ കേസ്സിലും വിധിച്ചിട്ടുണ്ടു്. മാതാവിന്റെ കരണം മൈനരെ ബന്ധിക്കുകയില്ലെന്നു മദ്രാസ് ൨൩-ാംവാല്യം ൭൩൭-ാം വശം ചാത്തുമ്മാബീയുടെ കേസ്സിലും മററും വിധിച്ചിട്ടുണ്ടു്.

൨൱൯. മൈനരുടെ രക്ഷകർത്താവാകട്ടെ, മൈനരുടെ സ്വത്തിന്റെ മാനേജരാകട്ടെ, മൈനൎക്കുവേണ്ടി സ്ഥാവരവസ്തു വിലയ്ക്കുവാങ്ങാനായി കരാർചെയ്താൽ അതു മൈനരേയോ മൈനരുടെ സ്വത്തിനേയോ ബന്ധിക്കുകയില്ല. (കല്ക്കട്ടാ ൩൯-ാം വാല്യം ൨൩൨-ാം വശം, മിർ സർവ്വാർജനിന്റെ കേസ്സു നോക്കുക.)

൨൱൰. അച്ഛനോ അച്ഛന്റെ അച്ഛനോ അവരിൽ ഒരാളുടെ എക്സിക്യൂട്ടരോ രക്ഷകർത്താവായിരുന്നാൽ അയാൾ മൈനരുടെ വക ജംഗമസ്വത്തിനെ സംബന്ധിച്ചു മൈനൎക്കുവേണ്ടി ചെയ്യുന്ന ഏൎപ്പാടുകൾ മൈനൎക്കു ഗുണകരമാണെങ്കിൽ മൈനരെ ബന്ധിക്കുന്നതാണ്. എന്നാൽ അങ്ങേൎപ്പാടിൽ ചതിവോ കൃത്രിമമോ ഉള്ളപക്ഷം ബന്ധിക്കുന്നതുമല്ല.

൨൱൰൧. മൈനരുടെ സ്വത്തിനു കോടതിയാൽ നിയമിക്കപ്പെടുന്ന രക്ഷകർത്താവു മൈനരുടെ വക ജംഗമസ്വത്തിനെസംബന്ധിച്ചു അതു തന്റെ സ്വത്തായിരുന്നാൽ എത്ര സൂക്ഷ്മതയോടുകൂടി പെരുമാറുമോ അതേപ്രകാരത്തിൽ പെരുമാറേണ്ടതാകുന്നു.

൨൱൰൨. ഒരു മഹമ്മദീയമൈനരുടെ ദേഹത്തിനോ സ്വത്തിനോ രണ്ടിനുംകൂടിയോ ഒരു രക്ഷകർത്താവിനെ നിയമിക്കുന്നതിനും ഒരാളെ രക്ഷകർത്താവായി പ്രഖ്യാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഇപ്പോൾ ഗാർഡിയൻസ് ആൻഡ് വാർഡ്സ് ആക്ററു് അനുസരിച്ചു ബോധിപ്പിക്കേണ്ടതാകുന്നു. ടി ആക്ററു് അനുസരിച്ചു നിയമിക്കപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്യുന്ന രക്ഷകർത്താവിന്റെ അവകാശങ്ങളും ചുമതലകളും ബാദ്ധ്യതകളും ആക്ററിൽ വ്യവസ്ഥപ്പെടുത്തിയതനുസരിച്ചു ആയിരിക്കുകയും ചെയ്യും.

# പതിനാലാം അദ്ധ്യായം.

---

## സംരക്ഷണം (ചെലവിനകൊടുക്കൽ.)

൨൦൪. അച്ഛൻ വിവാഹംകഴിയാത്ത പെൺമക്കളേയും മൈനൎക്ളായ ആൺമക്കളേയും സംരക്ഷിക്കേണ്ടതാകുന്നു. എന്നാൽ പ്രായപൂൎത്തിവന്ന ആൺമക്കളെ അവർ സുഖക്കേടുകൊണ്ടോ മറേറാ ദേഹസ്വാധീനമില്ലാത്തവരായിരുന്നാൽ മാത്രം സംരക്ഷിച്ചാൽ മതി. മക്കൾ ബാല്യമായതിനാൽ അമ്മയുടെ രക്ഷാകൎത്തൃത്വത്തിൽ ഇരിക്കുമ്പോഴും അച്ഛനു അവരെ സംരക്ഷിക്കേണ്ടതായ ചുമതലയുണ്ട്. (ബോംബെ ൩൦-ാം വാല്യം ൬-ാംവശം മാഹമ്മദു ജുസാബിൻെറ കേസ്സു നോക്കുക.)

അച്ഛൻ ദരിദ്രനും സ്വപ്രയത്നംകൊണ്ടു വല്ലതും സമ്പാദിക്കുന്നതിനു അശക്തനുമായിരിക്കുകയും അമ്മയ്ക്കു സ്വന്തമായി സ്വത്തുണ്ടായിരിക്കുകയും ചെയ്താൽ, വിവാഹം കഴിയാത്ത പെൺമക്കളേയും മൈനൎക്ളോ അശക്തന്മാരോ ആയ ആൺമക്കളേയും സംരക്ഷിക്കുന്നതിനുള്ള ചുമതല അമ്മയ്ക്കാകുന്നു.

൨൦൫. മാതാപിതാക്കന്മാർ സ്വന്തമായി വല്ലതും സമ്പാദിക്കുന്നതിനു കഴിവുള്ളവരായിരുന്നാലും ധനസൌകൎയ്യമുള്ള മക്കൾ അവരെ സംരക്ഷിക്കേണ്ടതാകുന്നു.

(ഹനഫിനിയമപ്രകാരം വിവാഹത്തിനു പ്രതിബന്ധമായവിധത്തിൽ അടുത്ത ബന്ധുത്വമുള്ള ദരിദ്രന്മാരെ സംരക്ഷിക്കുന്നതിനു ധനസൌകൎയ്യമുള്ള ബന്ധുക്കൾ ചുമതലപ്പെട്ടവരാകുന്നു. അവരുടെ ചുമതല ആ ദരിദ്രന്മാരുടെ മരണത്താൽ തങ്ങൾക്കു കിട്ടാനവകാശമുള്ള സ്വത്തിൻെറ ഓഹരിയനുസരിച്ചിരിക്കും.)

(സ്വഭാൎയ്യയിലോ അന്യസ്ത്രീയിലോ തനിക്കു ജനിച്ചിട്ടുള്ള മക്കളെ സംരക്ഷിക്കുന്ന വിഷയത്തിൽ ഉപേക്ഷയോ വിസമ്മതമോ കാണിക്കുന്ന ആളെക്കൊണ്ട് ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടു ക്രിമിനൽ നടപടിനിയമം ൪൮൮-ാംവകുപ്പിൻപ്രകാരം (ബ്രിട്ടീഷ് ഇൻഡ്യയിൽ ൪൮൮-ാം വകുപ്പിൻപ്രകാരം) പ്രതിമാസം ൫൦ രൂപായിൽ കവിയാത്ത സംഖ്യ അവൎക്കു ചെലവിനു കൊടുപ്പിക്കാവുന്നതാണു്.)

൨൦൬. ഭാൎയ്യയെ സംരക്ഷിക്കുവാൻ ഭൎത്താവിനുള്ള ചുമതലയെപ്പററി ൫൩൭, ൫൩൮, ൫൩൯-ം വകുപ്പുകൾ നോക്കുക.

---

# അനുബന്ധം.

## തിരുവിതാംകൂർ ഹൈക്കോർട്ടുവിധികൾ.

(ഓരോ വിധിയാലും ദൃഷ്ടാന്തീകരിക്കപ്പെടുന്നതായ നിയമതത്വം ഈ പുസ്തകത്തിലെ ഇത്രാമത്തെ വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതാണെന്നു കാണിക്കാനായി കേസുകളുടെ മുകളിൽ വകുപ്പിന്റെ സംഖ്യയെ കാണിച്ചിരിക്കുന്നു.)

## മരുമക്കത്തായപ്പിന്തുടർച്ചനിയമം.

### വകുപ്പു ൨-ാ.

തി. ലാ. റി. ൨൭ ാം വാല്യം ൭൭-ാം വശം=തി. ലാ. ജ. ൨-ാം വാല്യം ൧൭൨-ാം വശം കാനിഉമ്മാളുടേയും സായുമഹമ്മദുകുഞ്ഞിന്റെയും കേസ്സ് (ഫുൾബെഞ്ചു്)

ഈ കേസ്സിലെ കക്ഷികൾ ഇടവാദേശത്തിലെ മരുമക്കവഴി മഹമ്മദീയരാകുന്നു. മരിച്ചുപോയ അയൂബ് എന്നയാളുടെ ഭാര്യ അയാളുടെ സ്വത്തിൽ മഹമ്മദീയനിയമപ്രകാരം തനിക്കവകാശമുള്ള ഓഹരികിട്ടാനായി അന്യായം ബോധിപ്പിച്ചു. മരുമക്കത്തായനിയമപ്രകാരം ഒരാളുടെ സ്വത്തിനു അയാളുടെ ഭാര്യ അവകാശിയായിത്തീരാത്തതിനാൽ വാദിയുടെ അന്യായം പ്രഥമദൃഷ്ടിയിൽ തന്നെ വഹിക്കത്തക്കതല്ലായിരുന്നു. എന്നാൽ വാദി തന്റെ അവകാശത്തിനടിസ്ഥാനമായി രണ്ടു ന്യായങ്ങൾ പുറപ്പെടുവിച്ചു. അവ (൧) മരിച്ചുപോയ അയൂബും അയാളുടെ സഹോദരനായ ൧-ാംപ്രതിയും ഇടവാദേശക്കാരായ വേറെ അനേകം മഹമ്മദീയരും കൂടിച്ചേർന്നു മേലാൽ തങ്ങൾ മരുമക്കത്തായനിയമമുപേക്ഷിച്ചു മഹമ്മദീയപിന്തുടർച്ചനിയമംതന്നെ അനുസരിക്കാമെന്നു നിശ്ചയിച്ചു അതിലേക്കു സിംഗപ്പൂരിൽ വച്ചു ഉടമ്പടി എഴുതിപ്പിടിച്ചിട്ടുണ്ടെന്നും (൨) അല്ലെങ്കിൽതന്നെയും മരുമക്കത്തായനിയമം തറവാട്ടുവസ്തുക്കളെ സംബന്ധിക്കുന്നതല്ലാതെ സ്വന്തസ്വത്തിന്റെ പിന്തുടർച്ചയെ സംബന്ധിക്കുകയില്ലെന്നും ആയിരുന്നു. കീഴ്നടപ്പനുസരിച്ചു ഒരു സമുദായക്കാർ അനുസരിച്ചുവരുന്ന നിയമത്തെ അവർ തമ്മിലുള്ള കരാർമൂലം ഭേദപ്പെടുത്താൻ സാധിക്കുകയില്ലെന്നും അതിനാൽ ഒന്നാം പായിന്റിൽ പറയുന്നതുപോലെ യഥാർത്ഥത്തിൽ ഉടമ്പടി എഴുതിപ്പിടിച്ചിട്ടുണ്ടായിരുന്നാൽ തന്നെയും അതു സാധുവല്ലെന്നും ഹൈക്കോടതി തീരുമാനിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള നിയമം മരുമക്കത്തായപിൻതുടച്ചനിയമമായിരിക്കുന്ന സ്ഥിതിക്കു ഒരു പ്രത്യേകതരത്തിലുള്ള സ്വത്തിനെ സംബന്ധിച്ചേടത്തോളം—

അതായതു സ്വന്ത സമ്പാദ്യത്തെ സംബന്ധിച്ചു—വേറെ ഒരു നിയമം അതായതു മഹമ്മദീയനിയമം, ആണ് അനുസരിച്ചു വരുന്നതെന്നു വാദിക്കുന്നതു വാദിയാകയാൽ അവരാണ് ആ ഭാഗത്തെ തെളിയിക്കേണ്ടതെന്നും എന്നാൽ അങ്ങനെ തെളിയിച്ചില്ലെന്നുമുള്ള കാരണത്താൽ ആ വായിന്റിനേയും ഹൈക്കോടതി തള്ളിക്കളയുകയാണു ചെയ്തതു്. മരുമക്കത്തായപിന്തുടച്ചനിയമം മഹമ്മദീയ മതഗ്രന്ഥങ്ങളിലെ സിദ്ധാന്തങ്ങൾക്കു വിപരീതമാകയാൽ മഹമ്മദീയർ കക്ഷികളായുള്ള കേസിൽ കോടതികൾ മരുമക്കത്തായനിയമത്തെ അംഗീകരിക്കാൻ പാടില്ലെന്നുകൂടി വാദി വാദം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കീഴ്നടപ്പുകളെ ആദരിക്കണമെന്നുള്ള സിവിൽക്കോർട്ടറഗുലേഷന്റെ ൧൬-ാം വകുപ്പു ൨-ാംഖണ്ഡത്തേയും ബ്രിട്ടീഷ് ഇൻഡ്യയിലെ നടപ്പിനേയും മററും ആധാരമാക്കി ഹൈക്കോടതി ആ വാദത്തേയും തള്ളിക്കളയുകയാണ് ചെയ്തതു്.

## പരേതന്മാരുടെ സ്വത്തിന്റെ വിനിയോഗം.

### വകുപ്പ് ൨൦.

തി. ലാ. റി. ൧൭-ാം വാല്യം ൧൨൧-ാം ഭാഗം സൈനബീബി മുതൽപേരുടേയും ജൂനിസ്സേട്ടു മുതൽപേരുടേയും കേസ്സ്.

ഷേക്ക് ഇസ്മാൽ എന്നയാളുടെ മരണശേഷം അയാളുടെ ഭാര്യയും സഹോദരിമാരും കൂടി ജൂനിസ്സ് സേട്ടു എന്നൊരാൾക്കു അയാളുടെ വസ്തുക്കൾ പണയപ്പെടുത്തി ഒരു ഈടാധാരമെഴുതിക്കൊടുക്കാമെന്നു ഉടമ്പെട്ടു ൧൫൦ രൂപാ പ്രതിഫലം പററി. ഉടമ്പടിയനുസരിച്ചു ആധാരമെഴുതിക്കൊടുക്കാത്തതിനാൽ സേട്ടു ഉടമ്പടിയെഴുതിക്കൊടുത്തയാളുകളെ പ്രതികളാക്കി വിധി സമ്പാദിച്ചു ഷേക്ക് ഇസ്മാലിന്റെ വക വസ്തു ലേലത്തിൽ പിടിച്ചു. ഈ ലേലത്തെയസ്ഥിരപ്പെടുത്താനായി ഷേക്ക് ഇസ്മാലിന്റെ പെൺമക്കൾ കൊണ്ടുവന്നതാണു ഈ കേസ്സിലെ അന്യായം. സേട്ടിന്റെ വ്യവഹാരത്തിൽ തങ്ങളെ കക്ഷി ചേർത്തിട്ടില്ലായിരുന്നതിനാൽ ആ കേസ്സിലെ വിധിയും ലേലവും തങ്ങളെ സംബന്ധിക്കുകയില്ലെന്നായിരുന്നു അവരുടെ വാദം. എന്നാൽ മരിച്ചയാളുടെ സ്വത്തുമുഴുവനും മരിച്ചയാളുടെ ഭാര്യയുടെ—അതായതു്, വാദികളുടെ തള്ളയുടെ-കൈവശത്തിലായിരുന്നതുകൊണ്ടും അവരെക്കൂടി കക്ഷിചേർത്തു വിധി സമ്പാദിച്ചിരുന്നതുകൊണ്ടും വിധിയും വിധിനടത്തുനടപടികളും മക്കളുടെ ഓഹരികളെക്കൂടി സംബന്ധിക്കുന്നതാണെന്നു ഹൈക്കോടതി അഭിപ്രായപ്പെടുകയും ആ കാരണത്താൽ അന്യായം തള്ളുകയും ചെയ്തു.

# പിൻതുടച്ച.

## വകുപ്പ് ൧൩-വൻ.

തി. ലാ. റി. ൧൮-ാം വാല്യം ൧൨൭-ാംപുറം കുഞ്ഞുമ്മാൾ മുതൽ പേരുടേയും കൊച്ചുകുഞ്ഞുമുതൽപേരുടേയും കേസ്സ്.

അബ്ദുൽകാതിരും മഹമ്മതും ജ്യേഷ്ഠാനുജന്മാരുടെ മക്കളായിരുന്നു. ഒന്നാംവാദി കുഞ്ഞുമ്മാൾ ൧൦൩൮-ൽ അബ്ദുൽകാതിരു മരിക്കുന്നതുവരെ അയാളുടെ ഭാൎയ്യയും അതിനുശേഷം മഹമ്മതിൻെറ രണ്ടാമത്തെ ഭാൎയ്യയുമായിരുന്നു. കുഞ്ഞുമ്മാൾക്കു അബ്ദുൽകാതിരിൽ നിന്നും ജനിച്ച കൊച്ചുമ്മാൾ ൧൦൪-ന്നാൽ മരിച്ചുപോയി. കുഞ്ഞുമ്മാൾക്കു തൻെറ ഭൎത്താവായ അബ്ദുൽകാതിരുടേയും മകളായ കൊച്ചുമ്മാളുടേയും സ്വത്തുക്കളിൽ പിൻതുടച്ചാവകാശമുണ്ടല്ലോ കുഞ്ഞുമ്മാൾക്കു മഹമ്മതിൽ നിന്നു ജനിച്ചതായി വേറെ ഒരു മകളുണ്ടായിരുന്നു. ഇവൾക്കു തൻെറ അമ്മവഴി സഹോദരിയായ കൊച്ചുമ്മാളുടെ സ്വത്തിൽ പിൻതുടൎച്ചാവകാശമുണ്ടല്ലോ. അബ്ദുൽകാതിരുടേയും കൊച്ചുമ്മാളുടേയും സ്വത്തുക്കളിൽ തങ്ങൾക്കുള്ള ഓഹരികൾ തിരിച്ചുകിട്ടാനായി കുഞ്ഞുമ്മാളും മകളും ൧-ം ൨-ം വാദികളായി വ്യവഹാരപ്പെട്ടു- പ്രതികൾ മഹമ്മതിൻെറ നേരേ സഹോദരനായ വാവായുടെ ഭാൎയ്യമാരും മക്കളും മഹമ്മതിൻെറ അന്ത്യഭാൎയ്യയും മരിച്ച കൊച്ചുമ്മാളുടെ ഭൎത്താവും വസ്തു കൈവശക്കാരായ അന്യന്മാരുമായിരുന്നു. പ്രതികളുടെ തക്കം അബ്ദുൽകാതിരുടേയും കൊച്ചുമ്മാളുടേയും മരണത്തിനു ശേഷം ൧൨ കൊല്ലം കഴിഞ്ഞു വ്യവഹാരപ്പെട്ടതിനാൽ കാലഹരണദോഷമുണ്ടെന്നായിരുന്നു. ഇതിനു വാദികളുടെ സമാധാനം തങ്ങൾക്കു പ്രതികളോടൊന്നിച്ചും, അതിനു മുമ്പു മഹമ്മതിനോടും വാവായോടുമൊന്നിച്ചും വസ്തുക്കളുടെ കൂട്ടുകൈവശമുണ്ടായിരുന്നുവെന്നും കൂട്ടുകൈവശത്തിൽ നിന്നും തങ്ങളെ നീക്കിയ തീയതിമുതൽ ൧൨ കൊല്ലത്തിനകം വ്യവഹാരപ്പെട്ടതിനാൽ പഴയ കാലഹരണറഗുലേഷനിലെ ൧൦൭-ാം ആർട്ടിക്കിൾ അനുസരിച്ചു കാലഹരണമില്ലെന്നുമായിരുന്നു. മരിച്ചയാളുകളുടെ സ്വത്തിനെ അവകാശികൾ തമ്മിൽഭാഗിച്ചിട്ടില്ലാത്തതിനാൽ അവകാശികൾ എല്ലാവരും കൂടി ഒരു കൂട്ടുകുടുംബക്കാരുടെ നിലയിൽ വസ്തുക്കൾ കൈവശം വച്ചതായി ഊഹിക്കേണ്ടതാണെന്നു അവർ വാദിച്ചു. എന്നാൽ കോടതി തീരുമാനിച്ചതു ഹിന്ദുക്കളുടെ ഇടയിൽ എന്നപോലെ മഹമ്മദീയരുടെ ഇടയിൽ കൂട്ടുകുടുംബ വ്യവസ്ഥയില്ലാത്തതിനാൽ മേൽ പറഞ്ഞപ്രകാരം ഊഹിക്കാൻ പാടില്ലെന്നും, അന്യായ

തീയതിക്കു മുൻപു ൧൨ കൊല്ലത്തിനകം വാദികൾക്കു യഥാർത്ഥത്തിൽ വസ്തുക്കളുടെ കൂട്ടുകൈവശമുണ്ടായിരുന്നു എന്നു തെളിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു അവരുടെ അവകാശം ൧൪൪-ാം ആർട്ടിക്കിൾ അനുസരിച്ചു ൧൨ വർഷത്തിൽ കൂടുതൽ കാലത്തെ എതിർകൈവശംകൊണ്ടു നശിച്ചുപോയി എന്നുമാകുന്നു.

തി. ലാ. റി. ൨൨-ാം വാല്യം ൧൦൭-ാം വശം അബ്ദുൽകാതിരു മുതൽപേരുടേയും അയ്യപ്പൻമുതൽപേരുടേയും കേസ്സ് (ഫുൾബെഞ്ച്)

അബ്ദുല്ലാക്കുഞ്ഞു എന്നയാളുടെ മരണശേഷം അയാളുടെ വക ചില വസ്തുക്കൾക്കു അയാളുടെ പുത്രന്മാരായ ൧ മുതൽ ൩ വരെ പ്രതികളും പുത്രിയായ ആവനാളുമ്മാളും അവരുടെ തള്ളയും കൂടി ഒരു അന്യന് പണയാധാരമെഴുതിക്കൊടുത്തു. അന്ന് അബ്ദുല്ലാക്കുഞ്ഞിന്റെ വേറെ ഒരു മകനായ വാവാക്കുഞ്ഞു ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിലും അയാൾ ആധാരത്തിൽ ചേർന്നില്ല. അയാളുടെ മരണശേഷം പണയാധാരക്കാരൻ തന്റെ ആധാരത്തിന്മേൽ വിധി സമ്പാദിച്ചു പണയവസ്തുക്കൾ ലേലത്തിൽ പിടിക്കുകയും വിധിസംഖ്യയിൽ ബാക്കിയുള്ളതിനു വേണ്ടി അബ്ദുല്ലാക്കുഞ്ഞിന്റെ വക വേറെ ചില വസ്തുക്കൾകൂടി ജപ്തിചെയ്തു ലേലത്തിൽ പിടിക്കുകയും ചെയ്തു. ഈ കേസ്സിൽ വാവാക്കുഞ്ഞിന്റെ പുത്രന്മാരെ കക്ഷിചേർത്തിട്ടുണ്ടായിരുന്നില്ല. ഈ കേസ്സിലെ വ്യവഹാരം ലേലക്കാരൻ ജപ്തിചെയ്തു ലേലത്തിൽ പിടിച്ച വസ്തുക്കൾ ഒഴിപ്പിച്ചു കിട്ടാനായി ബോധിപ്പിച്ചതായിരുന്നു. വാവാക്കുഞ്ഞിന്റെ മക്കളായ ൪ മുതൽ ൬ വരെ പ്രതികൾ തങ്ങളുടെ പിതാവ് ആധാരത്തിൽ ചേരുകയോ തങ്ങൾ കേസ്സിൽ കക്ഷികളായിരിക്കുകയോ ചെയ്യാത്തതിനാൽ ലേലം തങ്ങളുടെ ഓഹരിയെ സംബന്ധിക്കുകയില്ലെന്നു തർക്കിച്ചു. ഇതിനു വാദി പറഞ്ഞ സമാധാനം അവരുടെ അവകാശം എതിർകൈവശംകൊണ്ടു നശിച്ചുപോയി എന്നാകുന്നു. കൂട്ടുകുടുംബങ്ങളെ സംബന്ധിക്കുന്നതായ കാലഹരണറെഗുലേഷനിലെ ൧൨൭-ാം അട്ടിക്കിൾ മുഹമ്മദിയരെ സംബന്ധിക്കുകയില്ലെന്നുതന്നെ ഫുൾബെഞ്ചിൽ തീരുമാനിച്ചു. എന്നാൽ തി. ലാ. റി. ൧൧-ാം വാല്യത്തിലെ കേസ്സിലെപ്പോലെ ൧൪൪-ാം അട്ടിക്കിൾ ഉപയോഗിച്ചു അബ്ദുല്ലാക്കുഞ്ഞിന്റെ മരണശേഷം പന്ത്രണ്ടുകൊല്ലത്തോളം വസ്തു കൈവശമില്ലാതെ അടങ്ങിയിരുന്നുവെന്നുള്ള കാരണത്താൽ അവരുടെ വാദം തള്ളിക്കളഞ്ഞതുമില്ല. ഫുൾബെഞ്ചിന്റെ അഭിപ്രായം മരിച്ചയാളുടെ സ്വത്ത് വീതിക്കുന്നതിനായി എക്സിക്യൂട്ടരോ അഡ്മിനിസ്ട്രേറ്ററോ ഉള്ള വിഷയത്തിൽ

മാത്രമേ ൧൦൪-ാം അട്ടിക്കിൾ ഉപയോഗിക്കാൻ പാടുള്ളുവെന്നും, അരങ്ങനെയില്ലാത്തപ്പോൾ സാധാരണ എത്തൃകൈവശത്തെ സംബന്ധിക്കുന്നതായ ൧൨൪-ാം അട്ടിക്കിൾ ആണു് ഉപയോഗിക്കേണ്ടതെന്നുമാകുന്നു. ഇതനുസരിച്ചു കൂട്ടവകാശികളിൽ ഒരാൾക്കു സ്വത്തിന്റെ ഏതെങ്കിലുമൊരുഭാഗം കൈവശമുണ്ടെങ്കിൽ മററു വസ്തുക്കളെ സംബന്ധിച്ചു മററവകാശികൾ പ്രത്യക്ഷമായ എതൃകൈവശം സ്ഥാപിക്കാത്ത പക്ഷം അയാൾക്കു എല്ലാ വസ്തുക്കളുടേയും കൂട്ടുകൈവശമുള്ളതായിട്ടാണു് വിചാരിക്കേണ്ടതു്. ഈ കേസ്സിലെ പ്രതികൾ തമ്മിൽ അന്യായത്തിയതിയ്ക്കു മുമ്പു പന്ത്രണ്ടു വഷത്തിനകമായി ഉണ്ടായ ഒരു വിധിയാൽ ആ വിധിത്തീയതിവരെയ്ക്കും ൧ മുതൽ ൯ വരെ പ്രതികൾക്കു എതിരായി മററു പ്രതികൾക്കു എതൃകൈവശമുണ്ടായിരുന്നുവെന്നു വാദിക്കുവാൻ വാദതടസ്ഥം ഉണ്ടായിത്തീൎന്നു. അതിനാൽ ആ മുൻവിധിയുടെ താല്പൎയ്യമനുസരിച്ചുള്ള ഓഹരികൾ നിശ്ചയിച്ചു ൨ മുതൽ ൯ വരെ പ്രതികൾക്കു കൊടുക്കാനായി കേസ്സു് കീഴ്ക്കോടതിയിലേക്കു റിമാൻറു ചെയ്യപ്പെട്ടു.

തി. ലാ. ജ. ൧൧-ാം വാല്യം ൧൩൮-ാം വശം = തി. ലാ. റി. ൩൭-ാം വാല്യം ൧൯൮-ാം വശം റസ്സൻകുട്ടിരാവുത്തരുടേയും സക്കീനാബീബിമുതൽപേരുടേയും കേസ്സു്.

ഒരു മഹമ്മദീയന്റെ മരണശേഷം അയാളുടെ വസ്തുക്കൾക്കു അയാളുടെ മൂന്നു പുത്രന്മാർകൂടി മുറയ്ക്കു പണയാധാരങ്ങളെഴുതിക്കൊടുത്തു. ഇവയിൽ മരിച്ചയാളുടെ രണ്ടു പുത്രിമാർ ചേൎന്നിരുന്നില്ല. ഒടുവിലത്തെ പണയാധാരത്തെ അടിസ്ഥാനമാക്കി പണയാധാരക്കാരൻ സമ്പാദിച്ച വിധി തങ്ങളുടെ ഓഹരികളെ സംബന്ധിക്കുന്നതല്ലെന്നു സ്ഥാപിച്ചുകിട്ടാനായി ഒരു പുത്രിയും മറേറ പുത്രി മരിച്ചുപോയതിനാൽ അവളുടെ മക്കളും കൂടി വ്യവഹാരം ബോധിപ്പിച്ചു. മുൻസിപ്പു അന്യായം തള്ളുകയും അപ്പീലിൽ ജില്ലാജഡ്ജി മിക്കവാറും അന്യായപ്രകാരംതന്നെ വിധി കല്പിക്കുകയും ചെയ്തു. വിധിയുടമസ്ഥനായ അസൽ ൧-ാം പ്രതി സ്പെഷ്യൽ അപ്പീൽ ബോധിപ്പിച്ചു. അയാളുടെ തക്കം മരിച്ചയാളുടെ ആണ്മക്കളും പെണ്മക്കളും ഒരു കൂട്ടുകുടുംബക്കാരാണെന്നും മൂത്ത പുരുഷന്റെ അന്യാധീനങ്ങൾ കുടുംബാവശ്യത്തിനായി ചെയ്തതാണെന്നും അതിനാൽ അതു പെണ്മക്കളെക്കൂടി ബന്ധിക്കുന്നതാണെന്നും ഊഹിക്കണമെന്നായിരുന്നു. എന്നാൽ ഈ വാദത്തെയും അതിനാധാരമായ തി. ലാ. റി. ൯-ാം വാല്യം ൨൩-ാം വശത്തിലെ വിധിയേയും ഹൈക്കോടതി സ്വീകരിച്ചില്ല. പരേതനായ ഒരു മഹ

മ്മദീയന്റെ അവകാശികളിൽ ഓരോരുവനും തന്റെ ഓഹരിയെ പ്രത്യേകമായിട്ടാണു് എടുക്കുന്നതെന്നും, യാതൊരവകാശിയുടേയും പ്രവൃത്തികൾ മററവകാശികളെ ബന്ധിക്കുന്നതല്ലെന്നും ഉള്ള കാരണത്താൽ ൧-ാം പ്രതിയുടെ വിധി വാദികളുടെ ഓഹരികളെ ബാധിക്കുന്നതല്ലെന്നു കണ്ടു് ഹൈക്കോടതി അന്യായപ്രകാരം തന്നെ വിധിനിശ്ചയിച്ചു. ൧-ാം പ്രതിയുടെ വിധിക്കുശേഷം മരിച്ചയാളുടെ പുത്രന്മാർ ഒരു ഭാഗപത്രമെഴുതി പെൺമക്കളുടെ ഓഹരിക്കു ചില വസ്തുക്കൾ നീക്കിവച്ചിട്ടുണ്ടായിരുന്നു. വാദികളുടെ ഓഹരിക്കു അവർ ആ വസ്തുക്കളെടുത്തുകൊള്ളണമെന്നായിരുന്നു ജില്ലാജഡ്ജിയുടെ വിധി. എന്നാൽ ആ ഭാഗപത്രം ൧-ാം പ്രതിയെ ബന്ധിക്കയില്ലെന്നുള്ള കാരണത്താൽ വാദികളുടെ ഓഹരിക്കു യാതൊരു പ്രത്യേകവസ്തുവും ഈ വ്യവഹാരത്തിൽ വച്ചു നീക്കിവയ്ക്കാൻ പാടില്ലെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

തി. ലാ. ജ. ൧൯-ാം വാല്യം ൨൨൭-ാം വശം, മരയ്ക്കാരു മുതൽ പേരുടേയും മൈതീൻകുഞ്ഞുമുതൽപേരുടേയും കേസ്സ്.

കുഞ്ഞിമീതിയൻ എന്നയാളുടെ മരണശേഷം അയാളുടെ സ്വത്തിനു അയാളുടെ കടം തീക്കാനായി മൂത്തമകനായ മഹമ്മദ് ഒരു പണയാധാരമെഴുതിക്കൊടുത്തു. ആധാരക്കാരൻ വിധി സമ്പാദിച്ചു് പണയവസ്തുവിനെ ലേലത്തിൽ വില്പിച്ചു അപ്പോൾ മഹമ്മതു മരിച്ചുപോയിരുന്നതിനാൽ അയാളുടെ രണ്ടു സഹോദരന്മാരുംകൂടി മഹമ്മതുമൈതീൻ എന്നൊരാൾക്കു പണയാധാരമെഴുതിക്കൊടുത്തു. അയത്ഥം കെട്ടിവച്ചു ലേലം അസ്ഥിരപ്പെടുത്തി. മഹമ്മതുമൈതീൻ തന്റെ ആധാരപ്രകാരം വിധി സമ്പാദിക്കുകയും അയാളുടെ മരണശേഷം അയാളുടെ ഭാൎയ്യയും മക്കളും വിധി നടത്തി പട്ടികവസ്തുക്കളുടെ ൩/൫ ഓഹരി ലേലത്തിൽ പിടിച്ചശേഷം മഹമ്മതുമൈതീന്റെ ഭാൎയ്യയുടെ അവകാശം അയാളുടെ അനുജൻ വിലയ്ക്കു വാങ്ങിക്കുകയും ചെയ്തു. മഹമ്മതുമൈതീന്റെ അനുജനും മക്കളുംകൂടി പട്ടികവസ്തുക്കളിൽ തങ്ങൾക്കു ലേലപ്രകാരമുള്ള ൨-ൽ ൩ ഓഹരി ഭാഗിച്ചുകിട്ടാനായി വ്യവഹാരപ്പെട്ടു. ആദ്യം മരിച്ചുപോയ കുഞ്ഞുമീതിയന്റെ ഭാൎയ്യയും മകളും ലേലം നടന്ന കേസ്സിൽ കക്ഷികളല്ലായിരുന്നതിനാൽ പട്ടികവസ്തുക്കളിൽ അവൎക്കുള്ള ഓഹരികളെ ലേലനടപടികൾ ബന്ധിക്കുമോ എന്നുള്ളതായിരുന്നു ഈ കേസ്സിലെ പ്രധാനമായ ആലോചനാവിഷയം. മഹമ്മദീയനിയമം കൂട്ടുകുടുംബങ്ങളെ അംഗീകരിക്കാത്തതിനാൽ ചില അവകാശികളുടെ പേരിലുള്ള വിധികൾ

മററവകാശികളെ ബന്ധിക്കുകയില്ലെന്നുള്ള തത്വത്തെ അടിസ്ഥാന മാക്കി മേൽപറഞ്ഞ സ്ത്രീകളുടെ ഓഹരികൾ കഴിച്ചുള്ളതിനു മാത്രമേ കോടതി വിധി കൊടുത്തുള്ളു. ചിലയവകാശികളുടെ കൈവശത്തിൽ മരിച്ചയാളുടെ സ്വത്തു മുഴുവനും ഉള്ളപക്ഷം കൈവശക്കാരെ പ്രതി യാക്കി സമ്പാദിക്കുന്ന വിധികൾ മററവകാശികളുടെ ഓഹരികളെ കൂടി ബന്ധിക്കുമെന്നുള്ള നിയമത്തെ (൨൦-ാം വകുപ്പു ബി നോക്കുക) ആധാരമാക്കി അസൽ വാദികൾ വാദിച്ചുവെങ്കിലും ആ നിയമം ഈ സംഗതിയിൽ സംബന്ധിക്കത്തക്കതല്ലെന്നു കോടതി അഭിപ്രായപ്പെട്ടു. എന്തുകൊണ്ടെന്നാൽ മരിച്ചയാളുടെ സ്വത്തുക്കൾ മുഴുവൻ ലേലം നടന്ന കേസ്സിലെ പ്രതികളുടെ കൈവശത്തിലായിരുന്നുവെങ്കിലും അവ ആ പ്രതികളുടെ തനിക്കൈവശത്തിലല്ലായിരുന്നു. അവരുടേയും ഈ കേസ്സിൽ തർക്കിച്ച സ്ത്രീകളുടെയും കൂട്ടുകൈവശത്തിലായിരുന്നു. കൈ വശക്കാരിൽ ഉൾപ്പെട്ട ആ സ്ത്രീകളെ കൂടി കക്ഷി ചേർക്കാത്തതുകൊ ണ്ടാണു് അവരുടെ ഓഹരികളെ വിധിയും ലേലവും ബന്ധിക്കാത്തതു്.

തി. ലാ. റി. ൨൧-ാം വാല്യം ൨൭൩-ാം വശം, ശങ്കരപാണ്ടിയ പിള്ളയുടെ കേസ്സ്.

ടി കേസ്സിലെ സംഗതികൾ ഇതിനു കീഴിൽ ൨൦ ബ-ാം വകു പ്പിനെ സംബന്ധിച്ച സ്ഥലത്തു വിവരിച്ചിരിക്കുന്നതു നോക്കുക. സ്വത്തുടമസ്ഥൻെറ മരണശേഷം ആയാളുടെ മകൻ നടത്തിയ കച്ചവ ടത്തിലെ കടങ്ങൾ മററവകാശികളുടെ ഓഹരികളെ ബന്ധിക്കുകയി ല്ലെന്നു ഈ കേസ്സിൽ തീരുമാനിച്ചു. അങ്ങനെ ബന്ധിക്കണമെങ്കിൽ കടമുണ്ടാക്കിയതു കുടുംബാവശ്യത്തിനും മററു അംഗങ്ങളുടെ ഗുണത്തി നുകൂടിയും ആണെന്നു തെളിഞ്ഞിരിക്കണമെന്നുകൂടി കോടതി അഭി പ്രായം പുറപ്പെടുവിച്ചു.

തി. ലാ, ജ. ൧൮-ാം വാല്യം രണ്ടെ-ാംവശം മഹമ്മതുഇബ്രാഹി മിൻെറയും അമിനാഉമ്മാളുടെയും കേസ്സ്.

ഈ കേസ്സിലെ അന്യായം അമിനാഉമ്മാൾ തൻെറ പിതാവിൻെറ സ്വത്തിൽ നിന്നും തനിക്കവകാശമുള്ള ഓഹരി ഭാഗിച്ചു കിട്ടാനായി മററു അവകാശികളെ പ്രതികളാക്കി ബോധിപ്പിച്ചതാകുന്നു. വാദി യുടെ മൂത്തസഹോദരനായ ഒന്നാംപ്രതിയുടെ തർക്കങ്ങളിൽ ഒന്നു് അ ന്യായത്തിൽ ഉൾപ്പെട്ട വസ്തുക്കളിൽ ചിലതു തൻെറപേരിൽ സമ്പാ ദിച്ചതും തൻെറ സ്വന്തവുമാണെന്നും അവയുടെ ഓഹരിക്കു വാദിക്കു

അവകാശമില്ലെന്നും ആയിരുന്നു. എന്നാൽ അയാൾ പൊതുസ്വത്തു കൈവശം വച്ചുകൊണ്ടിരുന്ന കാലത്തു ആ വസ്തുക്കൾ സമ്പാദിച്ചിട്ടുള്ളതാകയാൽ അവ പൊതുസ്വത്തിൽനിന്നുമുള്ള ആദായംകൊണ്ടു സമ്പാദിച്ചിട്ടുള്ളതാണെന്നു ഊഹിക്കണമെന്നും അതിനാൽ എല്ലാ കൂട്ടവകാശികൾക്കും അവയിൽ അവകാശമുണ്ടെന്നുമായിരുന്നു അസൽ കോടതി തീരുമാനിച്ചതു്. അപ്പീലിൽ ഹൈക്കോടതി അഭിപ്രായപ്പെട്ടതു്, പൊതുസ്വത്തിൻെറ ആദായത്തിൽനിന്നും വസ്തുക്കൾ സമ്പാദിച്ചതാണെങ്കിൽ അവയിൽ കൂട്ടവകാശികൾക്കുകൂടി അവകാശം ജനിക്കുമെന്നുള്ള തത്വം ശരിയാണെങ്കിലും മഹമ്മദീയരെ സംബന്ധിച്ചിടത്തോളം കൂട്ടുകുടുംബമേർപ്പാടില്ലായ്കയാൽ പൊതുസ്വത്തു കൈവശത്തിലുണ്ടെന്നുള്ള കാരണത്താൽമാത്രം അതിൻെറ ആദായംകൊണ്ടാണു വസ്തു സമ്പാദിച്ചതെന്നു ഊഹിക്കാൻപാടില്ലെന്നും ആ ഭാഗം തെളിയിക്കാനുള്ളതു വാദിയുടെ ചുമതലയാണെന്നുമായിരുന്നു. അതിനാൽ ഒന്നാംപ്രതിയുടെ പേരിൽ സമ്പാദിച്ചവയൊഴിച്ചുള്ള വസ്തുക്കളുടെ ഓഹരിക്കു മാത്രമാണു ഹൈക്കോടതി വിധിയനുവദിച്ചതു്.

## മരണശാസനം (ഒസ്യത്തു്.)

### വകുപ്പു് ൩൩-൩൪.

തി. ലാ. റി. ൧൮-ാം വാല്യം ൨൦൧-ാം വശം മീരാൻഅലിഉമ്മാളുടെയും മീരാവുചെയ്തുമുഹമ്മദിൻെറയും കേസ്സ്.

ഈ കേസ്സിലെ അന്യായത്തിൽ ഏ. ബി. എന്നിങ്ങനെ രണ്ടു പട്ടികകളിലുള്ള വസ്തുക്കളടങ്ങിയിരുന്നു. ഏ പട്ടികവസ്തുക്കൾ വാദിയായ മീരാൻ അലിഉമ്മാളുടെയും ബി. പട്ടികവസ്തുക്കൾ അവളുടെ ഭർത്താവായിരുന്നു മരിച്ചുപോയ മീരാ കൊച്ചുമഹമ്മദിൻെറയും വകയായിരുന്നു. ഈ വസ്തുക്കൾക്കു വാദിയും ഭർത്താവുംകൂടി പ്രതിയായ മീരാവുചെയ്തുമഹമ്മദിൻെറയും അയാളുടെ രണ്ടാമത്തെ ഭാര്യയുടേയുംപേർക്കു ഒരുടമ്പടി എഴുതിക്കൊടുത്തു. രണ്ടാമത്തെ ഭാര്യ എന്നു പറഞ്ഞതു് വാദിയുടെ സഹോദരൻെറ പുത്രിയായിരുന്നു. ഒന്നാമത്തെ ഭാര്യയും വാദിയുടെ സ്വന്തംപുത്രിയുമായിരുന്ന സ്ത്രീ മരിച്ചുപോയിരുന്നു. വാദിയുടെ ഭർത്താവു ൧൦൭൯-ലും പ്രതിയുടെ രണ്ടാമത്തെഭാര്യ ൧൦൮൦-ലും മരിച്ചുപോയി. അതിനുശേഷം ഏ. ബി. പട്ടികവസ്തുക്കൾ പ്രതിയിൽനിന്നും ഒഴിപ്പിച്ചു വാങ്ങാനായി വാദി അന്യായപ്പെട്ടു. ൧൦൬൯-ലെ ഉടമ്പടിപ്രകാരം പ്രതിക്കു പട്ടികവസ്തുക്കളുടെ ഭരണം നടത്താനേ

അവകാശമുണ്ടായിരുന്നുള്ളുവെന്നും ഉടമസ്ഥാവകാശം തനിക്കാണെ
ന്നും പ്രതി ഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിച്ചു വസ്തുക്കൾ അയാ
ളുടെ സ്വന്തമാണെന്നു വരുത്താൻ ശ്രമിക്കുന്നതിനാൽ വസ്തുക്കൾ
ഒഴിപ്പിച്ചു കിട്ടണമെന്നുമായിരുന്നു വാദിയുടെ അപേക്ഷ. പ്രതിയുടെ
തൎക്കം ൧൦൭൯-ലെ ഉടമ്പടി ഒരു ഇഷ്ടദാനയാധാരമാണെന്നും അതി
നാൽ വസ്തുക്കൾ തന്റെ സ്വന്തമായിത്തീൎന്നുവെന്നും വാദിയേയും
മററും പ്രതി രക്ഷിക്കണമെന്നുള്ള അതിലെ നിബന്ധനകൾ മഹമ്മ
ദീയനിയമപ്രകാരം അസാധുവാണെന്നുംമററുമായിരുന്നു. ജില്ലാജഡ്ജി
യുടെ തീരുമാനം, ൧൦൭൯ ലെ ഉടമ്പടി ഒരു ദാനയാധാരമാണെന്നും
എന്നാൽ വസ്തുക്കളുടെ ആദായത്തിൽനിന്നും ചെലവിനു കിട്ടാൻ വാ
ദിക്കവകാശമുണ്ടെന്നുമായിരുന്നു. വാദിയുടെ ചിലവു കഴിക്കാനായി ഏ.
പട്ടികവസ്തു അവൾക്കു വിട്ടുകൊടുക്കണമെന്നു അദ്ദേഹം വിധികല്പി
ക്കുകയും ചെയ്തു. ഈ വിധിയിൽനിന്നും വാദി ഹൈക്കോടതിയിൽ
ബോധിപ്പിച്ച അപ്പീലിൽ പ്രധാനമായി ആലോചിക്കാനുണ്ടായിരു
ന്നതു ൧൦൭൯-ലെ ഉടമ്പടിയുടെ സ്വഭാവത്തെപ്പററിയായിരുന്നു. അ
തിലെ വാചകങ്ങളേയും കക്ഷികളുടെ നടപടിയേയും അടിസ്ഥാന
മാക്കി ഹൈക്കോടതി അഭിപ്രായപ്പെട്ടതു് ൧൦൭൯-ലെ ഉടമ്പടി പട്ടി
കവസ്തുക്കളെ സംബന്ധിച്ചിടത്തോളം ഒരു ദാനയാധാരമല്ലെന്നും
അതു ഒരു ഭരണയുടമ്പടയും മരണശാസനവും കലൎന്നതായ പ്രമാണ
മാണെന്നുമായിരുന്നു. അതിലെ വ്യവസ്ഥകൾ പ്രതിയും പ്രതിയുടെ
രണ്ടാമത്തെ ഭാൎയ്യയും വാദിയോടും വാദിയുടെ ഭൎത്താവിനോടുംകൂടി
താമസിച്ചു അവരെ മരണംവരെ സംരക്ഷിക്കണമെന്നും മരണശേഷം
അവരുടെ കുട്ടികളും പ്രതിയും ഭാൎയ്യയും വസ്തുക്കൾ എടുക്കണമെന്നും
വാദിക്കു കുട്ടികളില്ലാത്തപക്ഷം പ്രതിയും ഭാൎയ്യയും മുഴുവൻ വസ്തു
ക്കളും എടുക്കണമെന്നും ആയിരുന്നു. ബി. പട്ടികവസ്തുക്കൾ വാദി
യുടെ ഭൎത്താവിന്റെ വകയായിരുന്നുവല്ലോ. എന്നാൽ ഭൎത്താവിന്റെ
മരണശേഷം അയാളുടെ പിൻതുടൎച്ചാവകാശിയായ വാദി ബി. പട്ടി
കവസ്തുക്കൾ പ്രതിയുടെ പേരിൽക്കൂട്ടുന്നതിനു സമ്മതം കൊടുത്തതി
നാൽ ആ വസ്തുക്കൾ മുഴുവൻ പ്രതിക്കു സ്വസ്വാതന്ത്ര്യമായിരിക്കുന്ന
താണെന്നു ഹൈക്കോടതി തീരുമാനിച്ചു. എന്നാൽ ഏ. പട്ടികവസ്തു
വാദിയുടെ സ്വന്തമായതിനാൽ അതിനെ സംബന്ധിച്ചു പ്രതിക്കുള്ള
ഭരണാധികാരത്തെ തനിക്കിഷ്ടമുള്ളപ്പോൾ പിൻവലിക്കുന്നതിനും
അതിനെ സംബന്ധിച്ചുള്ള തന്റെ മരണശാസനത്തെ റദ്ദ് ചെയ്യുന്ന
തിനും വാദിക്കു അധികാരമുള്ളതിനാൽ ഏ. പട്ടികവസ്തുക്കൾ വാദി
ഒഴിപ്പിച്ചു സ്വസ്വാതന്ത്ര്യമായി അനുഭവിക്കാനും ഹൈക്കോടതി വി
ധികൊടുത്തു.

## വകുപ്പ് ൩൭.

തി-ലാ-റി. ൩൨-ാം വാല്യം ൧൬൮-ാം വശം=തി-ലാ-ജ. ൧൮-ാം വാല്യം ൪൨൩-ാം വശം, അമിനാ ഉമ്മാളുടേയും മീരചവാ രാവുത്തരുടേയും കേസ്സ്.

വാവണ്ണൻ എന്നയാൾ മരിക്കുന്ന കാലത്തു അയാൾക്കു അവകാശികളായി ആറു ആണ്മക്കളും നാലു പെണ്മക്കളുമുണ്ടായിരുന്നു. അതിനാൽ അയാളുടെ സ്വത്തിൽനിന്നു ഓരോമകനു ൧൬-ൽ ൨ ഓഹരിയും ഓരോ മകൾക്കു ൧൬-ൽ ൧ ഓഹരിയും കിട്ടാനവകാശമുണ്ടല്ലോ. പെണ്മക്കൾ രണ്ടുപേരും തങ്ങൾക്കു കിട്ടാനുള്ള ൧/൧൬ ഓഹരിവീതം ഭാഗിച്ചു കിട്ടാനായി ആണ്മക്കളുടെ പേരിൽ പ്രത്യേകം പ്രത്യേകം വ്യവഹാരം ബോധിപ്പിച്ചു. പ്രതികളുടെ തക്കം വാവണ്ണന്റെ ജീവിതകാലത്തുതന്നെ പെണ്മക്കൾക്കു രൊക്കം പണം കൊടുത്തുപോയി എന്നും പട്ടിക വസ്തുക്കളെല്ലാം വാവണ്ണന്റെ മരണശാസനംമൂലം തങ്ങൾക്കു സിദ്ധിച്ചുപോയി എന്നും അവയിൽ വാദികൾക്കു യാതൊരവകാശമില്ലെന്നുമായിരുന്നു. ഈ തക്കം സ്വീകരിച്ചു ജില്ലാക്കോടതി അന്യായങ്ങൾ തള്ളി വിധിച്ചു. വാദികൾ അപ്പീലുകൾ ബോധിപ്പിച്ചപ്പോൾ ഹൈക്കോടതി കീഴ്ക്കോർട്ടുവിധിയെ അസ്ഥിരപ്പെടുത്തി സ്ഥാവരവസ്തുക്കളെ സംബന്ധിച്ചിടത്തോളം അന്യായപ്രകാരം വിധിച്ചു. (ജംഗമങ്ങളെ സംബന്ധിച്ചു കാലഹരണമുണ്ടായിരുന്നതു കൊണ്ടാനു അവയെ സംബന്ധിച്ചു അന്യായം തള്ളിയതു്.) മരണശാസനം പിൻതുടച്ചാവകാശികളായ പുത്രിമാരുടെ പേക്കുള്ളതാകയാൽ ശാസകനായ വാവണ്ണന്റെ മരണശേഷം മററു പിൻതുടച്ചാവകാശികളായ പുത്രിമാർ അതിനെ സമ്മതിക്കാതെ കണ്ടു അതു സാധുവായിത്തിരുന്നതല്ലെന്നും പുത്രിമാർ തങ്ങളുടെ വാക്കുകൊണ്ടോ നടപടികൊണ്ടോ അപ്രകാരം സമ്മതിച്ചതായി പ്രതികൾ തെളിയിച്ചിട്ടില്ലെന്നും ഉള്ള കാരണത്താലാണു ഹൈക്കോടതി അപ്രകാരം വിധിച്ചതു്. ശാസകന്റെ മരണശേഷം പ്രതികൾ മാത്രമായി പട്ടിക വസ്തുക്കൾ കൈവശംവച്ചനുഭവിച്ചു എന്ന കാരണത്താൽ വാദികൾ മരണശാസനം സമ്മതിച്ചതായി ഊഹിക്കാൻ പാടില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. പെണ്മക്കൾക്കു പിതാവു തന്റെ ജീവിതകാലത്തു വല്ല സ്വത്തും കൊടുത്തിരുന്നാലും അതിൽവച്ചു അവരുടെ പിൻതുടച്ചാവകാശം നശിച്ചു പോകുന്നതല്ലെന്നും തീരുമാനിച്ചു.

## മരണശയ്യാദാനങ്ങൾ.

---

### വകുപ്പ് ൭൨-൭൩.

തി-ലാ-റി. ൧൨-ാംവാല്യം ൬൩൨-ാംവശം കാതിരുമ്മാൾ മുതൽപേരുടേയും പക്കീരിൻേറയും കേസ്സ്.

വാദികൾ പ്രതിയുടെ സഹോദരിമാരാകുന്നു. വാദിപ്രതികളുടെ പിതാവിൻെറ സ്വത്തിൽനിന്നും തങ്ങൾക്കവകാശമുള്ള ഓഹരിഭാഗിച്ചു കിട്ടുവാനായും പിതാവു പ്രതിയുടെ പേൎക്കെഴുതിക്കൊടുത്ത ഒരു ദാനയാധാരം അസ്ഥിരപ്പെടുത്താനായും അവർ വ്യവഹാരപ്പെട്ടു. ദാനയാധാരമെഴുതുന്ന കാലത്തു പിതാവിനു രോഗവും വാൎദ്ധക്യവും നിമിത്തം മനശ്ശക്തി ശരിയായി സ്വാധീനത്തിലില്ലായിരുന്നകാലത്തു വാദികളെ ചതിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രതി പിതാവിനെ നിൎബ്ബന്ധിച്ചു ദാനയാധാരം എഴുതി വാങ്ങിയതാണ് എന്നും അതിനാൽ മഹമ്മദീയനിയമപ്രകാരം അതു സാധുവല്ലെന്നുമായിരുന്നു വാദികളുടെ വാദം. ആധാരകാലത്തു പിതാവിനു മനശ്ശക്തി പൂൎണ്ണമായി സ്വാധീനമുണ്ടായിരുന്നു എന്ന കാരണത്താൽ ആധാരം സാധുവെന്നു കണ്ടു ജില്ലാജഡ്ജി അന്യായം തള്ളി തീൎമാനിച്ചു. ജില്ലാജഡ്ജി സ്വീകരിച്ചതായന്യായം ശരിയല്ലെന്നും മഹമ്മദീയനിയമപ്രകാരം ആലോചിക്കേണ്ടതായ സംഗതി ദാതാവിനു മനശ്ശക്തി സ്വാധീനത്തിലുണ്ടായിരുന്നുവോ എന്നുള്ളതല്ല, മർസ്-ഉൽ-മൌത്തിൽ വെച്ചാണോ ദാനം ചെയ്തതു് എന്നാണെന്നും അപ്പീലിൽ ഹൈക്കോടതിഅഭിപ്രായപ്പെട്ടു- താഴെപ്പറയുന്നകാരണങ്ങളാൽ ദാനകാലത്തു ദാതാവു് മർസ്-ഉൽ-മൌത്തിലായിരുന്നുവെന്നു ഹൈക്കോടതി തീൎമാനിച്ചു. അയാൾക്കന്നു് ൯൦ വയസ്സുപ്രായമുണ്ടായിരുന്നു. ആധാരമെഴുതി സ്വല്പദിവസത്തിനകം അയാൾ മരിക്കുകയും ചെയ്തു. അയാൾക്കു രജിസ്ത്രർകച്ചേരിയിൽ ഹാജരാകാൻ നിവൃത്തിയില്ലാത്തതു കൊണ്ടു വാസസ്ഥലത്തുവന്നു ആധാരം രജിസ്തർ ചെയ്യാനായി പ്രതി അപേക്ഷ ബോധിപ്പിച്ചിരുന്നു. രജിസ്ത്രാർ വാസസ്ഥലത്തു പോയ സമയത്തു ആധാരം തയാറാകാത്തതിനാൽ പിന്നൊരു സമയത്തുഅയാളെ മഞ്ചലിൽ കേററി കൊണ്ടുപോയി മററു രണ്ടാളുകൾ താങ്ങിക്കൊണ്ടാണു രജിസ്ത്രാരുടെ മുമ്പാകെ ഹാജരാക്കിയതു്. അയാൾക്കുണ്ടായിരുന്ന അതിസാരരോഗത്താൽ താമസിയാതെ അയാൾ മരിച്ചുപോയി. ദേഹബലമുള്ള ഒരു ചെറുപ്പക്കാരൻെറ സംഗതിയിൽ അതിസാരം അപകടമായ ഒരു രോഗമല്ലെങ്കിലും ദാതാവി

ൻെറ വയസ്സും അയാൾ താമസിയാതെ മരിച്ചുപോയ സംഗതിയും ഓ ൎത്തിട്ടു അയാളുടെ സുഖക്കേടു ഒരു "മർസ്-ഉൽ-മൌത്തു്" ആയിരുന്നുവെ ന്നു ഹൈക്കോടതി തീൎമ്മാനിച്ചു. എളുപ്പത്തിൽ ആധാരമെഴുതി രജിസ്ത്ര രാക്കാനുള്ള പ്രതിയുടെ പരിഭ്രമവും തൻെറ പിതാവു് താമസിയാതെ മരിച്ചുപോകാൻ ഇടയുണ്ടെന്നുള്ള പ്രതിയുടെ വിശ്വാസത്തെ സൂചി പ്പിച്ചിരുന്നു. അതിനാൽ പിന്തുടൎച്ചാവകാശികളായ വാദികളും തള്ളയും പിതാവിൻെറ മരണശേഷം ദാനത്തെ സമ്മതിച്ചിട്ടില്ലാത്ത തിനാൽ ദാനയാധാരം അസാധുവെന്നു കണ്ടു ഹൈക്കോടതി അന്യായ പ്രകാരം വിധികല്പിച്ചു.

താക്കർഅയ്യരുടെ സെലക്റ്റ് ഡിസിഷൻസ് ൩-ാം വാല്യം ൨൦-ാം വശം, മതരുണ്ണി മുതൽപേരുടേയും ബീ ഉമ്മായുടേയും കേസ്സ്.

മരിച്ചുപോയ മമ്മലി എന്നയാളുടെ തള്ളയായ ബീഉമ്മാ അയാ ളുടെ സ്വത്തിൽനിന്നും തനിക്കു കിട്ടാനവകാശമുള്ള ⅙ ഓഹരിക്കാ യി അയാളുടെ ഭാൎയ്യയുടെയും മക്കളുടെയുംപേരിൽ അന്യായപ്പെട്ടു. പ്ര തികളുടെതക്കം രണ്ടു നമ്പർ വസ്തുക്കൾ ഭാൎയ്യയുടെ സ്വന്തസമ്പാദ്യമാ ണെന്നും മററു വസ്തുക്കൾ മമ്മലി പ്രതികൾക്കു ഇഷ്ടദാനയാധാരംവഴി കൊടുത്തതാണെന്നും അതിനാൽ അവയിൽ വാദിക്കു യാതൊരവകാശ വുമില്ലെന്നും ആയിരുന്നു. ജില്ലാജഡ്ജി മിക്കവാറും അന്യായപ്രകാരം തന്നെ വിധികൊടുത്തു. ഭാൎയ്യയുടെ സ്വന്തസമ്പാദ്യമെന്നു പറഞ്ഞ വസ്തുക്കൾ മമ്മലിയുടെ വകയാണെന്നുതന്നെ തെളിവിൽ സ്ഥാപിക്ക പ്പെട്ടിരുന്നു. അപ്പീലിൽ ഹൈക്കോടതി ആലോചിക്കാനുണ്ടായിരുന്ന പ്രധാനസംഗതി ദാനയാധാരകാലത്തു മമ്മലിക്കു "മർസ-ഉൽ-മൌ ത്ത്" ഉണ്ടായിരുന്നുവോ എന്നായിരുന്നു. രണ്ടുവൎഷം മുമ്പുമുതല്ക്കുതന്നെ അയാൾക്കു പ്രമേഹരോഗമുണ്ടായിരുന്നു. ദാനകാലത്തു അയാളുടെ മുഖത്തു ഒരു മാസത്തെ പഴക്കമുള്ള ഒരു നീരുണ്ടായിരുന്നു. മമ്മലി പ്രമേഹരോഗത്താൽ കിടപ്പിലായതുകൊണ്ടു വേലചെയ്യാൻ നിവൃത്തി യില്ലെന്നും ഒരു മാസമായി മുഖത്തു നീരുള്ളതിനാൽ തീരെ അവശത യിലായതുകൊണ്ടു കടങ്ങൾ തീൎക്കുന്നതിനോ മററു കാൎയ്യങ്ങളന്വേഷി ക്കുന്നതിനോ യാതൊരു നിവൃത്തിയുമില്ലെന്നും ദാനയാധാരത്തിൽത്ത ന്നെവിവരിച്ചിരുന്നു. ജില്ലാജഡ്ജി തെളിവിനെസൂക്ഷ്മമായി പരിശോ ധിച്ചു മമ്മലി മുഖത്തുണ്ടായിരുന്ന നീരുനിമിത്തം മരണം പ്രാപിച്ചു വെന്നും ദാനയാധാരകാലത്തു് അയാൾക്കു തനിക്കു മരണം നേരിടുമെ ന്നുള്ള വിചാരമുണ്ടായിരുന്നുവെന്നും അഭിപ്രായപ്പെട്ടതിനെഹൈക്കോ ടതി ശരിവയ്ക്കുകയാണു ചെയ്തതു്. രജിസ്ത്രാർ വാസസ്ഥലത്തുചെന്നു

പ്പോൾ മമ്മലി വരാന്തയിൽ കുത്തിയിരിക്കുകയായിരുന്നുവെന്നുള്ള രജിസ്ത്രാരുടെ മൊഴിയിലും തൻെറ ചികിത്സയിൽ മമ്മലിയുടെ രോഗത്തിനു ഭേദംകണ്ടിരുന്നുവെന്നുള്ള വൈദ്യൻെറ മൊഴിയിലും ആധാരകാലത്തുമമ്മലിക്കു മനഃശക്തി പൂൎണ്ണസ്വാധീനത്തിലിരുന്നുവെന്നുള്ള സംഗതിയിലുംനിന്നു മമ്മലിയുടെ മരണം നീരിൽ വെച്ചല്ലെന്നും മരണം നേരിട്ടുമെന്നുഅയാൾക്കു വിചാരമില്ലായിരുന്നുവെന്നും ഊഹിക്കുവാൻ പാടില്ലെന്നും ഹൈക്കോടതി പ്രസ്താവിച്ചു. ദാതാവു കിടപ്പിലായാലുംശരി ഇല്ലെങ്കിലുംശരി, തൻെറ രോഗംകൊണ്ടു തനിക്കു മരണം നേരിട്ടുമെന്നു അയാൾക്കു വിചാരമുണ്ടായിരുന്നുവോ എന്നാണ് ആലോചിക്കുവാനുള്ളത്. പ്രസ്തുത കേസ്സിൽ ദാതാവിനു അങ്ങനെ വിചാരമുണ്ടായിരുന്നതുകൊണ്ടും ദാനം പിന്തുടൎച്ചാവകാശികളുടെ പേക്ഷയത്രുകൊണ്ടും വാദിയുടെ സമ്മതമില്ലാത്തതിനാൽ ദാനം മുഴുവനും അസാധുവാണെന്നു തീരുമാനിച്ചു.

തി. ലാ. റി. ൩൯-ാം വാല്യം ൯൭-ാം വശം, ആത്തംകോയായുടേയും കുഞ്ഞു ഐഷാഉമ്മാ മുതൽ പേരുടേയും കേസ്സ്.

ഈ കേസ്സിൻെറ സംഗതികൾ ഇതിനുകീഴിൽ ൧൨൯-ാംവകുപ്പിനെ സംബന്ധിച്ച സ്ഥലത്തു വിവരിച്ചിട്ടുള്ളതു നോക്കുക. വക്ഫ് സമൎപ്പിക്കുന്ന സമയത്തു കദീജാ ഉമ്മാളുടെ സുഖക്കേടു മർസ്-ഉൽമൌത്ത് എന്ന നിലയിലായിരുന്നുവോ എന്നാകുന്നു കേസ്സിൽ ആലോചിക്കാനുണ്ടായിരുന്ന പ്രധാനസംഗതി. വക്ഫ് പത്രത്തിൻെറ തീയതി ൧൦൯൨ ധനു ൨൯-ാംനു ആയിരുന്നു. അടുത്ത മകരത്തിലോ കുംഭത്തിലോ കദീജാ മരിക്കുകയുംചെയ്തു. അവരെ ചികിത്സിച്ച വൈദ്യൻ ൧൦൯൧ അവസാനം മുതൽ അവൎക്കു രോഗമായിരുന്നു എന്നു മൊഴികൊടുത്തു. വക്ഫ് പത്രകാലത്തു അവൎക്കു മഹോദരരോഗമുണ്ടായിരുന്നു എന്നു മാത്രമല്ല ദേഹത്തു ആസകലം നീരുമുണ്ടായിരുന്നു. വക്ഫ് പത്രത്തിൽ തൻെറ ആത്മാവിൻെറ സൽഗതിക്കായി നടത്താൻ വ്യവസ്ഥചെയ്തിരുന്ന അടിയന്തിരങ്ങളുടെ ദീൎഘവിവരണത്തേയും കേസ്സിലെ മററു തെളിവുകളേയും അടിസ്ഥാനപ്പെടുത്തി തനിക്കു മരണം നേരിടാനിടയുണ്ടെന്നു വക്ഫ് പത്രകാലത്തു കദീജാ ഉമ്മാൾക്കു വിചാരമുണ്ടായിരുന്നു എന്നുള്ള ജില്ലാജഡ്ജിയുടെ അഭിപ്രായത്തെ ഹൈക്കോടതിയും അംഗീകരിച്ചു. മരണത്തിനു കുറേക്കൊല്ലം മുമ്പുമുതല്ക്കേ കദീജായ്ക്കു നല്ല ദേഹസുഖമില്ലായിരുന്നുവെങ്കിലും മരണത്തിനു ഹേതുവായിത്തീൎന്ന മഹോദരരോഗത്തിനു ഒരുവൎഷത്തിൽ കവിഞ്ഞ പഴക്കമുണ്ടായിരുന്നു എന്നുള്ളതിലേക്കു കേസ്സിൽ തെളിവില്ലായിരുന്നു. ഈ കാരണങ്ങളാലാണു വക്ഫ് പത്രം കദീജായുടെ

സ്വത്തിൻെറ മൂന്നിൽ ഒരു ഓഹരിയെ സംബന്ധിച്ചു മാത്രമേ സാധുവായിരിക്കയുള്ളു എന്നു നിശ്ചയിച്ചത്.

## ഇഷ്ടദാനം (ഹിബാ.)

### വകുപ്പ ൧൨൯.

തി. ലാ. റി. ൨൯-ാംവാല്യം ൨൦൫-ാംവശം, മീയാൻ അലിഉമ്മാളുടേയും ചെയ്യുമഹമ്മതിൻേറയും കേസ്സ്.

ഈ കേസ്സിലെ സംഗതികൾ നമ്പ-൧ നമ്പ-൨ വകുപ്പുകളെസംബന്ധിച്ച സ്ഥലത്തു വിവരിച്ചിരിക്കുന്നതു നോക്കുക. അവിടെ പ്രസ്താവിച്ചിട്ടുള്ള ഉടമ്പടിയെ ഒരു ദാനയാധാരമായി ഗണിക്കാമോ എന്നുള്ള സംഗതി ആലോചനാവിഷയമായിരുന്നു. പട്ടികവസ്തുക്കളെ സംബന്ധിച്ചിടത്തോളം ദാനയാധാരമല്ലെന്നായിരുന്നു ഹൈക്കോടതിയുടെ തീരുമാനം. അതിനുള്ള കാരണം ഉടമ്പടിയിലെ വാചകങ്ങൾകൊണ്ടും കക്ഷികളുടെ അനന്തരനടപടികൾകൊണ്ടും ഉടമ്പടിയെഴുതിക്കൊടുത്തയാളുകൾക്കു പട്ടികവസ്തുക്കളിന്മേൽ ഉള്ള ഉടമസ്ഥാവകാശത്തിൽനിന്നും വിട്ടുമാറുവാൻ ഉദ്ദേശമില്ലായിരുന്നുവെന്നു് തെളിഞ്ഞതുകൊണ്ടാകുന്നു. പ്രതി വസ്തുക്കൾ ശരിയായിട്ടനേഷിക്കാതിരിക്കുകയോ, വാദിയെ സംരക്ഷിക്കാതിരിക്കുകയോ ചെയ്താൽ വാദിയുടേയും വാദിയുടെ ഭർത്താവിൻേറയും ആജ്ഞകളനുസരിച്ചു പ്രവർത്തിക്കണമെന്നു ഉടമ്പടിയിൽ വ്യവസ്ഥയുണ്ടായിരുന്നു. ഉടമ്പടിയിൽ ഉൾപ്പെട്ട വേറെ ചില വസ്തുക്കൾ പ്രതി ഉടനെ സർവ്വസ്വാതന്ത്ര്യമായി എടുക്കണമെന്നു പറഞ്ഞിരുന്നതിൽനിന്നുതന്നെ പട്ടികവസ്തുക്കൾ അപ്രകാരം എടുക്കത്തക്കവയല്ലെന്നു ഊഹിക്കാമായിരുന്നു. പട്ടികവസ്തുക്കൾ പ്രതി ഉടനെ സ്വന്തമായി എടുക്കണമെന്നും എന്നാൽ വാദിമുതൽപേരുടെ ജീവിതംവരെ വസ്തുവിൻെറ ആദായം കൊണ്ടു അവരെ സംരക്ഷിക്കണമെന്നും അല്ലായിരുന്നു ഉടമ്പടിയിലെ വ്യവസ്ഥ. അങ്ങനെയായിരുന്നെങ്കിൽ അതു് ഒരു ഇഷ്ടദാനമാകുമായിരുന്നു. എന്നാൽ ഉടമ്പടിയിലെ വാചകപ്രകാരം ഉടമസ്ഥൻെറ ജീവിതംവരെ പ്രതി വസ്തുക്കളുടെ ഭരണം നടത്തണമെന്നും അതിനുശേഷം മാത്രം വസ്തുക്കളിൽ അയാൾക്കു അവകാശം ജനിക്കണമെന്നുമായിരുന്നു വ്യവസ്ഥ. വാദിക്കു കുട്ടികളുണ്ടെങ്കിൽ അവക്കുകൂടി വസ്തുവിൽ സമാവകാശം ഉണ്ടായിരിക്കണമെന്നുകൂടി വ്യവസ്ഥയുണ്ടായി

രുന്നു. ഇതും പ്രതിക്കു പട്ടികവസ്തുക്കളിൽ ഉടനെ ഉടമസ്ഥാവകാശം ജനിച്ചില്ലെന്നുള്ളതിലേക്കു ഒരു ലക്ഷ്യമായിരുന്നു. വാദിയുടെ പേരിലുള്ള വസ്തുക്കൾക്കു പോക്കുവരവു ചെയ്തില്ലെന്നും വാദിയുടെ ഭർത്താവിൻെറ വസ്തുക്കൾക്കുമാത്രം അയാളുടെ മരണശേഷം വാദിയുടെ സമ്മതത്തോടുകൂടി പ്രതിയുടെ പേരിൽ പോക്കുവരവു ചെയ്തിട്ടുണ്ടായിരുന്നു. ഉള്ള കാരണങ്ങളാൽ ഉടമ്പടിയിലെ വാചകങ്ങൾ ഒരു മരണശാസനമാണെന്നും വാദിയുടെ ഭർത്താവിൻെറ വസ്തുക്കളെസംബന്ധിച്ചുള്ള അന്ത്യദാനത്തെ അയാളുടെ മരണശേഷം വാദി സമ്മതിച്ചതായും വാദിയുടെ വസ്തുക്കളെസംബന്ധിച്ചുള്ള അന്ത്യദാനത്തേയും ഭരണാധികാരത്തേയും വാദി റദ്ദ് ചെയ്തതായും വിചാരിക്കണമെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

തി. ലാ. റി. ൩൯-ാംവാല്യം ൨൭൩-ാംവശം=തി. ലാ. ജ. ൧൯-ാം വാല്യം ൬൨-ാംവശം, ഇസ്മാൽകുഞ്ഞു മുതൽപേരുടേയും മൈതീൻകുഞ്ഞു മുതൽപേരുടേയും കേസ്സ്.

ഈ കേസ്സിനെസംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഇതിനു കീഴിൽ ൨൭-ാം വകുപ്പിനെ സംബന്ധിച്ച സ്ഥലത്തു വിവരിച്ചിരിക്കുന്നതുനോക്കുക. അന്യായത്തിൽ ബീ പട്ടികവസ്തുക്കളും സീ പട്ടികയിലെ ചില ചിട്ടിബാദ്ധ്യതകളും മരിച്ച മഹമ്മദ് ഉമ്മാൾ മേജരായതിൽ പിന്നെ അവളുടെ പേരിൽ പിതാവായ ൧-ാംപ്രതി സമ്പാദിച്ചതായിരുന്നു. മഹമ്മദ് ഉമ്മാളുടെ വസ്തുക്കളിലെ ആദായംകൊണ്ടു അവളുടെ ഭർത്താവായ ഒന്നാംവാദിയാണ് ഈ വസ്തുക്കളും മററും അവളുടെ പേരിൽ സമ്പാദിച്ചതെന്നു അയാൾ തർക്കിച്ചുവെങ്കിലും അവയെ സംബന്ധിച്ച ആധാരങ്ങളിൽ അയാൾ സാക്ഷിനിൽക്കുകപോലും ചെയ്തില്ലാ എന്നും മററുമുള്ള കാരണങ്ങളാൽ ഹൈക്കോടതി അതിനെ അവിശ്വസിക്കുകയാണ് ചെയ്തതു്. ഒന്നാംപ്രതിതന്നെ തൻെറ സ്വന്തം പണംകൊടുത്തു മകളുടെ പേരിൽ ഇവയെ സമ്പാദിച്ചതാണ് എന്നാകുന്നു തെളിവിനെയടിസ്ഥാനപ്പെടുത്തി കോടതി തീരുമാനിച്ചതു്. മകളുടെ പേരിൽ വസ്തു സമ്പാദിച്ചുവെങ്കിലും, അതു ഇഷ്ടദാനമായി മകൾക്കിരിക്കണമെന്നു താൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നു എന്നും തൻെറ മരണശേഷം വസ്തു ഭാഗിക്കപ്പെടാനിടയാകാതെ തൻെറ ഏകസന്താനമായ മകൾക്കുതന്നെയിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മകളുടെ പേരിൽ ചാരായി ആധാരം എഴുതിവാങ്ങിയതാണെന്നും എന്നാൽ തൻെറ ജീവിതകാലത്തു വസ്തുവിൻെറ ഉടമസ്ഥാവകാശം കൊടുത്തുകളയുവാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നു എന്നുമുള്ള ൧-ാംപ്രതിയുടെ തർക്കത്തെ കോടതി അംഗീകരിച്ചു. ഒരു പിതാവു തൻെറ സ്വന്തംആർത്ഥം

കൊടുത്തു തന്റെ മകന്റെയോ മകളുടേയോ പേരിൽ വസ്തു എഴുതി വാങ്ങിയെന്നുള്ള കാരണത്താൽ മാത്രം അതു മകനോ മകൾക്കോ ഇഷ്ടദാനമായി കൊടുക്കാൻ അയാൾ ഉദ്ദേശിച്ചിരുന്നു എന്നൂഹിക്കാൻ പാടില്ലെന്നു കോടതി അഭിപ്രായപ്പെട്ടു. പ്രസ്തുതവസ്തുക്കളിൽ മഹമ്മദുമ്മാളോ അവൾക്കുവേണ്ടി ഭർത്താവായ ഒന്നാംവാദിയോ യാതൊരു ഉടമസ്ഥാവകാശവും നടത്തിയതായി വേറെ തെളിവുമില്ലായിരുന്നു. അതിനാൽ ഈ വസ്തുക്കൾ ൧-ാംപ്രതിയുടെ സ്വന്തമെന്നുകണ്ടു ഇവയെ സംബന്ധിച്ചിടത്തോളം അന്യായം തള്ളുകയാണുണ്ടായതു്.

തി. ലാ. ജ. ൧൭-ാംവാല്യം ൨൫൯-ാം വശം കുഞ്ഞഹമ്മൻ ഊരാൻ മുതൽപേരും തായുക്കാട്ടുകുട്ടി മുതൽപേരും തമ്മിലുള്ള കേസ്സ് — പത്തായി എന്ന സ്ത്രീയുടെ പുത്രന്മാരായ രണ്ടാളുകൾ ചേർന്നു തള്ളയുടെ സമ്മതത്തോടുകൂടി എഴുതിപ്പിടിച്ച ഒരു ഉടമ്പടിയിൽ ഒരു വസ്തുവിനെപ്പററി ഇങ്ങനെ വ്യവസ്ഥചെയ്തിരുന്നു. "മൂന്നായി വീതിച്ചു എ. പട്ടികവസ്തു ഒടുവിൽ സമ്മതക്കക്ഷിചേരുന്ന നമ്മുടെ മാതാവു പത്തായിക്കു ജീവനാംശംവകയ്ക്കായി നിയോഗിക്കയും മാതാവു പത്തായിയുടെ കാലത്തോളവും അവരു നടന്നു ആദായംകൊണ്ടു ചെലവു കഴിച്ചുകൊള്ളുകയും ചെയ്യേണ്ടതും പത്തായിയുടെ കാലശേഷം ആ വസ്തു നമ്മൾ ഒന്നുപോലെ വീതിച്ചെടുപ്പാനുള്ളതുമാകുന്നു." സഹോദരന്മാരിൽ ഒരാളായ പരീതു മാതാവിന്റെ ജീവിതകാലത്തുതന്നെ മരിച്ചുപോയി. മാതാവിന്റെ മരണശേഷം പരീതിന്റെ അവകാശികൾ വസ്തുവിന്റെ ഒന്നുപകുതി ഭാഗിച്ചുകിട്ടാനായി അന്യായപ്പെട്ടു. പരീതിന്റെ സഹോദരനായ ൧-ാം പ്രതിയുടെ തക്കം, നിബന്ധനയോടുകൂടിയ ദാനങ്ങളെ മഹമ്മദീയനിയമം അംഗീകരിക്കാത്തതിനാൽ (൬൨-ാംവകുപ്പു നോക്കുക) വസ്തു ഭാഗഉടമ്പടിമൂലം പത്തായിക്കു സർവ്വസ്വാതന്ത്ര്യത്തോടുകൂടി കിട്ടിയെന്നും അതിനാൽ പത്തായിയുടെ മരണശേഷം അതു മുഴുവനും അന്നു ജീവിച്ചിരിപ്പുണ്ടായിരുന്ന ഏകപുത്രനായ തനിക്കു സിദ്ധിച്ചുവെന്നും വാദികൾക്കു യാതൊരു ഓഹരിക്കും അവകാശമില്ലെന്നുമായിരുന്നു. അയാളുടെ വാദം, ഭാഗഉടമ്പടിയിലെ വാചകത്തിൽനിന്നു തൽവസ്തു മാതാവിനുള്ള ഒരു 'ഹിബാ' (ഇഷ്ടദാനം) ആയി വിചാരിക്കണമെന്നും അതിനാൽ അതു മാതാവിന്റെ മരണശേഷം വേറെ ആളുകൾക്കു ചെല്ലണമെന്നുള്ള നിബന്ധന അസാധുവാണെന്നുമായിരുന്നു. ഹൈക്കോടതിയുടെ തീരുമാനം അതു ഒരു 'ഹിബാ'യെ (ഇഷ്ടദായമേ) അല്ലെന്നും അതിനെ ഒരു "അരീയത്ത്" (ആദായത്തിന്റെ മാത്രം ദാനം; -ാംവകുപ്പു നോക്കുക.) ആയോ 'തവാറിസ്' (= കുടുംബകാര്യനിശ്ചയം) ആയോ ഗണിക്കേണ്ടതാണെന്നും അ

തിനാൽ പരിതിനും ൧-ാംപ്രതിക്കും അത്ര്യം മുതല്ക്കു വസ്തുവിൽ ഒന്നു പകുതിക്കു വീതം അവകാശമുണ്ടായിരുന്നു എന്നും അന്ന്യായപ്രകാരമുള്ള കീഴ്ക്കോടതിവിധികൾ ശരിയാണെന്നുമായിരുന്നു. ഒരു കരണം ദാനമാകണമെങ്കിൽ അതിൽ (൧) ഹിബായെ സൂചിപ്പിക്കുന്നതായ സാംകേതികപദങ്ങളോ (൨) ഇഷ്ടദാനമായി വ്യാഖ്യാനിക്കാവുന്നതായ സാധാരണരീതിയിലോ അലങ്കാരരീതിയിലോ ഉള്ള പദങ്ങളോ (൩) ഹിബായെയും അറിയത്തിനേയും ഒരുപോലെ സംബന്ധിക്കുന്ന പദങ്ങളോ ഉപയോഗിച്ചിരിക്കേണ്ടതാണ്. ഒടുവിൽ പറഞ്ഞിട്ടുള്ള തരത്തിലുള്ള പദങ്ങളാണുപയോഗിച്ചിട്ടുള്ളതെങ്കിൽ അതു് ആദായത്തെ സംബന്ധിച്ചാണെങ്കിൽ അറിയത്തായും വസ്തുവിനെത്തന്നെ സംബന്ധിച്ചാണെങ്കിൽ ഹിബാ ആയും ഗണിക്കേണ്ടതാകുന്നു. പ്രസ്തുത ഉടമ്പടിയിലെ വാചകം അറിയത്തിനെയല്ലാതെ ഹിബായെ സൂചിപ്പിക്കാത്തതുകൊണ്ടാണ് അതു മുഴുവനും സാധുവാണെന്നു തീരുമാനിച്ചതു്. കരണം മുഴുവനും സാധുവാണെന്നുള്ളതിലേക്കു അമീർഅലിയുടെ അഭിപ്രായത്തേയും പല ബ്രിട്ടീഷ്ഇൻഡ്യൻ വിധികളേയും അടിസ്ഥാനമാക്കി വേറെഒരഭിപ്രായംകൂടി ഹൈക്കോടതി പുറപ്പെടുവിച്ചു. അതിൻെറ താല്പര്യം കുടുംബസംബന്ധമായ വഴക്കുകൾ തടുക്കുന്നതിനായി "തവാറിസ്" എന്നു പറയുന്ന കുടുംബനിശ്ചയ പത്രങ്ങളെ മഹമ്മദീയനിയമം അംഗീകരിക്കുന്നുണ്ടെന്നും അതനുസരിച്ചു ഒരാളുടെ ജീവിതകാലംവരെ ഒരുവസ്തു ഒരാൾക്കും അതിനുശേഷം വേറെ ഒരാൾക്കും ഇരിക്കണമെന്നുള്ള വ്യവസ്ഥ സാധുവാണെന്നുമാകുന്നു. പ്രസ്തുത കരണത്തെ പത്തായിയും പുത്രന്മാരും ചേൎന്നെഴുതിയ ഒരു നിശ്ചയപത്രമായി വിചാരിക്കാവുന്നതാണെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

## വകുപ്പ് ൮൭.

തി. ലാ. റി. ൩-ാംവാല്യം ൮൩-ാം വശം മീരമ്മാളുടേയും മഹമ്മതുകണ്ണു മുതൽപേരുടേയും കേസ്സ്—

വാദിയുടെ വിവാഹനിശ്ചയസമയത്തു അവളുടെ പിതാവു വിവാഹത്തിനു നാലുദിവസംമുൻപു അവൾക്കു സ്ത്രീധനമായി ൩൦൦൦ പണത്തിൻെറ ആഭരണങ്ങളും, ൧൦൦൦ പണത്തിൻെറ സ്ഥാവരവസ്തുവും കൊടുക്കാമെന്നു രേഖാമൂലം വ്യവസ്ഥചെയ്തു. അതു കിട്ടാത്തതിനാൽ പിതാവിൻെറ മരണശേഷം അദ്ദേഹത്തിൻെറ അവകാശികളുടെ പേരിൽ അന്ന്യായപ്പെട്ടു. പിതാവിൻെറ ജീവിതകാലത്തു വസ്തുവും ആഭരണങ്ങളും വാദിക്കു കൈവശമായി കൊടുക്കാത്തതിനാൽദാനം അസാധുവാ

യിത്തീൎന്നുവെന്നുപറഞ്ഞു ജില്ലാക്കോടതി അന്യായംതള്ളി വിധിച്ചു. ഹൈക്കോടതി അപ്പീൽ അനുവദിച്ചു ജംഗമങ്ങളെ സംബന്ധിച്ചിടത്തോളം ദാനം സാധുവാണെന്നു തീരുമാനിച്ചു. സ്ഥാവരത്തെ സംബന്ധിച്ചു അന്യായം അനുവദിക്കാത്തതു് രേഖ രജിസ്റ്റർരേഖ അല്ലാത്തതുകൊണ്ടാണു്. ഒരു പിതാവു മൈനരായ തൻെറ മകൻെറയോ മകളുടേയോ പേൎക്ക ചെയ്യുന്ന ദാനം കൈവശംകൊടുക്കൽ കൂടാതെതന്നെ പൂൎത്തിയായിത്തീരുന്നു എന്നുള്ള തത്വം അനുസരിച്ചാണു് ദാനം സാധുവെന്നു തീരുമാനിച്ചതു്. ദാനത്തിനുശേഷവും പിതാവു വസ്തു കൈവശം വെയ്ക്കുന്ന പക്ഷം അതു മൈനൎക്കുവേണ്ടിയും മൈനരുടെ രക്ഷാകൎത്താവെന്നുള്ള നിലയിലും ആണെന്നു വിചാരിക്കണമെന്നാകുന്നു ഇതിൻെറ ന്യായം.

തി. ലാ. റി. ൧൪-ാം വാല്യം ൩൧-ാം വശം പച്ചാമിയാസാഹിബിൻേറയും കുഞ്ഞ്മിയാ സാഹിബ് മുതൽപേരുടേയും കേസ്സ്

കുഞ്ഞ്മിയാ സാഹിബ് എന്നയാൾ തൻെറ മകളായ മാസാബീബിക്കു അശമ്പുമലയിലുള്ള ഒരു കാപ്പിത്തോട്ടത്തിൻെറ നാലിൽ മൂന്നു ഓഹരിക്കു ഒരു ദാനയാധാരമെഴുതിക്കൊടുത്തു. ശിഷ്ടമുള്ള ഒരു ഓഹരി തനിക്കുതന്നെ ഇരിക്കുന്നതാണെന്നും ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അതിനുശേഷവും കുഞ്ഞ്മിയാ സാഹിബ് തന്നെ മുഴുവൻ വസ്തുവും കൈവശം വെയ്ക്കുകയും മകളേയും മകളുടെ ഭൎത്താവായ പച്ചാമിയാ സാഹിബിനേയും തൻെറ കുടുംബത്തിൽതന്നെ പാൎപ്പിച്ചു് കുടുംബകാൎയ്യങ്ങൾ അന്വേഷിച്ചുവരികയും ചെയ്തു. മകൾക്കു ഓഹരി കൊടുക്കപ്പെട്ടതായ വേറെ തോട്ടങ്ങൾ അന്യന്മാൎക്കു് വിൽക്കേണ്ടിവന്നപ്പോൾ മകളെക്കൂടി ചേൎത്താണു് വിലയാധാരമെഴുതിക്കൊടുത്തതു്. തൽതോട്ടത്തിൽ വിളഞ്ഞ കാപ്പി കയററുമതി ചെയ്യുന്നതിനു് ഒടുക്കിയ തീരുവയ്ക്കുള്ള രസീതു തൻേറയും മകളുടേയും കൂട്ടുപേരുകളിലാണു് വാങ്ങിച്ചതു്. തോട്ടത്തിൻെറ നാലിൽ മൂന്നുഓഹരി മാസാബീബിയും അവളുടെ സന്താനങ്ങളും ആചന്ദ്രതാരം അനുഭവിക്കണമെന്നു ആധാരത്തിൽ പറഞ്ഞിരുന്നു. വസ്തുവിൻെറ മുൻപ്രമാണങ്ങൾ ദാനക്കാരിക്കു് കൊടുക്കുന്നതായിട്ടും ആധാരത്തിൽ വിവരിച്ചിരുന്നു. മാസാബീബിക്കു് ൨൨-വയസ്സായപ്പോൾ അവൾ മരിച്ചു. അതിനുശേഷം അവളുടെ ഓഹരിയിൽനിന്നും തനിക്കു് പിൻതുടൎച്ചയായി കിട്ടാനവകാശമുള്ള ഓഹരി ഭാഗിച്ചുകിട്ടാനായി ഭൎത്താവായ പച്ചാമിയാസാഹിബ് കൊണ്ടുവന്നതാണു് ഈ വ്യവഹാരം. ഒന്നാംപ്രതിയായ കുഞ്ഞ്മിയാസാഹിബ് പല തൎക്കങ്ങളും

പുറപ്പെട്ടുവിച്ചു. ദാനയാധാരം താൻ മനസ്സാലെ എഴുതിക്കൊടുത്ത
തല്ലെന്നും നിർബന്ധവും ക്രമക്കേടായ പ്രേരണയുംകൊണ്ടു് എഴുതി
ക്കൊടുത്തതാണെന്നും ഉള്ള തക്കത്തെ കോടതി അവിശ്വസിച്ചു. ദാന
യാധാരപ്രകാരം മാസാബീബിക്കു വസ്തു കൈവശം കൊടുത്തിട്ടില്ലായി
രുന്നതിനാൽ ദാനം അസാധുവാണെന്നുള്ള തക്കത്തെപ്പററിയായിരുന്നു
കേസ്സിൽ പ്രധാനമായി ആലോചിച്ചതു്. പിതാവു് തൻെറ മൈന
രായ കുട്ടിയുടെ പേൎക്കുചെയ്യുന്ന ദാനം ദാനപ്രസ്താവം കൊണ്ടുതന്നെ
പൂൎത്തിയായിത്തീരുന്നുവെന്നും ദാനക്കാരി ദാനത്തെ സ്വീകരിക്കുകയോ
വസ്തു കൈവശപ്പെടുത്തുകയോ ചെയ്യേതീരൂ എന്നില്ലെന്നും ഉള്ള ത
ത്വത്തെ അടിസ്ഥാനമാക്കി ആ തക്കവും ഹൈക്കോടതി തള്ളിക്കളയു
കയാണു് ചെയ്തതു്. ദാനത്തിനുശേഷം ദാതാവിൻെറ വസ്തുകൈവശം
വസ്തുകൈവശക്കാരിക്കു വേണ്ടീട്ടാണെന്നു വിചാരിക്കേണ്ടതാകുന്നു. അ
വൾ മേജരായതിനു് ശേഷവും ദാതാവുതന്നെ വസ്തു കൈവശം വച്ചി
രുന്നതുകൊണ്ടു് അതു എതിർകൈവശമാണെന്നു വിചാരിക്കാൻ പാടില്ല.
ഇടയ്ക്കു മുതൽ തൻെറ കൈവശം എതിർകൈവശമാണെന്നു കാണിക്ക
ത്തക്ക സ്പഷ്ടമായ വല്ല പ്രവൃത്തിയും കൈവശക്കാരനാണു് തെളിയി
ക്കേണ്ടതു്. പ്രസ്തുത കേസ്സിൽ അപ്രകാരമുള്ള തെളിവില്ലായിരുന്നു
എന്നു മാത്രമല്ല ദാനക്കാരി അവളുടെ മരണംവരെയും ഭൎത്താവിനോടു
കൂടി പിതൃഗൃഹത്തിൽതന്നെ താമസിച്ചു വന്നതുകൊണ്ടും മററും പി
താവിൻെറ കൈവശം അനുകൂലകൈവശമാണെന്നു സ്പഷ്ടമായി കാണു
കയും ചെയ്യുമായിരുന്നു. അതിനാൽ എതിർകൈവശത്തെപ്പററിയു
ള്ള തക്കവും തള്ളപ്പെട്ടു. മുഷായുടെ ദാനമായതുകൊണ്ടു് അസാധു
വാണെന്നുള്ള തക്കവും തള്ളിക്കളഞ്ഞു് ഹൈക്കോടതി വാദിയുടെ അ
ന്യായമനുവദിക്കുകയാണു് ചെയ്തതു്.

തി. ലാ. റി. ൨൦-ാം വാല്യം ൧൫൪-ാം വശം അഹമ്മതുകുഞ്ഞി
ൻെറയും അലിയാരുകുഞ്ഞു് മുതൽപേരുടേയും കേസ്സ്.

ഒരു മഹമ്മദീയൻ തൻെറ മകൻെറയും മകളുടേയും പേൎക്കു് എ
ഴുതിക്കൊടുത്ത ദാനയാധാരത്തിൽ ഉൾപ്പെട്ട വസ്തുക്കളിൽ മകളുടെ
മരണശേഷം അവളുടെ കുട്ടികൾക്കു കിട്ടാനുള്ള ഓഹരി ഭാഗിച്ചുകിട്ടാ
നായി അവർ അന്യായപ്പെട്ടു. ദാതാവിൻെറ മകൻെറ തക്കം ദാന
യാധാരം മഹമ്മദീയനിയമപ്രകാരം അസാധുവാണെന്നായിരുന്നു.
എന്നാൽ ദാനത്തിലെ വാചകങ്ങൾ വ്യക്തങ്ങളായിരിക്കുകയും ദാന
ത്തെ പരസ്യമായി ചെയ്യുകയും ദാനകാലത്തു ദാതാവിനു വസ്തുവി
ൻെറ കൈവശം ഉണ്ടായിരിക്കുകയും അതിനെ ദാനക്കാരനു് വിട്ടു

കൊടുക്കുകയും ചെയ്തിരുന്നാൽ ദാനം സാധുവാണല്ലോ. "എന്റെ വസ്തുക്കൾ ഞാൻ നിങ്ങൾക്കായി ഭാഗിച്ചുതന്നിരിക്കുന്നു" എന്നുള്ള ആധാരത്തിലെ വാചകം വ്യക്തമായിരുന്നു. ആധാരം രജിസ്റ്റർ ചെയ്തിരുന്നതുകൊണ്ട് അത് പരസ്യമായ ദാനമായും വിചാരിക്കേണ്ടതായിരുന്നു. അടുത്ത ഒരു ബന്ധുവിന്റെ പേർക്ക്—അതായത് മകളുടെ പേർക്ക്—ഉള്ള ദാനമായതുകൊണ്ട് വസ്തു വിട്ടുകൊടുത്തില്ലെങ്കിൽ ദാതാവിന്റെ പിന്നീടുള്ള കൈവശം ദാനക്കാരനുവേണ്ടിയാണെന്നു വിചാരിക്കേണ്ടതാകുന്നു. ഈ കാരണങ്ങളാൽ ദാനയാധാരം സാധുവാണെന്നു തീരുമാനിച്ച് ഹൈക്കോടതി അന്യായം അനുവദിക്കുകയാണ് ചെയ്തത്. ദാനക്കാരിയുടെ പേരിൽ വസ്തു പോക്കുവരവുചെയ്യാനായി അപേക്ഷിച്ചില്ലായെന്നുള്ള സംഗതി സാരമുള്ളതായി കോടതി വിചാരിച്ചില്ല.

തി. ലാ. ജ. ൧൭-ാം വാല്യം ൭൦-ാം വശം, സെൽമാ ഉമ്മാളുടെയും അവ്വാഉമ്മാൾ മുതൽപേരുടേയും കേസ്സ്.

കാദിർവാവാ എന്നയാൾ തന്റെ മകളായ അമീനായുടെ പേർക്ക് എഴുതിക്കൊടുത്ത ഒരു ദാനയാധാരം സാധുവാണോ എന്നുള്ളതായിരുന്നു ഈ കേസ്സിൽ ആലോചനാവിഷയമായിരുന്ന പ്രധാന സംഗതി. അത് അസാധുവാണെന്നുള്ള തർക്കത്തിനടിസ്ഥാനമായുള്ള സംഗതി ആധാരത്തിനു ശേഷവും വസ്തു കാദിർവാവായുടെ കൈവശത്തിൽതന്നെ ഇരുന്നുവെന്നുള്ള സംഗതിയാണ്. മൈനരുടെ പിതാവുചെയ്ത ദാനമായിരുന്നതുകൊണ്ട് കൈവശമാററം കൂടാതെയും ദാനം സാധുവാണെന്നു ഹൈക്കോടതി തീരുമാനിച്ചു. എന്നാൽ അമീനായുടെ സഹോദരിയായ ഈ കേസ്സിലെ വാദിക്കു ദാനവസ്തുവിൽ യാതൊരു ഓഹരിയ്ക്കും അവകാശമില്ലെന്നുള്ള കാരണത്താൽ അന്യായം തള്ളുകയാണുണ്ടായത്. അമീനായുടെ മരണശേഷമാണ് സഹോദരിയായ സെൽമാ ഈ അന്യായം കൊണ്ടുവന്നത്. അമീനാ മരിക്കുന്നകാലത്തു അവൾക്കവകാശികളായി മാതാപിതാക്കന്മാരും ഭർത്താവും ഒരു മകളും ഉണ്ടായിരുന്നതുകൊണ്ട് സെൽമാ ഒരു പിൻതുടർച്ചാവകാശിയായിരിക്കുന്നതല്ലല്ലോ.

തി. ലാ. റി. ൩൯-ാം വാല്യം ൮൪-ാം വശം= തി. ലാ. ജ. ൧൨-ാം വാല്യം ൩൨-ാംവശം, ഇസ്മാൽകുഞ്ഞു മുതൽപേരുടേയും മൈതീൻകുഞ്ഞു മുതൽപേരുടേയും കേസ്സ്.

ഇസ്മാൽ കുഞ്ഞു ൧൦൭-ൽ ൩ വയസ്സു പ്രായമുണ്ടായിരുന്ന തന്റെ ഏകസന്താനമായ ഫമ്മദുമ്മാളുടെപേർക്കൊരുദാനയാധാരവും ൧൦൮൩-ൽ

വേറേ ഒരു ദാനയാധാരവും എഴുതികൊടുത്തു. ൧൮൭൯-ൽ മഹമ്മദുമ്മാൾ മരിച്ചശേഷം അവളുടെ ഭർത്താവും മകളുംകൂടി ദാനവസ്തുക്കളിലുംമററും തങ്ങൾക്കുള്ള ഓഹരിക്കായി അന്യായപ്പെട്ടു. ഇസ്മാൽകുഞ്ഞിൻെറ തക്കം ദാനയാധാരങ്ങളും മഹമ്മദുമ്മാളുടെ പേരിൽ എഴുതിവാങ്ങിക്കപ്പെട്ട വിലയാധാരങ്ങളും വെറും ചാരാധാരങ്ങളാണെന്നായിരുന്നു. വിലയാധാരങ്ങൾ ചാരാധാരങ്ങളാണെന്നു തന്നെ തെളിവിൽ സ്ഥാപിക്കപ്പെട്ടു. എന്നാൽ ദാനയാധാരങ്ങൾ അങ്ങനെയല്ലെന്നും അവയിൽ ഉൾപ്പെട്ട വസ്തുക്കൾ ഇസ്മാൽകുഞ്ഞു യഥാൎത്ഥത്തിൽ മഹമ്മദുമ്മാൾക്കു കൊടുത്തിട്ടുള്ളവയാണെന്നും ദാനം സാധുവാണെന്നും കണ്ടു അവയിൽ ഉൾപ്പെട്ട വസ്തുക്കളിൽ വാദികൾക്കുള്ള ഓഹരി വിധിച്ചുകൊടുക്കപ്പെട്ടു. ൧൮൭൩-ൽ നടന്ന മഹമ്മദുമ്മാളുടെ വിവാഹകാലത്തു തന്നെ അവൾക്കു ൧൦൦൦ രൂപായുടെ വസ്തുക്കൾ സ്ത്രീധനമായി കൊടുക്കാമെന്നു ഇസ്മാൽ കുഞ്ഞു ചെയ്ത കരാറിനേയും മററു സന്ദർഭങ്ങളേയും ആധാരമാക്കി ദാനയാധാരങ്ങൾ ചാരാധാരങ്ങളല്ലെന്നു ഹൈക്കോടതി തീരുമാനിച്ചു. തൻെറ മരണശേഷം മററു ബന്ധുക്കൾ വസ്തുക്കളുടെ ഓഹരികൾ കൊണ്ടുപോകാനിടയാകാതെ വസ്തുക്കൾ മുഴുവനും മഹമ്മദുമ്മാൾക്കിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചാരായിട്ടാണു മകളുടെപേൎക്കുള്ള ദാനയാധാരങ്ങളെഴുതിയതെന്നും തൻെറ ജീവിതകാലത്തു പട്ടികവസ്തുക്കളിൽ യാതൊരവകാശവും മകൾക്കു സിദ്ധിക്കണമെന്നുദ്ദേശിച്ചിട്ടില്ലായിരുന്നു എന്നുമാണു് ഇസ്മാൽകുഞ്ഞു വാദിച്ചതു്. ഇതിനു അടിസ്ഥാനമായി വസ്തുക്കൾ മകളുടെ പെരിൽ പോക്കുവരവു ചെയ്തില്ലെന്നും തൻെറപേരിൽതന്നെ പട്ടയം പിടിച്ചുവെന്നും വസ്തുക്കൾ താൻതന്നെ കൈവശം വച്ചുകൊണ്ടിരുന്നു എന്നുമുള്ള സംഗതികളേയും അയാൾ ചൂണ്ടിക്കാണിച്ചു. എന്നാൽ ദാനയാധാരത്തിൽനിന്നും സ്പഷ്ടമായി കാണാവുന്ന ഇഷ്ടദാനത്തിനെതിരായി വാദിക്കുന്ന ഇസ്മാൽകുഞ്ഞാണു് അതു ചാരാണെന്നു തെളിയിക്കേണ്ടതു് എന്നും അയാൾ തൻെറ തെളിവുഭാരം നിൎവ്വഹിച്ചില്ലെന്നും ഉള്ള അഭിപ്രായത്തോടുകൂടി ഹൈക്കോടതി ആ വാദത്തെ നിരസിച്ചുകളഞ്ഞു. മൈനരായമകളുടെ പേൎക്കുള്ള ദാനമായതുകൊണ്ടു ദാനയാധാരംകൊണ്ടുതന്നെ ദാനം പൂൎത്തിയായി. പോക്കുവരവു ചെയ്യുകയും ദാനക്കാരിയുടെ പേരിൽ പട്ടയം പിടിക്കുകയും മററും ചെയ്യേണ്ടതായ തൻെറ ചുമതലകളെ രക്ഷകൎത്താവായ പിതാവു നിൎവ്വഹിച്ചില്ലെന്നുള്ള കാരണത്താൽ ഒരിക്കൽ പൂൎത്തിയായിത്തീൎന്ന ദാനം പിന്നീടു അസാധുവായിത്തീരുന്നതല്ലെന്നും, അതിനെ പിൻവലിക്കാനുള്ള അധികാരംപോലും ദാതാവിനില്ലെന്നും, ദാനത്തിൽ ഉൾപ്പെട്ട ചില ഒററിവസ്തുക്കളെ സംബന്ധിച്ചു പുറക്കടങ്ങളും വിലയാധാരങ്ങ

ളും ദാനക്കാരിയുടെ പേക്ഷതന്നെ വാങ്ങിച്ചിട്ടുണ്ടായിരുന്നു എന്നുമുള്ള വസ്തുതകളെ ആധാരമാക്കീട്ടാണു് ഇസ്മാൽകുഞ്ഞിന്റെ വാദം തള്ളപ്പെട്ടതു്. മഹമ്മദുമ്മാളും ഭർത്താവും പരസ്പരമയച്ച ചിലഎഴുത്തുകളും ചിലയാധാരങ്ങളിൽ എല്ലുകകൾ വിവരിക്കുന്നേടത്തു ദാനവസ്തുക്കളെ യുദ്ദേശിച്ചു "മഹമ്മദുമ്മാളുടെ വക" എന്നു വിവരിച്ചിട്ടുള്ള സംഗതിയും കൂടി ദാനത്തിന്റെ യഥാർത്ഥ സ്വഭാവത്തിനു അനുകൂലമായിട്ടുണ്ടായിരുന്നു. അതിനാൽ ദാനവസ്തുക്കളിൽ വാദികൾക്കുള്ള ഓഹരി വിധിച്ചുകൊടുക്കുകയാണു ചെയ്തതു്.

## വകുപ്പ് ൯൦.

തി. ലാ. റി. ൧൮-ാംവാല്യം ൩൧൭-ാംവശം പിച്ചാമിയാസാഹിബും കുബ്മിയാസാഹിബു് മുതൽപേരും തമ്മിലുള്ള കേസ്സ്.

ഈ കേസ്സിലെ സംഗതികൾ ൭൦-ാംവകുപ്പു സംബന്ധിച്ച സ്ഥലത്തു വിവരിച്ചിരിക്കുന്നതു നോക്കുക. ഒരു മഹമ്മദീയൻ ൯-വയസ്സുള്ള തന്റെ പുത്രിയുടെപേക്ക് എഴുതിക്കൊടുത്ത ദാനയാധാരത്തിൽ ഉൾപ്പെട്ട ഒരു കാപ്പിത്തോട്ടത്തിന്റെ ൨-ൽ ൧ ഓഹരിയിൽനിന്നും പുത്രിയുടെ ഭർത്താവു അവളുടെ മരണശേഷം തനിക്കു കിട്ടാനുള്ള ഓഹരിഭാഗിച്ചു കിട്ടാനായി അന്യായപ്പെട്ടു. പ്രതിഭാഗത്തെ തർക്കങ്ങളിൽ ഒന്നു ദാനയാധാരപ്രകാരം കൊടുത്തതു ഭാഗിക്കാത്ത ഒരു വസ്തുവിന്റെ ഓഹരി (മുഷാ) ആകയാൽ ദാനം അസാധുവാണെന്നായിരുന്നു. എന്നാൽ ഹൈക്കോടതി ഈ തർക്കംതള്ളി ദാനം സാധുവാണെന്നു തീരുമാനിച്ചു. പിതാവു തന്റെ മൈനരായ മകൾക്കു ഇഷ്ടദാനമായി കൊടുക്കുന്ന വസ്തു (മുഷാ) ആയിരുന്നാലും ദാനം സാധുവായിത്തന്നെ ഇരിക്കുമെന്നുള്ള വ്യത്യസ്തത്തേയും വിസ്താരമേറിയ വസ്തുക്കളുടെ ഓഹരികൾ ദാനം ചെയ്യുന്നതു "മുഷാ"യാണെന്നുള്ള കാരണത്താൽ അസാധുവായിത്തീരുകയില്ലെന്നുള്ള ചില ബ്രിട്ടീഷ് ഇൻഡ്യൻ വിധികളേയും ആശ്രയിച്ചാണു ഇപ്രകാരം തീരുമാനിച്ചതു്. (ഇതു ഹനഫിനിയമപ്രകാരമുള്ള ന്യായമാകുന്നു. ഷാഫിനിയമപ്രകാരമാണെങ്കിൽ "മുഷാ"യുടെ ദാനം അസാധുവല്ലെന്നുള്ള പൊതുനിയമത്തെ ആശ്രയിച്ചാൽ മതിയായിരുന്നു.)

തി. ലാ. റി. ൯-ാംവാല്യം ൧൯-ാംവശം മഹമ്മതുമീരമ്മാളുടെ കേസ്സ്.

ഈ കേസ്സിലെ സംഗതികൾ ൮൦-ാംവകുപ്പിനെ സംബന്ധിച്ച സ്ഥലത്തു വിവരിച്ചിരിക്കുന്നു. ഒരു മഹമ്മദീയസ്ത്രീ താൻ മൈനരായിരുന്നപ്പോൾ തന്റെ പിതാവു തനിക്കു തരാൻ രേഖാമൂലമായി സമ്മതിച്ച പണവും സ്ഥാവരവസ്തുവും കിട്ടുവാനായി പിതാവിന്റെ അവകാശികളുടെ പേരിൽ അന്യായപ്പെട്ടു. സ്ഥാവരവസ്തു എന്നുപറഞ്ഞതു അവിഭക്തമായ ഒരു വസ്തുവിലെ ഓഹരിയായിരുന്നു. കോടതി പണംമാത്രമെ വിധിച്ചുകൊടുത്തൊള്ളു. സ്ഥാവരവസ്തുവിനെ സംബന്ധിച്ച അപേക്ഷ തള്ളുവാനുണ്ടായ ഒരുകാരണം അതു "മുഷാ"ആയതുകൊണ്ടായിരുന്നു. ഷാഫിനിയമപ്രകാരം "മുഷാ"യുടെ ദാനം സാധുവാണെന്നു മാത്രമല്ല, ഹനഫിനിയമപ്രകാരവും പിതാവു തന്റെ കുട്ടിയുടെ പേക്കു ചെയ്യുന്ന ദാനത്തെ "മുഷാ"തത്വം ബാധിക്കുകയില്ല. അതിനാൽ കോടതി ആശ്രയിച്ച മേൽപറഞ്ഞകാരണം തെററാകുന്നു. എന്നാൽ വാദി ആശ്രയിച്ചതായ രേഖ രജിസ്റ്റർ ചെയ്തിട്ടില്ലായിരുന്നു എന്നുള്ള ഒരു ശരിയായ കാരണംകൂടി അന്യായം തള്ളുന്നതിനു അടിസ്ഥാനമായിട്ടുണ്ടായിരുന്നതിനാൽ വിധി തെററാണെന്നു പറവാൻ പാടില്ല.

## വകുപ്പ് ൯൮.

തി. ലാ. ജ. ൧൧-ാം വാല്യം ൨൫൯-ാം വശം കുഞ്ഞുമ്മൻ ഉമ്മാൾ വെൻറവേഴ്സസ്സ്.

ഒരാൾക്കു ഒരുവസ്തു ഇഷ്ടദാനമായി കൊടുക്കുകയും അയാളുടെ മരണശേഷം അതു വേറെആൾക്കു ചെല്ലണമെന്നു വ്യവസ്ഥചെയ്കയും ചെയ്യുമ്പോഴാണു ഒടുവിൽ പറഞ്ഞവ്യവസ്ഥ അസാധുവായിഭവിച്ചു വസ്തു അയാൾക്കു സ്വാതന്ത്ര്യമായി അടങ്ങുന്നതു. എന്നാൽ ഒരു വസ്തുവിന്റെ ആദായം ഒരാളുടെ മരണംവരെയും അയാൾ അനുഭവിക്കണമെന്നും പിന്നീടു ഉടമസ്ഥന്മാർ തമ്മിൽ ഭാഗിച്ചെടുക്കണമെന്നും വ്യവസ്ഥചെയ്താൽ ആദ്യം പറഞ്ഞയാൾക്കു വസ്തു സ്വാതന്ത്ര്യമായി അടങ്ങുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുമ്പോൾ "ഹിബാ"യുടെ പ്രവൃത്തിയേ ഇല്ല. ആദ്യംപറഞ്ഞയാളുടെപേക്കു ഒരു "അറീയ"യെ ഉത്ഭവിക്കുന്നുള്ളു. അതായതു ആദായമെടുത്തു അനുഭവിക്കാനുള്ള സ്വാതന്ത്ര്യംമാത്രം. അതിനാൽ അയാളുടെ മരണശേഷം വസ്തു ഉടമസ്ഥന്മാക്കോ അവരുടെ അവകാശികൾക്കോ കിട്ടുകതന്നെ ചെയ്യും. ഈ വ്യവസ്ഥകൾ ഒരു കുടുംബകാൎയ്യനിശ്ചയം (തവാറീസ്) ആണു എന്നു വിചാരിച്ചും സാധുകരിക്കാവുന്നതാണു. ഈ കേസ്സിന്റെ സംഗതികൾ പൂൎണ്ണമായി ൮൦-ാം വകുപ്പിനെ സംബന്ധിച്ച സ്ഥലത്തു നോക്കുക.

## വകുപ്പ് ൯൩.

തി. ലാ. റി. ൩-ാംവാല്യം ൪൩-ാംവശം മഹമ്മതു മീരമ്മാളു ടേയും മഹമ്മതുക്കണ്ണു മുതൽപേരുടേയും കേസ്സ്.

ഈ കേസ്സിൻെറ സംഗതികൾ ഇതിനു മുകളിൽ ൪൧-ാം വകുപ്പിനെ സംബന്ധിച്ചു വിവരിച്ചിരിക്കുന്നതു നോക്കുക. വാദിയുടെ വിവാഹകാലത്തു വാദിയുടെ പിതാവു വാദിക്കു കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിരുന്ന പണവും സ്ഥാവരവസ്തുവും പിതാവുതന്നെ മരണംവരെയും കൈവശംവച്ചുകൊണ്ടിരുന്നതിനാൽ ദാനം പിൻവലിച്ചതായി വിചാരിക്കണമെന്നു ഈ കേസ്സിൽ ഒരു വാദം പുറപ്പെടുവിച്ചിട്ടുള്ളതായി തോന്നുന്നു. എന്നാൽ ഒരു അടുത്ത ബന്ധുവിൻെറ പേർക്കുള്ള ദാനത്തെ പിൻവലിക്കാൻ മഹമ്മദീയനിയമം അനുവദിക്കുന്നില്ലെന്നുള്ള കാരണത്താൽ ആ വാദം തള്ളിക്കളയുകയാണു ചെയ്തതു്. (എന്നാൽ ഈ അഭിപ്രായം ഷാഫിനിയമപ്രകാരം തെററാകുന്നു. ആ നിയമമനുസരിച്ചു ഒരു പിതാവു തൻെറ മക്കൾക്കൊ ഒരു പിതാമഹൻ തൻെറ മക്കളുടെ മക്കൾക്കൊ ദാനംചെയ്യുന്ന വസ്തുക്കൾ ദാതാക്കന്മാരിൽനിന്നും അന്യന്മാൎക്കു സിദ്ധിക്കുന്നതിനു മുമ്പു എപ്പോഴെങ്കിലും ദാനം പിൻവലിക്കാവുന്നതാകുന്നു. വേറെയാൎക്കും ഒരിക്കൽ ചെയ്യപ്പെട്ട ദാനത്തെ പിൻവലിക്കാനധികാരമില്ല.)

തി. ലാ. റി. ൨൦-ാംവാല്യം ൫൭൭-ാംവശം, അഹമ്മതുകുഞ്ഞിൻെറയും അലിയാരുകുഞ്ഞു മുതൽപേരുടേയും കേസ്സ്.

ഈ കേസ്സിലെ അന്യായം ഒരു മഹമ്മദീയൻ തൻെറ മക്കളുടെ പേൎക്കു തൻെറ സ്വത്തുക്കൾ രേഖാമൂലം ഭാഗിച്ചുകൊടുത്തതനുസരിച്ചു ഒരു മകൾക്കുള്ള ഓഹരി കിട്ടാനായി അവളുടെ മരണശേഷം അവളുടെ മക്കൾ കൊണ്ടുവന്നതാകുന്നു. വാദികളുടെ അമ്മാവനായ കേസ്സിലെ ഒരു പ്രതിയുടെ തൎക്കം, ഭാഗയുടമ്പടി രജിസ്ത്രർകച്ചേരിയിൽനിന്നും മടക്കിവാങ്ങിച്ചതിൽപിന്നെ ഉടമ്പിടിയെഴുതിക്കൊടുത്തയാളായ തൻെറ പിതാവു ഉടമ്പടി കീറിക്കളകയും തദ്വാരാ ദാനത്തെ പിൻവലിക്കുകയും ചെയ്തുവെന്നും അതിനാൽ ഉടമ്പടിയനുസരിച്ചു വാദികൾക്കു യാതൊന്നും കിട്ടാനില്ലെന്നുമായിരുന്നു. ഈ പുസ്തകത്തിൽ ൪൯-ാംവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള തത്വമനുസരിച്ചു ദാനം പൂൎത്തിയായതായി ഹൈക്കോടതി തീരുമാനിക്കുകയും അതിനാൽ പിന്നീടു ദാനത്തെ പിൻവലിച്ചാലും അതു സാധുവായിരിക്കയില്ലെന്നു

അഭിപ്രായപ്പെട്ടുകയും ചെയ്തു. ദാനം പിൻവലിച്ചതിലേക്കുള്ള തെളിവുംവളരെ ദുർബ്ബലമായിരുന്നു. അതിനാൽ ഹൈക്കോടതി അന്യായപ്രകാരമുള്ള അപ്പീൽവിധിയെ ശരിവച്ചു. ഈ കേസിലെ സംഗതികൾ ൨൭-ാംവകുപ്പിനെ സംബന്ധിച്ച സ്ഥലത്തു വിവരിച്ചിട്ടുണ്ട്. (പിതാവു ദാനം പിൻവലിക്കാൻ പാടില്ലെന്നുള്ള അഭിപ്രായം ഷാഫിനിയമപ്രകാരം തെററാകുന്നു. മുൻകേസ്സിൻെറ നോട്ടു നോക്കുക.)

തി. ലാ. റി. ൩൯-ാം വാല്യം ൨൮൦-ാംവശം=തി. ലാ. ജ. ൧൩-ാം വാല്യം ൩൨-ാം വശം, ഇസ്മാൽകുഞ്ഞു മുതൽപേരുടേയും മൈതീൻകുഞ്ഞു മുതൽപേരുടെയും കേസ്സ്.

ഈ കേസ്സിൻെറ സംഗതികളും ൨൭-ാംവകുപ്പിനെ സംബന്ധിച്ച സ്ഥലത്തു വിവരിച്ചിട്ടുണ്ട്. ഈ കേസ്സിലെ അന്യായം ൧-ാംപ്രതി അയാളുടെ മകളായ മഹമ്മതുമ്മാൾ മൈനരായിരുന്ന കാലത്തു അവളുടെ പേൎക്കെഴുതിക്കൊടുത്തിട്ടുള്ള ദാനയാധാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴുപ്പിച്ചു കിട്ടാനായി മഹമ്മതുമ്മാളുടെ മരണശേഷം അവളുടെ ഭൎത്താവും മകളുംകൂടി ബോധിപ്പിച്ചതാകുന്നു. ഈ കേസ്സിലും അവിവാഹ്യമായ ബന്ധുത്വമുള്ള ആളുകളുടെ പേൎക്കു ചെയ്യുന്ന ദാനങ്ങൾ പിൻവലിക്കത്തക്കതല്ലെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. (എന്നാൽ ഷാഫിനിയമപ്രകാരം പിതാവും പിതാമഹനും തങ്ങളുടെ ദാനങ്ങളെ പിൻവലിക്കാവുന്നതാണു്.)

## അറിയത്ത്.

## വകുപ്പ് ൯൭.

തി. ലാ. ജ. ൧൧-ാം വാല്യം ൨൫൯-ാം വശം കുഞ്ഞമ്മൻ ഉമ്മാൻെറ കേസ്സ്.

ഈ കേസ്സിൻെറ പൂൎണ്ണവിവരങ്ങൾ ൨൭-ാം വകുപ്പിനെ സംബന്ധിച്ച സ്ഥലത്തു നോക്കുക. രണ്ടു സഹോദരന്മാർ തമ്മിലുള്ള ഭാഗഉടമ്പടിയിൽ ഒരു വസ്തു അവരുടെ മാതാവിൻെറ ജീവിതകാലത്തോളം മാതാവു് ജീവനാംശത്തിനായി അനുഭവിക്കണമെന്നും അതിനുശേഷം അവർ രണ്ടുപേരും സമമായി വീതിച്ചെടുക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതിനെ മാതാവിൻെറ പേൎക്കുള്ള ഒരു "ഹിബാ" (ഇഷ്ടദാനം) ആയി വിചാരിക്കണമെന്നും അപ്പോൾ മാതാവിൻെറ കാലശേഷം വസ്തു പുത്രന്മാൎക്കു കിട്ടണമെന്നുള്ള നിബന്ധന വ്യൎത്ഥമായി

ത്തിന്റെ (൪൨-ാം വകുപ്പു് നോക്കുക) മാതാപിനു് വസ്തു സ്വാതന്ത്ര്യമായിട്ടു് കിട്ടിയതായി വിചാരിക്കണമെന്നും അയിരുന്നു ഉടമ്പടിക്കാരിൽ ഒരാളുടെ തക്കം. അങ്ങനെയായാൽ മാതാപിന്റെ മരണകാലത്തു ജീവിച്ചിരിപ്പുണ്ടായിരുന്ന ഏകപുത്രനായ തനിക്കു് വസ്തു മുഴുവൻ കിട്ടുമെന്നും മാതാപിനു മുമ്പേ മരിച്ചുപോയ സഹോദരന്റെ അവകാശികൾക്കു ഒന്നും കൊടുക്കാതെ കഴിച്ചുകൂട്ടാമെന്നുമായിരുന്നു അയാളുടെ വിചാരം. എന്നാൽ കോടതി ഇതു് ഒരു "ഹിബാ"യേ അല്ലെന്നും മാതാപിന്റെ പേക്കുള്ള ഒരു "അറീയത്ത" (വസ്തുവിന്റെ അദായമെടുത്തനുഭവിക്കാനുള്ള സ്വാതന്ത്ര്യം) ആണെന്നും തീരുമാനിച്ചു്. മാതാവിനുമുമ്പു് മരിച്ചുപോയ സഹോദരന്റെ അവകാശികൾക്കു് ഒരു ഓഹരി വിധിച്ചുകൊടുക്കുകയാണു് ചെയ്തതു്.

## ധമ്മസ്വത്തു് (വക്കഫ്.)

### വകുപ്പു് ൧൧൩.

തി. ലാ. റി. ൧൩-ാം വാല്യം ൩൭-ാം വശം, അത്തംകോയായുടേയും കുഞ്ഞുഐഷാഉമ്മാ മുതൽപേരുടേയും കേസ്സു്.

മരിച്ചുപോയ കദിജാഉമ്മാളുടെ സ്വത്തിൽ തങ്ങൾക്കവകാശമുള്ള പകുതി ഓഹരി ഭാഗിച്ചുകിട്ടാനായി അവളുടെ ഭത്താവിന്റെ പേരിൽ അവളുടെ അമ്മയും സഹോദരികളും കൂടി വ്യവഹാരപ്പെട്ടു. പ്രതിയുടെ തക്കം ജംഗമങ്ങളെല്ലാം കദിജായുടെ ദശാഹസ്സടിയന്തിരത്തിന്റെ ചെലവിനായി വിററുപോയി എന്നും പട്ടികയിലുൾപ്പെട്ട കെട്ടിടം അയാളുടെ സ്വന്തമാണെന്നും മററുചില വസ്തുക്കൾ വക്കഫായി സമപ്പിക്കപ്പെട്ടവയാണെന്നും അവയിൽ വാദികൾക്കവകാശമില്ലെന്നുമായിരുന്നു. ജില്ലാജഡ്ജി ജംഗമങ്ങൾ ദശാഹസ്സിനായി വിററുപോയി എന്നും കെട്ടിടം പ്രതിയുടെ സ്വന്തമല്ലെന്നും വക്കഫ് സമപ്പണം മരണശയ്യയിൽ വച്ചും പിൻതുടച്ചാവകാശിയായ ഭത്താവിന്റെ പേക്കം ചെയ്തതായതുകൊണ്ടു് സാധുവല്ലെന്നും തീരുമാനിക്കുകയും സ്ഥാവരവസ്തുക്കളിൽ പകുതി വാദികൾക്കു ഭാഗിച്ചുകൊടുക്കാനായി വിധികല്പിക്കുകയും ചെയ്തു. പ്രതി ബോധിപ്പിച്ച അപ്പീലിൽ ഹൈക്കോടതി വക്കഫ്സമപ്പണം കദിജാഉമ്മാളുടെ മരണശയ്യയിൽ വച്ചായിരുന്നതിനാൽ അവളുടെ സ്വത്തിന്റെ ൧/൩ ഓഹരിയെ സംബന്ധിച്ചുമാത്രമേ അതു് സാധുവായിരിക്കുകയുള്ളു എന്നും എന്നാൽ മുഴുവനും അസാധുവായിരിക്കുകയില്ലെന്നും അഭിപ്രായപ്പെടുകയും

അതനുസരിച്ചു കണക്കുകൂട്ടി കീഴ്ക്കോട്ടുവിധിയെ ഭേദപ്പെടുത്തി വിധി കല്പിക്കുകയും ചെയ്തു. വക്ഫ് തീരെ അസാധുവെന്നായിരുന്നു വാദികളുടെ തൎക്കം. വക്ഫ് പത്രത്തിലെ വ്യവസ്ഥ വസ്തുക്കളുടെ ആദായംകൊണ്ടു മൌലൂസ് അടിയന്തിരം നടത്തുകയും കദീജായുടേയും ഭൎത്താവിന്റേയും ശവകുടീരങ്ങളിൽ പ്രാൎത്ഥനകൾ ചൊല്ലിക്കുകയും ചെയ്യണമെന്നും മിച്ചമുള്ളതു പ്രതി അയാളുടെ സ്വന്തമാവശ്യങ്ങൾക്കായി ചെലവുചെയ്യാവുന്നതാണെന്നുമായിരുന്നു. ദൈവത്തിന്റേയും നബിയുടേയും പുണ്യാത്മാക്കളുടേയും സേവയ്ക്കായി വസ്തുക്കളെ സാരമായി സമൎപ്പിച്ചിട്ടുണ്ടായിരുന്നതിനാൽ സമൎപ്പയിത്രിയുടെ ബന്ധുക്കളുടെ സംരക്ഷണത്തിനുള്ള ഏൎപ്പാടുകൂടി ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽ വക്ഫ് അസാധുവായിത്തീരുകയില്ല എന്നാകുന്നു ഹൈക്കോടതി തീരുമാനിച്ചതു്. ഈ ന്യായം ഹനഫി നിയമമനുസരിച്ചുള്ളതാകുന്നു. ഷാഫിനിയമപ്രകാരം ബന്ധുക്കളുടെ ഗുണത്തിനായി മാത്രം സമൎപ്പിക്കപ്പെടുന്ന വക്ഫ്പോലും സാധുവാകുന്നു.

## ഭാൎയ്യയുടെ സംരക്ഷണം.

### വകുപ്പ് ൧൪൭-൧൪൮.

തി. ലാ. ജ. ൧-ാം വാല്യം ൩൯൫-ാം വാരം അബ്ദുൽകാദരുടേയും ബീബുബായിയുടേയും കേസ്സ്.

പ്രതിമാസം പത്തുരൂപാവീതം ഭൎത്താവിൽ നിന്നും ചെലവിനു കിട്ടാനായിട്ടുള്ള ഒരു സ്ത്രീയുടെ വ്യവഹാരത്തിൽ വാദി തന്റെ സമ്മതംകൂടാതെ അവളുടെ അമ്മയുടെ വീട്ടിൽചെന്നു താമസിക്കുന്നതിനാൽ ചെലവിനു കിട്ടാൻ അവകാശമില്ലെന്നു പ്രതി തൎക്കിച്ചു. പത്തുരൂപാവീതം ചെലവിനു കൊടുക്കാമെന്നു താൻ കരാർ ചെയ്തതായി വാദി അന്യായത്തിൽ പ്രസ്താവിച്ചതിനേയും അയാൾ നിഷേധിച്ചു. വാദിയുടെ സമാധാനം പ്രതിയുടെ ക്രൂരപ്രവൃത്തികൾ നിമിത്തം താൻ മാതൃഗൃഹത്തിൽ പോയി താമസിക്കാൻ നിൎബ്ബന്ധിതയായിത്തീൎന്നതാണു് പുന്നം പ്രതി പറയുംപോലെ അമ്മയുടെ രോഗശുശ്രൂഷയ്ക്കായി പോയിട്ടു തിരിയെ പോകാതിരുന്നിട്ടുള്ളതല്ലെന്നും ആയിരുന്നു. മുൻസിപ്പു പ്രതിയുടെ കേസ്സിനെ വിശ്വസിച്ചു അന്യായം തള്ളി. ജില്ലാ ജഡ്ജി അപ്പീലിൽ കീഴ്ക്കോട്ടുവിധി അസ്ഥിരപ്പെടുത്തി പ്രതിമാസം ൫ രൂപാവീതം ചെലവിനു വിധിച്ചുകൊടുത്തു. പ്രതി ബോധിപ്പിച്ച സ്പെഷ്യലപ്പീലിൽ സംഗതികളെപ്പറ്റിയുള്ള ഹൈക്കോടതിയുടെ അ

ഭിപ്രായം വാദി പറയുംപോലെ വാക്കാൽ കരാർ നടന്നിട്ടുണ്ടെന്നും അവൾ പ്രതിയുടെ വീടു വിട്ടുപോയതു പ്രതി പറയുംപോലെ അല്ലെന്നും അങ്ങനെ പോയതിനെ പ്രതികൂടി സമ്മതിച്ചിരിക്കാനിടയുണ്ടെന്നുമായിരുന്നു. അതിനാൽ സ്പെഷ്യൽ അപ്പീൽ തള്ളിവിധിക്കുകയാണുണ്ടായതു്. ഈ കേസ്സിൽ തീരുമാനിച്ചിട്ടുള്ള സംഗതികൾ രണ്ടാകുന്നു. (൧) തക്കതായ കാരണത്തോടുകൂടിയാണു് ഭാൎയ്യ ഭൎത്താവിനെ വിട്ടുതാമസിക്കുന്നതെങ്കിൽ ഭൎത്താവു അവൾക്കു ചെലവിനു കൊടുക്കാൻ ചുമതലപ്പെട്ടവനാകുന്നു. (൨) കരാർമൂലം ചെലവിനു കിട്ടേണ്ടതായ സംഖ്യ മുൻകൂട്ടി ക്ലിപ്തപ്പെടുത്തിട്ടുള്ള പക്ഷം കുടിശ്ശികസംഖ്യ കൂടി വിധിച്ചുകിട്ടാനവകാശമുണ്ടു്.

തി. ലാ. റി. ൯-ാം വാല്യം ൧൭൬-ാം വശം; നാഗർമീരാളുടേയും മീരാരാവുത്തരുടേയും കേസ്സ്.

മീരാരാവുത്തർ തന്റെ ഭാൎയ്യയായ നാഗർമീരാളുടെപേൎക്കു ൧൦൮൫ തുലാം ൨൦-ാംനു എഴുതിക്കൊടുത്ത ഒരു രജിസ്റ്റർ ഉടമ്പടിയിൽ താൻ അവൾക്കുവേണ്ടി ചെങ്കോട്ടയിലോ പുളിയറയിലോ പണിയിച്ചുകൊടുക്കുന്ന ഗൃഹത്തിൽ അവൾ താമസിക്കുന്നപക്ഷം അവളുടെ ചെലവിനായി ഒരു പ്രത്യേകനിരക്കിനു നെല്ലും പണവും കൊടുക്കാമെന്നും, എന്നാൽ താൻ അവളോടു ക്രൂരമായി പെരുമാറുകയോ തക്കതായ കാരണംകൂടാതെ ചെലവിനു കൊടുക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം പട്ടികവസ്തുവിനെ അവളുടെ ചെലവിലേക്കായി അവൾക്കു വിട്ടുകൊടുക്കാമെന്നും കരാർ ചെയ്തിട്ടുണ്ടായിരുന്നു. ഭൎത്താവിന്റെ ക്രൂരപ്രവൃത്തികൾ നിമിത്തം ഉടമ്പടിപ്രകാരം തനിക്കു കിട്ടാനുള്ള വസ്തു ഒഴിപ്പിച്ചു കിട്ടാനായിട്ടു നാഗർമീരാൾ ഭൎത്താവിന്റെ പേരിൽ അന്യായപ്പെട്ടു. കേസ്സു മുൻസിപ്പുകോൎട്ടിലെ സലയിൽ നിറുത്താനായി വസ്തുവിന്റെ കാൽഭാഗം ഉപേക്ഷിച്ചു് ശിഷ്ടമുള്ള മുക്കാൽഭാഗം ഒഴിഞ്ഞുകിട്ടിയാൽ മതിയെന്നായിരുന്നു വാദിയുടെ അപേക്ഷ. പ്രതി ക്രൂരപ്രവൃത്തികളെ നിഷേധിക്കുകയും ചെലവിനു കൊടുക്കാൻ താൻ തയ്യാറുള്ളതുകൊണ്ടു് വസ്തുവൊഴിപ്പിക്കാൻ വാദിക്കു അവകാശമില്ലെന്നു് തൎക്കിക്കുകയും ചെയ്തു. എന്നാൽ അയാളുടെ മൊഴിയിൽ കോടതി നിശ്ചയിക്കുന്ന സമയത്തിനകം ൩൦൦ രൂപാ ചെലവുചെയ്തു വാദിക്കു വീടു വെച്ചുകൊടുക്കുന്നതിനും ഉടമ്പടിപ്രകാരമുള്ള നെല്ലും പണവും അതതു തോറ്റും രണ്ടുതവണയായി കോട്ടിൽ കെട്ടിവെക്കുന്നതിനും തയാറാണെന്നു പറയുകയും ചെയ്തു. ഹൈക്കോടതി ഈ മൊഴിയുടെ താല്പൎയ്യമനുസരിച്ചു കേസ്സു വിധിക്കുകയും വീടുവെക്കാൻ ആറുമാസത്തെയ

വധി നിശ്ചയിക്കുകയും ചെയ്തു. ഈ കേസ്സിൽ തീരുമാനിച്ച സംഗതി വസ്തു ഒഴിപ്പിക്കുന്നതിനോ ഭാഗത്തിനോ ആയുള്ള വ്യവഹാരത്തിൽ വാദിക്കു അതിനു അവകാശമില്ലെന്നു കണ്ടാലും ചെലവിനു കിട്ടാൻ അവകാശമുള്ളപക്ഷം ആ പരിഹാരത്തിനായി വിധി കൊടുക്കാമെന്നാകുന്നു.

## ദാമ്പത്യാവകാശത്തിനുള്ള വ്യവഹാരം.

### വകുപ്പ് ൧൪൦.

തി. ലാ. റി. ൫-ാം വാല്യം ൨൦-ാം വശം കുഞ്ഞാച്ചിയുടേയും അച്ചുവിൻെറയും കേസ്സ്.

ഈ കേസ്സിലെ അദ്യവ്യവഹാരം അച്ചുയെന്നയാൾ അയാളുടെ ഭാര്യയായ ൨൨ വയസ്സു പ്രായമുള്ള കുഞ്ഞാച്ചി എന്നവളുടെ പേരിൽ ദാമ്പത്യാവകാശലാഭത്തിനായി ബോധിപ്പിച്ചതായിരുന്നു. പ്രതി തൻെറ ഭാര്യയായി താമസിച്ചുവരവെ ൧൦൭൭ ചിങ്ങത്തിൽ അവളുടെ പിതാവിൻെറ ഗൃഹത്തിൽ ഏതോ അടിയന്തിരത്തിനായി പോയതിൽ പിന്നെ തിരിച്ചു വരുന്നില്ലാത്തതിനാൽ ദാമ്പത്യാവകാശം വിധിച്ചുകിട്ടണമെന്നായിരുന്നു അയാളുടെ അപേക്ഷ. മഹമ്മദീയനിയമപ്രകാരം ഇങ്ങനെയുള്ള ഒരു വ്യവഹാരം കൊണ്ടുവരത്തക്കതാണെന്നു ഈ കേസ്സിൽ തീരുമാനിച്ചിട്ടുണ്ട്. തി. ലാ. ജ. ൧൧-ാം വാല്യം ൩൬൨-ാം വശത്തും തി. ലാ. റി. ൯-ാം വാല്യം ൧൩൭-ാം വശത്തും റിപ്പോർട്ടു ചെയ്തിരിക്കുന്ന അബൂബക്കർകുഞ്ഞിൻെറ കേസ്സും ദാമ്പത്യാവകാശലാഭത്തിനായി ഉള്ളതായിരുന്നു.

### വകുപ്പ് ൧൪൧.

തി. ലാ. ജ. ൧൧-ാം വാല്യം ൩൬൨-ാം വശം=തി. ലാ. റി. ൯-ാം വാല്യം ൧൩൭-ാം വശം, അബൂബക്കർകുഞ്ഞിൻെറയും കദീയാ ഉമ്മാളുടേയും കേസ്സ്.

ഈ കേസ്സിൽ പ്രതിയായ ഭാര്യയുടെ ഒരു തക്കം വാദി തനിക്കു തരാനുള്ളതായ തൽകാലമഹർ തന്നിട്ടില്ലാത്തതിനാൽ വാദിക്കു ദാമ്പത്യാവകാശത്തിനായി വിധികിട്ടാൻ അവകാശമില്ലെന്നായിരുന്നു. ഇതിനു വാദിയുടെ സമാധാനം പ്രതി തനിക്കുള്ള മഹർ കിട്ടുന്നതിനായി ഇഷ്ടമുണ്ടെങ്കിൽ വേറെ വ്യവഹാരം ബോധിപ്പിക്കണമെന്നും മഹർ കൊടുത്തിട്ടില്ലെന്നുള്ള കാരണത്താൽ ദാമ്പത്യാവകാശം വിധി

ച്ചുകൊടുക്കാതിരിക്കാൻ പാടില്ലെന്നുമായിരുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ രണ്ടുതർക്കങ്ങളനുസരിച്ചും വിധികളുണ്ട്. ഈ കേസ്സിൽ തിരുവിതാംകൂർ ഹൈക്കോടതി ബോംബേ ൩൯-ാം വാല്യത്തിലെ വിധിയനുസരിച്ചു തൽക്കാലമഹർ കൊടുക്കാത്തതിനാൽ വാദിക്കു വിധി കിട്ടുവാൻ അവകാശമില്ലെന്നു തീരുമാനിച്ചു.

മുമ്പു പറഞ്ഞ തി. ലാ. റി. ൧൯-ാം വാല്യത്തിലെ കുഞ്ഞാച്ചിയുടെ കേസ്സിലും പ്രതി ഇതേ തർക്കം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഹൈക്കോടതിയുടെ തീരുമാനം ഇതിനു വിപരീതമായിട്ടായിരുന്നു. അതായതു മഹർ കൊടുത്തില്ലെന്നുള്ള സംഗതി ദാമ്പത്യാവകാശത്തിനായുള്ള വ്യവഹാരത്തിനു ഒരുവിധത്തിലും ബാധകമല്ലെന്നായിരുന്നു. അതിനാൽ അന്യായം അനുവദിച്ചുള്ള കീഴ്ക്കോടതി വിധിയെ ഹൈക്കോടതി അപ്പീലിൽ ശരിവയ്ക്കുകയാണു ചെയ്തതു്. ഈ കേസ്സിനെപ്പററി അബൂബക്കർകുഞ്ഞിൻെറ കേസ്സിൽ യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. എങ്കിലും ഭാവിയിൽ ആ കേസ്സിലെ വിധിയെയാണ് അനുസരിക്കുവാനിടയുള്ളതു്.

## മഹർ.

### വകുപ്പ് ൧൬൭.

തി. ലാ. റി. ൧൬-ാം വാല്യം, ൧൩൩-ാം വശം, അബ്രാംസേട്ടിൻെറയും മൈതീൻ വീവിയുടേയും കേസ്സ്.

ഈ കേസ്സു വാദിയുടെ ഭർത്താവു വാദിയെ ചൊല്ലിയൊഴിഞ്ഞതിൽപിന്നെ മഹർ കിട്ടുന്നതിനായി വാദി ബോധിപ്പിച്ചതായിരുന്നു. വാക്കാൽകരാറിൻപ്രകാരമുള്ള ൧൦൦ രൂപായും ൧൬ കഴഞ്ചു സ്വർണ്ണവും കിട്ടണമെന്നായിരുന്നു വാദിയുടെ അപേക്ഷ. പ്രതി വാക്കാൽകരാറിനെ നിഷേധിക്കുകയും, വാദിക്കു ഏതായാലും മഹമ്മദീയനിയമമനുസരിച്ചു മഹർ-ഇ-മിസ്ലിനു മാത്രമേ അവകാശമുള്ളുവെന്നും അതു് ൪൯൦ പണമാണെന്നും തർക്കിക്കുകയും ചെയ്തു. മുൻസിപ്പുകോർട്ടിലും ജില്ലാക്കോർട്ടിലും വാക്കാൽകരാറിനെ വിശ്വസിച്ചതിനാൽ ഹൈക്കോടതിയും ആ അഭിപ്രായത്തെ സ്വീകരിച്ചു. എന്നാൽ രേഖാമൂലമായ കരാർ ഇല്ലാത്തതിനാൽ മഹർ-ഇ-മിസിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ എന്നു അസൽപ്രതിയായ സ്പെഷ്യൽഅപ്പീൽ വാദി ഹൈക്കോടതിയിൽ തർക്കിക്കുകയും അതിനു ആധാരമായി അമീർഅലിയുടെ മഹമ്മദീയനിയമപുസ്തകത്തിൽനിന്നു ഒരു ഭാഗത്തെ ഉദ്ധരിക്കുകയും

ചെയ്തു. എന്നാൽ ആ ഭാഗത്തിൽ പറഞ്ഞിട്ടുള്ളതു് രേഖാമൂലമായ കരാർ ഇല്ലാത്തപക്ഷം, വാക്കാൽകരാറിൻെറ സംഖ്യയെപ്പററി വാദിപ്രതികൾ തമ്മിൽ തക്കമുണ്ടാകുമ്പോൾ അതു തീരുമാനിക്കുന്ന വിഷയത്തിൽ മഹർ-ഇ-മിസ്സിൻെറ സംഖ്യ എന്താണെന്നുള്ള സംഗതി കൂടി കോടതി ആലോചിക്കാവുന്നതാണു് എന്നു മാത്രമാകുന്നു. ഈ കേസ്സിൽ വാദി പറഞ്ഞതായ സംഖ്യ തെളിഞ്ഞതിനാൽ അന്യായപ്രകാരമുള്ള കീഴ്ക്കോടതിവിധിയെ ഹൈക്കോടതി ശരിവച്ചു. ഈ പതനത്തിൽ ൱൩൩-ാം വകുപ്പുകൂടി നോക്കുക.

## വകുപ്പ ൱൩൦.

തി. ലാ. റി. ൧൮-ാംവാല്യം ൱൧൦-ാംവശം വീവിഉമ്മാളുടെയും രാവുത്താഉമ്മാൾ മുതൽപേരുടെയും കേസ്സ്.

രാവുത്താഉമ്മാൾ മഹറിന്നായി തൻെറ ഭത്താവിൻെറ പേരിൽ ഒരു വിധിസമ്പാദിച്ചു് അയാളുടെവക ഒരു വസ്തുവിനെ ജപ്തിചെയ്തു. എന്നാൽ ജപ്തിക്കു മുമ്പുതന്നെ ആ വസ്തുവിനു ഭത്താവിൻെറ സഹോദരിയായ വീവിഉമ്മാൾ ഒരു വിലയാധാരം എഴുതി വാങ്ങിയിരുന്നതിനാൽ വീവിഉമ്മാൾ വിധിനടത്തിൽ അവകാശം ബോധിപ്പിച്ചതനുസരിച്ചു ജപ്തിഅസ്ഥിരപ്പെട്ടു. ജപ്തി ഉൗർജ്ജിതപ്പെടുത്തിക്കിട്ടാനായി രാവുത്താഉമ്മാൾ ഭത്താവിനെയും വീവിഉമ്മാളെയും ൧-൨-ം പ്രതികളാക്കി വ്യവഹാരപ്പെട്ടതാണു് പ്രസ്തുതകേസ്സ്. മുൻസിപ്പുകോടതി അന്യായം തള്ളുകയും ജില്ലാക്കോടതി അപ്പീലനുവദിച്ചു ജപ്തി ഉൗർജ്ജിതപ്പെടുത്തുകയും ചെയ്തു. വീവിഉമ്മാൾ ഹൈക്കോടതിയിൽ ബോധിപ്പിച്ച സ്പെഷ്യൽഅപ്പീൽ തള്ളുകയാണുണ്ടായതു്. മഹർ എന്നതു ഒരു കടത്തിനു തുല്യമാണെന്നും, കടക്കാരെ തോല്പിക്കാനായിട്ടാണു് അസൽ വാദിയുടെ ഭത്താവു വീവിഉമ്മാളുടെപേക്കു് വിലയാധാരമെഴുതിക്കൊടുത്തതെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു.

## വകുപ്പ് ൱൩൧.

തി. ലാ. ജ. ൧൨-ാംവാല്യത്തിലെ അബൂബെക്കർ കുഞ്ഞിൻെറ കേസ്സിൽ തീരുമാനിച്ചിട്ടുള്ളതു് തൽക്കാലമഹർ കൊടുക്കാതിരിക്കുന്നിടത്തോളംകാലം ഭത്താവിനു ദാമ്പത്യാവകാശലാഭത്തിനായി വിധികിട്ടുവാൻ അവകാശമില്ലെന്നാകുന്നു. എന്നാൽ തി. ലാ. റി. ൧൮ ാംവാല്യത്തിലെ കുഞ്ഞാച്ചിയുടെ കേസ്സിലെ തീരുമാനം ഇതിനു വിപരീതമായിട്ടാകുന്നു. ഈ കേസ്സുകളിലെ സംഗതികളെപ്പററി ൱൩൨-ാംവകുപ്പിനു കീഴിൽ നോക്കുക.

# പിതാപുത്രസംബന്ധം (അംഗീകാരം.)

## വകുപ്പ് ൧൨൭-൧൨൮.

തി. ലാ. റി. ൩൩-ാംവാല്യം ൧൪-ാംവശം അസൻകുട്ടിയുടെയും മമ്മത്തു മീരാ ഉമ്മാർം മുതൽപേരുടെയും കേസ്സ് (ഫുൾബെഞ്ച്)

ഈ കേസ്സിലെ അന്യായം ൧൦൯൨-ൽ മരിച്ചുപോയ മാഹമ്മദുകുഞ്ഞു അസൻ എന്നയാളുടെ സ്വത്തിന്റെ ൧൩/൩൨ ഓഹരിക്കായി അസൻകുട്ടി എന്നയാൾ ൧൦൯൭-ൽ ബോധിപ്പിച്ചതായിരുന്നു. വാദിയുടെ തള്ളയായ ൧൦൩൦-ൽ മരിച്ചുപോയ മീരാഉമ്മാൾ എന്ന പട്ടാണിസ്ത്രീ മാഹമ്മതുകുഞ്ഞു അസ്സന്റെ ഭാര്യയും താൻ അദ്ദേഹത്തിന്റെ വിഹിതസന്താനവും ആണെന്നായിരുന്നു വാദിയുടെതക്കം. ൧-ം ൨-ം പ്രതികൾ മരിച്ചയാളുടെ ഭാര്യമാരും ൩-ാംപ്രതി മകനും ൪-മുതൽ ൬-വരെ പ്രതികൾ പെൺമക്കളുമായിരുന്നു. വാദി കുഞ്ഞുഅസനിൽനിന്ന് ജനിച്ചതല്ലെന്നുംമററും പ്രതികൾക്കു പല തക്കങ്ങളുമുണ്ടായിരുന്നുവെങ്കിലും വാദിയുടെതള്ള കുഞ്ഞുഅസനോടൊന്നിച്ചു പരസ്യമായി അയാളുടെ ഗൃഹത്തിൽ താമസിച്ചിരുന്നുവെന്നും അവൾ ൧൦൩൦-ൽ അതേഗൃഹത്തിൽവച്ചു മരിച്ചുപോയി എന്നും വാദിഅവൾക്കു കുഞ്ഞുഅസനിൽനിന്നു ജനിച്ചതാണെന്നും തെളിവിൽ സ്ഥാപിക്കപ്പെട്ടു. എന്നു മാത്രമല്ല തള്ളയുടെ മരണശേഷവും വാദി കുഞ്ഞുഅസനെ വാപ്പായെന്നും ൧-ാംപ്രതിയെ ഉമ്മായെന്നും അവർ വാദിയെ മകനെന്നും വിളിച്ചുവരികയും വാത്സല്യത്തോടുകൂടി പെരുമാറുകയും ചെയ്തുവെന്നും തെളിഞ്ഞിരുന്നു. അതിനാൽ കേസ്സിൽ തീരുമാനിക്കാനുണ്ടായിരുന്ന സംഗതികൾ (൧) വാദിയുടെ തള്ളയെ മരിച്ചയാൾ വിവാഹം കഴിച്ചിരുന്നുവോ എന്നും (൨) അതിലേക്കു ശരിയായ തെളിവില്ലാത്തപക്ഷം മരിച്ചയാൾ വാദിയെ അയാളുടെ പ്രവൃത്തികളാൽ തന്റെ വിഹിതസന്താനമായി അംഗീകരിച്ചുവോ എന്നുമായിരുന്നു. (൧) ഒന്നാമത്തെ പായന്റിൽ മീരാഉമ്മാൾ മരിച്ചയാളുടെ വെപ്പാട്ടിയായിട്ടാണ്, വിവാഹം കഴിക്കപ്പെട്ട ഭാര്യയായിട്ടല്ല അയാളുടെ ഗൃഹത്തിൽ താമസിച്ചതു എന്ന് തെളിഞ്ഞിട്ടുണ്ടായിരുന്നു. ഈ കാരണത്താൽതന്നെ വാദിയുടെ അന്യായം തള്ളാമായിരുന്നു. എന്തുകൊണ്ടെന്നാൽ ഒരാൾ മറെറാരാളുടെ വിഹിതസന്താനമാണൊ എന്നു സംശയമുള്ളപ്പോൾ മാത്രമാണ് പുത്രത്വമംഗീകരിക്കുന്നതിനെ ചട്ടം അനുവദിക്കുന്നതു്. അവിഹിതസന്താനമെന്നു ബോദ്ധ്യമുള്ള ഒരാളെ അംഗീകാരംകൊണ്ടു വിഹിതസന്താനമാക്കാൻ സാധിക്കുന്നതല്ല. (൨)

മരിച്ചയാൾക്കുംമററും വാദിയോടുണ്ടായിരുന്ന പെരുമാററം മരിച്ചയാളുടെ മകൻ എന്നുള്ള നിലയിലായിരുന്നുവെങ്കിലും വിഹിതസന്താനമെന്നുള്ള നിലയിൽ അല്ലായിരുന്നുവെന്നും അതിനാൽ വാദിക്കു മരിച്ചയാളുടെ സ്വത്തിൽ അവകാശമില്ലെന്നുമാണു് രണ്ടാമത്തെ പായൻറിനെപ്പററി തീരുമാനിച്ചതു്. അതിലേക്കുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാകുന്നു. മഹമ്മദുകുഞ്ഞു അസൻ ൧൦൭൨-ൽ മരിച്ചുവെങ്കിലും അതുമുതൽ അന്യായത്തീയതിവരെ അദ്ദേഹത്തിൻെറ സ്വത്തുക്കൾ വാദി കൈവശപ്പെടുത്തുകയുണ്ടായില്ല. മഹമ്മതുകുഞ്ഞു അസൻ കക്ഷിയായിരുന്ന വ്യവഹാരങ്ങളിൽ അയാളുടെ അവകാശിയായി വാദി കക്ഷിചേൎന്നില്ല. ൧൦൭൨-ൽതന്നെ പ്രതികൾ മരിച്ചയാളുടെ സ്വത്തുക്കൾക്കു ഭാഗഉടമ്പടി എഴുതിയെങ്കിലും സമീപസ്ഥനായവാദി ൧൦൭൫വരെ അതിനെ ആക്ഷേപിച്ചില്ല. പിതാവിൻെറ ജീവിതകാലത്തുതന്നെ അദ്ദേഹം മൂന്നാംപ്രതിക്കു ൨൦,൦൦൦ പണത്തിൻെറ സ്വത്തു കൊടുത്തുവെങ്കിലും വാദിക്കു യാതൊന്നും കൊടുത്തില്ല. അദ്ദേഹം വാദിയെക്കൊണ്ടു കല്യാണം കഴിപ്പിച്ചുവെങ്കിലും തൻെറ സ്വത്തിൻെറ സ്ഥിതിക്കു തക്കവിധത്തിൽ കല്യാണം ആഘോഷിച്ചില്ല. ഈ കാരണങ്ങളാൽ മരിച്ചയാൾ വാദിയെ തൻെറ മകനായിട്ടു തൻെറ ഗൃഹത്തിൽ വളൎത്തുകയും അയാൾക്കു പുരവെച്ചുകൊടുക്കുകയും അയാളെക്കൊണ്ടു കല്യാണം കഴിപ്പിക്കുകയും മററും ചെയ്തുവെന്നുള്ള സംഗതികളാൽ വാദിയെ വിഹിതസന്താനമായി അംഗീകരിച്ചുവെന്നു വിചാരിക്കാൻ പാടില്ലെന്നു തീരുമാനിച്ചു. അതിനാൽ വാദിയുടെ അന്യായം തള്ളിപ്പോകയാണുണ്ടായതു്.

## രക്ഷാകർത്തൃത്വം.

### വകുപ്പ് ൨൦൮.

തി. ലാ. ജ. ൩-ാംവാല്യം ൧൮൭-ാം വശം മലുക്കമഹമ്മതിൻെറയും കാതിരുമുതൽപേരുടേയും കേസ്സ്.

ഒരു മൈനരുടെ വസ്തുക്കൾക്കു മൈനരുടെ പിതാവെഴുതിക്കൊടുത്ത മൂന്നാധാരങ്ങൾ അസ്ഥിരപ്പെടുത്താനായി മൈനർ വ്യവഹാരപ്പെട്ടു. ആധാരങ്ങൾക്കു ആവശ്യവും പ്രതിഫലവുമില്ലെന്നും പിതാവു ആധാരക്കാരോടു യോജിച്ചു അവ എഴുതിക്കൊടുത്തതാണെന്നുമായിരുന്നു വാദിയുടെ തൎക്കം. ഒരാധാരത്തിനു മാത്രം പ്രതിഫലമില്ലെന്നും ശിഷ്ടമുള്ള രണ്ടിനും ആവശ്യവും പ്രതിഫലവും ഉണ്ടെന്നും കണ്ടു മുൻ

സിപ്പു അവയുടെ പ്രതിഫലമായ ൨൦൦ പണം കൊടുത്തു വസ്തുക്കൾ ഒഴിപ്പിച്ചെടുക്കാനായി വിധികൊടുത്തു. അസ്ഥിരപ്പെടുത്തിയ ആധാരത്തിനും ൧൫൦ പണത്തെ സംബന്ധിച്ചു മാത്രമേ പ്രതിഫലമില്ലാതുള്ളു എന്നു കണ്ടു വാദി ൩൫൦ പണംകൂടി കൊടുക്കാനായി ജില്ലാജഡ്ജി വിധിച്ചു. വാദിയുടെ സുന്നത്തു അടിയന്തിരത്തിനായി ഉപയോഗിച്ച ഈ ൩൫൦ പണത്തെസംബന്ധിച്ചാണു സ്പെഷ്യൽ അപ്പീലിൽ തൎക്കമുണ്ടായിരുന്നതു്. വാദിക്കു ഗുണകരമാണെന്നുള്ള കാരണത്താൽ മാത്രംഒരു രക്ഷകൎത്താവിനു മൈനരുടെ വസ്തുക്കൾ അന്യാധീനപ്പെടുത്താൻ മഹമ്മദീയനിയമപ്രകാരം അധികാരമില്ലെന്നും മൈനൎക്കു വരാനിരുന്ന വല്ല ദോഷത്തെയും പരിഹരിക്കാനായിട്ടു മാത്രമേ അന്യാധീനപ്പെടുത്താൻ പാടുള്ളു എന്നുമായിരുന്നു വാദി ഹൈക്കോടതിയിൽ വാദിച്ചതു്. എന്നാൽ കോടതി ഈവാദത്തെ നിരസിക്കുകയും മൈനൎക്കു പ്രത്യക്ഷത്തിൽ ഗുണകരമായിട്ടുള്ള സംഗതികൾക്കായി മൈനരുടെ വസ്തുക്കൾ അന്യാധീനപ്പെടുത്താൻ രക്ഷകൎത്താവിനു അധികാരമുണ്ടെന്നു അഭിപ്രായപ്പെടുകയുംചെയ്തു. സുന്നത്തു മഹമ്മദീയരുടെ ഇടയിൽ പ്രധാനവും സൎവ്വസാധാരണവുമായ ഒരടിയന്തിരമാകയാൽ പിതാവിൻെറ വാക്കനുസരിച്ചു ആധാരക്കാരൻ കൊടുത്ത പണം മൈനരെ ബന്ധിക്കുമെന്നാണു തീരുമാനിച്ചതു്.

തി. ലാ. ജ. ൧൧-ാംവാല്യം ൩൩൦-ാം വശം, സംസാ അമ്മാൾ മുതൽപേരുടേയും മൈതീൻ റാവുത്തർ മുതൽപേരുടെയും കേസ്സ്.

മൂന്നു മൈനർകൾക്കു അവരുടെ അമ്മയുടെ അപ്പൂപ്പൻ കൊടുത്ത ൧൩ സെൻറു സ്ഥലത്തിനു മൈനർകളുടെ മാതാപിതാക്കന്മാർ രക്ഷകൎത്താക്കന്മാർ എന്ന നിലയിൽ ഒരു പണയാധാരവും ഒരു പുറക്കടയാധാരവും എഴുതിക്കൊടുത്തു ൧൫൦ രൂപാ വാങ്ങി ആ പണംകൊണ്ടു അതേ വസ്തുവിൽ ഏഴുമുറി പീടിക പണിയിച്ചു. ആധാരക്കാരൻ പണയത്ഥവും പലിശയും കിട്ടാനാ മാതാപിതാക്കന്മാരെ ൧-ം ൨-ം പ്രതികളായും മൈനർകളെ ൩ മുതൽ ൫ വരെ പ്രതികളായും കക്ഷിചേൎത്തു അന്യായപ്പെട്ടു. ൧-ം ൨-ം പ്രതികൾ മൈനർകളുടെ രക്ഷാകൎത്താക്കന്മാരെന്ന നിലയിൽ കേസ്സു നടത്താൻ വിസമ്മതിക്കുകയും വസ്തുവിൽ തനിക്കുകൂടി അവകാശം സ്ഥാപിക്കാനായി ഒരു അന്യൻ ഭാവിച്ചതുകൊണ്ടു പണയാധാരവും പുറക്കടവും പ്രതിഫലമില്ലാതെ ഫാരായി എഴുതിയതാണെന്നു തൎക്കിക്കുകയും ചെയ്തു. അന്യായകാലത്തു മേജരായിരുന്ന ൨-ാംപ്രതിയും ൩-ം ൪-ം പ്രതികളുടെ രക്ഷകൎത്താവായി നിയമിക്കപ്പെട്ട കോടതിയിലെ ഗുമസ്തനും ആധാരങ്ങൾ

ചാരാണെന്നും പീടികകൾ പണിയിച്ചതു മൈനർകളുടെ കാൎയ്യങ്ങളന്വേഷിച്ചുവന്ന ൩-ാം പ്രതിയാണെന്നും ൧-ം ൨-ം പ്രതികൾ രക്ഷകൎത്തൃസ്ഥാനം വഹിച്ചിട്ടില്ലെന്നും തൎക്കിച്ചു. എന്നാൽ കോടതിയുടെ തെളിവിന്മേലുള്ള തീരുമാനം ൧-ം ൨-ം പ്രതികൾ ആധാരങ്ങൾപ്രകാരമുള്ള അൎത്ഥം വാങ്ങിച്ചു പീടികകൾ പണിയിച്ചതാണെന്നായിരുന്നു. അതിനാൽ ആധാരങ്ങൾ മൈനർകളെ ബന്ധിക്കുന്നതാണോ എന്നുള്ളസംഗതി ആലോചനാവിഷയമായിത്തീൎന്നു. പീടികകൾക്കു കിട്ടുമായിരുന്ന വാടകയിൽനിന്നും ആധാരപ്രകാരമുള്ള പലിശ കൊടുത്താൽ വളരെ സ്വല്പമായ ഒരു സംഖ്യ മാത്രമേ ബാക്കിയുണ്ടായിരിക്കുമായിരുന്നുള്ളു. എന്നാൽ ചില പീടികകൾ വാടകയ്ക്കു പോകാതിരിക്കുകയോ മറ്റോ ചെയ്താൽ പലിശ മുടങ്ങുന്നതിനും ആധാരക്കാരൻ വ്യവഹാരപ്പെട്ടു ഭൂമിയും കെട്ടിടങ്ങളും വില്പിക്കുന്നതിനും എളുപ്പമുണ്ടായിരുന്നു. അതിനാൽ പ്രസ്തുതയാധാരങ്ങൾ മൈനർകളുടെ പ്രത്യക്ഷമായ ഗുണത്തിനായിട്ടല്ലെന്നു തീരുമാനിച്ചു ആധാരങ്ങൾ അസ്ഥിരപ്പെടുത്തപ്പെട്ടു. എന്നാൽ എകാപിററി (സത്യന്യായം) അനുസരിച്ചു പണയൎത്ഥം ചെലവുചെയ്തുണ്ടാക്കപ്പെട്ടതായ കെട്ടിടങ്ങളിൽ സ്ഥാപിച്ചു ആധാരക്കാരനു വിധി കൊടുക്കപ്പെട്ടു.

## വകുപ്പ് ൨൦൩.

തി. ലാ. റി. ൨൧-ാം വാല്യം ൨൨൩-ാംവശം ശങ്കരപാണ്ടിയപിള്ളയുടേയും കദിജാ ഉമ്മാളുടേയും കേസ്സ്.

മീതിയൻപിള്ള എന്ന ഒരാളുടെ മരണശേഷം അയാളുടെ മൂത്തമകൻ, ശങ്കരപാണ്ടിയപിള്ള എന്ന ഒരാളുടെ പേൎക്ക് ഒരു പണയാധാരമെഴുതിക്കൊടുത്തു. ആ പണയാധാരത്തിന്മേൽ സമ്പാദിക്കപ്പെട്ട വിധി അസ്ഥിരപ്പെടുത്താനായി ശങ്കരപാണ്ടിയപിള്ളയേയും ആധാരമെഴുതിക്കൊടുത്തയാളേയും പ്രതികളാക്കി മരിച്ചയാളുടെ ഭാൎയ്യയുംശിഷ്ടമുള്ള മക്കളുംകൂടി ബോധിപ്പിച്ചതാകുന്നു ഈ കേസ്സിലെ അന്യായം. ൧-ാം പ്രതിയുടെ തൎക്കം വാദിയുടെ കുടുംബത്തിന്റെ ഗുണത്തിനു വേണ്ടി ൨-ാം പ്രതി പണയാധാരമെഴുതിക്കൊടുത്തതാകയാൽ പണയാധാരവും വിധിയും വാദികളെ ബന്ധിക്കും എന്നായിരുന്നു. ഏതായാലും മൈനർകളായ ൧-ം ൭-ം വാദികളുടേയും ഊമയായ മൂന്നാംവാദിയുടേയും രക്ഷകൎത്താവായി രണ്ടാംപ്രതിയെ പണയാധാരപ്രകാരമുള്ള കേസ്സിൽ കക്ഷി ചേൎത്തിട്ടുണ്ടായിരുന്നതിനാൽ അവരുടെ ഓഹരികളെങ്കിലും വിധിയാൽ ബന്ധിക്കപ്പെട്ടുമെന്നുകൂടി അയാൾ വാദിച്ചു.

ഈ തൎക്കങ്ങൾ തള്ളി അന്യായപ്രകാരം വിധികൊടുക്കുകയാണു ചെയ്തതു്. എന്നാൽ പണയാധാരത്തിൽ ൨൦൦ പണം മീതിയൻപിള്ളയുടെ കടം തീൎക്കാനായി ഉപയോഗിച്ചതുകൊണ്ടു അത്രയും സംഖ്യെക്കായി വിധി നടത്താൻ ശങ്കരപാണ്ടിയപിള്ളയ്ക്കു അവകാശമുണ്ടെന്നു സ്ഥാപിച്ചു. മൈനരുടെ പ്രത്യക്ഷമായ ഗുണത്തിനായിട്ടല്ലാതെ രക്ഷകസ്ഥാനം വഹിക്കുന്നയാൾ ചെയ്യുന്ന അന്യാധീനങ്ങൾ മൈനരെ ബന്ധിക്കുന്നതല്ലെന്നും ശങ്കരപാണ്ടിയപിള്ളയുടെ പേൎക്കുള്ള പണയാധാരം മൈനരുടെ ഗുണത്തിനായിട്ടുള്ളതല്ലെന്നുമാണു് കോടതികൾ അഭിപ്രായപ്പെട്ടതു്. രണ്ടാംപ്രതി വാദികളുടെ ഗുണത്തിനായിട്ടല്ല, തന്റെ സ്വന്തആവശ്യത്തിനായിട്ടാണു് വ്യാപാരംനടത്തിവന്നതെന്നും അതിൽവെച്ചു മൈനൎകൾക്കു യാതൊരു ഗുണവും സിദ്ധിച്ചിട്ടില്ലെന്നും കൂടി അഭിപ്രായപ്പെട്ടു.

തി. ലാ. റി, ൨൩-ാം വാല്യം ൧൯൨-ാം വശം അബ്ദുൽകാതിർ മുതൽപേരുടേയും കുട്ടി മീരാൻപിള്ള മുതൽപേരുടേയും കേസ്സ്.

ഒരു മഹമ്മദീയന്റെ മരണശേഷം അയാളുടെ സ്വത്തിനു അയാളുടെ ഭാൎയ്യയും അനുജനും മൂന്നു പെൺമക്കളുംകൂടി എഴുതിക്കൊടുത്ത വിലയാധാരത്തെ അസ്ഥിരപ്പെടുത്തി ഓഹരിപ്രകാരമുള്ള മുന്നൊററിയത്ഥംമാത്രം കൊടുപ്പിച്ചു ആ സ്വത്തിൽ തനിക്കുള്ള ൧൪/൩൨ ഓഹരി വീതിച്ചു കിട്ടാനായി മരിച്ചയാളുടെ മൈനരായ മകൻ അന്യായപ്പെട്ടു. ആധാരം രജിസ്റ്റർ ചെയ്തതു് അയാളുടെ കുടുംബകാൎയ്യങ്ങളന്വേഷിച്ചുവന്ന ഒരു സഹോദരീഭൎത്താവിന്റെ ഗൃഹത്തിൽ വെച്ചായിരുന്നു. അയാളും വേറെ ഒരു സഹോദരിയുടെ ഭൎത്താവും ആധാരത്തിൽസാക്ഷിനിന്നു ഒപ്പിടുകയും ചെയ്തിട്ടുണ്ടായിരുന്നു. വിലയത്ഥത്തിലൊക്കംപററുസംഖ്യയായ ൩൨൧൨ പണം വാദിയുടെ സുന്നത്തു് അടിയന്തിരത്തിനും മററു ചെലവുകൾക്കുമായി പററിയതായിട്ടാണു് ആധാരത്തിൽ വിവരിച്ചിരുന്നതു്. അതിൽ ൧൦൦-പണമെങ്കിലും സുന്നത്തു് അടിയന്തിരത്തിനായി ചെലവാക്കീട്ടുള്ളതിലേക്കു തെളിവുമുണ്ടായിരുന്നു. അന്യായം ഫയൽ ചെയ്തതു് ആധാരതീയതിമുതൽ പന്ത്രണ്ടു വർഷം തികയുന്നതിനുമൂന്നു ദിവസം മുമ്പു മാത്രമായിരുന്നു. അപ്പോൾ അയാൾക്കു ൨൫ വയസ്സു പ്രായവും ഉണ്ടായിരുന്നു. ഈ സംഗതികളേയും കുടുംബത്തിൽ പ്രായപൂത്തിയുള്ള എല്ലാ സ്ത്രീ പുരുഷന്മാരും ചേൎന്നിട്ടു് തക്കതായ പ്രതിഫലത്തോടുകൂടി പറയത്തക്ക ആദായമൊന്നും കിട്ടി വരാത്തതായ വസ്തുക്കളെയാണു വിററതു് എന്നും വാദിക്കു ദോഷകരമായി യാതൊന്നും ചെയ്യുവാൻ ആധാരത്തിൽ ചേൎന്നിരുന്ന മാതാവിനു യാതൊരുദ്ദേശവും

ഇല്ലെന്നുമുള്ള മററു സംഗതികളേയും അടിസ്ഥാനപ്പെടുത്തി വിലയാധാരം വാദിയുടെ പ്രത്യക്ഷമായ ഗുണത്തിനാണെന്നുള്ള കാരണത്താൽ അതു സാധുവാണെന്നു തീരുമാനിക്കുകയും അന്യായംചെലവു സഹിതം തള്ളുകയും ചെയ്തു.

തി. ലാ. ജ. ൧-ാം വാല്യം ൩൩൩-ാം വശം, പാത്തുമ്മാളുടേയും അഹമ്മതുകുഞ്ഞു മുതൽപേരുടേയും കേസ്സ്.

മരിച്ചുപോയ മഹമ്മതുകുഞ്ഞിന്റെ സ്വത്തിൽ ൧/൩൩ ഓഹരി ഭാഗിച്ചു കിട്ടാനായി അയാളുടെ മകൾ വ്യവഹാരപ്പെട്ടു. മഹമ്മദുകുഞ്ഞിന്റെ മരണശേഷം അയാളുടെ അച്ഛൻവഴി സഹോദരനായ അഹമ്മതുകുഞ്ഞു അയാളുടെ വിധവയെ കല്യാണം കഴിക്കുകയും അവളുടെ മുക്ത്യാർനാമം അനുസരിച്ചു വസ്തുക്കളുടെ ഭരണം നടത്തുകയും കച്ചവടം തുടൻകൊണ്ടു പോവുകയും ചെയ്തു. കച്ചവടത്തിൽ നിന്നുള്ള ആദായത്തിന്റെ ഓഹരികൂടി അന്യായത്തിൽ ചോദിച്ചിരുന്നു. എന്നാൽ ൧-ാം പ്രതിയായ അഹമ്മതുകുഞ്ഞു് കച്ചവടത്തിൽ തനിക്കു നഷ്ടം നേരിട്ടതിനാൽ അതിന്റെ ഓഹരി വാദിയെക്കൊണ്ടു അയാൾക്കു കൊടുപ്പിക്കണമെന്നു തക്കിച്ചു. അപ്രകാരം കൊടുപ്പിക്കേണ്ടതാണോ എന്നുള്ളതായിരുന്നു ഈ കേസ്സിൽ ഹൈക്കോടതി ആലോചിക്കുവാനുണ്ടായിരുന്ന ഒരു പ്രധാനസംഗതി. നഷ്ടത്തിനു വാദി ഉത്തരവാദിയല്ലെന്നാണു് ഹൈക്കോടതി തീരുമാനിച്ചതു്. മൈനരായ വാദിയുടെ സ്വത്തിനെ സംബന്ധിച്ചു് അവൾക്കു ദോഷകരമായി യാതൊന്നുംപ്രവൃത്തിക്കുവാൻ അഹമ്മതുകുഞ്ഞിനു അവകാശമില്ലെന്നും മരിച്ചയാളിന്റെ സ്വത്തിൽ വാദിക്കവകാശമുള്ള ഓഹരിയെ പ്രത്യേകമായിട്ടു വയ്ക്കാതെ മററു ഓഹരികളോടുകൂടി പെരുമാറി നഷ്ടം വരുത്തിയതു വാദിയെ ബന്ധിക്കുന്നതല്ലെന്നും കോടതി അഭിപ്രായപ്പെട്ടു. മഹമ്മദീയനിയമപ്രകാരം ഒരു മൈനരുടെ സ്വത്തിനു അയാളുടെ പിതാവു്, പിതാവിന്റെ എക്സിക്യൂട്ടർ, പിതാമഹൻ, പിതാമഹന്റെ എക്സിക്യൂട്ടർ എന്നിവർ മാത്രമാണു് രക്ഷകത്താക്കന്മാരായിട്ടുള്ളതു്. മൈനരുടെ മാതാവു് കോടതിയുടേയോ പിതാവിന്റേയോ അനുമതികൂടാതെ ചെയ്യുന്ന പ്രവൃത്തികൾ ഒരന്യന്റെ പ്രവൃത്തികളെപ്പോലെ ഗണിക്കേണ്ടതാകുന്നു. അവ മൈനക്കു പ്രത്യക്ഷമായി ഗുണകരമാണെങ്കിൽ അവ മൈനരെ ബന്ധിക്കുന്നതും അല്ലാത്തപക്ഷം അസ്ഥിരപ്പെടുത്താവുന്നതും ആണു്. മഹമ്മതുകുഞ്ഞിന്റെ വ്യാപാരത്തെ അഹമ്മതുകുഞ്ഞു നടത്തിക്കൊണ്ടുപോയതു മൈനക്കു ഗുണകരമായിട്ടല്ലെന്നുമാത്രമല്ല, അതിൽ നഷ്ടം നേരിട്ടുക

കൂടി ചെയ്തതിനാൽ നഷ്ടത്തിൻെറ ഓഹരി വാദി സഹിക്കേണ്ടതി ല്ലെന്നും മഹമ്മതുകുഞ്ഞിൻെറ മരണസമയത്തു വ്യാപാരസംബന്ധമായിട്ടുണ്ടായിരുന്ന സ്വത്തുക്കളുടെ ഓഹരിക്കു അവൾക്കു അവകാശമുണ്ടെന്നും തീരുമാനിക്കപ്പെട്ടു.

വാദിയുടെ കല്യാണത്തിനു അഹമ്മദുകുഞ്ഞു ചെലവാക്കിയ സംഖ്യ അവളുടെ ഓഹരിയിൽ നിലനിൽത്തേണ്ടതാണെന്നുകൂടി ൧-ാം പ്രതി തൎക്കിച്ചിരുന്നു. ഇതിലേക്കു വാദിയുടെ സമാധാനം മഹമ്മദീയനിയമപ്രകാരം ഒരു പെൺകുട്ടിയുടെ വിവാഹം അപരിഹരണീയമായ അവശ്യമല്ലെന്നും അതിലേക്കായി ചെലവാക്കിയസംഖ്യ തന്നെ ബന്ധിക്കയില്ലെന്നും ആയിരുന്നു. മഹമ്മദീയരുടെ ഇടയിൽ ഒരു മൈനരുടെ വിവാഹം അപരിഹരണീയമായ അവശ്യമല്ലെന്നുള്ള വാദത്തെ കോടതി അംഗീകരിച്ചു എങ്കിലും, വിവാഹം മൈനൎക്കു ഗുണകരമായിരിക്കുന്ന പക്ഷത്തിൽ അതിലേയ്ക്കുള്ള ചെലവു സാധാരണ തത്വമനുസരിച്ചു മൈനറെ ബന്ധിക്കുന്നതാണെന്നും പ്രസ്തുത വാദിയുടെ വിവാഹം വാദിക്കു ഗുണകരമായ ഒന്നാണെന്നും കോടതി അഭിപ്രായപ്പെട്ടു. വിവാഹകാലം മുതൽ വാദി ഭൎത്താവോടുകൂടിയാണു താമസിച്ചിരുന്നതു്. അയാളുടെ ധനസ്ഥിതിയും സാമാന്യം നല്ലതായിരുന്നു. വിവാഹത്തിനു വാദിക്കു മഹർ കിട്ടുവാനുള്ള അവകാശവും സാധാരണ ലോകരീതിക്കു ഭൎത്താവിൻെറ സ്വത്തിൽ നിന്നും പിന്തുടൎച്ചയായി ഓഹരി കിട്ടുവാനുള്ള എളുപ്പവും ഉണ്ടായിരുന്നു. ഈ കാരണങ്ങളാലാണു് വിവാഹം വാദിക്കു ഗുണകരമായിരുന്നു എന്നു തീരുമാനിച്ചതു്. എന്നാൽ വലിയ ആഘോഷങ്ങൾക്കായി അഹമ്മതുകുഞ്ഞു ചിലവാക്കി എന്നു പറഞ്ഞ മുഴുവൻസംഖ്യയും അനുവദിക്കാതെ സ്വത്തിൻെറ സ്ഥിതിയും വാദിയുടെ മൊഴിയും അനുസരിച്ചുള്ള ൨൦൦൦ പണം മാത്രമാണു് ഈ ഇനത്തിൽ അനുവദിച്ചതു്.

## പള്ളിസംബന്ധിച്ച സംഗതികൾ.

തി. ലാ. റി. ൧൦-ാം വാല്യം ൨൦-ാം വാരം അബ്ദുൽകാതരുടേയും മാമ്മാക്കരുടേയും കേസ്സു്.

ഈ കേസ്സു ആലപ്പുഴപട്ടണത്തിലെ ഷാഫിമഹമ്മദീയരിൽ ഉള്ള കിഴക്കേകക്ഷിക്കാർ പടിഞ്ഞാറെ കക്ഷിക്കാരുടെ പേരിൽ കൊണ്ടുവന്നിട്ടുള്ളതാകുന്നു. ൧-ം ൨-ം പ്രതികൾ കടപ്പുറത്തുപള്ളി തങ്ങളുടെ

കക്ഷിക്കാരുടെ സ്വന്തമെന്നുള്ള നിലയിൽ കാര്യാന്വേഷണം ചെയ്തുവരികയും കാസിയെ നിയമിക്കുകയും എല്ലാ വെള്ളിയാഴ്ചയും കർമ്മം നടത്തിവരികയും ചെയ്തു. വാദികളുടെയപേക്ഷകൾ താഴെപ്പറയുന്ന സംഗതികളുടെ സ്ഥാപനത്തിന്നായിരുന്നു. അതായത് (൧) ൧-ഉം ൨-ഉം പ്രതികൾ കടപ്പുറത്തുപള്ളിയുടെ ഭരണക്കാരല്ല; (൨) അവർ ൩-ാം പ്രതിയെ കാസിയായി നിയമിച്ചത് സാധുവല്ല. (൩) കടപ്പുറത്തുപള്ളിയിൽ പ്രതികൾ തങ്ങൾക്കുണ്ടെന്നു ഭാവിക്കുന്ന എല്ലായവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ആലപ്പുഴയിലെ എല്ലാ ഷാഫിമഹമ്മദീയക്ക് ഉണ്ട്. (൪) അവരെല്ലാവരുംകൂടി കാസിയെ നിയമിക്കേണ്ടതാണ്. (൫ കടപ്പുറത്തുപള്ളിയിൽ ഒന്നിടവിട്ട ഞായറാഴ്ചകളിൽ മാത്രമേ കർമ്മംനടത്താൻ പാടുള്ളു. ഇവയായിരുന്നു അപേക്ഷകൾ. പ്രതികക്ഷികളുടെ തർക്കം കടപ്പുറത്തുപള്ളി പടിഞ്ഞാറെ കക്ഷിക്കാരുടേയും പഴവങ്ങാടിപള്ളി കിഴക്കേകക്ഷിക്കാരുടേയും വകയാണെന്നും ഒരേ പട്ടണത്തിൽ ഉള്ള രണ്ടു പള്ളികളിൽ ഒരേസമയത്തു വെള്ളിയാഴ്ചകർമ്മം നടത്തുന്നതിനു വിരോധമില്ലെന്നും മൂന്നാംപ്രതിയെ പടിഞ്ഞാറെ കക്ഷിക്കാർ ന്യായമായി കാസിയായി നിയമിച്ചിട്ടുള്ളതാണെന്നും അന്യായത്തിനു കാലഹരണമുണ്ടെന്നും മററുമായിരുന്നു. രണ്ടുപള്ളികളും ഇരുകക്ഷിക്കാർക്കും പൊതുവേയുള്ളതാണെന്നും കീഴ്നടപ്പനുസരിച്ച് ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ ഓരോ പള്ളിയിലും കർമ്മം നടത്തിവന്നിരുന്നുവെന്നും തെളിവിൽ സ്ഥാപിക്കപ്പെട്ടു. ഈ കേസ്സിൽ ഹൈക്കോടതി തീരുമാനിച്ച ലാപ്പായിന്റുകൾ താഴെപ്പറയുന്നവയാകുന്നു. (൧) കാസിയെ നിയമിക്കാനുള്ളയധികാരം മഹാരാജാവിനാകുന്നു. (൨) ഒരു പൊതുസ്വത്തിന്റെ സ്ഥാപകൻ അതിന്റെ ഭരണക്കാരെ നിയമിക്കുന്നതിനു വേണ്ടതായ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം ഭരണക്കാരെ നിയമിക്കാനുള്ളയധികാരം കാസിക്കാകുന്നു. (൩) ഒരേ സമൂഹക്കാരുടെ വകയായ രണ്ടുപള്ളികളിൽ സൌകര്യത്തിനായി ഒരേ സമയത്തു വെള്ളിയാഴ്ചകർമ്മം നടത്താവുന്നതും, എന്നാൽ അങ്ങനെ ചെയ്യുന്നത് മതാദ്ധ്യക്ഷന്മാരുടെ ഉപദേശമനുസരിച്ചു വേണ്ടതും, അതുവരെയ്ക്കും കീഴ്നടപ്പനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു. (൪) ൧-ഉം ൨-ഉം പ്രതികൾ സമൂഹക്കാരുടെയവകാശങ്ങൾക്കു എതിരായി ഭരിക്കാനുദ്ദേശിക്കുന്നുവെന്നു സമൂഹക്കാർക്ക് പരാതിയില്ലാത്തപക്ഷം അവർക്ക് എതൃകൈവശംകൊണ്ടു ഭരണാവകാശം ലഭിക്കുന്നതല്ല. (൫) തർക്കപള്ളി പൊതുവകയായതുകൊണ്ട് സമൂഹത്തിലുൾപ്പെട്ട ഓരോരുത്തനും തർക്കപള്ളിയിൽ ശവസംസ്കാരാവകാശമുണ്ട്.

തി. ലാ. റി. ൩൯-ാം വാല്യം ൧൧൨൧-ാംവശം മുഹമ്മദു മുസലിയാരുടേയും സയ്യിദ്അബ്ദുല്ലാ ഷാതിതങ്ങളുടേയും കേസ്സ്.

കൊട്ടുപള്ളി കാട്ടുപുറംപള്ളി എന്ന രണ്ടു പള്ളികളിലും മുറപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഖത്തീബ് ആണ് താൻ എന്നും മേപ്പടി പള്ളികളിൽ പെരുനാളുകളിൽ കർമ്മം നടത്താനുള്ളയവകാശം തനിക്കാണെന്നും പ്രതിക്കു ഈ കർമ്മങ്ങൾ നടത്താനവകാശമില്ലെന്നും സ്ഥാപിച്ച് കിട്ടാനായി വാദി അന്യായം ബോധിപ്പിച്ചു. ൧൦൭൭-ൽ പ്രതി രണ്ടുപ്രാവശ്യം കർമ്മംനടത്തിയതിനാൽ അയാൾക്കു കിട്ടിയതായ പത്തുപണം പ്രതിയെക്കൊണ്ടു് തനിക്ക് തരുവിക്കുന്നതിനുംകൂടി അന്യായത്തിൽ അപേക്ഷയുണ്ടായിരുന്നു. ൧൦൭൯-മകരത്തിൽ വാദി സ്ഥിരം ഖത്തീബായി നിയമിക്കപ്പെട്ടുവെന്നുള്ള സംഗതി കേസ്സിൽ തെളിഞ്ഞിരുന്നു. പ്രതിയുടെതക്കം ഖത്തീബ് ജോലിക്കുള്ളയവകാശം തൻെറ കുടുംബത്തിലേക്കു കൊട്ടാരത്തിലെ നീട്ടുമൂലം പാരമ്പര്യമായി കിട്ടീട്ടുണ്ടു് എന്നായിരുന്നു. എന്നാൽ നീട്ടിനെ കേസ്സിൽ ഹാജരാക്കീട്ടുണ്ടായിരുന്നില്ല. മുഹമ്മദീയനിയമം വംശപാരമ്പര്യമായി കാസിസ്ഥാനം വഹിക്കുന്നതിനെ അനുകൂലിക്കാത്തതിനാൽ നീട്ട് ഹാജരാക്കാതിരിക്കുന്നിടത്തോളം പ്രതിയുടെ ഖത്തീബുസ്ഥാനം അനുവദിക്കാൻ പാടില്ലെന്നും വാദിയ്ക്കു വെള്ളിയാഴ്ചകളിൽ മാത്രമല്ല പെരുനാളുകളിലും കർമ്മംനടത്താൻ അവകാശമുണ്ടെന്നും തീരുമാനിച്ചു.

LIBRARY
2 JUNE 1935
MADRAS

UNIVERSITY LIBRARY
29 AUG 1936
MADRAS

B 213